…avancore University Series No. 5.

# …ററീലിയസിൻെറ
# ആത്മനിവേദനം

UNIVERSITY OF TRAVANCORE

പി. ശേഷാദ്രി അയ്യർ.

…IAL
…note the …
… in all cor…
Th…
Sre…
Ma…
Ma…
(via…
…in-charge of S…
Trivandrum
27…
8117
387
456

8117
M389
DEPARTMENT OF PUBLICATIONS * UNIVERSITY
TRIVANDRUM.

*Travancore University Series No. 5.*

# അറീലിയസിൻെറ ::
# ആത്മനിവേദനം

പി. ശേഷാദ്രി അയ്യർ, ബി. ഏ., എം. എൽ.

(ഗ്രീക്കുഭാഷയിൽനിന്നും വിവർത്തനം ചെയ്യപ്പെട്ടതു്)

8117
H387

പബ്ളിക്കേഷൻ ഡിപ്പാർട്ടുമെൻറു്
തിരുവിതാംകൂർ സർവകലാശാല
തിരുവനന്തപുരം

1116

വില അണ 12.

# ആമുഖം

ഉൽകൃഷ്ടമായ ആദർശത്തെ മുൻനിറുത്തി ജീവിതം നയിക്കുന്നവർ തുലോം ദുർല്ലഭമാണു്. വിശിഷ്യ, ഭാരമേറിയ ചുമതലകൾ നിർവ്വഹിക്കേണ്ട ഒരു ചക്രവർത്തിക്കു് അപ്രകാരം ജീവിക്കുക സുസാദ്ധ്യമല്ല. തൻെറ ദീർഘജീവിതത്തിലെ ഗണ്യമായ ഒരു ഭാഗം സമരാങ്കണത്തിൽ കഴിച്ചുകൂട്ടിയ മാർക്കസ് അറീലിയസ് ഒരിക്കലും ആദർശത്തിൽനിന്നും വ്യതിചലിച്ചിട്ടില്ലെന്നുള്ള വസ്തുത അദ്ദേഹത്തിൻെറ സമകാലീനന്മാർ പോലും സമ്മതിച്ചിട്ടുണ്ടു്.

അങ്ങനെയുള്ള ഒരു മാതൃകാപുരുഷൻ രചിച്ച—അന്യർക്കുവേണ്ടിയല്ല—തൻെറ ആത്മസംതൃപ്തിക്കുവേണ്ടി സ്വാത്മപരിശീലനാർത്ഥം എഴുതിയ—ഈ ഗ്രന്ഥം, ആദർശങ്ങളെ പ്രായോഗികമാക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും അനുഗ്രഹമായിത്തീരും. ജീവിതത്തിലെ അലംഘനീയങ്ങളായ ക്ലേശങ്ങളിൽ മനസ്സ് ഉഴലാതെ സത്യം, സ്നേഹം, സമുദായസേവനം ഇവയെ മുറുകെപ്പിടിച്ചുകൊള്ളണമെന്നു് പ്രസ്തുതഗ്രന്ഥത്തിലെ ഓരോ വരിയും ഉൽബോധിപ്പിക്കുന്നു. ഈ ഗ്രന്ഥതത്വങ്ങളെ പ്രവൃത്തിരൂപത്തിൽ വരുത്താൻ ശ്രമിച്ച പലരും മഹാന്മാരായിത്തീർന്നിട്ടുണ്ടു്.

മാർക്കസ് അറീലിയസ് റോമൻചക്രവർത്തിയായിരുന്നെങ്കിലും അന്നത്തെ സംസ്കാരസമ്പന്നമായ ഭാഷ

യെന്നു സുസമ്മതമായിരുന്ന ഗ്രീക്കിലാണു് പ്രസ്തുത ഗ്രന്ഥം എഴുതീട്ടുള്ളതു്. മിക്ക പാശ്ചാത്യഭാഷകളിലും ഇതു് തർജ്ജമ ചെയ്തിട്ടുണ്ടു്. ഇംഗ്ലീഷിലുള്ള പല തർജ്ജമകളും മൂലത്തിലെ ആശയങ്ങളെ ശരിക്കു പ്രതിഫലിപ്പിക്കുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. അതിനാൽ ഗ്രീക്കുഭാഷയിൽനിന്നും നേരിട്ടു് മൂലത്തിലെ ആശയങ്ങൾക്കു ഒരു വൈകല്യവുംകൂടാതെ കേരളഭാഷയിലേയ്ക്കു വിവൎത്തനംചെയ്യാൻ ഈ ഗ്രന്ഥത്തിൽ കഴിയുന്നത്ര ശ്രമിച്ചിട്ടുണ്ടു്.

ചിന്തയിലും വാക്കിലും പ്രവൃത്തിയിലും ആദൎശത്തിലും അത്യുച്ചമായ പദത്തെ സർവ്വഥാ അർഹിക്കുന്ന—വിവിധവിജ്ഞാനശാഖകളിലും കലകളിലും ആധിപത്യംനേടീട്ടുള്ള—സകല സദ്ദ്യമങ്ങൾക്കും ഹസ്താവലംബമായ—സചിവോത്തമ ഡാക്ടർ സർ സി. പി. രാമസ്വാമിഅയ്യർ കെ. സി. എസ്. ഐ., കെ. സി. ഐ. ഈ. അവർകളുടെ പ്രചോദനമാണു് ഈ കൃതിയുടെ പ്രാരംഭം; പ്രോത്സാഹനമാണു് ഇതിൻെറ പരിസമാപ്തി; അനുഗ്രഹമാണു് ഇതിൻെറ പ്രസാധനം.

# അഭിപ്രായങ്ങൾ

അറീലിയസിനെയും അദ്ദേഹത്തിൻെറ ഗ്രന്ഥത്തെയുംപററി മഹാന്മാർ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളിൽ ചിലതു് താഴെ ഉദ്ധരിക്കുന്നു.

8117

<u>മഹാനായ ഫ്രെഡറിക്:—</u>

"വിശേഷോത്തരമായ നന്മ ഉണ്ടായിരുന്ന ഏകപുരുഷൻ മാക്കസ് അറീലിയസ് ആയിരുന്നു."

പ്രസിദ്ധ ഫ്രഞ്ചുതത്വജ്ഞാനിയായ <u>മോണ്ടസ്കി:—</u>

"മാക്കസ് അറീലിയസിന്റെ തത്വജ്ഞാനത്തിൽ നന്മയുടെയും മഹത്വത്തിന്റെയും മാധുര്യം തുളുമ്പുന്നുണ്ടു്. അതുപോലെ മറെറാന്നും മനുഷ്യരെ ആവേശിച്ചിട്ടില്ല. അദ്ദേഹത്തിൻെറ ഗ്രന്ഥത്തിലെ ചിന്തകളാൽ ഹൃദയം സ്പൃശിക്കപ്പെടുന്നു; ആത്മാവു് അഭിവൃദ്ധമാകുന്നു; മനസ്സു് സമുന്നതമാകുന്നു!"

പ്രസിദ്ധഗ്രന്ഥകാരനായ <u>റെനൻ:—</u>

"മാക്കസ് അറീലിയസിൻെറ ഗ്രന്ഥം ഒരു പ്രത്യേകമതത്തിൽ സ്ഥാപിതമല്ലാത്തതുകൊണ്ടു് എന്നും അഭിനവമായിത്തന്നെ ഇരിക്കുന്നു. നാസ്തികനും ആസ്തികനും എന്നുവേണ്ട സകലക്കും അതു് ഉപകാരപ്രദമാണു്. അതുലനീയമായ ഈ ഗ്രന്ഥം എത്രയും മാനുഷസഹജമായിരിക്കുന്നു........

............ജഡവിജ്ഞാനം, ദേവന്മാരെയും ഈശ്വരനെയും നശിപ്പിച്ചാലും ഈ പുസ്തകം ധാമ്മികജീവിതവ

മായിച്ചേർന്ന് യൗവനോജ്ജ്വലമായിത്തന്നെ ഇരിക്കും. നിരപേക്ഷമായ ഒരു മതമാണ് മാക്സ് അറീലിയസിൻെറ മതം..........അതു് ഒരു ദേശത്തിൻെറയോ ജാതിയുടെയോ പ്രത്യേകമായ സ്വത്തല്ല. വിപ്ലവത്തിനും പുതുതായ ആവിഷ്കരണത്തിനും— യാതൊന്നിനും— ഇതിനെ ബാധിക്കാൻ സാദ്ധ്യമല്ല."

ഇതുപോലെ തന്നെ ജനറൽ ഗോർഡൻ, ക്യാപ്റ്ററൻ ജാൺസ്മിത്തു്, മാത്യു ആർനോൾഡ്, എഫ്. ഡബ്ള്യൂ മയേഴ്സ് മുതലായവരും (ഇവരെല്ലാം ഓരോ വിഷയത്തിൽ അത്യുന്നതമായ നിലയെ പ്രാപിച്ചിട്ടുള്ളവരായിരുന്നു) പ്രസ്തുതഗ്രന്ഥത്തെയും തൽകർത്താവിനെയുംപററി സമുജ്ജ്വലഭാഷയിൽ അഭിനന്ദനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടു്.

# അറീലിയസിൻെറ ആത്മനിവേദനം

## ഒന്നാം അദ്ധ്യായം

പിതാമഹനായ വേറസിൽനിന്നു് സുചരിതതയും സ്വഭാവമാധുൎയ്യവും, യശോധനനായ പിതാവിൻെറ സ്മരണയിൽനിന്നു് വിനയവും പൗരുഷവും, മാതാവിൽനിന്നു് ഈശ്വരവിശ്വാസവും ഔദാൎയ്യവും ഞാൻ ഗ്രഹിച്ചു.

ദുഷ്കൎമ്മം പോലെ തന്നെ ദുശ്ചിന്തയും അകററണമെന്നും എല്ലാവിധത്തിലും ലളിതജീവിതം നയിക്കണമെന്നും ധനികന്മാരുടെ രീതികൾ അനുകരിക്കരുതെന്നും മാതൃസാഹചൎയ്യംകൊണ്ടു് എനിക്കു മനസ്സിലായി.

പ്രപിതാമഹൻെറ കൃപകൊണ്ടു് വിദ്യാലയത്തിൽ പ്രവേശിക്കാതെ ഗൃഹത്തിൽവച്ചുതന്നെ യോഗ്യരായ അദ്ധ്യാപകന്മാരിൽ നിന്നു് എനിക്കു സമുചിതമായ വിദ്യാഭ്യാസം ലഭിച്ചു; വിദ്യാസമ്പാദനവിഷയത്തിൽ എന്തു വ്യയം ചെയ്യുന്നതും ധനത്തിൻെറ ശരിയായ വിനിയോഗമാണെന്നു് ഞാൻ ധരിച്ചു.

എൻെറ ഗുരുനാഥനിൽനിന്നു് മത്സരക്കളികളിൽ പക്ഷം പിടിക്കരുതെന്നും ഉദ്യമങ്ങളിൽ ക്ലേശസഹിഷ്ണുവായിരിക്കണമെന്നും ആവശ്യങ്ങൾ കുറയ്ക്കണമെന്നും

സ്വാശ്രയശീലം വളൎത്തണമെന്നും അന്യരുടെ കാൎയ്യങ്ങളിൽ തലയിടരുതെന്നും പരനിന്ദ കേൾക്കരുതെന്നും എനിക്കു ഗ്രഹിക്കാൻ സാധിച്ചു.

ഡയോഗ്നററസിൽനിന്നു്:— നിസ്സാരകാൎയ്യങ്ങളിൽ വ്യാപൃതനാകരുതെന്നും ആഭിചാരം മന്ത്രവാദം ഇവ വിശ്വസിക്കരുതെന്നും കോഴിപ്പോരു് ചൂതുകളി മുതലായ ക്ഷോഭകരങ്ങളായ വിനോദങ്ങൾ അവജ്ഞയോടെ വൎജ്ജിക്കണമെന്നും അഭിപ്രായം തുറന്നു പറവാൻ ആരെയും അനുവദിക്കണമെന്നും ഞാൻ പഠിച്ചു. എനിക്കു തത്വജ്ഞാനവുമായി ഗാഢപരിചയം സിദ്ധിക്കുന്നതിനും ബാക്കിയസ്, ററൻഡാസിസ്, മാക്കിയാനസ് ഇവരുടെ ഉപദേശങ്ങൾ ശ്രവിക്കുന്നതിനും ബാല്യത്തിൽ തന്നെ ഉപന്യാസങ്ങൾ, രചിക്കുന്നതിനും യവനവിദ്യാൎത്ഥിജീവിതത്തിൻെറ ചിഹ്നങ്ങളായ പലകക്കട്ടിൽ തുകലാട മുതലായവ സ്വീകരിക്കാൻ കൗതുകം ജനിക്കുന്നതിനും കാരണം ഇദ്ദേഹമായിരുന്നു.

റസ്റ്റിക്കസിൽനിന്നു് സന്മാൎഗ്ഗപരിശീലനവും സ്വഭാവസംസ്കരണവും എനിക്കു സിദ്ധിച്ചു. കാൎയ്യമില്ലാതെ കണ്ഠക്ഷോഭം ചെയ്യരുതെന്നും വൃഥാകല്പിതങ്ങളായ വിഷയങ്ങളെ ആസ്പദമാക്കി ലേഖനം എഴുതരുതെന്നും സ്വയം അനുഷ്ഠിക്കാത്ത സാന്മാൎഗ്ഗികതത്വങ്ങൾ ഉപദേശിക്കരുതെന്നും ജനബോദ്ധ്യത്തിനുവേണ്ടി സന്മാൎഗ്ഗനിഷ്ഠനെന്നോ പരോപകാരിയെന്നോ നടിക്കരുതെന്നും രചനയിൽ അമിതമായ അലങ്കാരം അതിശയോക്തി കല്പന ഇവ വൎജ്ജിക്കണമെന്നും ഗൃഹത്തിനുള്ളിൽ വേഷാഡംബരത്തോടുകൂടി പെരുമാറുക മുതലായ മിഥ്യാഗൗരവങ്ങൾ ഉപേക്ഷിക്കണമെന്നും കോപമോ വിരോധമോ നിമിത്തം അകന്നവർ വീണ്ടും സാഹചൎയ്യം കാംക്ഷിച്ചു് അടുക്കുന്നപക്ഷം സൗഹാൎദ്ദപൂൎവ്വം അവരെ സ്വീക

രിച്ച് അനുനയിപ്പിക്കണമെന്നും അസ്പഷ്ടമായ അർത്ഥം കൊണ്ടുമാത്രം തൃപ്തിപ്പെടാതെ വ്യക്തമായി മനസ്സിലാകത്തക്കവണ്ണം വായിക്കുന്നതിൽ ശ്രദ്ധവയ്ക്കണമെന്നും വായാടികൾ പറയുന്നതെല്ലാം ആലോചന കൂടാതെ സമ്മതിച്ചുകൊടുക്കരുതെന്നും ഞാൻ മനസ്സിലാക്കി. അദ്ദേഹം സെനയെസായിൽനിന്നു് അമ്മയ്ക്കയച്ച കത്തിലെ സരളരീതി എനിക്കും അനുകരണീയമായിത്തോന്നി. എപ്പിക്റ്ററററസിൻെറ "ജീവിതസ്മരണകൾ" എന്ന ഗ്രന്ഥം നല്കിയിട്ട് ആ ചിന്തകൻെറ ഉപദേശങ്ങളുമായി ഇദ്ദേഹം എന്നെ പരിചയപ്പെടുത്തി.

സ്വതന്ത്രനായിരിക്കണമെന്നും ഭാഗ്യപരീക്ഷ ചെയ്യരുതെന്നും ഒരിക്കലും യുക്തി ത്യജിക്കരുതെന്നും തീവ്രമായ ശരീരവേദന, പുത്രമരണം, ദീർഘരോഗം മുതലായ ക്ലേശങ്ങളിൽ സമചിത്തനായിരിക്കണമെന്നും അപ്പോളോണിയസിൻെറ ജീവിതം എന്നെ പഠിപ്പിച്ചു. വജ്രകഠിനതയും കുസുമസുകുമാരതയും ഒരേ മനുഷ്യനിൽതന്നെ കലൻകാണാമെന്നതിനു് അദ്ദേഹം ഒരു ഉത്തമദൃഷ്ടാന്തമായിരുന്നു. തത്വവ്യാഖ്യാനത്തിൽ മാതൃകാപരമായ ക്ഷമ പ്രദർശിപ്പിച്ചിരുന്ന ആ മഹാൻ പ്രസ്തുതവിഷയത്തിൽ തനിക്കുണ്ടായിരുന്ന പാടവത്തെക്കുറിച്ച് അഹങ്കരിച്ചിരുന്നില്ല. ഗൗരവത്തിനു കുറവു വരാതെയും എന്നാൽ അവജ്ഞയുടെ ഛായ തോന്നാതെയും സ്നേഹിതന്മാരിൽനിന്നു് സൗജന്യം സ്വീകരിക്കേണ്ടതു് എങ്ങനെയെന്നു് അദ്ദേഹമാണു് എന്നെ പഠിപ്പിച്ചതു്.

സെക്സ്റ്റസിൽ നിന്നു് ദയാശീലവും മാതൃകാപരമായ കുടുംബസംരക്ഷണക്രമവും പ്രകൃതി അനുസരിച്ച ജീവിക്കേണ്ടതിന്റെ രഹസ്യവും ഞാൻ മനസ്സിലാക്കി. അകൃത്രിമമായ ഗാംഭീര്യവും സുഹൃജ്ജനങ്ങളിൽ സഹാനുഭൂതിയും അശിക്ഷിതരും ആലോചനാശൂന്യരുമായ സാധാരണന്മാരോടു സഹിഷ്ണുതയും സാർവ്വജനീനമായ സൗഹാർദ്ദവും

ആവശ്യമാണെന്നു ഞാൻ ധരിച്ചു. സഹജമായ സൗഹാർദ്ദ ഭാവം നിമിത്തം സകലരും അദ്ദേഹത്തെ അത്യധികം ബഹുമാനിക്കുകയും അദ്ദേഹത്തിന്റെ സാഹചര്യം സർവ്വോപരി കാംക്ഷിക്കുകയും ചെയ്തിരുന്നു. ഉത്തമജീവിതം നയിക്കുന്നതിന് ആവശ്യകമായ തത്വങ്ങൾ കണ്ടറിഞ്ഞു പ്രയോഗിക്കുന്നതിനും കോപാദിവികാരങ്ങൾ നിയന്ത്രിക്കുന്നതിനും ആ മഹാനു് സാധിച്ചിരുന്നു. അദ്ദേഹത്തിനു് അനുമോദനങ്ങളിൽ കാപട്യലേശമോ, വൈദുഷ്യത്തിൽ അഹങ്കാരച്ഛായയോ കലർന്നിരുന്നില്ല.

വൈയാകരണനായ അലക്സാൻഡറിൽനിന്നു് പുരോഭാഗിത്വം വർജ്ജിക്കണമെന്നും ശബ്ദപ്രയോഗം ശൈലി ഉച്ചാരണം മുതലായവ സംബന്ധിച്ചു് സംഭാഷണത്തിൽ ആരെങ്കിലും തെററു പറഞ്ഞു കേട്ടാൽ അതിനെപ്പററി നിശിതമായി വിമർശിക്കാതെ ഉത്തരം പറയുന്ന ഭാവത്തിലോ അനുമോദിക്കുന്ന വിധത്തിലോ ജിജ്ഞാസ ശമിപ്പിക്കുന്ന മട്ടിലോ മററോ പ്രതിസംഭാഷണം വഴി നയത്തിൽ ആ തെററു തിരുത്തിക്കാണിക്കണമെന്നും എനിക്കു് അറിയാൻ കഴിഞ്ഞു.

ഫ്രൊണ്ടോവിൽനിന്നു്:— അസൂയ, ചതി, ആത്മാർത്ഥതയില്ലായ്മ ഇവയെല്ലാം നിഷ്ഠുരശാസകന്മാരുടെ സ്വഭാവമാണെന്നും സാധാരണമായി കുലീനവർഗ്ഗത്തിൽപെട്ടവർക്ക് യഥാർത്ഥമായ സ്നേഹവാത്സല്യങ്ങൾ കുറവാണെന്നും മനസ്സിലായി.

പ്ലേറേറാമതാനുയായി ആയ അലക്സാൻഡറിൽനിന്നു്:— "എനിക്കു സമയമില്ല" എന്നു് ആരോടെങ്കിലും പറയുകയോ ആർക്കെങ്കിലും എഴുതിയയയ്ക്കുകയോ ചെയ്യുന്നതു് അപൂർവ്വമായി നിവൃത്തിയില്ലാതെ വരുന്ന ഘട്ടങ്ങളിൽ മാത്രമേ ആകാവു എന്നും, ജോലിത്തിരക്കു ഭാവിച്ചു് പരിജനങ്ങളോടും ബന്ധുക്കളോടും നമ്മുടെ

കർത്തവ്യം പാലിക്കാതെ ഒഴിഞ്ഞുമാറുന്ന സമ്പ്രദായം പാടില്ലെന്നും ഉള്ള അറിവ് ഞാൻ സമ്പാദിച്ചു.

ക്യാററലസിൽ നിന്ന്:—ഒരു സ്നേഹിതൻ അകാരണമായിട്ടാണെങ്കിലും നമ്മിൽ ദോഷാരോപണം ചെയ്താൽ അതു നിസ്സാരമാക്കാതെയും അദ്ദേഹത്തിൻെറ സ്നേഹഭാവം പൂർവസ്ഥിതിയിൽ തന്നെ നിലനില്ക്കത്തക്കവിധത്തിലും നാം പെരുമാറണമെന്നും ഡോമിററിയസ് തൻെറ ഗുരുവായ അത്തനോഡോട്ടസിനെ കീർത്തിച്ചതായിപ്പറയുന്നതുപോലെ നമ്മളും ഗുരുനാഥന്മാരുടെ ഗുണഗണങ്ങളെ ഹൃദയപൂർവം കീർത്തിക്കണമെന്നും സ്വസന്താനങ്ങളുടെ നേർക്ക് നിഷ്കളങ്കമായ വാത്സല്യമുണ്ടായിരിക്കണമെന്നും ധരിച്ചു.

എൻെറ സഹോദരൻ സെവറസിൽ നിന്ന്:— കുടുംബസ്നേഹം, സത്യനിഷ്ഠ, ന്യായതൽപരത ഇവയും അവകാശസമത്വം, അഭിപ്രായപ്രകടനസ്വാതന്ത്ര്യം ഇവയെ ആസ്പദമാക്കി എല്ലാവരെയും സാമാന്യമായി ഒരേ നിയമത്തിന് വിധേയരാക്കുന്ന ഒരു രാഷ്ട്രത്തിൻെറയും സർവപ്രധാനമായി പ്രജകളുടെ സ്വാതന്ത്ര്യത്തെ ആദരിക്കുന്ന ഒരു രാജശാസനത്തിൻെറയും ആദർശവും എനിക്ക് ഹൃദിസ്ഥമായി. ത്രേസിയാ, ഹെൽബിഡിയസ്, കേററാ, ഡയാൺ, ബ്രൂട്ടസ് ഇവരെക്കുറിച്ച് സമഗ്രമായ അറിവും തത്വജ്ഞാനത്തിൽ ഏകാഗ്രതയും അചഞ്ചലമായ പ്രതിപത്തിയും പരജനഹിതത്തിൽ ജാഗ്രതയും ഔദാര്യശീലവും സന്തോഷഭാവവും സുഹൃത്തുക്കളുടെ സ്നേഹത്തിൽ വിശ്വാസവും കുററപ്പെടുത്തേണ്ടവരോട്ട സ്വാഭിപ്രായം തുറന്നു പറയുന്ന ശീലവും ഞാൻ ആ സഹോദരനിൽ കണ്ടിരുന്നു. സ്നേഹിതന്മാർക്ക് അദ്ദേഹത്തിൻെറ ഇഷ്ടാനിഷ്ടങ്ങൾ ഊഹിച്ചറിയേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. അവ അത്രയ്ക്കു പ്രകടമായിരുന്നു.

മാക്സിമസിൽനിന്ന്:—ആത്മനിയന്ത്രണവും ലക്ഷ്യത്തിൽനിന്ന് ഒന്നുകൊണ്ടും വ്യതിചലിക്കാത്ത സ്വഭാവവും രോഗാദികളിലെന്നല്ല ഏതു പരിതഃസ്ഥിതിയിലും പ്രസന്നഭാവവും മാധുർയ്യഗൗരവങ്ങൾ രണ്ടും വേണ്ടവണ്ണം ഇണങ്ങിച്ചേർന്ന പെരുമാററവും നിർദ്ദിഷ്ടകൃത്യങ്ങളുടെ സന്തോഷപൂർവ്വകമായ നിർവ്വഹണവും ആവശ്യമെന്നു ഞാൻ മനസ്സിലാക്കി. അദ്ദേഹത്തിൻെറ വാക്കുകൾ അന്തർഗ്ഗതങ്ങളെ ശരിക്കു പ്രകാശിപ്പിക്കുന്നവയും പ്രവൃത്തികൾ ദുരുദ്ദേശ്യരഹിതങ്ങളുമാണെന്ന് എല്ലാവർക്കും ബോധ്യമായിരുന്നു. യാതൊന്നിനും അദ്ദേഹത്തെ ഭ്രമിപ്പിക്കാനോ ഭയപ്പെടുത്താനോ കഴിഞ്ഞിരുന്നില്ല. ദ്രുതഗതിയോ, ദീർഘസൂത്രമോ ഒരു സംഗതിയിലും അദ്ദേഹത്തിനില്ലായിരുന്നു. കള്ളച്ചിരിയോ കറുത്തഭാവമോ ദുഃസംശയമോ അദ്ദേഹത്തിൽ കണ്ടിരുന്നില്ല. ഔദാർയ്യം, ആർജ്ജവം, ക്ഷമ ഇവയെല്ലാം ആ മഹാൻെറ സഹജഗുണങ്ങളായിരുന്നു. ശ്രമം കൂടാതെ സ്വാഭാവികമായിത്തന്നെ സന്മാർഗ്ഗനിരതനായിരുന്ന അദ്ദേഹം ആരെയും അപമാനിച്ചിരുന്നില്ല. എല്ലാവരും അദ്ദേഹത്തെ ഏററവും ഉത്തമനെന്നുതന്നെ ഗണിച്ചിരുന്നു. അദ്ദേഹം ഒരു ഫലിതരസികനും കൂടി ആയിരുന്നു.

എൻെറ വളർത്തച്ഛനിൽ ശാന്തശീലവും നിശ്ചയിച്ചുറച്ചിട്ടുള്ള സംഗതികളിൽ നിശ്ചലബുദ്ധിയും ബഹുമതികളെന്നു കരുതപ്പെടുന്നതിൽ ഉദാസീനതയും കർമ്മതൽപരതയും സ്ഥിരോത്സാഹവും പൊതുക്ഷേമകരങ്ങളായ കാര്യങ്ങൾ ശ്രവിക്കുന്നതിൽ സന്നദ്ധതയും യോഗ്യതാനുസരണം ഓരോരുത്തരെ ബഹുമാനിക്കുന്നതിൽ നിഷ്ഠയും പ്രവൃത്തിക്കോ നിവൃത്തിക്കോ യുക്തമായ കാലത്തെ സംബന്ധിച്ച അനുഭവജ്ഞാനവും വിശുദ്ധശീലങ്ങളും പൊതുക്കാർയ്യപ്രസക്തിയും ഞാൻ കണ്ടു. രാജകീയമായ വിരുന്നുകളിൽ പങ്കുകൊള്ളുന്നതിനും എഴുന്നെള്ളത്തു സന്ദർഭ

ങ്ങളിൽ പരിവാരസംഘത്തിൽ ചേരുന്നതിനും അദ്ദേ ഹം സ്നേഹിതന്മാരെ നിർബന്ധിച്ചിരുന്നില്ല. അത്യാവ ശ്യസംഗതികളാൽ സന്നിഹിതരാവാൻ സാധിക്കാത്ത വരോട്ട് അദ്ദേഹം ഒരിക്കലും ഭാവഭേദം കാണിച്ചിരുന്നില്ല. മന്ത്രിസഭയിൽ അദ്ദേഹം കാൎയ്യവിചാരം നടത്തിവന്നത് ഏററവും സാവധാനതയോടും സൂക്ഷ്മതയോടും കൂടിയാ യിരുന്നു. ഉപരിപ്ലവബുദ്ധിയായി അദ്ദേഹം ഒരിക്ക ലും ഒരു കാൎയ്യത്തിലും തീർപ്പു കല്പിച്ചിരുന്നില്ല. സ്നേഹിത ന്മാരുടെ സാന്നിദ്ധ്യത്തിൽ അദ്ദേഹം അമിതമായ സൗ ഹാർദ്ദമോ വൈരസ്യമോ പ്രദർശിപ്പിക്കാതെ തൻെറ സ്നേ ഹബന്ധം സുസ്ഥിരമായി പാലിച്ചിരുന്നു. ഏതു സന്ദർഭ ത്തിലും അദ്ദേഹം പ്രസന്നനും സന്തുഷ്ടനും ആയിത്തന്നെ വൎത്തിച്ചിരുന്നു. എല്ലാകാൎയ്യങ്ങളുടേയും എല്ലാവശങ്ങളിലും ദൃഷ്ടിപതിഞ്ഞിരുന്നുവെങ്കിലും അതു് പ്രകടമായ രീതി യിൽ ആയിരുന്നില്ല. അദ്ദേഹത്തെ ശ്ലാഘിക്കുകയോ പ്രശംസിക്കുകയൊ ചെയ്യാൻ ആൎക്കും അവസരം കൊടു ത്തിരുന്നില്ല. രാജ്യത്തിൻെറ ആവശ്യങ്ങൾക്കു വേണ്ടതു് ചിലവു ചെയ്യാൻ ജാഗരൂകനായിരുന്ന അദ്ദേഹം അമി തവ്യയം വന്നുപോകാതെ പ്രത്യേകം സൂക്ഷിക്കുകയും ചെയ്തിരുന്നു. ഈ മിതവ്യയശീലം നിമിത്തം ഉണ്ടായ ആക്ഷേപങ്ങളെ ക്ഷമാപൂൎവ്വം സഹിക്കുകയാണുണ്ടായതു്. ദേവന്മാരെ സംബന്ധിച്ചു് അന്ധവിശ്വാസം അദ്ദേഹ ത്തിന് ഇല്ലായിരുന്നു. രാജ്യവാസികളെ പാരിതോഷി കങ്ങളാൽ പ്രീണിപ്പിക്കുവാനോ, അവരെ പുകഴ്ത്തു വാനോ ജനസമ്മതനെന്നു് പേരുനേടുവാനോ അദ്ദേഹം ശ്രമിച്ചിരുന്നില്ല. ഇക്കാൎയ്യങ്ങളിൽ സുസ്ഥിരനും ധീരനു മായിരുന്നു. നീചമായ ആശയമോ പ്രവൃത്തിയോ, പുതു മയിൽ കൗതുകമോ അദ്ദേഹത്തിനുണ്ടായിരുന്നില്ല. ജീവി തസൗകൎയ്യങ്ങളായി ഗണിക്കപ്പെടുന്നവയും ധനപ്രഭുത്വ ത്തിൻെറ ഫലമായി വന്നുകൂടുന്നവയുമായ ഭോഗസുഖങ്ങ

ളിൽ നിമഗ്നനായി അഹങ്കരിക്കുകയോ, അവയുടെ അ ഭാവത്തിൽ ദുഃഖിക്കുകയോ ചെയ്തിരുന്നില്ല. അദ്ദേഹത്തി ൻെറ സ്വഭാവത്തിൽ കാമചാരിത്വമോ കാപട്യമോ ഔദ്ധത്യമോ ആക്കും ആരോപിക്കുവാൻ കഴിഞ്ഞിരുന്നി ല്ലെന്നു തന്നെയല്ല, ഇതരന്മാരെയും തന്നെയും ഒന്നുപോ ലെ ഭരിക്കാനും മുഖസ്തുതിക്കതീനനായി വൎത്തിക്കാനും അ ദ്ദേഹത്തിനുണ്ടായിരുന്ന പ്രാഗല്ഭ്യവും പൌരുഷപരിപൂ ൎണ്ണതയും എല്ലാവക്കും സുവിദിതമായിരുന്നു. യഥാൎത്ഥ തത്വജ്ഞാനികളെ സവ്വഥാ ബഹുമാനച്ചിരുന്ന അദ്ദേ ഹം ഇതരന്മാരോട്ടും ദാക്ഷിണ്യവാനായിരുന്നു എങ്കിലും അവരുടെ അധീനതയിൽ പെട്ടിരുന്നില്ല. ആക്കും സന്ദ ശനത്തിനു് അനുവാദം നല്കിയിരുന്നു. സന്ദശകരോടു നിഷ്കളങ്കതയോടും സൗശീല്യത്തോടും പെരുമാറുകയുംചെ യ്തിരുന്നു. ശരീരരക്ഷയിൽ "അതി സവ്വത്ര വജ്ജയേതു്" എന്ന തത്വമാണു് അദ്ദേഹം പാലിച്ചിരുന്നതു്. ജീവിത ത്തിൽ അമിതമായ ആസക്തിയോ ഔത്സുക്യമോ കാണി ച്ചിരുന്നില്ലെങ്കിലും ആരോഗ്യപരമായ കാൎയ്യങ്ങളിൽ അ നാസ്ഥയും ഉണ്ടായിരുന്നില്ല. ബുദ്ധിപൂവ്വമായ അനുഷ്ഠാ നങ്ങളാൽ വൈദ്യന്മാരുടെയോ ഔഷധങ്ങളുടെയോ ആ വശ്യംതന്നെ. അപൂവ്വമായിരുന്നതേയുള്ളു. വാഗ്മിത്വം, നീതിശാസ്ത്രകുശലത, സന്മാൎഗ്ഗബോധം ഇവയിൽ ഓരോ ന്നിലും പ്രശസ്തന്മാരെ അസൂയാലേശം കൂടാതെ യഥായോ ഗ്യം ആദരിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന തിനു് സദാ സന്നദ്ധനായിരുന്നു. ഓരോ വസ്തുക്കളോടും സ്ഥലങ്ങളോടും അദ്ദേഹത്തിനുണ്ടായിരുന്ന മനോഭാവ ത്തിനു് ശരിയായ കാരണം കൂടാതെ യാതൊരു മാററവും സംഭവിച്ചിരുന്നില്ല; എന്നുമാത്രമല്ല ഒരേ സ്ഥലത്തു താമ സിക്കുകയും ഒരേതരം കൃത്യങ്ങൾ അനുഷ്ഠിക്കുകയും ചെയ്യു ന്നതിലും ഉത്സാഹക്കുറവുതോന്നിയിരുന്നില്ല. ചിലപ്പോഴെ ല്ലാം അദ്ദേഹത്തിനു് കഠിനമായ തലവേദന ഉണ്ടാകുക

പതിവായിരുന്നു. എന്നാൽ ആ ഉപദ്രവം മാറിക്കഴിഞ്ഞാൽ ഉടൻ തന്നെ ഉത്സാഹഭരിതനായി സ്വകൃത്യങ്ങളിൽ ഏർപ്പെട്ടും. അപൂർവ്വം ചില ഭരണകാര്യങ്ങൾ ഒഴികെ മററൊന്നും രഹസ്യമായി വച്ചിരുന്നില്ല. പ്രദർശനകാര്യങ്ങൾ, പൊതുമരാമത്തുപണികൾ, ദാനങ്ങൾ മുതലായവയിലെല്ലാം ശരിയായ വിവേചനവും മിതവ്യയശീലവും നിയമേന പ്രദർശിപ്പിച്ചിരുന്നു. കീർത്തി സമ്പാദിക്കുന്നതിനെ അപേക്ഷിച്ച് യഥാർത്ഥമായ ആവശ്യങ്ങൾ നിറവേററുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ ഉൽകൃഷ്ടമായ ലക്ഷ്യം. അസമയങ്ങളിൽ കളിക്കുകയോ, പുതുമയ്ക്കു വേണ്ടി ഭവനങ്ങൾ പണിയിക്കുകയോ ചെയ്തിരുന്നില്ല. ഭക്ഷണസാമഗ്രികളുടെ മേന്മയിലോ വസ്ത്രങ്ങളുടെ മോടിയിലോ പരിജനങ്ങളുടെ രൂപലാവണ്യത്തിലോ വലുതായ നിഷ്കർഷയും ഉണ്ടായിരുന്നില്ല. അണിയുവാൻ ആവശ്യപ്പെട്ടിരുന്ന ആടകളും അലങ്കാരങ്ങളുമെല്ലാം ലോറിയം, ലന്തുവിയം എന്നീ സ്വന്തം ഗ്രാമങ്ങളിൽ നിന്നു വരുത്തുകയായിരുന്നു പതിവ്.

കർക്കശഭാവമോ, വിരസതയോ, ക്രൂരതയോ, അദ്ദേഹത്തിന്റെ മുഖത്ത് ഒരിക്കലും കണ്ടിരുന്നില്ല. ക്ഷമായാചനം ചെയ്ത 'ടസ്കുലത്തിലെ' ചുങ്കപ്പിരിവുകാരനോട് എങ്ങനെയാണ് സൗജന്യമായി പെരുമാറിയതെന്നു സുവിദിതമാണ്. ഇതുപോലെ ആയിരുന്നു അദ്ദേഹത്തിന്റെ പെരുമാററങ്ങളെല്ലാം. അതിമാത്രതാദോഷം അദ്ദേഹത്തെ ഒരിക്കലും ബാധിച്ചിരുന്നില്ല. യുക്തിവിധേയതപവും വിവേകബുദ്ധിയുമായിരുന്നു അദ്ദേഹത്തിന്റെ പ്രധാനഗുണങ്ങൾ. ഓരോ കാര്യവും അവധാനപൂർവ്വമായും ശാന്തമായും അനുക്രമമായും ഊർജ്ജസ്വലമായും യഥാവിധി പരിശോധിച്ചിരുന്നു. പലരും മനോദൗർബല്യം നിമിത്തം അമിതമായിട്ടു തന്നെ അനുഭവിച്ചു വരുന്ന സുഖസാമഗ്രികൾ മിതമായി മാത്രം അനുഭവിക്കാനും ഉപേക്ഷിക്കാനും

സാക്രട്ടീസിനെപ്പോലെ അദ്ദേഹത്തിനു സാധിച്ചിരുന്നു. വിശിഷ്ടമായ ഈ ശക്തിയും സഹനശീലവും അജയ്യതയുടേയും സൽഗ്ഗുണപരിപൂർത്തിയുടേയും ചിഹ്നങ്ങളാണല്ലോ.

ദേവന്മാരിൽനിന്നു്:—സത്തുക്കളായ പിതാമഹന്മാരും സജ്ജനങ്ങളായ മാതാപിതാക്കന്മാരും സൽഗ്ഗുരുനാഥന്മാരും ഗ്ഗുണവതിയായ സഹോദരിയും, നല്ലസഖാക്കളും, നല്ലബന്ധുക്കളും, നല്ലസുഹൃത്തുക്കളും എന്നുവേണ്ട നന്നായിട്ടുള്ളതെല്ലാംതന്നെ എനിക്കു പ്രായേണ ലഭിച്ചു. ഒരു പ്രധാന സ്വഭാവദൂഷ്യമായി എന്നിൽ കുടികൊണ്ടിരുന്ന മുൻകോപം ദേവന്മാരുടെ കാരുണ്യത്താൽ ഒരിക്കലും പ്രത്യക്ഷപ്പെടാൻ ഇടവന്നില്ല. അങ്ങനെയൊരു പരീക്ഷണത്തിനു വിധേയനാകത്തക്ക പരിതഃസ്ഥിതികൾ എനിക്കുണ്ടായില്ലെന്നുതന്നെ പറയാം. പിതാമഹൻെറ ഉപപത്നിയുടെ അരികിൽനിന്നും ദേവന്മാർ എന്നെ അകററിരക്ഷിച്ചു. വിവാഹാനന്തരവും കുറേക്കാലത്തേയ്ക്കുകൂടി അഖണ്ഡബ്രഹ്മചര്യം അനുഷ്ഠിക്കുന്നതിനും പുരുഷത്വം പരിപാലിക്കുന്നതിനും അവരുടെ കൃപ എനിക്കുണ്ടായി. എൻെറ സാർവ്വഭൗമനായ പിതാവു് എന്നെ അഹങ്കാരവിനിർമ്മുക്തനാക്കി വളർത്തിയതും പൊതുജനനന്മയ്ക്കുവേണ്ടി ഒരു നരപതി പ്രവർത്തിക്കേണ്ട സംഗതികളിൽ ജാഗരൂകനാക്കിയതും ദേവന്മാരുടെ അനുഗ്രഹത്താൽ തന്നെ. അരമനയിലെ ജീവിതം എന്നതു് ആയുധപാണികളായ അനുചരന്മാരുടെ സേവനവും ആഡംബരസംയുക്തമായ വസ്ത്രധാരണവും മററു മോടിപ്പകിട്ടുകളുമായിരിക്കേണ്ടതില്ലെന്നും സ്ഥാനമഹിമയ്ക്കു താഴ്ചയോ ഗൗരവത്തിനു കുറവോ വരുത്താതെതന്നെ ഒരു രാജാവിനു് സാധാരണ പൗരന്മാരുടെ രീതിയിൽ ജീവിതം ക്രമപ്പെടുത്താമെന്നും അദ്ദേഹം എന്നെ പഠിപ്പിച്ചു. ആത്മനിയന്ത്രണവിഷയകമായ പ്രേരണയും പ്രോത്സാഹനവും എനിക്കു നല്കുക

യും എന്നെ സ്നേഹാദരങ്ങളാൽ സന്തോഷിപ്പിക്കുകയും ചെയ്യാൻ ഒരു സഹോദരനും, അംഗവൈകല്യമോ ബുദ്ധിമാന്ദ്യമോ ബാധിക്കാത്ത സന്താനങ്ങളും ദേവന്മാരുടെ ആനുകൂല്യത്താൽ എനിക്കു ലഭിച്ചു. സാഹിത്യത്തിലും കവിതയിലും മററു സുകുമാരകലകളിലും അത്യാസക്തി ജനിച്ച് അവയിൽ മുഴുകിക്കിടന്നുപോകാതിരിക്കാൻ എന്നേ രക്ഷിച്ചതും ദേവന്മാർതന്നെ. എൻെറ അദ്ധ്യാപകന്മാൎക്കും ഉപരക്ഷകന്മാൎക്കും അവർ കാംക്ഷിച്ചിരുന്ന സ്ഥാനമാനങ്ങൾ യഥാകാലമാകുമാമെന്നുവച്ച് വിളംബം വരുത്താതെ ഉടനടി എനിക്കു നല്കാൻ സാധിച്ചതും ദേവന്മാരുടെ അനുഗ്രഹം കൊണ്ടാണ്. അപ്പോളോണിയസ്, റസ്റ്റിക്കസ്, മാക്സിമസ് എന്നീ മഹാന്മാരുമായി പരിചയപ്പെടാനും പ്രകൃതിനിയമങ്ങൾക്ക് അനുസൃതമായ ജീവിതത്തെപ്പററി സ്പഷ്ടവും ദൃഢമൂലവുമായ ജ്ഞാനം സമ്പാദിക്കാനും ദേവന്മാർതന്നെ എനിക്ക് ഇട വരുത്തി. ആ ജീവിതം അനുഭവഗോചരമാക്കുന്നതിനും എനിക്ക് അവരുടെ കൃപയും പ്രേരണയും സാഹായ്യവും സിദ്ധിച്ചു. എന്നാൽ എന്നിൽ ഇപ്പോൾ കാണുന്ന അപൂർണ്ണതയ്ക്കു് ഉത്തരവാദി ഞാൻതന്നെയാണ്. അവർ എനിക്ക് നല്കിയ ഉദ്ബോധനങ്ങൾ, എന്നല്ല പ്രത്യക്ഷകല്പനകൾ ഞാൻ വഴിപോലെ അനുസരിക്കുകയുണ്ടായില്ല. വലുതായ ശരീരപ്രയത്നം എനിക്കുണ്ടായിരുന്നിട്ടും എൻെറ കായികശക്തി ക്ഷയിക്കാഞ്ഞതും അനാശാസ്യങ്ങളായ പ്രേമചാപല്യങ്ങൾ എന്നെ തീണ്ടാനിടവരാതിരുന്നതും ദേവന്മാരുടെ കടാക്ഷത്താൽ തന്നെ. റസ്റ്റിക്കസുമായി പലപ്പോഴും നീരസത്തിന് സംഗതി വന്നിട്ടും യാതൊരു സാഹസവും പ്രവൎത്തിച്ച് പശ്ചാത്തപിക്കാൻ ദേവന്മാർ എന്നെ അനുവദിച്ചില്ല. എൻെറ മാതാവ് അവരുടെ ചെറുപ്രായത്തിൽതന്നെ പരലോകം പ്രാപിച്ചു. എന്നാൽ അവരുടെ അന്ത്യദശയിൽ ഏതാനും

സംവത്സരം അവരോടൊത്തു താമസിക്കുവാൻ എനിക്കു ഭാഗ്യം സിദ്ധിച്ചിട്ടുണ്ടു്. പാവങ്ങളെ സഹായിക്കുകയൊ പരോപകാരംചെയ്യുകയോ വേണ്ടതായി വന്നിട്ടുള്ള ഘട്ടങ്ങളിൽ ഒരിക്കലും പണത്തിൻെറ അഭാവം എന്നെ ക്ലേശിപ്പിച്ചിട്ടില്ല. അന്യരിൽ നിന്നു് സംഭാവന സ്വീകരിക്കാനും എനിക്കു് സംഗതി വന്നിട്ടില്ല. അനുകൂലയും പ്രേമവതിയും സുശീലയുമായ ഒരു സഹധർമ്മിണിയെയാണു് എനിക്കു ലഭിച്ചതു്. എൻെറ സന്താനങ്ങൾക്കു് യോഗ്യന്മാരായ അദ്ധ്യാപകന്മാർ ധാരാളം ഉണ്ടായിരുന്നു. എന്നെ ബാധിച്ചിരുന്ന സുഖക്കേടുകൾക്കു് ദേവന്മാർതന്നെ സ്വപ്നത്തിൽ ഔഷധം നിർദ്ദേശിച്ചുതരികയും അത്ഭുതകരമാംവണ്ണം ആശ്വാസം വരുത്തുകയും ചെയ്തു. തത്വജ്ഞാനചർച്ചയിൽ അപരിമിതമായ അഭിനിവേശം ഉണ്ടായിരുന്നിട്ടും പണ്ഡിതമ്മന്യന്മാരുടെ വലയിൽ പെടാതെ കഴിക്കാനും ഗ്രന്ഥപ്പുഴുവായി ജീവിക്കാതിരിക്കാനും എനിക്കു സാധിച്ചു. ജ്യൌതിഷചർച്ചയിൽ വ്യാപൃതനാകാതിരിക്കുന്നതിനും വ്യർത്ഥങ്ങളായ വാദപ്രതിവാദങ്ങളിൽ ഏർപ്പെടാതിരിക്കുന്നതിനും എനിക്കു് കഴിഞ്ഞു. ഇതെല്ലാം ദേവന്മാരുടെ അനുഗ്രഹത്താലും നിയതിയുടെ ആനുകൂല്യത്താലും ആണെന്നു് നിസ്സംശയം പറയാം.

---

# രണ്ടാം അദ്ധ്യായം

ദിവസവും രാവിലെ എഴുന്നേററ് നീ ഇപ്രകാരം ആത്മചിന്ത ചെയ്യണം. ഇന്നു എനിക്കു വിശ്വാസവഞ്ചകന്മാരും അന്യകാര്യങ്ങളിൽ ഇടപെട്ടു ഉഴലുന്നവരും കപടബുദ്ധികളും അസൂയാലുക്കളും സ്വാർത്ഥപരന്മാരുമായ ആളുകളുമായി നേരിടേണ്ടി വരാം. നന്മതിന്മകൾ ഇന്നവയെന്നു ശരിയായ ബോധം ഇല്ലാത്തതുകൊണ്ടാണു മനുഷ്യർക്കു ഈ വക ദോഷങ്ങൾ പററുന്നതു്. ഉൽകൃഷ്ടമായ നന്മയുടേയും നികൃഷ്ടമായ തിന്മയുടേയും സ്വഭാവം ഞാൻ ഗ്രഹിച്ചിട്ടുണ്ടു്. തിന്മ ചെയ്യുന്നവരും ഞാനും ഒരുപോലെയുള്ള രക്തമാംസങ്ങൾ ഉള്ളവരും ഒരേ മനസ്സും ഈശ്വരാംശവും ഉൾക്കൊള്ളുന്നവരും ആകയാൽ അവരുമായി എനിക്കു സഹോദരബന്ധമുണ്ടെന്നു അറിയാം. അവരിൽ ആർക്കും എന്നെ ദുഷിപ്പിക്കാനോ, തിന്മയിലേയ്ക്കു താഴ്ത്തുവാനോ കഴിയുകയുമില്ല. എൻെറ ആ സഹോദരന്മാരെ ദ്വേഷിക്കാനും അവരോടു പിണങ്ങുവാനും എനിക്കു സാദ്ധ്യമല്ല. കൈകാലുകൾ, കണ്ണുകൾ, മുകളിലും താഴെയുമായി സ്ഥിതിചെയ്യുന്ന ദന്തനിരകൾ എന്നിവയെപ്പോലെ ഞങ്ങൾ സഹകരണത്തിനായി ജനിച്ചിട്ടുള്ളവരാകുന്നു. ഞങ്ങൾ തമ്മിൽ എതിരിടുകയും അപ്രകാരം ആചരിക്കുകയും ചെയ്യുന്നതു് പ്രകൃതിവിരുദ്ധമായിരിക്കും. ദ്വേഷവും കലഹവും അപകാരത്തിൻെറ രൂപാന്തരങ്ങൾ തന്നെ.

മാംസം ശ്വാസം അന്തരാത്മാവു് ഇത്രയുമാണു് നീ. നിൻെറ പുസ്തകങ്ങൾ ദൂരെ കളയുക. അവയിൽ മനസ്സു പ്രവേശിപ്പിക്കേണ്ട. അവ നിനക്കു് ആവശ്യമില്ല. നിൻെറ നിന്ദ്യമായ മാംസത്തെ — സിരാസ്ഥായുക്കൾ കൊണ്ടു കോർത്തുണ്ടാക്കിയിട്ടിരിക്കുന്ന ചട്ടക്കൂട്ടിനെ—

ആസന്നമായ മൃത്യുവേളയിൽ എന്നപോലെ അവഗണിക്കുക. ശ്വാസമൊ? സദാ ചലിച്ചു കൊണ്ടിരിക്കുന്ന വെറും കാററ്. അനുനിമിഷം ഉള്ളിലേയ്ക്കും പുറത്തേയ്ക്കും പ്രകൃതം മാറി സഞ്ചരിച്ചു കൊണ്ടിരിക്കുന്നതു തന്നെ. അവശേഷിക്കുന്ന മൂന്നാമത്തേതു് അന്തരാത്മാവു്. ഇങ്ങനെ നീ ആലോചിക്കുക:— വാർദ്ധക്യദശയിൽ എത്തിച്ചേന്നിരിക്കുന്നു; ഇനിയും അന്തരാത്മാവിനെ സ്വാത്ഥപ്രേരണയുടെ അടിമയാക്കി വയ്ക്കുവാൻ പാടില്ല: അതിനേക്കൊണ്ടു് പാവകളിപ്പിച്ചതു മതി. ഇപ്പോഴത്തെ അനുഭവങ്ങളിൽ അസംതൃപ്തി ഭാവിക്കുകയോ ഭാവിയെപ്പററി ഭയപ്പെടുകയോ ചെയ്തു കൂടാ.

ദേവന്മാർ അറിഞ്ഞുകൊണ്ടും കരുതലോടുകൂടിയുമാണു് സകലതും വരുത്തുന്നതു്. ഭാഗ്യവശാൽ സംഭവിക്കുന്നതെന്നു നാം പറയുന്നതും ദേവന്മാർ വരുത്തുന്നതുതന്നെ. പ്രകൃതിയുടെ ചേഷ്ടിതങ്ങളും ഇതുതന്നെയാകുന്നു. സകലതും ദേവന്മാർ തന്നെയാണു് വിധാനം ചെയ്യുന്നതു്. ഈ സംവിധാനത്തിൽ ജഗന്മംഗളം എന്ന പ്രയോജനം അന്തർഭവിച്ചിരിക്കുന്നു; അതിനാൽ ഇതു് ആവശ്യമത്രേ. നീയും ജഗത്തിൻെറ അംശമാണല്ലോ. ജഗത്തിൻെറ മംഗളത്തിൽ നിൻെറ മംഗളവും ഉൾപ്പെടുന്നു. ലോകവ്യവസ്ഥിതിയുടെ പാലനത്തിനു് ഭൂതദ്രവ്യങ്ങളുടെ മാത്രമല്ല, സമ്മിശ്രദ്രവ്യങ്ങളുടെ പരിവത്തനവും രൂപാന്തരപ്രാപ്തിയും ആവശ്യമാകുന്നു. ഈ പരമാത്ഥങ്ങളെ ജീവിത തത്വങ്ങളായി സ്വീകരിച്ചു് സ്ഥിരനും സന്തുഷ്ടനുമായിരിക്കുക. പുസ്തകങ്ങളിൽ തൃഷ്ണ വയ്ക്കേണ്ട. അസംതൃപ്തനായി വിലപിക്കാതെ ദേവന്മാരുടെ കാരുണ്യത്തിൽ ഹൃദയംഗമമായ കൃതാത്ഥതയോടുകൂടി പ്രശാന്തനായിരുന്നു് മരണം വരിക്കാൻ തയ്യാറാകുക.

നീ എത്രകാലമായി ദീഘസൂത്രം അനുഷ്ഠിക്കുന്നു? ദേവന്മാർ സൗജന്യപുരസ്സരം അവസരം നല്കിയിരുന്നിട്ടും

നീ അതു ശരിയായി വിനിയോഗിച്ചിട്ടില്ല. നീ ഏതൊരു ജഗദ്വിധാനത്തിൻെറ അംശമാണോ, നിൻെറ സത്ത ഏതൊരു മഹാശാസനകേന്ദ്രത്തിൽനിന്നും പ്രസ്രവിച്ചിട്ടുള്ളതാണോ ആ വിധാനവ്യവസ്ഥയേയും ശാസനാകേന്ദ്രത്തേയും നീ അനുവൎത്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നിനക്കു ലഭിച്ചിട്ടുള്ള പരിമിതമായ അവസരം, മനസ്സിന്റെ തിമിരാവരണം മാററി സുപ്രസന്നമായ ശാന്തി കൈവരുത്തുന്നതിനുവേണ്ടി നീ ശരിയായി വിനിയോഗിക്കാത്തപക്ഷം 'ഇങ്ങിനി വരാതവണ്ണം' അതും, നീയും നഷ്ടമായിപ്പോകുമെന്നു് മനസ്സിലാക്കേണ്ടതിനും നിനക്കു് കാലം വൈകിയിരിക്കുന്നു.

ഓരോ മണിക്കൂറിലും, ശരിയായ ഒരു റോമാക്കാരനെപ്പോലെ — യഥാൎത്ഥമനുഷ്യനെപ്പോലെ — അപ്പോഴപ്പോഴത്തെ കൎത്തവ്യങ്ങൾ പരിപൂൎണ്ണമായ ഗൗരവത്തോടും ആത്മാൎത്ഥതയോടും താൽപൎയ്യത്തോടും സ്വാതന്ത്ര്യത്തോടും ന്യായനിഷ്ഠയോടുംകൂടി അനുഷ്ഠിക്കേണ്ടതാണെന്നാലോചിക്കുക. ആഗന്തുകങ്ങളായ ഇതരവിഷയങ്ങൾക്കൊന്നിനും നിൻെറ സമയം അപഹരിക്കാൻ സൗകൎയ്യം നല്കരുതു്. ഓരോ കൃത്യവും അതുതന്നെയാണു് അവസാനത്തേതു് എന്നുകരുതി, അചഞ്ചലനായും യുക്തിയെ അംഗീകരിക്കാത്ത വികാരങ്ങൾക്കും സ്വാൎത്ഥതയ്ക്കും കാപട്യത്തിനും അതീതനായും, ഭാഗധേയപരിവൎത്തനങ്ങളിൽ അസംതൃപ്തികൂടാതെയും നീ നിൎവ്വഹിക്കണം. ദിവ്യമായ ഒരു ജീവിതം നയിക്കുന്നതിനു് ഇത്രയും മാത്രമേ വേണ്ടു. ഈ രീതിയിൽ ജീവിക്കുന്നവരിൽനിന്നു് ദേവന്മാരും ഇതിലധികമൊന്നും പ്രതീക്ഷിക്കുന്നില്ല.

അല്ലയൊ ആത്മചൈതന്യമേ! നീതന്നെ നിനക്കു് അപകാരം ചെയ്യാതിരിക്കുക. നിന്നെ ഉദ്ധരിക്കാൻ നിനക്കു് സമയം അതിക്രമിച്ചിരിക്കുകയാണു്. മനുഷ്യജീവിതം

ഇതിന്ന് അപൂർവ്വമായ ഒരവസരമാണെന്നോർക്കണം. നിന്റെ ജീവിതം മിക്കവാറും കഴിയാറായിരിക്കുന്നു. ഇനിയെങ്കിലും ആത്മോന്നതിക്കു ശ്രമിക്കുക. അന്യരുടെ കാൎയ്യങ്ങൾക്കായി നീ നിന്റെ ശ്രേയസ്സിനെ ബലികഴിക്കുന്നതു് കഷ്ടമാണു്.

ബാഹ്യങ്ങളായ പല വിഷയങ്ങളും നിന്നെ ബദ്ധപ്പെടുത്തുകയും വ്യാകുലനാക്കുകയും ചെയ്യുന്നുണ്ടാവാം. എങ്കിലും യഥാൎത്ഥത്തിൽ ശ്രേയസ്കരങ്ങളായ കാൎയ്യങ്ങൾ ഗ്രഹിക്കുന്നതിന്നു് കുറച്ചു സമയം വിനിയോഗിക്കണം. വിഭ്രമസരണിയിൽ പെട്ടു് ജീവിതത്തിന്റെ ഏകാന്തലക്ഷ്യത്തിൽ നിന്നു് വ്യതിചലിക്കരുതു്. എല്ലാ ആശയങ്ങളും ഉദ്യമങ്ങളും ഒരേ ലക്ഷ്യത്തിലേയ്ക്കു് കേന്ദ്രീകരിക്കാതെ വൃഥാ പ്രവൎത്തിച്ചു് ജീവിതം പാഴാക്കിക്കളഞ്ഞിട്ടുള്ളവരെപ്പോലെ അബദ്ധത്തിൽ ചാടാതെ സൂക്ഷിക്കണം.

അന്യരുടെ അന്തൎഗ്ഗതങ്ങൾ ഗ്രഹിക്കാത്തതുമൂലം ആൎക്കും അസ്വാസ്ഥ്യം സംഭവിക്കാറില്ല. എന്നാൽ സ്വന്തം അന്തഃകരണവൃത്തികൾ നിരീക്ഷിക്കാത്തവർ അസ്വസ്ഥരായിരിക്കുക തന്നെ ചെയ്യും.

സമഗ്രമായ വിശ്വപ്രകൃതിയുണ്ടു്. നിന്റെ സ്വന്തം പ്രകൃതിയും ഉണ്ടു്. ഇവ രണ്ടും എങ്ങനെയുള്ളവയാണെന്നും ഇവയ്ക്കു തമ്മിൽ ബന്ധമെന്തെന്നും നീ എപ്പോഴും ഓൎത്തിരിക്കണം. നീ വിശ്വത്തിന്റെ അംശം തന്നെയാണല്ലോ. അതിനാൽ നിന്റെ വാക്കുകളും കൎമ്മങ്ങളും വിശ്വപ്രകൃതിക്കനുരൂപങ്ങളാക്കുവാൻ നിനക്കു് യാതൊരു പ്രതിബന്ധവും ഇല്ലതന്നെ.

കോപമൂലകങ്ങളായ പാതകങ്ങളെ അപേക്ഷിച്ചു് കാമമൂലകങ്ങളായവയാണു് കൂടുതൽ ഹാനികരങ്ങളെന്നു് പാതകങ്ങളെ തുലനം ചെയ്തുകൊണ്ടു് യഥാൎത്ഥതത്വജ്ഞാനിയുടെ നിലയിൽ തിയോഫ്രാസ്റ്റസ് അഭിപ്രായപ്പെട്ടിരിക്കുന്നതു് ശരിയാണു്. എന്തുകൊണ്ടെന്നാൽ കോ

പാവിഷ്ഠന്നു് ബുദ്ധിഭ്രംശം സംഭവിച്ചുപോകുന്നതു് വേദ
നയും താനറിയാതെ തന്നെ ഒരുതരം ഹൃദയക്ഷോഭവും
അനുഭവപ്പെടുന്നതോടുകൂടിയാണു്. കാമത്താൽ പാത
കം ചെയ്യുന്നവൻെറ സ്ഥിതി ഇതല്ല. സുഖേച്ഛയെ അ
വഗണിക്കുവാനും അതിനായുള്ള ആന്തരമായ പ്രേരണയെ
അടക്കുവാനും അവന്നു് ശക്തിയില്ല; അതിനാൽ അവൻ
കുത്സിതനും പൌരുഷഹീനനും ആയിത്തീരുന്നു. ഈ കാ
രണത്താൽ കാമമൂലകങ്ങളായ പാതകങ്ങൾ താത്വിക
ദൃഷ്ട്യാ കോപജന്യങ്ങളായുള്ളവയെക്കാൾ കൂടുതൽ ദൂഷ്യ
ങ്ങളാണെന്നു നിസ്സംശയം പറയാം. കാമംകൊണ്ടുള്ള പ്ര
വൃത്തികൾ സുഖേച്ഛാപ്രേരിതങ്ങളും സ്വഭാവദൂഷ്യത്തെ
സൂചിപ്പിക്കുന്നവയും ആകുന്നു. മറേറതു അന്യരിൽ നിന്നു
ണ്ടാകുന്ന അപകാരത്തിൻേറയും വേദനയുടേയും ഫല
മായി മനസ്സറിയാതെ ചെയ്യുന്നവയാണു്.

ഏതുനിമിഷവും മൃത്യുവിനെ വരിക്കാൻകൂടി സന്നദ്ധ
നെന്ന നിലയിൽ തന്നെയായിരിക്കണം നീ എന്തും പറ
യുകയും ആലോചിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ട
തു്. വാസ്തവത്തിൽ ദേവന്മാരുണ്ടെങ്കിൽ ഈ മനുഷ്യലോ
കത്തെ ഉപേക്ഷിക്കുന്നതുകൊണ്ടു് യാതൊരു ഭയത്തിനും
അവകാശമില്ല. അവർ നിന്നെ ദുരിതത്തിൽ ചാടിക്കുക
യില്ല; എന്നാൽ ദേവന്മാർ ഇല്ലെന്നു് വരികയോ അ
ഥവാ ഉണ്ടെങ്കിൽതന്നെ അവർ മനുഷ്യരെപ്പററി ഗണി
ക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം ദേവശൂന്യമോ രക്ഷാ
വ്യവസ്ഥയില്ലാത്തതോ ആയിത്തീരാവുന്ന ജഗത്തിൽ
ജീവസന്ധാനം ചെയ്തിട്ടു പ്രയോജനമെന്തു്? എന്നാൽ
പരമാത്ഥത്തിൽ ദേവന്മാരുണ്ടു്. അവർ മനുഷ്യശ്രേ
യസ്സിൽ ശ്രദ്ധാലുക്കളുമാണു്. ആത്മാവിനെ സംബ
ന്ധിച്ച കാര്യങ്ങളിൽ ദുരിതമൊന്നും സംഭവിക്കാതിരി
ക്കാൻ വേണ്ടതെല്ലാം അവർ മനുഷ്യന്നു് നല്കിയിട്ടു
ണ്ടെന്നുള്ളതിന്നു് സംശയമില്ല. മററു കാര്യങ്ങളിലാണു്

യഥാൎത്ഥമായ ദുരിതമുള്ളതെങ്കിൽ അവർ അതിനും നിവൃത്തിമാൎഗ്ഗം കല്പിച്ചിരിക്കും. മനുഷ്യനു ദുരിതം ഉണ്ടാകാത്ത സ്ഥിതിക്കു് അവൻെറ ജീവിതത്തിനു് എങ്ങനെ ദുരിതം വരുത്തും? വിശപ്രകൃതിക്ക് അങ്ങനെയൊരബദ്ധം പററിയെന്നു വരാവുന്നതല്ല. ദുഷ്ടനും ശിഷ്ടനും ഒന്നുപോലെ നന്മതിന്മകൾ അനുഭവമാക്കുക എന്നൊരു പ്രമാദം സൎവ്വജ്ഞന്മാരും സൎവ്വശക്തന്മാരുമായ ദേവന്മാൎക്കു പററുകയില്ല. എന്നാൽ സത്തുക്കളെന്നും അസത്തുക്കളെന്നും ഭേദംകൂടാതെ മനുഷ്യൎക്കു ജീവിതവും മരണവും, കീൎത്തിയും അപകീൎത്തിയും, സന്തോഷവും സന്താപവും, സമ്പത്തും ദാരിദ്ര്യവും ഇങ്ങനെ പലതും അനുഭവമായിക്കാണുന്നു. ഇവ ആരെയും ആദ്ധ്യാത്മികമായി ഉന്നമിപ്പിക്കുകയോ, താഴ്ത്തിക്കളയുകയോ ചെയ്യാതിരിക്കുന്നതിൽനിന്നും അനുമാനിക്കേണ്ടതു് ഇവയൊന്നും യഥാൎത്ഥത്തിൽ നന്മയുമല്ല തിന്മയുമല്ല എന്നാകുന്നു.

എല്ലാം എത്രവേഗം മാഞ്ഞുപോകുന്നു. നമ്മുടെ ശാരീരികാവസ്ഥകൾ ജഗത്തിലും അവയുടെ സ്മൃതി അനന്തമായ കാലഗതിയിലും ലയിക്കുന്നു. ഇന്ദ്രിയവിഷയങ്ങളായ വസ്തുക്കൾതന്നെ പൊതുവേ എങ്ങനെയുള്ളവയാണു്? സുഖപ്രദങ്ങളെന്ന രൂപത്തിൽ നമ്മെ വ്യാമോഹിപ്പിക്കുന്നവയാണൊരുവക; ദുഃഖകരണങ്ങളെന്നഭാവത്തിൽ നമ്മെ ഭയപ്പെടുത്തുന്നവയാണു് മറെറാരുവക; നമ്മിൽ അഹങ്കാരത്തെ വൎദ്ധിപ്പിക്കുന്നവയാണു് വേറൊരുവക. ഇവയെല്ലാം വാസ്തവത്തിൽ എത്ര നിന്ദ്യങ്ങളും തുച്ഛങ്ങളും അശുദ്ധങ്ങളും നശ്വരങ്ങളും നിൎജ്ജീവങ്ങളും ആയിരിക്കുന്നു. ഈ വസ്തുത നല്ലവണ്ണം ആലോചിച്ചു ഗ്രഹിക്കേണ്ടതാണു്. ആരുടെ ആശയങ്ങൾക്കും അഭിപ്രായങ്ങൾക്കുമാണു് പ്രചാരവും പ്രശസ്തിയും സിദ്ധിക്കുന്നതെന്നും മരണം എന്നാൽ എന്തെന്നും നാം ആലോചി

ക്കണം. സൂക്ഷ്മമായ വിചിന്തനത്തിന് വിഷയമാക്കു മ്പോഠം "മരണം എന്നതു് ഒരു പ്രകൃതിധമ്മം മാത്രമാണെന്നുകാണാം. ഈ പ്രകൃതിധമ്മത്തിൽ ഭയപ്പെടുന്നവൻ കേവലം അജ്ഞനായ ശിശുതന്നെ. മരണം പ്രകൃതിയുടെ വെറുമൊരു ചേഷ്ടിതം മാത്രമല്ല; അതു് പ്രകൃതിയുടെ ഉദ്ദേശ്യം സാധിക്കുന്നതിന് പ്രയോജകീഭവിക്കുന്നതും ആകുന്നു. മനുഷ്യന് ഈശ്വരസമ്പക്കം ഉണ്ടായിരിക്കുന്നതു് എങ്ങനെയാണെന്നും അവൻെറ ഏതംശത്തിലൂടെയാണു് അതു് അനുഭവഗോചരമാകുന്നതെന്നും നാം ബുദ്ധിയുടെ സാഹായ്യത്താൽ അറിയേണ്ടിയിരിക്കുന്നു.

ഹൃദയസ്ഥിതനായ ഈശ്വരനിൽ നിവിഷ്ടചിത്തരായി നിവ്വ്യാജഭക്തിയോടുകൂടി അവിടുത്തെ സേവിച്ചാൽ മതിയെന്നു് മനസ്സിലാക്കാതെ അന്യരുടെ അന്തർഗ്ഗതങ്ങഠം ആരായുവാൻ മനുഷ്യൻ അശ്രാന്തപരിശ്രമം ചെയ്യുന്നതു് എത്ര ശോചനീയം! ഈശ്വരഭക്തിയെന്നു പറയുന്നതു്, കോപതാപാദിവികാരങ്ങളാലും മൗഢ്യത്താലും, ദേവന്മാരിൽ നിന്നോ മനുഷ്യരിൽ നിന്നോ സംഭവിക്കുന്ന അനുഭവങ്ങളിൽ തോന്നാവുന്ന അസന്തുഷ്ടിയാലും മലിനമാക്കാതെ ഈശ്വരനെ പരിശുദ്ധമായി ഹൃദയത്തിൽ നിലനിത്തുകയാകുന്നു. ദേവന്മാർ നമുക്കു നല്കുന്നതെല്ലാം വാസ്തവത്തിൽ നന്മയാകയാൽ അവർ നമ്മുടെ ആദരത്തേയും ബഹുമാനത്തേയും അർഹിക്കുന്നു. മനുഷ്യരുമായുള്ള സഹോദരബന്ധം നിമിത്തം സഹിഷ്ണുതയും ചിലപ്പോഠം അവർ പ്രദശിപ്പിക്കുന്ന വിവേകശൂന്യത ഹേതുവായി അനുകമ്പയുമാണു് നമുക്കുണ്ടായിരിക്കേണ്ടതു്. നന്മതിന്മകഠം വിവേചിച്ചറിയുവാൻ കഴിയാതെ വരുന്നസ്ഥിതി, വെളുപ്പും കറുപ്പും തിരിച്ചറിയുവാനുപകരിക്കുന്ന ശക്തിയെ നഷ്ടമാക്കുന്ന വൈകല്യത്തിന് തുല്യമാകുന്നു.

നാം മൂവായിരമോ, അഥവാ മുപ്പതിനായിരമോ വൎഷം ജീവിച്ചിരിക്കുമെന്നു് വിചാരിച്ചാലും അത്രയുംകാലം പാഴാക്കുവാനായാലും ശരി വേണ്ടവണ്ണം വിനിയോഗിക്കുവാനായാലും ശരി നമുക്കു് ഇതല്ലാതെ വേറൊരു ജീവിതം കിട്ടുക സാദ്ധ്യമല്ല. ദീൎഘജീവിതവും അല്പജീവിതവും ഫലത്തിൽ സമമാകുന്നു. വൎത്തമാനകാലമാണു് സകലൎക്കും ഒരുപോലെയുള്ള അവസരം. ഭൂതവും ഭാവിയും നമുക്കു് സ്വാധീനമല്ല; അതിനാൽ അവയെ പാഴിലാക്കുവാൻ നമുക്കു് സാധിക്കുകയുമില്ല. സ്വാധീനമല്ലാത്തതിനെ എങ്ങനെ ദൂഷിപ്പിക്കാം? അതുകൊണ്ടു് രണ്ടു സംഗതികൾ നാം സ്മരിക്കണം. ഒന്നു് — എല്ലാ വസ്തുക്കളും അനാദികാലം മുതല്ക്കേ ഒരേ രൂപങ്ങളിൽതന്നെ ആവൎത്തിച്ചുകൊണ്ടിരിക്കുന്നു. ഒരാൾ നൂറോ ഇരുനൂറോ വൎഷമല്ല അനന്തമായ കാലം മുഴുവനും നോക്കിയിരുന്നാലും യാതൊരു വ്യത്യാസവും കൂടാതെ ഇതേവിധത്തിൽതന്നെ തുടൎന്നുകൊണ്ടിരിക്കും. ദീൎഘായുസ്സുകൾക്കും അല്പായുസ്സുകൾക്കും സംഭവിക്കുന്ന നഷ്ടം തുല്യമാകുന്നു. വൎത്തമാനകാലം മാത്രമേ ഒരുവനു് സ്വാധീനമായിട്ടുള്ളു എന്നും അവനുള്ളതല്ലാത്തതു് നഷ്ടമാകയില്ലെന്നും വരുന്നതിനാൽ ഇപ്പോഴത്തെ ജീവിതം മാത്രമാണു് നഷ്ടമാകാവുന്നതു് എന്നു നാം ഓൎമ്മിക്കണം.

എല്ലാം നമ്മുടെ ഭാവനയെ ആശ്രയിച്ചിരിക്കുന്നു. മനുഷ്യവിദ്വേഷിയായ മാണിമസിൻെറ അഭിപ്രായങ്ങളും അവയ്ക്കെതിരായി ഉന്നയിക്കപ്പെട്ടിട്ടുള്ള ആക്ഷേപങ്ങളും നോക്കുക.

ആത്മാവിനു് ദൂഷ്യം സംഭവിക്കുന്ന ഘട്ടങ്ങൾ ചിലതുണ്ടു്. ഒന്നു് — പ്രപഞ്ചത്തിൽ ആത്മാവു് ഒരു ശോഫം പോലെ പ്രവൎത്തിക്കുമ്പോൾ, (എന്തുകൊണ്ടെന്നാൽ, ഏതെങ്കിലും ഒരു സംഭവത്താൽ ക്ഷോഭിക്കുന്ന ആത്മാവു് പ്രകൃതിയിൽ നിന്നും വിയുക്തമായിത്തീരുന്ന

സകല വസ്തുക്കളും പ്രകൃതിയുടെ അംശങ്ങളാണല്ലോ.) രണ്ടാമത്തേതു് കോപാവേശത്താൽ സംഭവിക്കുന്നതു പോലെ ആത്മാവു് ഒരാളെ എതിർത്തു് ആയാൾക്കു് അപകാരം ചെയ്യുകയോ അയാളുമായി പിണങ്ങിപ്പിരിയുകയോ ചെയ്യുമ്പോൾ; മൂന്നാമതായി ആത്മാവു് സുഖത്തിനോ ദുഃഖത്തിനോ വശഗമായിത്തീരുമ്പോൾ; നാലാമതു് അസത്യമായ വാക്കും പ്രവൃത്തിയും മുഖേന ആത്മാവു് കാപട്യം കാണിക്കുമ്പോൾ. അഞ്ചാമതു് ആത്മാവിൻെറ ഉദ്യമമോ ചേഷ്ടിതമോ ലക്ഷ്യശൂന്യവും അനിയതവും അബുദ്ധിപൂർവ്വകവുമായിത്തീരുമ്പോൾ. നമ്മുടെ എത്ര ചെറുതായ പ്രവൃത്തിക്കും ഒരു ലക്ഷ്യം ഉണ്ടായിരിക്കണം. ബുദ്ധിപൂർവ്വം ജീവിക്കുന്ന മനുഷ്യരുടെ ലക്ഷ്യം ബുദ്ധിയുടെ നിർദ്ദേശങ്ങളും ചിരന്തനമായ വിശ്വസാമ്രാജ്യത്തിൻെറ നിയമങ്ങളും അനുവർത്തിക്കുകയെന്നതാകുന്നു.

മനുഷ്യൻെറ ആയുഷ്കാലം കേവലം ക്ഷണികമാകുന്നു. അവൻെറ ശരീരം നദീപ്രവാഹംപോലെ തരളമാണു്. അവൻെറ ദൃഷ്ടി മങ്ങിയതു്; ശരീരഘടകങ്ങൾ അഴുകി വേർപെടുന്നവ; ആത്മാവു് ആവർത്തത്തിനു് തുല്യം; ഐശ്വര്യം അനിശ്ചിതം; കീർത്തി ചഞ്ചലം; ചുരുക്കി പറഞ്ഞാൽ ശരീരത്തെ സംബന്ധിച്ചുള്ളതെല്ലാം ഒഴുകിപ്പോകുന്ന നദിക്കു സദൃശവും മനസ്സിനെ സംബന്ധിച്ചതെല്ലാം സ്വപ്നസമാനവും ധൂമസന്നിഭവും ആകുന്നു. ജീവിതംതന്നെ ഒരു സമരവും ഒരു പ്രവാസവുമത്രേ. മരണാനന്തരമുള്ള യശസ്സാകട്ടെ, കേവലം വിസ്മൃതിയിൽനിന്നു് ഭിന്നമല്ല. ഈ സ്ഥിതിയിൽ നമ്മുടെ നടത്തയെ നിയന്ത്രിക്കേണ്ടതു് എന്തായിരിക്കണം? ഒന്നേ ഒന്നു മാത്രം-തത്വജ്ഞാനം. ഈ ജ്ഞാനം ഹൃദയസ്ഥിതമായ ദൈവത്തെ അഭംഗുരവും അക്ഷതവും സുഖദുഃഖങ്ങൾക്കു് അതീതവുമായി പരിപാലിക്കുന്നതിനും ശരിയായ ലക്ഷ്യം കൂടാതെയോ കപടമായോ അസമർത്ഥമാ

യോ യാതൊന്നും പ്രവൎത്തിക്കാതിരിക്കുന്നതിനും ഇതരന്മാർ എന്താചരിച്ചാലും ഇല്ലെങ്കിലും നമ്മുടെ നടത്തയ്ക്കു് അതു് നിമിത്തം ന്യൂനതയൊന്നും പററാതെ സൂക്ഷിക്കുന്നതിനും നമ്മുടെ ഭാഗധേയം ദൈവായത്തമെന്നു വിശ്വസിച്ചു് സസന്തോഷം സ്വീകരിക്കുന്നതിനും അവസാനമായി ഭൂതപദാൎത്ഥസങ്കലിതങ്ങളായ സകല ശരീരങ്ങളും സ്വാഭാവികമായി അഴിഞ്ഞുലഞ്ഞു് അവയുടെ ഘടകങ്ങളായി വേർപെട്ടു് വിലയം പ്രാപിക്കുമെന്നറിഞ്ഞു് അക്ഷോഭ്യരായും പ്രശാന്തമനസ്കരായും മരണത്തെ പ്രതീക്ഷിക്കുന്നതിനും നമ്മെ സഹായിക്കും. ശരീരഘടകങ്ങളായ ഭൂതപദാൎത്ഥങ്ങൾക്കു് അവയുടെ രൂപാന്തരപ്രാപ്തിയിൽ യാതൊരു ദൂഷ്യവും പററുന്നില്ല. ഈ സ്ഥിതിക്കു്, അവയുടെ സംയുക്തസ്വരൂപമായ ശരീരത്തിന്റെ വിഘടനയിലും വിലയത്തിലും നാം എന്തിനു് ഖേദിക്കുന്നു? സ്വാഭാവികമാണിതെല്ലാം. ദൂഷ്യമല്ല.

# മൂന്നാം അദ്ധ്യായം

നാൾതോറും നമ്മുടെ ആയുസ്സ് കുറഞ്ഞാണ വരുന്നതെന്നു് നാം ഓൎമ്മിക്കണം. ദീൎഘായുസ്സുണ്ടായിരുന്നാൽ തന്നെയും കാൎയ്യാകാൎയ്യങ്ങൾ വിവേചിച്ചറിവാൻ വേണ്ട ബുദ്ധിശക്തിയും ദൈവികവും മാനുഷവുമായ വസ്തുതകൾ മനസ്സിലാക്കാൻ ആവശ്യകമായ അന്തർദൃഷ്ടിയും ശാശ്വതമായി നിലനില്ക്കുമോ? വാൎദ്ധക്യം വരുന്നതോടുകൂടി ശ്വാസോച്ഛ്വാസത്തിനോ, ശരീരത്തിനോ, മനോവികാരങ്ങൾക്കോ, പ്രകടമായ അസ്വാതന്ത്ര്യം സംഭവിച്ചില്ലെന്നുവരാം. എന്നാൽ പ്രയോജനപ്രദമായ പ്രവൃത്തികൾക്കു് അവശ്യം വേണ്ട ശക്തി ക്ഷയിക്കുക തന്നെ ചെയ്യും. കൃത്യങ്ങൾ പൂൎണ്ണമായി നിൎവ്വഹിക്കുക, സങ്കല്പങ്ങളെ യാഥാൎത്ഥ്യത്തിൽ നിന്നു വേർതിരിക്കുക, ഇഹലോകം വെടിയാനുള്ള ശരിയായ കാലം നിശ്ചയിക്കുക എന്നിങ്ങനെ ബുദ്ധിശ്ശക്തിയുടെ കാൎയ്യക്ഷമതയെ അപേക്ഷിക്കുന്ന എല്ലാ വ്യാപാരങ്ങളും ക്രമേണ നശിക്കാതിരിക്കുകയില്ല. അതിനാൽ നമുക്കു് അലസരായിരുന്നുകൂടാ. മരണവുമായുള്ള അകലച്ച ദിനംപ്രതി കുറഞ്ഞുവരുന്നതുകൊണ്ടു മാത്രമല്ല, ബുദ്ധിബലവും ധാരണാശക്തിയും ക്ഷയിക്കുന്നതുകൊണ്ടും നാം ഉത്സാഹപൂൎവ്വം ആത്മോന്നതിക്കു നേരത്തേ തന്നെ ശ്രമിക്കേണ്ടതാകുന്നു.

പ്രകൃതിയുടെ സൃഷ്ടികൾ മാത്രമല്ല, അവയെ അനുബന്ധിച്ചുള്ളവയെല്ലാം തന്നെ ആകൎഷകങ്ങളും രമണീയങ്ങളുമാകുന്നു. ഉദാഹരണത്തിനു് ഒരു റൊട്ടിയെത്തന്നെ പരിശോധിക്കാം. അതിൻെറ പുറത്തു് പല ഭാഗങ്ങളും വെടിച്ചു് വിടവുകൾ കാണാം. ഈ വിടവുകൾ റൊട്ടിക്കാരൻെറ ഉദ്ദേശ്യത്തിനു് വിപരീതമായി പാചകക്രിയയിൽ

സംഭവിക്കുന്നവയാണ്. എന്നാൽ ഇവ റൊട്ടിക്ക് ഒരുതരം ഭംഗി നല്കുകയും ആസ്വാദനത്തിനു നമ്മെ ക്ഷണിക്കുകയും ചെയ്യുന്നു. മാതളത്തിൻെറ കായ് പഴുത്തു പാകമാകുമ്പോൾ വെടിച്ചുപിളൎന്ന് ഉള്ളിൽ സ്ഥിതിചെയ്യുന്ന മുക്താഫലപ്രഭങ്ങളായ മണികളെ നയനഗോചരങ്ങളാക്കി നമ്മെ ആഹ്ലാദിപ്പിക്കുന്നു. ഓലിപ്പഴത്തിനു ചീയാൻതുടങ്ങുന്ന ഘട്ടത്തിൽ സവിശേഷമായ ഒരു ശോഭയുണ്ട്. പഴുത്തു പാകംവന്നു ധാത്രിയെ കുമ്പിടുവാൻ തുടങ്ങുന്ന കതിർക്കുലകൾ, ഇടതൂൎന്നു വളൎന്നു സടപിടിച്ചുകാണാവുന്ന സിംഹത്തിൻെറ പുരികക്കൊടികൾ, വന്യസൂകരത്തിൻെറ വായിൽനിന്നും പതിക്കുന്ന ഫേനരാജി എന്നിങ്ങനെ നിരവധി വസ്തുക്കൾ സഹജേന സുന്ദരങ്ങളല്ലെങ്കിലും, സൂക്ഷിച്ചു പരിശോധിക്കുന്നപക്ഷം പ്രകൃതിയുടെ വിചിത്രസൃഷ്ടികൾ എന്ന നിലയിൽ സവിശേഷം മനോഹരങ്ങളാണെന്നു കാണാം. അവ പ്രകൃതിയുടെ സൗന്ദൎയ്യത്തെ വൎദ്ധിപ്പിക്കുകയും നമുക്ക് ആനന്ദം നല്കുകയും ചെയ്യുന്നു. പ്രകൃതിവിലാസങ്ങളിൽ രസിക്കാൻ കഴിയുന്ന സഹൃദയനു പ്രപഞ്ചഗതമായ യാതൊന്നുംതന്നെ ആഹ്ലാദപ്രദമല്ലാതെ വരുന്നതല്ല. വാപിളൎന്നു കാട്ടുന്ന ശാൎദ്ദൂലത്തിൻെറ വദനഗഹ്വരത്തിലും അതിന്റെ പ്രതിരൂപമായ കലാകാരസൃഷ്ടിയിലും ഒരേ സൗന്ദൎയ്യവിലാസമായിരിക്കും അവൻ ദൎശിക്കുന്നതു്. വാൎദ്ധക്യം ഭവിച്ച സ്ത്രീപുരുഷന്മാരിൽ പ്രൗഢതയും ബഹുമാന്യതയും അവൻ കാണും; അംഗസൗഷ്ഠവവും ലാവണ്യപാരമ്യവും കവിഞ്ഞൊഴുകുന്ന യുവതീയുവാക്കന്മാരും അവനിൽ യഥാൎത്ഥമായ ആനന്ദമല്ലാതെ അശുദ്ധവിചാരം ജനിപ്പിക്കുകയില്ല. പ്രകൃതിയുടേയും പ്രകൃതിസൃഷ്ടിയുടേയും മഹിമാതിശയം ഗ്രഹിക്കാൻ കഴിയുന്നവനു് അന്യൎക്കു് ആസ്വദിക്കാൻ കഴിയാത്ത സൗന്ദൎയ്യവിലാസം സൎവ്വത്ര അനുഭവഗോചരമായിത്തീരും.

ഹിപ്പോക്രിററസ് പലരുടേയും രോഗം ചികിത്സിച്ചുഭേദമാക്കിയ ഒരാളായിരുന്നു; ഒടുവിൽ അദ്ദേഹം രോഗബാധിതനായിത്തന്നെ മരിച്ചു. കാൽഡിയന്മാർ അനേകംപേരുടെ മരണത്തെപ്പററി ശരിക്ക് പ്രവചിച്ചിരുന്നു. എന്നാൽ അവരുടെ അന്തം മുൻകൂട്ടി ഗ്രഹിക്കാൻ സാധിക്കാതെയാണ് അവർ കാലഗതിക്ക് അധീനരായതു്. അലക്സാണ്ഡർ, പാംപീയസ്, സീസർ മുതലായ വീരയോദ്ധാക്കൾ അനവധി നഗരങ്ങൾ നിശ്ശേഷം നശിപ്പിക്കുകയും രണഭൂമികളിൽ കാലാൾ, കുതിരപ്പട, ഇവയെ പതിനായിരക്കണക്കിനു സംഹരിക്കുകയും ചെയ്തു; ഒടുവിൽ അവർക്കും ഇഹലോകവാസം വെടിയേണ്ടിവന്നു. പ്രളയകാലത്തുസംഭവിക്കാവുന്ന ദുരവസ്ഥകളെപ്പററി ഗാഢമായി ചിന്തിച്ചു് ഉപന്യസിച്ചിരുന്ന ഹെരാക്ലിററസ് മഹോദരം ബാധിച്ചു് സ്വശരീരത്തിൽ മൃത്തികാലേപനം ചെയ്തിരിക്കവേ മൃതിയടഞ്ഞു. ഡെമോക്രിററസിനെ പുഴുക്കൾ നശിപ്പിച്ചു. സാക്രട്ടീസിനെ മറെറാരുതരം കൃമികൾ നശിപ്പിച്ചു. ഇതിന്റെയെല്ലാം അത്ഥമെന്താണ്? നീ കപ്പൽ കയറി ജീവിതസമുദ്രം തരണം ചെയ്തു് മറുകരയ്ക്കടുത്തിരിക്കുന്നു. ഇറങ്ങിപ്പോകുകതന്നെയാണു ചെയ്യേണ്ടതു്. ചെല്ലുന്നതു് വേറൊരു ജീവിതത്തിലേയ്ക്കാണെങ്കിൽ അവിടെയും രക്ഷയ്ക്കു് ദേവന്മാരില്ലാതിരിക്കുകയില്ല. അതല്ല, ഇന്ദ്രിയവൃത്തികളും വികാരങ്ങളും ഇല്ലാത്ത ഒരവസ്ഥയാണ് നിനക്കുണ്ടാകുന്നതെങ്കിൽ, സുഖദുഃഖങ്ങളുടെ ബാധ ഒഴിയുമല്ലോ; നിനക്ക് ദാസ്യവും അവസാനിക്കും. ദേവതാംശവും അന്തഃകരണവുമായ നീ കേവലം മൃണ്മയവും നശ്വരവുമായ ഈ ശരീരത്തെ സേവിച്ചല്ലേ ഇപ്പോൾ കഴിയുന്നതു്?

നിസ്സ്വാത്ഥമായി പൊതുക്ഷേമം സാധിക്കുകയല്ലാതെ ലൗകികകാര്യങ്ങളെ സംബന്ധിച്ച ചിന്തകളിൽ വ്യാ

പരിച്ച് നീ ജീവിതശേഷം വ്യത്ഥമാക്കരുതു്. അയാഠം എന്തുചെയ്യുന്നു, എന്തിനതു ചെയ്യുന്നു, മററയാഠം എന്തു പറയുന്നു, ഇയാഠം എന്തുവിചാരിക്കുന്നു, ഇവൻെറ ഉദ്ദേശ്യമെന്തു്? എന്നിങ്ങനെ ഓരോ ചിന്തകളിൽ ഏപ്പെട്ടുന്നതായാൽ നിൻെറ കത്തവ്യാനുഷ്ഠാനത്തിനു് സന്ദർഭം ലഭിക്കുകയില്ലെന്നു മാത്രമല്ല അന്തരാത്മാവിനെ ദശിക്കാൻ കഴിയാതെ ആ ഉന്നതലക്ഷ്യത്തിൽ നിന്നു് നീ അകന്നു് പോകുകയും ചെയ്യും. അതിനാൽ നിഷ്പ്രയോജനങ്ങളായ വിചാരങ്ങളെ ചിന്താമണ്ഡലത്തിൽ നിന്നും ബഹിഷ്കരിക്കുക. സവോപരി മലിനസ്വഭാവവും പരന്മാരുടെ കാര്യങ്ങളിൽ ജിജ്ഞാസയും വർജ്ജിക്കണം. "നിങ്ങളിപ്പോഠം എന്താണു് വിചാരിക്കുന്നതു്?" എന്നാരെങ്കിലും ചോദിക്കുകയാണെങ്കിൽ, അതു് ഇന്നതാണെന്നു് തൽക്ഷണം ഒഴികഴിവുകൂടാതെ സത്യം തുറന്നു പറയത്തക്കവണ്ണം ഋജുവും സരളവുമായിരിക്കണം ഓരോ നിമിഷത്തിലെയും വിചാരം. ഈ വിചാരങ്ങളിൽതന്നെ ആത്മാവിനെ സദാ വ്യാപരിപ്പിക്കണം. ഒരു സാമുദായികജീവിക്കനുചിതമായ സ്വാത്ഥപ്രതിപത്തിയോ, കാമക്രോധാദിവികാരങ്ങളോ, അസൂയ, വിദേഷം, തക്ക്ശീലം മുതലായ ലജ്ജാകരങ്ങളായ ദുർഗ്ഗുണങ്ങളോ, വിഷയസുഖാഭിലാഷമോ നിൻെറ ചിന്തകളിൽ മാലിന്യം കലത്തരുതു്. സുവ്രതനും ഉത്തമജീവിതം നയിക്കാൻ ഉത്സുകനും ആയ മനുഷ്യൻ ദേവന്മാരുടെ യഥാത്ഥസേവകനും ഇതരമനുഷ്യരുടെ ആചാൎയ്യനും ആകുന്നു. സ്വേച്ഛയാൽ മലിനീഭൂതനോ, ദുഃഖാനുഭവത്താൽ പീഡിതനോ, അഹംകാരത്താൽ സംസ്പൃഷ്ടനോ, ദൂഷണത്താൽ മദാന്ധനോ, കൎമ്മധീരതയാൽ പരിത്യക്തനോ, കാമത്താൽ പരാജിതനോ, ആയിത്തീരാതിരിക്കുവാൻ വേണ്ടി അവൻ അന്തരാത്മാവിനെ ന്യായമായ മാർഗ്ഗത്തിൽ പ്രതിഷ്ഠിക്കുകയും ശരിയായി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. ദേവന്മാർ

നല്കുന്ന അനുഭവങ്ങൾ അവൻ സന്തുഷ്ടിയോടെ സ്വീകരിക്കുന്നു. അന്യരുടെ വിചാരങ്ങളിലും വാക്കിലും പ്രവൃത്തിയിലും പൊതുനന്മയെ ലാക്കാക്കിയല്ലാതെയും അനാവശ്യമായും അവൻ ഇടപെടുകയോ ആത്മീയകാൎയ്യമൊഴിച്ച് മററു പ്രവൃത്തികളിൽ ഏൎപ്പെടുകയോ ചെയ്യുന്നില്ല. പ്രപഞ്ചത്തിൽ തൻെറ പങ്ക് എത്രമാത്രമെന്നും നിയതി വരുത്തുന്നതെല്ലാം നന്മയ്ക്കാണെന്ന് സദാ സ്മരിച്ചുകൊണ്ടും അവൻ സ്വധൎമ്മം ഭംഗിയായി അനുഷ്ഠിക്കുന്നു. മനുഷ്യന് കൊണ്ടുനടക്കാവുന്നതും മനുഷ്യനെക്കൊണ്ടു നടത്തുന്നതും ധൎമ്മമൊന്നു മാത്രമാകുന്നു. ബുദ്ധിപൂൎവ്വം ജീവിക്കുന്ന എല്ലാ മനുഷ്യരും ഒരേ കുടുംബക്കാരാകയാൽ പൊതുനന്മയ്ക്കായി പ്രവൎത്തിക്കേണ്ടതു തന്നെയാണ് മനുഷ്യൻെറ സ്വാഭാവികധൎമ്മം. ഓരോരുത്തരും ലോകരുടെ അഭിപ്രായമല്ല, പ്രകൃതിനിയമം അനുസരിച്ചു ജീവിക്കുന്നവരുടെ അഭിപ്രായമാണു് ആദരിക്കേണ്ടതു്. അപ്രകാരം ജീവിക്കാത്തവർ വീട്ടിലും പുറത്തും, രാവും പകലും, പെരുമാറുന്ന രീതികളേയും, അവരുടെ സാഹചൎയ്യങ്ങളേയും, നികൃഷ്ടജീവിതത്തേയും പററി സദ്വൃത്തനായ മനുഷ്യൻ സദാ ഓൎമ്മിക്കണം. അത്തരക്കാരിൽ നിന്നു സിദ്ധിക്കാവുന്ന പ്രശംസകൾക്ക് അവൻ ഒരു വിലയും കല്പിക്കരുതു്. അവരുടെ പെരുമാററത്തിൽ അവൎക്കു തന്നെ സംതൃപ്തിക്കു് വകയില്ലാതിരിക്കേ, അന്യരെ പ്രശംസിക്കുവാൻ അവർ യോഗ്യരാകുന്നതെങ്ങനെ?

എല്ലാ പ്രവൃത്തികളും മനസ്സുവച്ചും പൊതുനന്മയെ അവഗണിക്കാതെ വേണ്ടവിധം ആലോചനയോടുകൂടിയും അചഞ്ചലനായും ചെയ്യണം. ഉള്ളിൽ ഉദിക്കുന്ന വിചാരങ്ങളെ അലംകാരപ്രചുരമോ ആവശ്യത്തിൽ അധികമോ ആയ വാക്കുകളെക്കൊണ്ടു് പ്രകാശിപ്പിക്കരുതു്. ഒരേ സമയത്തു് പലേ കാൎയ്യങ്ങളിൽ വ്യാപൃതനാകുന്നതും നന്നല്ല. പൌരുഷവും പ്രായപൂൎത്തിയും

തികഞ്ഞ ഒരു റോമാക്കാരനും രാജ്യതന്ത്രജ്ഞനും ഭരണാധികാരിയുമാണ് നീ. രണാങ്കണം വിട്ടു് പോകാൻ കല്പന കാത്തുനില്ക്കുന്ന ഭടൻ എന്നപോലെ ഈ ലോകത്തുനിന്നു് യാത്രപറയാൻ ഉത്സുകനായിട്ടുവേണം നീ ഈ ചുമതല വഹിക്കാൻ. നിനക്കു് അന്യരുടെ സഹായപ്രതിജ്ഞയോ സാക്ഷ്യപത്രമോ ആവശ്യമില്ല. ഹൃദയസ്ഥിതമായ ദൈവത്തെത്തന്നെ രക്ഷിതാവും നിയന്താവുമായിക്കരുതണം. സർവ്വദാ ഉല്ലാസവാനായിരിക്കുക. അന്യരിൽനിന്നോ പുറമേനിന്നോ ശാന്തിയും സമാധാനവും കൈവരുമെന്നാശിക്കേണ്ട. നീ അന്യസഹായം അവലംബിക്കാതെ സ്വന്തം പാദങ്ങളുന്നിത്തന്നെ നിലയുറച്ചു നില്ക്കണം.

മനുഷ്യജീവിതത്തിൽ സത്യം, ന്യായം, മിതഭോഗം, ധൈര്യം ഇവയൊഴിച്ചു് ഉൽക്കൃഷ്ടതരമായിട്ടെന്താണുള്ളതു്? അനപേക്ഷിതമായി വന്നുചേരുന്ന ഭാഗധേയവും പരിതഃസ്ഥിതികളും ബുദ്ധിപൂർവ്വം വിനിയോഗിക്കുന്നതുമൂലം മനസ്സിനുണ്ടാകുന്ന ചാരിതാർത്ഥ്യത്തെക്കാൾ കാമ്യമായി വേറൊന്നുമില്ല. ഉണ്ടെങ്കിൽ സമ്പൂർണ്ണമനസ്കനായി ഉത്തമോത്തമമായ അതിനെത്തന്നെ യഥേഷ്ടം അനുഭവിച്ചുകൊള്ളുക. ആശകളെ അമർത്തുകയും ധാരണയെ പരിശോധിക്കുകയും സാക്രട്ടീസു പറയുംപോലെ ഇന്ദ്രിയപ്രേരണകളെ ദൂരീകരിക്കുകയും ചെയ്യണം. ദേവന്മാർക്കധീനനായി വർത്തിക്കാനും മനുഷ്യവർഗ്ഗത്തിൻെറ നന്മയെക്കരുതുവാനും നിന്നെ സഹായിക്കുന്ന ആ അന്തരാത്മാവിനെ നീ അനുസരിക്കണം. മററുള്ളവയെല്ലാം ക്ഷുദ്രങ്ങളും നിസ്സാരങ്ങളുമാകുന്നു; അവയിലേയ്ക്കു് തിരിയുന്നതായാൽ നിൻെറ സർവ്വസ്വമായ അന്തരാത്മാവിനെ അചഞ്ചലമായി സേവിക്കാൻ നിനക്കു് സാധിക്കാതെ വരും. ജനങ്ങളിൽനിന്നു ലഭിക്കുന്ന പ്രശംസയോ സ്ഥാനമാനങ്ങളോ അധികാരശക്തിയോ സുഖാനുഭവ

ങ്ങളോ പരമമായ നന്മയുടെ ലക്ഷ്യത്തിൽനിന്നു് നിന്നെ വ്യതിചലിപ്പിക്കുവാൻ കാരണമാകരുതു്. ഇവയിൽ ക്ഷണനേരത്തേയ്ക്കു് നന്മയുടെ ഒരു തിളക്കം കാണപ്പെട്ടു എന്നു വരാം; അതുനിമിത്തം നീ വ്യാമോഹിതനാകരുതു്. യഥാൎത്ഥമായ നന്മ സ്ഥിതിചെയ്യുന്നതു് ആത്മോന്നതിക്കു് പ്രയോജനകരമായിട്ടുള്ളതിൽ മാത്രമാണു്. അതിനാൽ സൎവ്വോൽകൃഷ്ടമായിട്ടുള്ളതിനെത്തന്നെ അനുവൎത്തിക്കുക. ബുദ്ധിപൂൎവ്വം ജീവിക്കുന്ന നിനക്കു് സൎവ്വോപരി പ്രയോജനകരമായിട്ടുള്ളതു് യാതൊന്നാണോ അതുതന്നെയാണു് ശ്രേഷ്ഠതമം. മൃഗീയജീവിതത്തിനുമാത്രം പ്രയോജനപ്പെടുന്നതു് നികൃഷ്ടവും വൎജ്ജ്യവുമാകുന്നു.; അതു് വിവേകത്തെ നശിപ്പിക്കുകയും അഹങ്കാരത്തെ വളൎത്തുകയും ചെയ്യും. ഒരു കാൎയ്യം പ്രയോജനകരമെന്നോ അല്ലെന്നോ നിൎണ്ണയിക്കുവാൻ യഥാൎത്ഥമായ ഒരു തോതു് ഉണ്ടായിരിക്കണം.

പ്രതിജ്ഞോലംഘനം, ആത്മാഭിമാനത്യാഗം, പരനിന്ദ, വിദ്വേഷം, കപടവൃത്തി, ഗൂഢാചരണം ഇവ സ്വീകരിക്കുന്നതു് നിനക്കു് പ്രയോജനകരമല്ല. അന്തഃകരണത്തേയും ഹൃദയസ്ഥിതമായ ദൈവത്തേയും സേവിക്കാൻ ദൃഢനിശ്ചയം ചെയ്തിട്ടുള്ളവൻ ശോകഭ്രമിഷ്ഠങ്ങളായ രംഗങ്ങൾ അഭിനയിക്കുകയോ വിലപിക്കുകയോ വിവിക്തസ്ഥാനമോ ബഹുജനസംഗമോ കാംക്ഷിക്കുകയോ ചെയ്കയില്ല. അവനു് ജീവിതത്തിൽ ആസക്തിയോ വിരക്തിയോ ഉണ്ടായിരിക്കുകയുമില്ല. ശരീരപഞ്ജരത്തിൽ ആത്മാവു് ദീൎഘകാലമോ അല്പകാലമോ നിലനില്ക്കുന്നതു് അവനു് ഒരുപോലെതന്നെ. ഈ നിമിഷത്തിൽതന്നെ പ്രാണത്യാഗം ചെയ്യേണ്ടിവരുമെന്നു വിചാരിക്കുക; എന്നാലും ഗൗരവത്തോടും ഉത്സാഹത്തോടും അഭിമാനത്തോടും ചെയ്യേണ്ട കൎത്തവ്യമായിക്കരുതി അതിനെ അവൻ സ്വീക

രിക്കും. ജീവിതകാലം മുഴുവൻ വിവേകവും പരോപകാരതൽപരതയും പരിപാലിക്കാനും അവൻ ശ്രദ്ധാലുവായിരിക്കും.

ശരിയായ സംസ്കാരവും പരിശുദ്ധതയുമുള്ള ഹൃദയത്തിൽ പീഡകളോ ദുഃഖവിചാരങ്ങളോ തങ്ങി നില്ക്കുകയില്ല. അങ്ങനെയുള്ള ആളുകൾക്ക് ഒരിക്കലും അകാലമരണം സംഭവിക്കുകയുമില്ല. വേഷം കെട്ടി രംഗത്തിൽ പ്രവേശിച്ച് അഭിനയം ആരംഭിക്കുന്ന നടൻ നിഷ്ക്രമിക്കുന്നതു് അവന്റെ ഭാഗം അഭിനയിച്ചു കഴിഞ്ഞതിനു ശേഷം മാത്രമാണല്ലോ. ചിത്തശുദ്ധി കൈവന്നിട്ടുള്ളവനിൽ ദാസമനോഭാവമോ കപടതയോ പൂർണ്ണനിസ്സംഗതയോ അതിസംഗതയോ സ്വഭാവമാലിന്യമോ ഗോപനശീലമോ കാണുകയില്ല.

നമ്മുടെ യഥാൎത്ഥമായ പ്രകൃതിക്കും ഘടനയ്ക്കും അനുരൂപമല്ലാത്ത വിധത്തിൽ മനസ്സിൽ അങ്കുരിക്കുന്ന അഭിപ്രായങ്ങളെ നിരാകരിക്കാൻ നിന്നെ സഹായിക്കുന്നതു് ബുദ്ധിശക്തിയാണു്. അതിനെ നീ ആദരിക്കണം. ആലോചനകൂടാതെ തീൎച്ചപ്പെടുത്താതിരിക്കാനും അന്യരോട് സ്നേഹപൂൎവം പെരുമാറാനും ദേവന്മാരെ വണങ്ങാനും നമ്മെ പഠിപ്പിക്കുന്നതും ബുദ്ധിശക്തിതന്നെ.

അതിനാൽ മറ്റെല്ലാം പരിത്യജിച്ച് ചില തത്വങ്ങൾ മാത്രം ദൃഢമായി ധരിച്ചിരുന്നാൽ മതി. ഓരോരുത്തരും ജീവിക്കുന്നതു് അത്യല്പപരിമാണമായ വൎത്തമാനകാലത്തിൽ മാത്രമാകുന്നു. ഇതു് നീ എല്ലായ്പോഴും ഓൎത്തിരിക്കണം. ജീവിതത്തിൽ കഴിഞ്ഞഭാഗം കഴിഞ്ഞതുതന്നെ; ഭാവിയോ? നിശ്ചയിക്കാൻ നിവൃത്തിയില്ലാത്ത ഒന്നു്. ഇങ്ങനെ മനുഷ്യന്റെ യഥാൎത്ഥജീവിതകാലം ഒരു നിമിഷസമയം മാത്രം. അവന്റെ വാസസ്ഥാനം ലോകത്തിന്റെ ചെറിയ ഒരു കോണു്. മരണാനന്തരം

നിലനില്ക്കുന്ന കീൎത്തി അത്യല്പം. ഈ കീൎത്തിയാകട്ടെ, ക്ഷുദ്രരായ മനുഷ്യജീവികളുടെ ഏതാനും തലമുറകളിൽ സംക്രമിച്ച് ഉത്തരോത്തരം ക്ഷയിച്ചു നശിക്കുന്നതാകുന്നു. ക്ഷണമാത്രജീവികളായ മനുഷ്യൎക്ക് അവരുടെ സമകാലികരെക്കുറിച്ചു തന്നെ അറിവില്ല; പിന്നെയാണോ പണ്ടു ജീവിച്ചിരുന്നവരെ അറിഞ്ഞു കീൎത്തിക്കുവാൻ കഴിയുന്നതു്!

മുമ്പു പറഞ്ഞ സംഗതികളുടെ കൂട്ടത്തിൽ വേറൊന്നു കൂടി പ്രസ്താവ്യമായുണ്ടു്—നിന്റെ ദൎശനത്തിനു് വിഷയമാകുന്നതെല്ലാം ശരിയായി ഗ്രഹിക്കണം. ഓരോന്നും സാരാംശത്തിൽ എന്താണെന്നു് സൂക്ഷ്മമായി മനസ്സിലാക്കണം. അതിനെ അപഗ്രഥിച്ചു് ഘടകങ്ങൾ ഏവയെന്നും അവയുടെ പ്രത്യേകസ്വഭാവങ്ങൾ എന്തെല്ലാമെന്നും സംയുക്താവസ്ഥയിലും അപഗ്രഥിതാവസ്ഥയിലും വ്യത്യാസം കാണുന്നുണ്ടോ എന്നും നിൎണ്ണയിക്കേണ്ടതാണു്. നമ്മുടെ ജീവിതത്തെ ബാധിക്കുന്ന ഓരോ വസ്തുവും ഓരോ തത്വവും പരമാൎത്ഥത്തിൽ സൂക്ഷ്മമായി പരിശോധിച്ചു ഗ്രഹിക്കുന്നതുപോലെ മനസ്സിനു് ഉന്നതികരമായ വ്യവസായം മറെറാന്നില്ല. ഇങ്ങനെ നിരീക്ഷണം ചെയ്യുന്നതുകൊണ്ടു് ഈ പ്രപഞ്ചത്തിന്റെ സ്വഭാവം എന്തെന്നും പ്രപഞ്ചഗതമായ ഓരോന്നും ഏതിനത്തിൽ പെട്ടതാണെന്നും ഓരോന്നിന്റേയും പ്രയോജനം എന്തെന്നും ഓരോന്നിനും പ്രപഞ്ചത്തോടുള്ള സംബന്ധം എന്തെന്നും നമുക്കു്, ശരിയായി മനസ്സിലാക്കുവാൻ സാധിക്കുന്നു. ലോകത്തിലുള്ള നഗരങ്ങളെല്ലാം ഏതു വിശ്വമഹാനഗരത്തിൽപ്പെട്ടുന്ന കുടുംബങ്ങൾ മാത്രമാണോ, ആ മഹാനഗരത്തിലെ പൗരനായ മനുഷ്യന്റെ യാഥാൎത്ഥ്യവും ഇതു നിമിത്തം നമുക്കു് ഗ്രഹിക്കാൻ കഴിയുന്നു. ഈ വസ്തു വാസ്തവത്തിൽ എന്താണു്? ഇതിന്റെ ഘടകങ്ങൾ ഏവ? ഇതു് എത്രകാലം നിലനില്ക്കും? എന്നിങ്ങനെ ഓരോന്നും നിരീക്ഷിച്ചു്

പരമാത്മതത്വം ഗ്രഹിച്ചാൽ മാത്രമേ ലോകത്തിൽ നാം പെരുമാറേണ്ടതെങ്ങനെയെന്നു് ശരിയായ ബോധം നമുക്കുണ്ടാകുകയുള്ളു. ശാന്തശീലം, സത്യസന്ധത, സരളസ്വഭാവം, സന്തുഷ്ടി, പൗരുഷം, വിശ്വാസ്യത മുതലായ ഗുണങ്ങളുടെ ആവശ്യകതയും അപ്പോഠം മാത്രമാണു് നമുക്കു ഗ്രഹിക്കാൻ കഴിയുന്നതു്. ഓരോ സന്ദർഭത്തിലും നാം ഇങ്ങനെ ചിന്തിക്കണം.—ഇതു് ഈശ്വരനിൽനിന്നും വരുന്നതാണു്; അല്ലെങ്കിൽ നിയതിവിധാനത്തിൻെറ അംശമായി എനിക്കു സിദ്ധിക്കുന്ന ഭാഗധേയമാണു്; അഥവാ തൻെറ യഥാർത്ഥതത്വം ഇന്നതാണെന്നു ഗ്രഹിച്ചിട്ടില്ലാത്ത ഒരു സഹോദരനിൽ നിന്നോ ബന്ധുവിൽ നിന്നോ കൈവരുന്നതാണു്. അതിനാൽ കേവലം അജ്ഞനല്ലാത്ത ഞാൻ നൈസർഗ്ഗികമായ സാഹോദര്യനിയമം അനുസരിച്ചു് എല്ലാവരോടും ന്യായമായും ഉദാരമായും പെരുമാറും; അതേസമയത്തുതന്നെ പരസ്പരബന്ധമുള്ളവയിൽ ഓരോന്നിൻെറയും സവിശേഷപ്രയോജനം മനസ്സിലാക്കുകയും ചെയ്യും.

നിൻെറ മുമ്പിലുള്ള വത്തമാനകാലകൃത്യങ്ങളെ നീ ഭംഗിയായും ബുദ്ധിപൂവ്മായും ഗൗരവത്തോടുകൂടിയും ഊർജ്ജസ്വലമായും അചഞ്ചലമായും ശാന്തമായും അനുഷ്ഠിക്കണം. നിന്നിൽ സ്ഥിതിചെയ്യുന്ന ഈശ്വരാംശം ഏതു സമയത്തെന്നില്ലാതെ തിരിച്ചേല്പിക്കേണ്ട ഒരു പണയമാകയാൽ, അതു് നീ എപ്പോഴും ഭദ്രമായും അഭംഗുരമായും സൂക്ഷിക്കണം. പ്രകൃത്യനുസൃതമായ നിൻെറ ഉദ്യമങ്ങളിൽ യാതൊന്നിനേയും ആശിക്കാതെയും ഭയപ്പെടാതെയും നീ സന്തുഷ്ടനായിരിക്കണം; വിചാരത്തിലും വാക്കിലും വീരോചിതമായ വിധത്തിൽ സത്യത്തെ പ്രതിഷ്ഠിക്കുകയും വേണം. ഇങ്ങനെ ചെയ്യുന്നതായാൽ ജീവിതം നിനക്കു് ആനന്ദപ്രദമായിരിക്കും; അതു മററുപ്രകാരത്തിലാക്കുവാൻ ഇതരശക്തികഠക്കൊന്നിനും സാദ്ധ്യമല്ല.

കരുതലുള്ള ചികിത്സകന്മാർ ഏതു സമയം ആവശ്യപ്പെട്ടാലും ഉപയോഗിക്കുവാൻ തക്കവണ്ണം അവരുടെ ഉപകരണങ്ങൾ തയ്യാറാക്കി വയ്ക്കാറുള്ളതു പോലെ നീ ദിവ്യവും മാനുഷവുമായ കാര്യങ്ങൾ ഗ്രഹിക്കുന്നതിനും അവയുടെ പരസ്പരബന്ധം ഓർമ്മിക്കാതെ നിസ്സാരമായ പ്രവൃത്തികൾ ചെയ്യാതിരിക്കുന്നതിനും വേണ്ടി ജീവിതത്തിൽ ഉത്തമങ്ങളായ തത്വങ്ങൾ പാലിക്കണം. മാനുഷകാര്യങ്ങൾക്ക് ദൈവികകാര്യങ്ങളുമായി ഗാഢമായ ബന്ധമുണ്ട്. ഈ ബന്ധം ഗ്രഹിക്കാതിരുന്നാൽ മാനുഷമോ ദൈവികമോ ആയ യാതൊന്നും ശരിയായി നിർവ്വഹിക്കാൻ സാധിക്കുന്നതല്ല.

ശരിയായ മാർഗ്ഗം വിട്ട് നീ ഇനിയും നടന്നുഴലേണ്ട. നിൻെറ സ്വന്തം കൃതികളോ റോമിൻെറയും ഗ്രീസിൻെറയും പ്രാചീനചരിത്രങ്ങളോ വാർദ്ധക്യകാലത്തു വായിക്കാനായി നീക്കിവച്ചിരുന്ന ഗ്രന്ഥങ്ങളോ പാരായണം ചെയ്‌വാൻ നിനക്കിനിയും സൗകര്യമുണ്ടായിരിക്കുകയില്ല; നേരേ നിൻെറ പരമലക്ഷ്യം തന്നെ നോക്കിപ്പായുക. കഴിയുന്ന കാലത്ത് ആത്മോന്നതിക്കു വേണ്ടതു ചെയ്‌വാൻ നീ കരുതുന്നുവെങ്കിൽ, വ്യർത്ഥങ്ങളായ ആശകളുപേക്ഷിച്ച് മുൻപോട്ടു പോകുകതന്നെ വേണം.

മോഷ്ടിക്കുക, വിതയ്ക്കുക, വിലയ്ക്കു വാങ്ങുക, വിശ്രമിക്കുക, കൃത്യനിരീക്ഷണം ചെയ്യുക ഇത്യാദി പദങ്ങളിൽ എന്തെല്ലാം തത്വങ്ങൾ അന്തർഭവിക്കുന്നുണ്ടെന്ന് മനുഷ്യർ മനസ്സിലാക്കീട്ടില്ല. ഇവ മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്നതു് നേത്രേന്ദ്രിയമല്ല, മറെറാരുതരം ഇന്ദ്രിയമാണ്.

ദേഹം, പ്രാണൻ, ബുദ്ധി ഇങ്ങനെ മൂന്നെണ്ണം ഉള്ളവയിൽ ദേഹത്തിൻെറ ധർമ്മം എല്ലാ അനുഭവങ്ങളും, പ്രാണൻെറ ധർമ്മം പ്രേരണകളും, ബുദ്ധിയുടെ ധർമ്മം തത്വങ്ങളും ആകുന്നു. ദർശനംവഴി രൂപജ്ഞാനം സമ്പാദി

ക്കകയെന്നതു് ജന്തുക്കളിലും കാണപ്പെടുന്ന ധമ്മമാണു്. വന്യമൃഗങ്ങൾക്കും ഫലാറിസ്, നീറോ മുതലായ ദുഷ്ടന്മാക്കും പൗരുഷഹീനന്മാക്കും സാമാന്യമായ ധമ്മമാണു് കാമത്താൽ പ്രേരിതരാകുക എന്നതു്. ദേവന്മാരിൽ വിശ്വസിക്കാത്തവരും സ്വന്തം രാജ്യത്തെ ഒററിക്കൊടുക്കുന്നവരും നീചവൃത്തികൾ രഹസ്യമായി ആചരിക്കുന്നവരും, അവരവരുടെ കൃത്യങ്ങൾ അനുഷ്ഠിക്കുന്നതു് ബുദ്ധിയുടെ സാഹായ്യത്താൽ ആകുന്നു. എല്ലാവക്കും ഇങ്ങനെ സാമാന്യങ്ങളായ പല ധമ്മങ്ങളുമുണ്ടെങ്കിലും സത്തുക്കളുടേതു മാത്രമായ ഒരു വിശേഷധമ്മമുണ്ടു്: അതു് നിയതി വരുത്തുന്ന ഏതനുഭവത്തിലും സന്തുഷ്ടിയും സംതൃപ്തിയും പ്രദശിപ്പിക്കുകയും ഹൃദയപ്രതിഷ്ഠിതമായ ദൈവത്തെ വിവിധങ്ങളായ രൂപകല്പനകളാൽ മലിനമോ ചഞ്ചലമോ ആക്കാതെ പ്രശാന്തമായി പാലിക്കുകയും സത്യവിരോധമായി യാതൊന്നും ഉച്ചരിക്കാതെയും ന്യായവിരോധമായി യാതൊന്നും പ്രവത്തിക്കാതെയും അന്തരാത്മാവിനെ ദൈവനിദ്ദേശം അനുസരിക്കുകയും ചെയ്യുകയെന്നതത്രെ. മഹനീയമായ ഈ ധമ്മത്തിൽ നിരതനായ ആളിന്റെ ജീവിതം സരളവും വിനീതവും സംതൃപ്തവുമാണെന്നു് മററുള്ളവർ സമ്മതിക്കാതിരുന്നാൽ തന്നെയും അയാൾക്കു് കോപമോ താപമോ ജീവിതലക്ഷ്യത്തിൽ നിന്നു് വ്യതിചലനമോ ഉണ്ടാകുകയില്ല; അയാൾ പരിശുദ്ധനും ശാന്തനും ഇഹലോകത്തോടു യാത്രപറവാൻ സദാ സന്നദ്ധനും തന്റെ ഭാഗധേയത്തിൽ പരിപൂണ്ണമായ സന്തുഷ്ടിയുള്ളവനും ആയിരിക്കും.

# നാലാം അദ്ധ്യായം

നമ്മുടെ ഉള്ളിൽ സ്ഥിതിചെയ്യുന്ന നിയാമകശക്തി അഥവാ അന്തരാത്മാവ് വിശ്വപ്രകൃതിക്ക് അനുസൃതമായിരുന്നാൽ, അതു് അതിൻെറ ശക്തികൾക്കൊത്തവണ്ണം ബാഹ്യസംഭവങ്ങളുടെ ഗതിയുമായി എളുപ്പത്തിൽ യോജിച്ചിണങ്ങുന്നതാണ്. അതിൻെറ പ്രവർത്തനത്തിന് നിർദ്ദിഷ്ടമായ യാതൊരു സാമഗ്രികളും ആവശ്യകമല്ല; എങ്കിലും അതിൻെറ ഉദ്ദിഷ്ടപ്രാപ്തി, ചില അവസ്ഥാന്തരങ്ങളെ ആശ്രയിച്ചിരിക്കുന്നു. അഗ്നി അതിന്മേൽ വീഴുന്ന വസ്തുക്കളെ സ്വന്തം ഭക്ഷണത്തിന് പ്രയോജനപ്പെടുത്തുന്നതുപോലെ, അന്തരാത്മാവും പ്രതിബന്ധങ്ങളെയെല്ലാം സ്വന്തം ലക്ഷ്യപ്രാപ്തിക്ക് ഉപകരണങ്ങളാക്കിക്കൊള്ളും. ഒരു ചെറിയ ദീപത്തിൻെറ ശിഖയിന്മേൽ ഇന്ധനം വന്നു വീഴുന്നതായാൽ, ആ ദീപശിഖ തൽക്ഷണം കെട്ടുപോകുമല്ലോ. എന്നാൽ കത്തിക്കാളുന്ന ഒരു അഗ്നികുണ്ഡത്തിലാണ് വിറകുകൊള്ളികൾ വീഴുന്നതെങ്കിൽ അഗ്നി അവയെത്തന്നെ പോഷണമായി സ്വീകരിച്ച് പൂർവ്വാധികം ശക്തിയോടുകൂടി കത്തിയെരിയും.

നിരുദ്ദേശ്യമായോ ജീവിതകലയുടെ തത്വങ്ങൾക്കു വിപരീതമായോ യാതൊന്നും പ്രവർത്തിക്കരുതു്.

സൈ്വരവാസത്തിനുവേണ്ടി മനുഷ്യർ നാട്ടിൻപുറത്തോ, കടൽക്കരയിലോ, മലഞ്ചരിവിലോ പോയി പാർക്കാറുണ്ടല്ലോ. നിനക്കും അതിന് ആഗ്രഹം തോന്നിയെന്നു വരാം. ഈ ആഗ്രഹം സാധാരണക്കാർക്കു തോന്നാവുന്നതും അനാവശ്യവും ആകുന്നു. ഇഷ്ടമുള്ളപ്പോഴെല്ലാം നിനക്ക് നിൻെറ അന്തരാത്മാവിലേക്കുതന്നെ ഒതുങ്ങി വിശ്രമിക്കാം. അപ്രകാരം വിശ്രമിയ്ക്കുമ്പോൾ

ഉണ്ടാകുന്ന ശാന്തിയും ഉൽക്കണ്ഠാരഹിതമായ സൈ്വര സ്ഥിതിയും മറെറാരിടത്തും ലഭ്യമല്ലെന്നു് നിശ്ചയമായും പറയാം. വിശേഷിച്ചും, സാത്വികങ്ങളായ ആശയങ്ങൾ ഉള്ള ഒരുവനു് അവയിൽ അന്തർദൃഷ്ടി ഒന്നോടിച്ചാൽ തൽക്ഷണംതന്നെ പരിപൂർണ്ണമായ ശാന്തി കൈവരുന്നതാണു്. ശാന്തിയെന്നു പറയുന്നതു് സുവ്യവസ്ഥിതമായ അന്തഃകരണത്തിൻെറ സ്ഥിതിതന്നെ. അതിനാൽ നീ നിരന്തരം അന്തരാത്മാവിൽ വിശ്രമിക്കുകയും അഭിനവവീര്യം സമ്പാദിക്കുകയും ചെയ്യണം. ആ വിശ്രമം വിട്ടു മടങ്ങിയാൽ, നിനക്കു് ഹൃദയത്തെ പരിശുദ്ധമായി വച്ചുകൊള്ളുവാനും പരിതഃസ്ഥിതികളിൽ അസംതൃപ്തി ജനിക്കാതിരിക്കാനുമായി മൗലികങ്ങളായ ചില തത്വങ്ങൾ അനുസരിക്കണം. നിനക്കു് അസംതൃപ്തിയുണ്ടാകുന്നതു് എന്തായിരിക്കാം? മനുഷ്യരുടെ ദുഷ്പ്രവൃത്തിയായിരിക്കുമോ? അങ്ങനെയാണെങ്കിൽ, ബുദ്ധിപൂർവം ജീവിക്കുന്നവരെല്ലാം പരസ്പരഗുണത്തിനായി ജനിച്ചിട്ടുള്ളവരാണെന്നും ക്ഷമയും സഹനശീലവും ന്യായത്തിൻെറ പര്യായങ്ങളാണെന്നും ദുഷ്പ്രവൃത്തികളൊന്നും തന്നെ ആരും വേണമെന്നുവെച്ചു ചെയ്യുന്നതല്ലെന്നും ഉള്ള തത്വങ്ങൾ നീ അനുസ്മരിച്ചാൽ മതി. അന്യോന്യം വൈരവും അസൂയയും ശങ്കയും വിദ്വേഷവും കലഹവും പുലർത്തിവന്ന എത്രയോ പേർ ഇതിനിടെ മരിച്ചു മണ്ണായിക്കഴിഞ്ഞിരിക്കുന്നു. ഈ വസ്തുതയാലോചിച്ചു് നീ ശാന്തി കൈക്കൊള്ളണം. ഒരുവേള നിനക്കു് അസംതൃപ്തിയുണ്ടാകുന്നതു് പ്രപഞ്ചസ്വത്തിൽ നിന്നു് നിൻെറ അനുഭവത്തിനു് നലംകപ്പെട്ടിട്ടുള്ളതു് തുച്ഛമായ ഒരു ഭാഗം മാത്രമാണെന്നുള്ള ചിന്തയാലായിരിക്കുമോ? എന്നാൽ ദീർഘദൃഷ്ടിയും മുൻകരുതലുമുള്ള നിയതിയോ, അതോ അന്ധമായ അണുരാശിയോ ഏതാണു് ലോകവിധാതാവെന്നു് നീ ആലോചിക്കണം;

പ്രപഞ്ചം ഒരു വ്യവസ്ഥാപിതരാഷ്ട്രമാണെന്നു സമത്ഥിക്കാൻ പ്രയുക്തങ്ങളായിട്ടുള്ള തെളിവുകൾ സ്മരിച്ചാലും നിനക്കു ശാന്തി കൈക്കൊള്ളാം. ശാരീരികക്ലേശങ്ങളായിരിക്കുമോ നിൻെറ അസംതൃപ്തിക്കു കാരണം? അവയാണെങ്കിൽ, നീ ഒന്നോക്കണം. പ്രാണൻ മന്ദമായോ പ്രബലമായോ എങ്ങനെ സഞ്ചരിച്ചാലും, തന്നിൽ അടങ്ങി തൻെറ ശക്തി ഇന്നതെന്നറിഞ്ഞിട്ടുള്ള ആത്മാവ് അതുമായി ഒരിക്കലും കൂടിക്കലരുന്നില്ല. സുഖദുഃഖങ്ങളെക്കുറിച്ച് നീ കേട്ടിട്ടുള്ള തത്വങ്ങളും നിനക്ക് ഈ വിഷയത്തിൽ സഹായകങ്ങളായിരിക്കും. ഇനിയും ഒന്നു ശങ്കിക്കാനുള്ളതു്, കീത്തിമാനാകാനുള്ള മോഹമാണോ നിന്നെ അസ്വസ്ഥനാക്കുന്നതെന്നാണു്. നോക്കുക, സമസ്തവും എത്ര വേഗത്തിൽ വിസ്മൃതമായിത്തീരുന്നു. ഈ വത്തമാനകാലത്തിനു മുൻപും പിൻപും കിടക്കുന്ന അനന്തമായ കാലയവനിക കേവലം കഠോരമായ വിസ്മൃതിതന്നെയല്ലേ? ശ്ലാഘയെന്നു പറയുന്നതു് വെറും പൊള്ളയാണെന്നു് ആലോചിച്ചാൽ അറിയാം. ശ്ലാഘിക്കുന്നവരുടെ അഭിപ്രായങ്ങൾക്കുതന്നെ അനുക്ഷണം മാററം വന്നുകൊണ്ടിരിക്കുന്നു; ശരിയായ ഗുണദോഷവിവേചനത്തിനു് അവർക്കു ശക്തി പോരാ. കീത്തിക്കു് വ്യാപിക്കാവുന്ന സ്ഥലം തന്നെ എത്ര പരിമിതമാകുന്നു. ഈ ഭൂലോകം പ്രപഞ്ചത്തിൽ വെറുമൊരു ബിന്ദു. അതിൽ എത്രയോ ചെറുതായ ഒരു ഭാഗമാണു് നിൻെറ അധിവാസസ്ഥാനം. ഈ ഭാഗത്തെ അധിവസിക്കുന്നവരുടെ സംഖ്യയോ തുച്ഛം. ഇവരിൽ തന്നെ എത്രയോ അല്പം ആളുകൾ — അതും നിസ്സാരന്മാർ മാത്രമായിരിക്കും — നിന്നെ കീത്തിക്കുന്നവർ?

പരമാത്ഥം ഇങ്ങനെയിരിക്കെ, നീ ചെയ്യേണ്ടതു് ഇതാണു്. നിൻെറ സ്വന്തമായ ആ സൈ്വരവസതിയിൽ ഒതുങ്ങി വിശ്രമം അനുഭവിക്കുക. ഇതു ചെ

യ്വാൻ അമാന്തിക്കരുതു്. സവ്വോപരി അന്യരുടെ കാൎയ്യങ്ങളിൽ വ്യഗ്രതയോ ചാഞ്ചല്യമോ കൂടാതെ സ്വതന്ത്രനായി വൎത്തിക്കുക. യഥാൎത്ഥത്തിൽ ഒരു മനുഷ്യജീവി, മാനവൻ, പൗരൻ, മർത്യൻ എന്ന നിലയിൽ നിന്നു് സൎവ്വവും നിരീക്ഷിക്കുക. ആവശ്യത്തിന്നു് നീ അവലംബിക്കേണ്ട തത്വങ്ങൾ രണ്ടാണു്. ഒന്നു്—ഇന്ദ്രിയവിഷയങ്ങൾ ബാഹ്യങ്ങളും അചേതനങ്ങളും ആകയാൽ അവ നിന്റെ ആത്മാവിനെ സ്പൎശിക്കുന്നവയല്ല; നമ്മുടെ ബദ്ധപ്പാടുകൾ സ്വാഭിപ്രായങ്ങളുടെ ഫലമായുണ്ടാകുന്നവയാണു. രണ്ടു്—നീ കാണുന്ന വസ്തുക്കളെല്ലാം ദ്രുതപരിവൎത്തനത്തിനു വിധേയങ്ങളും നശ്വരങ്ങളുമാകുന്നു. നീ തന്നെ ഇവയുടെ എത്രയോ പരിവൎത്തനങ്ങൾ കണ്ടിരിക്കുന്നു. പ്രപഞ്ചം എന്നതു് രൂപാന്തരപ്രാപ്തിയുടെ വിലാസരംഗവും, ജീവിതം അഭിപ്രായവിശേഷങ്ങളുടെ സാകല്യവുമാകുന്നു.

ബുദ്ധി എന്നതു് നമുക്കെല്ലാവൎക്കും സാമാന്യമായിട്ടുള്ളതാണു്. ബുദ്ധിയുടെ ധൎമ്മങ്ങളിലൊന്നായിരിക്കുന്നതും തിരിച്ചറിവുള്ള ജീവികളെന്നു് നമ്മെ പറയുന്നതിനടിസ്ഥാനമായിരിക്കുന്നതുമായ വിവേകവും നമുക്കെല്ലാവൎക്കും ഉള്ളതു തന്നെ. ഇതുപോലെ, ഇന്നതു ചെയ്യണം ഇന്നതു ചെയ്യരുതു് എന്നു നമ്മെ അനുശാസിച്ചുകൊണ്ടിരിക്കുന്നതും വിവേകത്തിന്റെ തന്നെ ഒരു രൂപാന്തരവും ആയ യുക്തിയും നമുക്കെല്ലാവൎക്കും സാമാന്യമായ ഒരു ധൎമ്മമാണു്. യുക്തിയുടെ വിധിനിഷേധങ്ങൾ നാം അനുവൎത്തിക്കേണ്ട പൊതുനിയമങ്ങളാകുന്നു. ഈ പൊതുനിയമത്തിനു വിധേയരാകയാൽ, നാം പൊതുവായ ഒരു രാഷ്ട്രത്തിലെ സഹപൗരന്മാരായിത്തീരുന്നു. ഈ സ്ഥിതിക്കു് ലോകം ഒരുതരം രാഷ്ട്രവ്യവസ്ഥയാണു്. മനുഷ്യവൎഗ്ഗത്തെ മുഴുവൻ അംഗങ്ങളായി കല്പിക്കാവുന്നവിധം അന്യമായ ഭരണവ്യവസ്ഥയെന്താണുള്ളതു്. വിശാല

മായ ഈ രാഷ്ട്രീയസമുദായത്തിൽ നിന്നുമാണ് നമ്മുടെ അവകാശങ്ങളായ ബുദ്ധിയും വിവേകവും യുക്തിയും നിയമാനുവർത്തനവുമെല്ലാം ജനിക്കുന്നതു്. ഇവയ്ക്കു് മറെറാരു ഉത്ഭവസ്ഥാനം കല്പിക്കുക സാധ്യമല്ല. എന്നിൽ സങ്കലിതമായ പൃഥിവ്യംശം പ്രപഞ്ചഗതമായ പൃഥിവിയിൽ നിന്നും, ജലാംശം ജലരൂപമായ ജഗദ്വസ്തുവിൽ നിന്നും, പ്രാണൻ ജഗൽപ്രാണനിൽ നിന്നും, അഗ്ന്യംശം വിശ്വതേജസ്സിൽ നിന്നും വന്നിട്ടുള്ളതു പോലെ ആത്മാംശവും തദനുരൂപമായ ഒരുൽഭവസ്ഥാനത്തു നിന്നും സംഭവിച്ചതായിരിക്കണം. ശൂന്യത്തിൽ നിന്നു് യാതൊന്നും ഉണ്ടാകുകയില്ല ; ശൂന്യത്തിൽ യാതൊന്നും ലയിക്കുകയുമില്ല.

ജനനം എന്നപോലെ മരണവും പ്രകൃതിയുടെ ഒരു രഹസ്യമാകുന്നു; ഒന്നു് ഘടനയും മററതു് വിഘടനയും. സംഘടിക്കുകയും വിഘടിക്കുകയും ചെയ്യുന്ന ഭൂതദ്രവ്യങ്ങൾക്കു് വ്യത്യാസമില്ല. ജനനമരണങ്ങളിൽ നിന്ദ്യമായിട്ടൊന്നുമില്ല, എന്നു മാത്രമല്ല ഇവ യുക്തിക്കു് യോജിച്ചവയും നമ്മുടെ ജീവിതനിയമങ്ങൾക്കിണങ്ങുന്നവയുമായ സാധാരണസംഭവങ്ങളാണുതാനും.

ഈവിധം ജനനമരണങ്ങൾക്കധീനരായ മനുഷ്യർക്കു് കൃത്യങ്ങൾ വന്നുകൂടീട്ടുള്ളതു് അവരുടെ പ്രകൃതിയും ആവശ്യവും അനുസരിച്ചാകുന്നു. ഈ തത്വം അംഗീകരിക്കാത്തവർ, അത്തിപ്പഴത്തിൽ ചാറുണ്ടു് എന്ന തത്വവും അംഗീകരിക്കുമെന്നു തോന്നുന്നില്ല. എന്നാൽ ഏതു പ്രകാരം നോക്കിയാലും നിനക്കും അവർക്കും മരണം സംഭവിക്കുമെന്ന വസ്തുത അനിഷേധ്യമാകുന്നു. നിങ്ങൾ രണ്ടുകൂട്ടരുടെയും പേർ പോലും നിലനില്ക്കുകയുമില്ല.

പരാതികൾക്കടിസ്ഥാനം അഭിപ്രായവ്യത്യാസമാണു്. അഭിപ്രായവ്യത്യാസം ഉണ്ടാകാതിരുന്നാൽ, അന്യ

രിൽ നിന്നും ഉപദ്രവം ഉണ്ടാകുന്നതായി പരാതി പുറപ്പെട്ടുകയില്ല. അങ്ങനെ പരാതിയുണ്ടാകാനിടയില്ലാതായാൽ ഉപദ്രവബോധവും ഉണ്ടായിരിക്കുകയില്ലല്ലോ.

ഒരു മനുഷ്യനെ കൂടുതൽ ദുഷിപ്പിക്കാത്ത ഒന്നു് അവൻെറ ജീവിതത്തെ കൂടുതൽ ദുഷിപ്പിക്കുന്നതെങ്ങനെ? ബാഹ്യമായിട്ടോ ആഭ്യന്തരമായിട്ടോ അവനു് അതു പീഡാകരമായും തീരുന്നതല്ല.

വിശ്വത്തിൻെറ നന്മയ്ക്കു് പ്രയോജനകരമായിട്ടുള്ളതെന്തെന്നു നിശ്ചയിക്കുന്നതു് പ്രകൃതിയാകുന്നു. പ്രകൃതി തന്നെയാണു് സർവ്വവും പ്രവർത്തിക്കുന്നതും.

ന്യായമായും വേണ്ട വിധത്തിലുമല്ലാതെ മനുഷ്യനു് യാതൊന്നും സംഭവിക്കുകയില്ലെന്നു് വസ്തുതകൾ നിരീക്ഷണം ചെയ്താൽ ഗ്രഹിക്കാവുന്നതാണു്. സംഭവങ്ങൾ ആവശ്യമായ ക്രമത്തിൽ തന്നെയെന്നു മാത്രമല്ല, നിയമേന ഓരോരുത്തരും അർഹിക്കുന്ന തരത്തിലുമാണു് ഉണ്ടാകുന്നതെന്നു കാണാം. ആകയാൽ നല്ലവൻ, എന്നൊരാളെക്കുറിച്ചു് സാധാരണമായിപ്പറയുമ്പോൾ ആ ആശയത്തിൽ അന്തർഭവിക്കുന്നതും വിവക്ഷിക്കുന്നതുമായ നന്മയേതൊന്നാണോ അതിനെ പ്രധാനമായി അവലംബിച്ചുകൊണ്ടു് സൂക്ഷ്മനിരീക്ഷണത്തോടുകൂടി നീ എല്ലാം പ്രവൃത്തികളും ചെയ്യണം. ഈ തത്വം ഒരിക്കലും വിസ്മരിക്കരുതു്.

നിന്റെ വിദ്വേഷിക്കു് ഉണ്ടായിരിക്കാവുന്നതോ നിനക്കുണ്ടായിരിക്കണമെന്നു് അവൻ ആഗ്രഹിക്കാവുന്നതോ ആയ ദുർഗ്ഗുണങ്ങൾക്കു് നിൻെറ മനസ്സിൽ ഇടംകൊടുക്കരുതു്. കാര്യങ്ങളുടെ യാഥാർത്ഥ്യമാണു് നീ എല്ലായ്പോഴും നോക്കേണ്ടതു്.

സകല പ്രവൃത്തികൾക്കും സന്നദ്ധോപകരണങ്ങളായി നാം രണ്ടു തത്വങ്ങൾ പാലിക്കണം. പൊതുനന്മയെക്കരുതി നമ്മുടെ ഹൃദയസ്ഥിതനായ ശാസിതാവും ഭരണകർത്താവും അനുവദിക്കാത്തതൊന്നും ചെയ്യു

കൂടെന്നതു് ഒന്നു്. നമ്മുടെ ഏതെങ്കിലും അഭിപ്രായത്തിൽ 'പിശകുണ്ടെന്നു് ആരെങ്കിലും ചൂണ്ടിക്കാണിക്കുകയോ അഥവാ കൂടുതൽ ഉൽകൃഷ്ടമായ ഒരഭിപ്രായം നമുക്കു് പറഞ്ഞുതരികയോ ചെയ്യുന്ന പക്ഷം നമ്മുടെ ആദ്യത്തെ അഭിപ്രായം മാററുന്നതിനു് നാം സദാ സന്നദ്ധരായിരിക്കണമെന്നതു് രണ്ടാമത്തേതു്. ഇങ്ങനെ അഭിപ്രായം മാററുന്നതു്, ആയാൾ പറഞ്ഞതിന്റെ ന്യായ്യതയും സാധുത്വവും നമുക്കു തികച്ചും ബോദ്ധ്യമാവുകയോ, ആയാളുടെ ഉപദേശം പൊതുനന്മയ്ക്കു് കൂടുതൽ പ്രയോജനകരമെന്നു് നമുക്കു സ്പഷ്ടമായി മനസ്സിലാകുകയോ മററു പ്രകാരത്തിൽ ആദരണീയമെന്നു തോന്നുകയോ ചെയ്താൽ മാത്രമേ ആകാവുതാനും. സന്തുഷ്ടിലാഭത്തെയോ കീർത്തിസമ്പാദനത്തെയോ മാത്രം ലാക്കാക്കി അഭിപ്രായവൈപരീത്യം വരുത്തുകയെന്നതു് ഒരിക്കലും അഭിനന്ദനീയമല്ല.

4389

നിനക്കു് വിവേകബുദ്ധിയുണ്ടോ? ഉണ്ടു്. എന്നാൽ എന്തുകൊണ്ടാണു് അതു നീ പ്രയോഗിക്കാതിരിക്കുന്നതു്? നിന്റെ വിവേകബുദ്ധി അതിന്റെ കൃത്യം ശരിക്കു നിർവ്വഹിക്കുമെങ്കിൽ അതിൽ കൂടുതൽ നിനക്കെന്തുവേണം?

പരിപൂർണ്ണമായ ഒന്നിന്റെ അംശമായി നീ ജഗത്തിൽ ആവിർഭവിച്ചു. ഇവിടെ നിന്നും തിരോഭവിക്കുമ്പോൾ ആ പരിപൂർണ്ണസത്തയിൽത്തന്നെ നീ ലയിക്കുകയും ചെയ്യും. വേറൊരുപ്രകാരത്തിൽ പറയുന്നതായാൽ, ആ മഹത്തായ ഉൽപാദനകേന്ദ്രംതന്നെ പരിണാമഗതിയിൽ നിന്നെ വീണ്ടും സ്വീകരിച്ചുകൊള്ളും.

ഒരേ പൂജാവേദിയിൽ അനേകം പുഷ്പങ്ങൾ അർപ്പിക്കപ്പെടുന്നു. ഒന്നു് മറെറാന്നിനു മുൻപെയോ പിൻപെയോ വീണു എന്നുവരാം. അതുകൊണ്ടു വ്യത്യാസം വല്ലതും ഉണ്ടോ?

നീ തത്വജ്ഞാനത്തെ ദൃഢമായി അവലംബിക്കുകയും വിവേകബുദ്ധിയെ ആദരിച്ച് അനുസരിക്കുകയും ചെയ്യുന്നതായാൽ ഇന്നു് ഒരു വന്യമൃഗമെന്നോ വാനരമെന്നോ നിന്നെ കരുതുന്നവർപോലും കേവലം പത്തു ദിവസത്തിനകം നിന്നിൽ ദേവത്വം ദശിച്ച് ആഹ്ലാദിക്കും.

നിൻെറ ജീവിതകാലം ഒരു പതിനായിരം വത്സരമാണെന്ന ഭാവത്തോടുകൂടി നീ പെരുമാറരുതു്. ഏതു സമയത്തും നിന്നെ ഗ്രസിക്കുവാൻ മൃത്യു കാത്തുനില്ക്കുന്നു. അതിനാൽ അവസരം പാഴാക്കാതെ ഇപ്പോൾത്തന്നെ സദ്വൃത്തികൾ ആചരിച്ചു കൊള്ളണം.

നമ്മുടെ അയല്ക്കാർ പറയുന്നതും പ്രവത്തിക്കുന്നതും ആലോചിക്കുന്നതും എന്തൊക്കെയാണെന്നു് മനസ്സിലാക്കുവാൻ വേണ്ടി നാം സമയവ്യയം ചെയ്തുകൂടാ. നമുക്കുള്ള കൃത്യങ്ങൾ അനുഷ്ഠിക്കാൻ തന്നെ നാം ജാഗരൂകരായിരിക്കണം. അങ്ങനെയായാൽ നമുക്കു് മനോവ്യഥ കൂടാതെ കഴിക്കാം. അതുപോലെ, അന്യരുടെ അസാന്മാൎഗ്ഗികമായ നടപടികളിൽ ജിജ്ഞാസയോ കൌതുകമോ പ്രദശിപ്പിക്കരുതു്. നാം നമ്മുടെ ലക്ഷ്യപ്രാപ്തിക്കുള്ള മാൎഗ്ഗത്തിൽനിന്നു വ്യതിചലിപ്പിക്കാതെ നേരേ പ്രയാണം ചെയ്യണം.

മരണാനന്തരം യശസ്സു വേണമെന്നു് തീവ്രമായി കാംക്ഷിക്കുന്നവരുണ്ടല്ലോ. സ്വന്തം സ്മരണയെ പുലത്തുവാനുള്ളവർ ഒന്നൊഴിയാതെ അടുത്ത ക്ഷണത്തിൽ മരിക്കുന്നവരാണെന്നും അവരുടെ അനന്തരഗാമികളും അതുപോലെ അല്പകാലത്തിനുള്ളിൽ തിരോഭവിക്കുന്നവരായിരിക്കുമെന്നും ബുദ്ധിശൂന്യന്മാർ സുസ്ഥിരമായി പ്രതിഷ്ഠിക്കുവാൻ മോഹിച്ച ആ സ്മരണ പരിമിതമായ കാലംകൊണ്ടുതന്നെ വിസ്മൃതിയിൽ ആണ്ടുപോകുന്നതാണെന്നും അവർ ആലോചിക്കുന്നതേയില്ല. ഇനിയും, സ്മരണയ്ക്കും സ്മരിക്കുന്നവക്കും നാശമേ സംഭവിക്കുകയി

ല്ലെന്നുതന്നെ വിചാരിക്കുക; അതുകൊണ്ടു നിനക്കെന്താണ്? മരിച്ചുപോകുന്നവരുടെ യശസ്സിന്റെ കാര്യം ഇരിക്കട്ടെ. ജീവിച്ചിരിക്കുന്നവർക്കുതന്നെ യശസ്സുകൊണ്ടെന്താണ് പ്രയോജനം? ക്ഷുദ്രമായ വല്ല കാര്യവും സാധിക്കാൻ അതു് ഏതാണ്ടു് ഉപകരിച്ചേയ്ക്കാം; എന്നാൽ, അന്യരുടെ വാക്കുകളിൽ തൂങ്ങിനില്ക്കുന്ന വ്യർത്ഥമായ ആ യശസ്സിനുവേണ്ടി പ്രകൃതി നല്കിയിരിക്കുന്ന ഉത്തമാനുഗ്രഹങ്ങളെ അവഗണിക്കുന്നതു് ആശാസ്യമായിരിക്കുമോ?

സുന്ദരമെന്നു കരുതപ്പെടുന്നതു് ഏതു വസ്തുവിനെയായാലും, അതിൽത്തന്നെയാകുന്നു അതിനുള്ള സൗന്ദര്യത്തിന്റെ ആരംഭവും അവസാനവും. അതിനു് പ്രശംസയുമായി യാതൊരു ബന്ധവുമില്ല. പ്രശംസിക്കപ്പെടുന്നതുകൊണ്ടു് ഒരു വസ്തുവിനു് ഉൽകൃഷ്ടതയോ അപകർഷമോ ഉണ്ടാകുന്നില്ല. സാധാരണ ജനങ്ങൾ മനോഹരങ്ങളെന്നു വിചാരിക്കുന്ന സാധനങ്ങളെയും കലാസൃഷ്ടികളെയും സംബന്ധിച്ചാണെങ്കിൽത്തന്നെയും ഈ തത്വം ശരിയാണെന്നു പറയാം. യഥാർത്ഥമായ സൗന്ദര്യത്തിനും ശ്ലാഘ ആവശ്യകമല്ല. ഇതുപോലെ നിയമം, സത്യം, ദയ, വിനയം ഇവയും ശ്ലാഘയെ അപേക്ഷിക്കുന്നില്ല; ഇവയ്ക്കൊന്നിനും ശ്ലാഘയാൽ ഉൽക്കർഷമോ, നിന്ദയാൽ അപകർഷമോ സംഭവിക്കുന്നില്ല. മരതകരത്നത്തെ നാം മനോഹരമെന്നു ശ്ലാഘിക്കാതിരുന്നാൽ തന്നെയും അതിന്റെ ഭംഗിക്കു വല്ല കുറവും വരുന്നുണ്ടോ? സ്വർണ്ണം, ദന്തം, പുഷ്യരാഗം, വീണ, പുഷ്പം, കിസലയം മുതലായവയുടെയും അവസ്ഥ ഇതുതന്നെ.

മനുഷ്യന്റെ മരണത്തിൽ ആത്മാവിനു നാശം ഉണ്ടാകുന്നില്ലെന്നു വരികിൽ, യുഗയുഗാന്തരങ്ങളായി ജനിച്ചിട്ടുള്ള അസംഖ്യം ആത്മാക്കൾ ഇപ്പോഴും ഉണ്ടായിരിക്കുമല്ലോ. ഇവയ്ക്കെല്ലാം സ്ഥിതിചെയ്‌വാൻ അന്തരീ

ക്ഷത്തിൽ ഇടം എങ്ങനെ കിട്ടുന്നു? ഇതേ ചോദ്യംതന്നെ ദേഹങ്ങളെ സംബന്ധിച്ചും ചോദിക്കാം. ഇത്രയും കാലമായി ഭൂഗർഭത്തിൽ നിക്ഷിപ്തങ്ങളായിട്ടുള്ള സംഖ്യാതീതങ്ങളായ മൃതശരീരങ്ങളെ അടക്കിക്കൊള്ളുവാൻ ഭൂമിക്ക് എങ്ങനെ സാധിക്കുന്നു? വാസ്തവം ഇതാണ്:—നാം ജീവിച്ചിരിക്കുമ്പോൾ നമ്മുടെ ശരീരങ്ങൾ ഭൂമിയുടെ ഉപരിതലത്തിൽ ഏതാനും കാലം കഴിച്ചുകൂട്ടുന്നുവല്ലോ. അതുപോലെ ഭൂമിയിൽ നിക്ഷേപിക്കപ്പെടുന്ന നമ്മുടെ മൃതശരീരങ്ങളും കുറച്ചുകാലം—ആ കാലം താരതമ്യേന വളരെ ചെറുതുതന്നെ ആയിക്കൊള്ളട്ടെ–ഭൂമിക്കുള്ളിൽ സ്ഥിതിചെയ്തശേഷം ഉലഞ്ഞഴിഞ്ഞു് അവയുടെ ഘടകങ്ങളായി വേർതിരിഞ്ഞുപോകയും മററു ശവശരീരങ്ങൾക്ക് സ്ഥലം നല്കുകയും ചെയ്യുന്നു. ദേഹമുപേക്ഷിച്ച് അന്തരീക്ഷത്തിൽ പ്രവേശിക്കുന്ന ആത്മാക്കളും ഇതേ പ്രകാരത്തിൽ ഏതാനും കാലം അവിടെ കഴിച്ചശേഷം അവയ്ക്കു സംഭവിക്കുന്ന പരിവത്തനത്തിൻെറ ഫലമായി പാവകതേജസ്സിൻെറ രൂപത്തിൽ സൃഷ്ടിശക്തിയായ മൂലപ്രകൃതിയിൽ ലയിക്കുകയും അങ്ങനെ അന്യങ്ങളായ ആത്മാക്കൾക്ക് സ്ഥലം ഒഴിഞ്ഞുകൊടുക്കുകയും ചെയ്യുന്നു. ആത്മാവ് അവിനാശിയാണെന്നു പറയുന്നതിൻെറ അത്ഥം ഇതാണു്. ശരീരങ്ങളെപ്പററി ചിന്തിക്കുമ്പോൾ, ഭൂഗഭത്തിൽ നിക്ഷിപ്തങ്ങളായിത്തീരുന്ന മൃഗശരീരങ്ങൾ മാത്രമല്ല, നമ്മളും ഇതരജന്തുക്കളും ദിവസംപ്രതി തിന്നൊടുക്കുന്ന ജന്തുശരീരങ്ങളും പരിഗണനീയങ്ങളാകുന്നു. മാംസഭക്ഷകരുടെ ശരീരങ്ങൾക്കുള്ളിൽ ദിവസം തോറും ഇതരങ്ങളായ എത്രയോ ശരീരങ്ങൾ നിക്ഷേപിക്കപ്പെടുന്നു; ഇവയ്ക്കെല്ലാം അവിടെ വേണ്ടിടത്തോളം സ്ഥലം കിട്ടുകയും ചെയ്യുന്നു. പ്രകൃതിയാകട്ടെ, മൃതശരീരങ്ങളിൽ ഏറിയ ഭാഗത്തെയും രക്തത്തിൽ ലയിപ്പിച്ചു ചേക്കുകയോ, ഭൂതപദാത്ഥങ്ങളായി

വേർതിരിച്ചു വിടുകയോ ചെയ്യുന്നതിനാലാണ് മററു ശരീരങ്ങൾക്ക് ഇങ്ങനെ സ്ഥലസൗകര്യം ലഭിക്കുന്നതു്.

ഈ വസ്തുതയെ സംബന്ധിച്ച പരമാത്ഥം നാം എവിടെയാണ് ആരായേണ്ടതു്? സ്ഥൂലമെന്നും (കാര്യ മെന്നും) കാരണമെന്നുമുള്ള വിവേചനത്തിൽ തന്നെ.

ജഗത്തിന്റെ ആവത്തനഗതിയിൽപ്പെട്ടു് കറങ്ങിത്തിരിയരുതു്. ഇന്ദ്രിയങ്ങളുടെ പ്രേരണകളെ സമചിത്തതയ്ക്കും ധാരണകളെ അന്തഃകരണപ്രബോധത്തിനും കീഴ്പ്പെടുത്തിവയ്ക്കേണ്ടതാണ്.

പ്രപഞ്ചമേ, നിന്റെ പ്രകൃതിയ്ക്കു് ഉപകരിക്കുന്നതെല്ലാം എനിക്കും പ്രയോജനപ്രദംതന്നെ. കാലാകാലത്തിൽ നിനക്കു സംഭവിക്കുന്നതെല്ലാം എനിക്കും സംഭാവ്യം തന്നെ—മുൻപോ പിൻപോ ആയിപ്പോകുന്നില്ല. അല്ലയോ പ്രകൃതി, നിന്നിൽ വിളയുന്ന ഫലങ്ങൾ അതതു ഋതുക്കളിൽ എനിക്കും വിളയുന്നു. സമസ്തവും നിന്നിൽ ഉണ്ടാകുന്നു, നിന്നിൽ സ്ഥിതിചെയ്യുന്നു, നിന്നിൽ ലയിക്കുന്നു.

H384

'ശാന്തി കൈവരണമെങ്കിൽ പ്രവൃത്തിയിൽ നിന്നു വിരമിക്കുക' എന്നു കവികൾ പറയുന്നു. എന്നാൽ സാമുദായികജീവികളായ നമുക്ക് ആവശ്യകങ്ങളും വിവേകബുദ്ധിയാൽ നിർദ്ദിഷ്ടങ്ങളുമായ പരിമിതകൃത്യങ്ങൾ ചെയ്യാതിരിക്കാൻ നിവൃത്തിയുണ്ടോ? അങ്ങനെ പരിമിതമായി ചെയ്യുന്നതാണ് പ്രവൃത്തിയുടെ നിയമം എന്നു കരുതുന്നെങ്കിൽ, സദ്‌വൃത്തജന്യമായ കൃതാത്ഥത മാത്രമല്ല, കൃത്യങ്ങളുടെ എണ്ണം ചുരുങ്ങുന്നതു നിമിത്തം ഹൃദയസന്തുഷ്ടിയും നമുക്കുണ്ടാകും. സാധാരണമായി നമ്മുടെ വാക്കുകളും പ്രവൃത്തികളും ആവശ്യത്തിൽ വളരെ കവിഞ്ഞു പോകുന്നതായിട്ടാണ് കാണപ്പെടുന്നതു്. ഈ ദോഷം പരിഹരിക്കാമെങ്കിൽ എന്തുമാത്രം ബുദ്ധിമുട്ടും സമയ

നഷ്ടവും കൂടാതെ കഴിക്കാം! അതിനാൽ ഓരോ സന്ദർഭത്തിലും നാം ചെയ്യാൻ തുടങ്ങുന്നതു് യഥാൎത്ഥത്തിൽ ആവശ്യമായ പ്രവൃത്തിതന്നെയോ എന്നു് ആലോചിക്കണം. അനാവശ്യമായ പ്രവൃത്തിമാത്രമല്ല വിചാരവും വർജ്ജ്യമാകുന്നു. അതു വർജ്ജിച്ചാൽ മാത്രമേ നിരുദ്ദേശ്യങ്ങളായ പ്രവൃത്തികൾക്കു് പ്രസക്തി ഉണ്ടാകാതിരിക്കുകയുള്ളൂ.

സദ്വൃത്തന്മാരുടെ ജീവിതരീതി ഗ്രഹിച്ചു്, അതു നിനക്കു് എത്രത്തോളം യോജിച്ചതാണെന്നു് പരീക്ഷിച്ചു നോക്കണം. അവർ നിയതിദത്തമായ ഭാഗധേയത്തിൽ സന്തുഷ്ടരും പരോപകാരതൽപരതയിലും ന്യായദീക്ഷയിലും സംതൃപ്തരുമാകുന്നു.

നിനക്കു വേറെയും ചില കാൎയ്യങ്ങൾ ശ്രദ്ധിക്കുവാനുണ്ടു്. നീ എല്ലായ്പ്പോഴും അചഞ്ചലനും സരളസ്വഭാവിയും ആയിരിക്കണം. ദ്രോഹം പ്രവൎത്തിക്കുന്നവർ അവൎക്കുതന്നെ ഉപദ്രവം വരുത്തിവയ്ക്കുകയാണു ചെയ്യുന്നതു്. നിനക്കു സംഭവിക്കുന്നതെല്ലാം നന്മ തന്നെ. പ്രകൃതി ആദ്യമേ നിശ്ചയിച്ചു് നിനക്കായി പകുത്തു വച്ചിട്ടുള്ളതല്ലാതെ യാതൊന്നും സംഭവിക്കുകയില്ല. നിന്റെ ജീവിതം ക്ഷണികം; അതിനാൽ ന്യായബുദ്ധിയും വിവേകവും അവലംബിച്ചു് നീ ഇപ്പൊഴുള്ള അവസരം പ്രയോജനപ്രദമാക്കിക്കൊള്ളണം. സുഖാനുഭവങ്ങളാൽ ഉന്മത്തനായിത്തീരരുതു്.

പ്രപഞ്ചം എന്നതു് ഒന്നുകിൽ സൎവ്വാംശങ്ങളിലും ശരിയായ വ്യവസ്ഥിതിയോടുകൂടിയതു്; അല്ലെങ്കിൽ കുഴപ്പവും വൈഷമ്യവും നിറഞ്ഞതു്. നിന്റെ ആഭ്യന്തരപ്രപഞ്ചവും വിശ്വപ്രപഞ്ചത്തിന്റെ അംശംതന്നെയാണല്ലോ. അതിനാൽ ആഭ്യന്തരപ്രപഞ്ചം വ്യവസ്ഥിതമെന്നും വിശ്വപ്രപഞ്ചം അവ്യവസ്ഥിതമെന്നും വരാവുന്നതല്ല. വാസ്തവത്തിൽ പ്രപഞ്ചം സൎവ്വാംശങ്ങളിലും സുവ്യവസ്ഥിതം തന്നെ. പ്രപഞ്ചഗതങ്ങളായ വസ്തുക്കൾ ഭിന്ന

രൂപങ്ങളും വിദൂരപ്രസൃതങ്ങളുമായിരുന്നാലും അവ ഓരോന്നിനും സംഭവിക്കുന്ന ഗുണദോഷങ്ങൾ ഇതരങ്ങളായ ഓരോന്നിനെയും ബാധിക്കുന്നവയാണ്.

ദുഷ്ടസ്വഭാവം, ദുർബലവും മൃഗീയവും ബാലിശവും ക്രൂരവും മൂഢവും കപടഭ്രമിഷ്ഠവും അശ്ലീലവും വഞ്ചനാപൂർണ്ണവും നിഷ്ഠൂരവും ആയിരിക്കും.

പ്രപഞ്ചത്തിൽ ഉള്ളതെന്തെല്ലാമെന്നറിയാത്തവൻ അജ്ഞനാണെങ്കിൽ അതിൽ നടക്കുന്നതെന്തെല്ലാമെന്നറിഞ്ഞുകൂടാത്തവനും അജ്ഞൻതന്നെ. സാമൂദായികബുദ്ധി വിട്ടകലുന്നവൻ കാന്ദിശീകനത്രേ; ജ്ഞാനനേത്രം അടച്ചുകളയുന്നവൻ അന്ധനുമാകുന്നു. ഇഹജീവിതത്തിനാവശ്യകങ്ങളായ ഉപകരണങ്ങളെല്ലാം തന്നിൽത്തന്നെ കണ്ടെത്തുവാൻ കഴിയാതെ അന്യസാഹായ്യം ആവശ്യപ്പെടുന്നവൻ കേവലം ഭിക്ഷുവെന്നുതന്നെ പറയാം. ലോകഗതിയിൽ അസന്തുഷ്ടനായി പ്രകൃതിനിയമങ്ങളെ അവഗണിക്കുകയും അവയിൽനിന്ന് ഭ്രഷ്ടനാക്കുകയും ചെയ്യുന്നവൻ പ്രപഞ്ചശരീരത്തിനു ഒരു ശോഫമായിപ്പരിണമിക്കുന്നു. ഇതരങ്ങളായ സമസ്തവസ്തുക്കളെയും ജനിപ്പിച്ച പ്രകൃതിതന്നെയാണ് നിന്നെയും ഉൽപാദിപ്പിച്ചിട്ടുള്ളതു്. സകലമനുഷ്യർക്കും സാമാന്യമായിട്ടുള്ള വിശ്വാത്മാവിൽ നിന്നു് വ്യക്തിഗതമായ സ്വന്തം ആത്മാവിനെ ഭിന്നമായിക്കരുതുന്നവൻ വിശ്വഭ്രഷ്ടനാകുന്നു.

ഒരാൾ വസ്ത്രമില്ലാതെ നടക്കുന്നു; മറെറാരാൾ പുസ്തകമെന്നതു കണ്ടിട്ടേയില്ല. രണ്ടുപേരും തത്വജ്ഞാനികളാണു്. ഇതാ! മൂന്നാമതൊരാൾ അർദ്ധനഗ്നനായി നടക്കുന്നു; ആയാൾ പറയുന്നു "എനിക്ക് ആഹാരത്തിനു വകയില്ല; എങ്കിലും ഞാൻ വിവേകം കൈവെടിഞ്ഞിട്ടില്ല".

നീ അഭ്യസിച്ചിട്ടുള്ള തൊഴിൽ എത്ര സാധാരണമായിരുന്നാലും അതിനെ സ്നേഹിക്കുകയും അതുകൊണ്ട് സന്തു

പ്പനാകുകയും വേണം. സമസ്തസമ്പത്തും ദേവന്മാക്ക് അ ല്പിച്ചിരിക്കുന്ന ആളിൻെറ രീതിയിൽ നീ ജീവിതശേഷം നയിക്കണം. നിഷ്ഠൂരനായ ഒരു ശാസിതാവിൻെറ ഭാവമോ, ദുർബലനായ ഒരു അടിമയുടെ മനഃസ്ഥിതിയോ നിനക്കുണ്ടായിരിക്കരുത്.

വെസ്പേഷ്യൻെറ കാലം എപ്രകാരമായിരുന്നുവെന്നു നോക്കുക. എന്നത്തേയും നടപടികൾ അന്നും നടന്നിരുന്നു—വിവാഹം, പുത്രോൽപാദനം, രോഗം, മരണം, യുദ്ധം, ഉത്സവാഘോഷം, കച്ചവടം, കൃഷി, മുഖസ്തുതി, ധിക്കാരം, സാഹസം, അപരാധാരോപണം, ദ്രോഹാലോചന, വധം, വിലാപം, ധനസമ്പാദനം, സ്ഥാനമാനേച്ഛ, അധികാരലോഭം ഇവയൊക്കെ. ഇവയിൽ ആബദ്ധരായി ജീവിച്ച ആളുകൾ മരിച്ചു; അവരുടെ സ്മരണപോലും ശേഷിച്ചിട്ടില്ല. ഇനിയും, ട്രാജൻെറ ഭരണകാലത്തെ സ്മരിക്കുക. അന്നും മുൻപിലത്തെപ്പോലെതന്നെ കാര്യങ്ങൾ നടന്നിരുന്നു. ആക്കാലത്തെ സ്മരണയും മാഞ്ഞു കഴിഞ്ഞു. ഇങ്ങനെ, പല മഹദ്വ്യമങ്ങൾക്കുശേഷം എത്രയോ ജനസമുദായങ്ങളും ജനങ്ങളും നശിക്കുകയും ഭൂതങ്ങളിൽ ലയിക്കുകയും ചെയ്തിരിക്കുന്നു. പ്രാചീനചരിത്രത്തിലേക്കുതന്നെ കടക്കണമെന്നില്ല; നീ കണ്ടിട്ടുള്ള ജനങ്ങളെക്കുറിച്ചു ചിന്തിച്ചാൽ മതി. വ്യർത്ഥങ്ങളായ കാര്യങ്ങളിൽ ഭ്രമിച്ചും അവയാണു് സന്തുഷ്ടിപ്രദങ്ങളെന്നു വ്യാമോഹിച്ചും ജന്മോദ്ദേശ്യം ഗ്രഹിക്കാതെ ഉഴലുന്നവർ തന്നെയാണ് അധികവും. ഇതിൽനിന്നു് നാം ഒരു വസ്തുത മനസ്സിലാക്കേണ്ടതുണ്ടു്. ഓരോന്നിലും അഭിനിവേശം പുലത്തുന്നതു് അതതിൻെറ യഥാർത്ഥസ്വഭാവവും വിലയും സൂക്ഷ്മമായി ഗ്രഹിച്ചു് തദനുരൂപം മാത്രമേ ആകാവു എന്നുള്ളതാണതു്. ഈ തത്വം പാലിക്കുന്നതായാൽ, നിസ്സാരകാര്യങ്ങളിൽ അവ അർഹിക്കുന്നതിൽ കൂടുതലായ ശ്രദ്ധയും താൽപര്യവും പ്രദർശിപ്പിക്കാൻ ഒരിക്കലും ഇടവരുന്നതല്ല.

പ്രാചീനകാലത്തു് പ്രചുരപ്രചാരങ്ങളായിരുന്ന ഭാഷാശബ്ദങ്ങൾ ഇന്നു് പ്രചാരലുപ്തങ്ങളായിത്തീർന്നിരിക്കുന്നു. അവയുടെ അർത്ഥം ഇന്നുള്ളവക്കു് ദുർഗ്രഹമത്രെ. സുപ്രസിദ്ധങ്ങളായിരുന്ന പഴയ പഴയ നാമധേയങ്ങളുടെയും അവസ്ഥ ഇതു തന്നെ. ക്യാമില്ലസ്, കീസോ, വൊാളേസസ്, ഡെൺററാററസ് ഈ പേരുകൾ ഇക്കാലത്തു് കണ്ണുങ്ങൾക്കു ബഹു 'തമാശ' യായിരിക്കുന്നു. സ്കിപ്പിയോ, കേറേറാ, അഗസ്റ്റസ് ഈ നാമങ്ങൾക്കും ഇതേ ദശ അടുത്തുകഴിഞ്ഞു. കുറച്ചു കാലം കൂടികഴിയുമ്പോൾ ഹാഡ്രിയാനസ്, അൻേറാണിനസ് എന്നീ നാമധേയങ്ങൾക്കും ഈ ഗതിതന്നെ വന്നു ചേരും. മാനവപ്രതാപങ്ങളെല്ലാം കാലഗതിയിൽ പുകഞ്ഞു് കേവലം കഥാവശേഷമായിത്തീരുകയും ഒടുവിൽ സമ്പൂർണ്ണവിസ്മൃതിയിൽ ആണ്ടുപോകുകയും ചെയ്യുന്നു. അത്യുജ്ജ്വലപ്രതാപശാലികളുടെ പരിണാമഗതിയാണിതു്; മററുള്ളവരുടെ കഥയോ പറയേണ്ടതില്ല. പ്രാണൻ വേർപെടുന്നതോടുകൂടി തന്നെ അവർ അജ്ഞാതരാകുന്നു. ആരും അവരെക്കുറിച്ചു് സംസാരിക്കുന്നില്ല. ഇക്കഥ ഇങ്ങനെ നില്ക്കട്ടെ. അഥവാ, യശസ്സു് നശ്വരമല്ലെന്നു തന്നെ വിചാരിക്കുക; എന്നാൽ എന്താണു് പ്രയോജനം? ഒന്നുമില്ല. ഇതു് അല്പം ആലോചിച്ചാൽ ആക്കും മനസ്സിലാക്കുവാൻ കഴിയും. എന്നാൽ ഏതൊന്നിലേയ്ക്കാണു് നാം സർവ്വഥാ പ്രയത്നിക്കേണ്ടതു് ? മററൊന്നിലുമല്ല — ന്യായതൽപരമായ മനോഗതിയും സാമുദായികഗുണത്തെ ലാക്കാക്കുന്ന പ്രവൃത്തികളിൽ പ്രതിപത്തിയും അസത്യം തീണ്ടാത്തവാക്കും ജീവിതത്തിൽ ലഭിക്കുന്ന ഭാഗധേയം നിയതിദത്തവും അവശ്യംഭാവിയും ജഗൽകാരണത്തിൽനിന്നു സംജാതമാണെന്നറിഞ്ഞു സന്തുഷ്ടനായിരിക്കുന്ന സ്വഭാവവും കൈവരുത്തേണ്ടതിലേയ്ക്കു വേണ്ടിമാത്രം.

നീ സ്വമനസ്സാലെ നിയതിക്കു കീഴടങ്ങണം. നിൻെറ ഭാഗ്യതന്തുക്കളെ അവർ ഇഷ്ടംപോലെ നെയ്തു കൊള്ളട്ടെ.

സ്മരിക്കുന്ന കൎത്താവും സ്മരിക്കപ്പെടുന്ന വസ്തുവും രണ്ടും ക്ഷണസ്ഥായികളാകുന്നു.

സകല വസ്തുക്കളും പരിവൎത്തനത്തിനു വിധേയങ്ങളാണെന്നു മനസ്സിലാക്കുക. അവ ഉണ്ടായിട്ടുള്ളതും പരിവൎത്തനഫലമായിട്ടാകുന്നു. വൎത്തമാനവസ്തുക്കളെ മാററി തത്സ്ഥാനത്തു് സരൂപങ്ങളായ പുതിയവയെ ആവിർഭവിപ്പിക്കുന്നതാണു് വിശ്വപ്രകൃതിക്കു് പ്രിയതമമായ വിനോദം. വൎത്തമാനവസ്തുക്കൾ ഭാവിവസ്തുക്കളുടെ ബീജമാണെന്നു പറയാം. ബീജം എന്നു പറഞ്ഞതിനാൽ, ഭൂമിയിലോ, ഗർഭപാത്രത്തിലോ മാത്രം നിക്ഷിപ്തമാകുന്ന വിത്തു് എന്നു് ഒരു വേള നീ ധരിച്ചുപോകാം. ഈ ധാരണ കേവലം ബാലിശമാകുന്നു.

നോക്കുക—മൃത്യു ആസന്നമായിരിക്കുന്നു. നിനക്കു് ജീവിതസാരള്യമോ, സ്ഥിരപ്രജ്ഞതയോ, ശാന്തിയോ ഇനിയും കൈവന്നിട്ടില്ല. ബാഹ്യവസ്തുക്കളിൽ നിന്നു് നീ ഇപ്പോഴും ദോഷം ആശങ്കിച്ചു കൊണ്ടിരിക്കുന്നു; ന്യായാചരണമാണു് പരമധൎമ്മമെന്നു് നിനക്കു് ഇതേവരെ ബോധ്യമായിട്ടില്ല.

മനുഷ്യരുടെ അന്തഃകരണത്തെ പരിശോധിച്ചു പഠിക്കണം. ജ്ഞാനികൾ എന്തെല്ലാം വർജ്ജിക്കുന്നുവെന്നും എന്തെല്ലാം ആരായുന്നുവെന്നും കണ്ടു മനസ്സിലാക്കേണ്ടതാണു്.

നിനക്കു ദോഷകരമായ യാതൊന്നും നിന്നിൽ നിന്നു് ബാഹ്യമായി സ്ഥിതിചെയ്യുന്നില്ല. നിന്നെ പൊതിഞ്ഞിരിക്കുന്ന ഈ ശരീരത്തിനു സംഭവിക്കുന്ന വിക്രിയകൾപോലും നിന്നെ ബാധിക്കുന്നവയല്ല. ഏതിനെയും തിന്മയെന്നു വിധിക്കാൻ നിൻെറ അന്തഃകരണത്തിനുള്ള

ശക്തിയിലാണ് വാസ്തവത്തിൽ ദോഷം അടങ്ങിയിരിക്കുന്നതു്. ഈ വിധിശക്തി പ്രവർത്തിക്കാതിരിക്കട്ടെ; ഒരു ദോഷവും സംഭവിക്കുകയില്ല. സമീപവർത്തിയായ സാധു ശരീരം വ്രണപ്പെടുകയോ, പൊള്ളുകയോ, അഴുകുകയോ, ചീയുകയോ എന്തും ചെയ്യട്ടെ, വിധിശക്തി നിഷ്ക്രിയമായി വർത്തിക്കണം. സത്തുക്കൾക്കും അസത്തുക്കൾക്കും സാമാന്യമായി ഒന്നുപോലെ വന്നുചേരുന്ന അനുഭവങ്ങളിൽ ഒന്നിനെക്കുറിച്ചും നന്മയെന്നോ തിന്മയെന്നോ വിധി കല്പിച്ചുകൂടാ. പ്രകൃതിയെ അനാദരിച്ചു ജീവിക്കുന്നവനും ആദരിച്ചു ജീവിക്കുന്നവനും തുല്യമായ സംഭവം പ്രകൃത്യനുസൃതമോ പ്രകൃതിവിരുദ്ധമോ ആകുന്നതല്ലല്ലോ.

ഒരൊററ ദേഹവും ഒരൊററ ആത്മാവും ചേർന്ന ഏകജീവപദാർത്ഥമായി പ്രപഞ്ചത്തെക്കരുതണം. അപ്പോൾ, പ്രപഞ്ചഗതമായ സർവ്വത്തിനും ആ ബൃഹജ്ജീവിയുടെ ദർശനവും ചലനവും പ്രവൃത്തിയും മാത്രമാണു കാരണമെന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടാകുകയില്ല. ഒരു വസ്ത്രത്തിലെ ഊടും പാവും പോലെ പ്രപഞ്ചഗതപദാർത്ഥങ്ങൾ ഓരോന്നും ഒരേവിധത്തിൽ തന്നെ അന്യമായ ഓരോന്നിൻെറയും സ്ഥിതിക്ക് കാരണമായി സംബന്ധപ്പെട്ടിരിക്കുന്നുവെന്ന വസ്തുതയും ഗ്രഹിക്കേണ്ടതാകുന്നു.

എപ്പിക്ററററസ് പറയാറുള്ളതുപോലെ, നീ ശവത്തേയും പേറി നടക്കുന്ന ചെറുതായ ഒരു ആത്മാവാകുന്നു.

പദാർത്ഥങ്ങൾ പരിവർത്തിക്കുകയെന്നതു തിന്മയുമല്ല, പരിവർത്തനഫലമായി സ്ഥിതി തുടരുകയെന്നതു നന്മയുമല്ല.

കാലം എന്നതു് ജീവരാശികളാലും ലോകസംഭവങ്ങളാലും പരിപുഷ്ടമായിപ്പാഞ്ഞൊഴുകുന്ന ഒരു മഹാനദിയാകുന്നു. അതിൻെറ ത്വരിതപ്രവാഹത്തിൽ ഓരോന്നും ക്ഷണനേരത്തേയ്ക്കു് ദൃശ്യമാകുകയും ഉത്തരക്ഷണത്തിൽ

മറയുകയും ഉടൻ തൽസ്ഥാനത്തു മറെറാന്നു പ്രത്യക്ഷമാകുകയും അതും അടുത്ത നിമിഷത്തിൽ അദൃശ്യമാകുകയും ചെയ്തുകൊണ്ടിരിക്കുന്നു.

വസന്തകാലത്തു പുഷ്പങ്ങളും വേനലിൽ ഫലങ്ങളും എന്നപോലെ, സകല സംഭവങ്ങളും യഥാകാലം സ്വാഭാവികങ്ങളാകുന്നു. രോഗം, മരണം, അപവാദം, വഞ്ചന ഇവയും മൂഢന്മാരുടെ സന്തോഷസന്താപങ്ങളുംകൂടി ഈ ഇനത്തിൽ പെടുന്നവയത്രേ.

സംഭവപരമ്പരയിൽ പൂർവ്വാപരങ്ങൾക്കെല്ലാം നൈസർഗ്ഗികമായ സംബന്ധമുണ്ട്. ഇതുപോലെ ജീവിതത്തിൻെറ ഘടകങ്ങളും യുക്തിയുക്തമല്ലാത്തവയോ, ആനുപൂർവ്വികമായി ശരിയായ ബന്ധമില്ലാത്തവയോ അല്ല. ജഗത്തിൽ വർത്തമാനമായ സമസ്തവും ഇങ്ങനെ സമഞ്ജസങ്ങളായിരിക്കുന്നു. പരമ്പരയായിത്തുടൎന്നുവരുന്ന ഏതിലും ഇപ്രകാരം അത്ഭുതകരമായ ഒരു കാൎയ്യകാരണബന്ധം നിലനില്ക്കുന്നുണ്ടെന്നു കാണാം.

ഹെരാക്ലിററസിൻെറ വാക്യങ്ങൾ എപ്പോഴും ഓർക്കണം: "പൃഥിവി മരിച്ച്, ജലം ജനിക്കുന്നു; ജലം മരിച്ച്, വായു ജനിക്കുന്നു; വായു മരിച്ച് അഗ്നി ജനിക്കുന്നു. ഇത്, അനുലോമപരിവർത്തനം. ഇതുപോലെ അഗ്നി പോയി വായു, വായു പോയി ജലം, ജലം പോയി പൃഥിവി ഇങ്ങനെ പ്രതിലോമപ്രക്രിയയും സംഭവിക്കുന്നു." "തൻെറ പോക്ക് എങ്ങോട്ടേയ്ക്കാണെന്ന് ഉന്മത്തൻ അറിയുന്നില്ല." "ജീവിതം മുഴുവനും അവരവൎക്ക് നിത്യസമ്പൎക്കമുള്ളതും പ്രപഞ്ചത്തെ ഭരിക്കുന്നതുമായ ചിച്ഛക്തിയെ മനുഷ്യർ ആദരിക്കുന്നില്ല." "യഥാൎത്ഥത്തിൽ നിത്യവും കണ്ടുകൊണ്ടിരിക്കുന്നവ തന്നെയും മനുഷ്യൎക്ക് അപരിചിതങ്ങളായിട്ടാണിരിക്കുന്നതു്." "സംസാരിക്കുന്നതും പ്രവൎത്തിക്കുന്നതും ഉറക്കത്തിൽ ചെയ്യുന്നതുപോലെ ആകരുതു്; ഉറക്കത്തിലും ചിലർ സംസാരിക്കുകയും പ്രവൎത്തിക്കുകയും ചെയ്യാറു

ണ്ടല്ലോ." "അച്ഛനമ്മമാരെ അനുകരിക്കുന്ന ശിശുക്കളെപ്പോലെ, ബോധഹീനരായി നാം ഗതാനുഗതികത്വം അനുസരിച്ച് സംസാരിക്കുകയും പ്രവൎത്തിക്കുകയും ചെയ്തുകൂടാ."

തീർച്ചയായും നാളെയോ മററന്നാളോ മരണമുണ്ടാകുമെന്ന് ഒരു ദേവൻ നിനക്ക് അറിവു തന്നുവെന്നു വിചാരിക്കുക. നാളെയും മററന്നാളും തമ്മിലുള്ള അല്പമായ വ്യത്യാസത്തെ, അതിനീചബുദ്ധിയാണെങ്കിലല്ലാതെ, നീ കാൎയ്യമായിക്കരുതുകയില്ലല്ലോ. മരണം നാളെ പ്രഭാതത്തിൽ ആയാലും അനേകായിരം വൎഷം കഴിഞ്ഞായാലും അതിൽ വലിയ കാൎയ്യമൊന്നുമില്ല.

രോഗികളെ നോക്കി മരണം തീർച്ചയാക്കി പുരികം ചുളിച്ച എത്രയോ ഭിഷഗ്വരന്മാർ മരിച്ചു കഴിഞ്ഞു. ഇതുപോലെ, ഇതരന്മാരുടെ മരണം പ്രവചിച്ചിരുന്ന അനവധി ജ്യൗതിഷികന്മാരും മരണത്തെയും അനശ്വരതയെയും കുറിച്ച് പ്രൗഢോപന്യാസങ്ങൾ രചിച്ചിരുന്ന പല തത്വചിന്തകന്മാരും അനേകസഹസ്രം പടയാളികളെ ഖഡ്ഗത്തിനിരയാക്കി ഞെളിഞ്ഞിരുന്ന വീരയോദ്ധാക്കളും അധികാരശക്തിയാൽ സാധുജനദ്രോഹം അതിനൃശംസമായി ആചരിച്ച് അമർത്ത്യഭാവം നടിച്ചിരുന്ന അസംഖ്യം നിഷ്ഠുരശാസകന്മാരും ഐശ്വൎയ്യധോരണിയിൽ മുഴുകിയിരുന്ന ഹേലിസ്, പാംപേ, ഹെർക്ലാനം മുതലായ അനേകം നഗരങ്ങളും നാമാവശേഷമായി. നിൻെറ സമകാലികരിൽ പലരെയും കൂടി ഈ പട്ടികയിൽ ചേർക്കുക. ഒരുവൻ മറെറാരുവൻെറ മൃതശരീരം സംസ്കരിക്കുന്നു; അവൻെറ മൃതശരീരം വേറൊരുവൻ സംസ്കരിക്കുന്നു; ഇതൊക്കെ എത്ര ശീഘ്രം കഴിയുന്നുവെന്നാലോചിക്കുക. ചുരുക്കിപ്പറഞ്ഞാൽ, മാനുഷമായ സമസ്തവും നിസ്സാരം, ക്ഷണഭംഗുരം! ഇന്നലെ മാംസാസ്ഥിരക്തങ്ങളായിരുന്നതു് ഇന്നു വെറും ചാമ്പൽ! അതിനാൽ, അല്പമാത്രവി

സ്തൃതമായ ഈ ജീവിതകാലപരിധിയിൽക്കൂടി പ്രകൃതി നിയമങ്ങളെ തികച്ചും ആദരിച്ചുകൊണ്ടു തന്നെ കടന്നു പോകുകയും സന്തൃപ്തിഃയാട്ടക്രൂടിത്തന്നെ പ്രയാണം അവ സാനിപ്പിക്കുകയും വേണം. പാകമായ ഫലങ്ങളുടെ പ്ര വൃത്തി നോക്കുക. അവ ചരിതാൎത്ഥങ്ങളായി പ്രകൃതിമാ താവിനെ സ്തുതിച്ചുകൊണ്ടും വാസസ്ഥാനമരുളിയ ദ്രുമ ശാഖയെ കൃതജ്ഞങ്ങളായി നമിച്ചുകൊണ്ടും ശാന്തമായി അടൎന്നു വീഴുന്നു.

സമുദ്രതീരത്തിലെ പാറക്കെട്ടുപോലെ നീ അചഞ്ച ലനായിരിക്കണം. എത്രയോ തരംഗപരമ്പരകളുടെ നിര ന്തരാഘാതമേററിട്ടും അതു ലേശവും ഇളകുന്നില്ല; തരംഗ പരമ്പരകൾതന്നെ ഒടുവിൽ ശാന്തശീതളങ്ങളായി അതി ൻെറ പാദസേവ ചെയ്യുന്നു!

"അയ്യോ! എനിക്കിതു വന്നുചേൎന്നല്ലോ" എന്നു് നീ ഒരിക്കലും വിലപിക്കരുതു്. "ഈ അത്യാഹിതത്തി ലും ഞാൻ സന്തുഷ്ടനായിത്തന്നെയിരിക്കുന്നു. ഇതെന്നെ ഞെരിക്കുകയില്ല; ഭാവി എന്നെ ഭയപ്പെടുത്തുകയുമില്ല" എന്നാണു് നീ വിചാരിക്കേണ്ടതു്. അത്യാഹിതങ്ങൾ ആൎക്കും സംഭവിക്കാം; എന്നാൽ, മനഃസ്ഥൈൎയ്യം ഉല യാതെ വൎത്തിക്കാൻ ചുരുക്കംപേൎക്കു മാത്രമേ കഴിയൂ. മനഃസ്ഥൈൎയ്യം അഭംഗുരമായിരിക്കണമെങ്കിൽ, ഒന്നി നെയും അത്യാഹിതമായിക്കരുതരുതു്. മനുഷ്യൻെറ പ്രകൃതിയ്ക്കു വിരുദ്ധമല്ലാത്തതു് അവനു ദൗൎഭാഗ്യകര മാകുന്നതെങ്ങനെ? മനുഷ്യപ്രകൃതി നിയതിയുടെ അം ശംതന്നെയാകുന്നു. അതിനാൽ നിയതിയുടെ ഇച്ഛയനു സരിച്ചു് സംഭവിക്കുന്നതു് നിയതിയ്ക്കു വിരുദ്ധമാകുന്നതെ ങ്ങനെ? സകലസംഭവങ്ങൾക്കും കാരണം നിയതിയുടെ ഇച്ഛയാണെന്നു് നിനക്കറിയാമല്ലോ. ന്യായദീക്ഷ, ഔ ദാൎയ്യം, മിതശീലം, സൂക്ഷ്മത, സ്വാതന്ത്ര്യം, സത്യം, വിന യം മുതലായ യഥാൎത്ഥമനുഷ്യഗുണങ്ങളിൽനിന്നു് നിന്നെ

വ്യതിചലിപ്പിക്കാൻ ദൌർഭാഗ്യകരമായ ഏതെങ്കിലും സംഭവത്തിന്നു് കഴിയുമോ? അതിനാൽ ഒന്നും അഹിതമല്ലെന്നും എല്ലാം ഹിതം തന്നെയെന്നും നീ കരുതണം. ബുദ്ധിമാന്ദ്യമോ, മനഃക്ഷോഭമോ തോന്നുന്ന എല്ലാ അവസരങ്ങളിലും നീ ഈ തത്വം സ്മരിച്ചു് പ്രവർത്തിക്കേണ്ടതു് ആവശ്യമാകുന്നു.

താത്വികമായി വളരെ ശരിയല്ലെങ്കിലും മരണത്തെ അവഗണിക്കുവാൻ, ഫലപ്രദവും ലഘുവുമായ ഒരു മാർഗ്ഗമുണ്ടു്. അതു് ജീവിതത്തിൽ അത്യാസക്തിയോടുകൂടിയിരുന്ന ഓരോരുത്തരുടെയും അനുഭവം എന്തായിരുന്നുവെന്നു് ചിന്തിച്ചുനോക്കുകയാകുന്നു. യൌവ്വനദശയിൽതന്നെ മൃതിയടഞ്ഞുപോയവരെ അപേക്ഷിച്ചു് ദീർഘായുഷ്മാന്മാരായിരുന്നവർക്കു് കൂടുതൽ വല്ലതും സാധിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? ക്യാഡിക്യാനസ്, ഫാബിയസ്, ജൂലിയാനസ്, ലെപ്പിഡസ് എന്നീക്കൂട്ടരെല്ലാം നിബിഡാന്ധകാരത്തിൽ എവിടെയോ ലയിച്ചിരിക്കുന്നു. അനവധി ജനങ്ങളെ ഭൂഗർഭത്തിൽ തള്ളിവിട്ട ഇവരും ഒടുവിൽ അവരെ അനുഗമിക്കുകതന്നെയുണ്ടായി. ജനനമരണങ്ങൾക്കിടയ്ക്കുള്ള കാലം എത്ര പരിമിതം! നോക്കുക, എന്തുമാത്രം കഷ്ടതകൾ അനുഭവിച്ചും ഏതെല്ലാം തരക്കാരുടെ കൂട്ടത്തിൽ കൂടിയും എത്ര ദുർബലമായ ശരീരത്തെ ആശ്രയിച്ചും എന്തു പാടുപെട്ടുമാണു് മനുഷ്യർ ഈ അല്പകാലം കഴിച്ചുകൂട്ടുന്നതു്! ഈ ജീവിതത്തിന്നു് എന്തു വിലയാണു് കല്പിക്കാവുന്നതു്! നിന്റെ മുൻപിലും പിൻപിലും കിടക്കുന്ന കാലത്തിന്റെ അപ്രമേയത്വം ആലോചിക്കുക. അനന്തമായ ഈ കാലവിസ്തൃതിയിൽ, ജീവിതം മൂന്നു ദിവസത്തേയ്ക്കോ, മൂന്നുതലമുറയ്ക്കോ ആയിക്കൊള്ളട്ടെ; അതുകൊണ്ടു് എന്തു വ്യത്യാസം വരും?

എപ്പോഴും നീ എളുപ്പമായ മാർഗ്ഗത്തിൽകൂടി സഞ്ചരിക്കണം. ലഘുമാർഗ്ഗമാണു് സ്വാഭാവികം—പ്രകൃതി

യുടേതു്. വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ബുദ്ധിശക്തിയെയും യുക്തിയെയും അന്യൂനമായി അനുസരിക്കണം. ഈ നിഷ്ഠയാകട്ടെ അസ്വാസ്ഥത, കലഹം, കാപട്യം, ഡാംഭികഭാവം മുതലായ ദുർഗ്ഗുണങ്ങളിൽനിന്നു് നിന്നെ നിശ്ശേഷം മോചിപ്പിക്കും.

## അഞ്ചാം അദ്ധ്യായം

രാവിലെ കിടക്കയിൽ നിന്നും എഴുന്നേല്ക്കുവാൻ നിനക്കു് വൈമുഖ്യം തോന്നാം. എന്നാൽ, നീ ഇപ്രകാരം ചിന്തിക്കണം.—"ഒരു മനുഷ്യന്റെ കൃത്യം അനുഷ്ഠിക്കുവാനാണു് ഞാൻ എഴുന്നേൽക്കുന്നതു്. അതു ചെയ്വാൻ തന്നെയാണു് ഞാൻ ജനിച്ചതും ജീവിക്കുന്നതും. അങ്ങനെയിരിക്കേ, ഈ വൈമുഖ്യത്തിനു കാരണം എന്തു്? കിടക്കയിൽ പുതച്ചു മൂടി സുഖമായി കിടക്കുന്നതു് സന്തോഷകരം തന്നെ. എന്നാൽ, ഉദ്യമവും പ്രവൃത്തിയും വിട്ടു് സുഖവും സന്തോഷവും അനുഭവിക്കാനാണോ ഞാൻ ജനിച്ചതും ജീവിക്കുന്നതും. ചെറുചെടികൾ, പക്ഷികൾ, എറുമ്പു്, ചിലന്തി, മക്ഷിക, ഇവയൊക്കെ പ്രപഞ്ചത്തിൽ അതതിനു ചെയ്വാനുള്ള കൃത്യങ്ങളെല്ലാം ശരിക്കു നടത്തിക്കൊണ്ടിരിക്കുന്നതു് നീ കാണുന്നില്ലേ. നിന്നാൽ അനുഷ്ഠേയമായ മാനുഷകൃത്യം നിർവ്വഹിക്കാൻ നിനക്കു് വൈമുഖ്യമോ? നിന്റെ പ്രകൃതിയനുസരിച്ചു് അതു ചെയ്വാൻ നീ ഉത്സാഹഭരിതനായിപ്പുറപ്പെടേണ്ടതല്ലേ?" വിശ്രമത്തിന്റെ ആവശ്യകതയെക്കുറിച്ചാണെങ്കിൽ ശരി, വിശ്രമം ആവശ്യംതന്നെ; എന്നാൽ പ്രകൃതി അതിനു് ഒരളവു നിശ്ചയിച്ചിട്ടുണ്ടു്. ഭക്ഷ്യപേയങ്ങൾക്കും പ്രകൃതി മാത്ര കല്പിച്ചിട്ടുണ്ടു്; പക്ഷേ, എല്ലാവരും

ആ മാത്രയെ ലംഘിക്കുകയാണ് ചെയ്യുന്നതു്; വേണ്ട തിൽ കവിഞ്ഞും ആഹാരപദാർത്ഥങ്ങൾ ഉള്ളിലാക്കുന്നു. പ്രവൃത്തികളെ സംബന്ധിച്ചിടത്തോളം ഒരിക്കലും ആ മാത്ര കവിയുന്നില്ല, എന്നല്ല, ശക്യതയ്ക്കൊപ്പം പോലും അവ ചെയ്യപ്പെടുന്നുമില്ല. നമുക്കു് നമ്മെക്കുറിച്ചുതന്നെ ഭക്തിയില്ലെന്നാണല്ലോ ഇതിൻെറ അർത്ഥം. ഭക്തി ഉണ്ടായിരുന്നുവെങ്കിൽ നാം നമ്മുടെ പ്രകൃതിയെ ആദരിക്കുകയും അതിൻെറ ഇച്ഛയെ അനുസരിക്കുകയും ചെയ്യുമായിരുന്നു. നോക്കുക, അവനവൻെറ തൊഴിലിൽ യഥാർത്ഥമായ പ്രതിപത്തിയുള്ളവർ എന്താണു ചെയ്യുന്നതു്? കുളി, ഊണു് എന്നിവ പോലും ഉപേക്ഷിച്ച് അവർ സ്വന്തം തൊഴിലിൽ തന്നെ സദാ ജാഗരൂകരായിരിക്കുന്നു. ശില്പി, നർത്തകൻ, ധനാഭിലാഷി, യശഃകാംക്ഷി എന്നിങ്ങനെ ഓരോ കൂട്ടർ അവരവരുടെ പ്രവൃത്തിയിലും ഉദ്യമങ്ങളിലും എത്ര താൽപര്യം കാണിക്കുന്നു. അവർക്കുള്ളതു പോലെ തീവ്രമായ അഭിനിവേശം നമുക്കില്ല; നമ്മുടെ പ്രകൃതിയെ നാം മാനിക്കുന്നില്ല. ഇതിനു കാരണമെന്തു്? സമുദായത്തിനു ഗുണകരങ്ങളായ പ്രവൃത്തികൾ ചെയ്കയെന്ന നമ്മുടെ ധർമ്മം നികൃഷ്ടമെന്നോ നമ്മുടെ യത്നത്തെ അർഹിക്കുന്നതല്ലെന്നോ, നാം കരുതുന്നുവെന്നതാണോ?

അനുചിതങ്ങളോ ക്ഷോഭകരങ്ങളോ ആയ സകല വാസനകളും മനസ്സിൽനിന്നു് നിർമ്മാർജ്ജനം ചെയ്യാനും പ്രതിഷ്ഠിതപ്രജ്ഞനായി ശാന്തി നേടുവാനും വലിയ പ്രയാസമില്ല.

വാക്കിലും പ്രവൃത്തിയിലും പ്രകൃതിയെ ദൃഢമായി അനുസരിക്കാൻ ധൈര്യം സമ്പാദിക്കുക. ഇതരന്മാരിൽനിന്നുമുള്ള ബുദ്ധിശൂന്യമായ അനുമോദനമോ അവമാനമോ നിമിത്തം നീ നിൻെറ ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കരുതു്. എന്തെങ്കിലും ഒന്നു പറയുകയോ പ്രവർത്തിക്കുകയോ ചെയ്യേണ്ടതു് ആവശ്യവും ഗുണകരവുമാണെന്നു്

കണ്ടാൽ, അതു് ആത്മാർത്ഥതയോടുകൂടി പറയുകയോ പ്രവർത്തിക്കുകയോ തന്നെ വേണം. നിന്നെക്കുറിച്ചു് അന്യർക്കുള്ള അഭിപ്രായമെന്തെന്നു് അന്വേഷിക്കേണ്ട; അവർ അവരുടെ വ്യക്തിഗതമായ മനോഭാവവും പ്രചോദനവും അനുസരിച്ചായിരിക്കും ഗുണദോഷനിരൂപണം ചെയ്യുന്നതു്. അവരുടെ നേക്കു് തിരിഞ്ഞു നോക്കുകപോലും വേണ്ട; നിൻെറ സ്വന്തം പ്രകൃതിയേയും വിശ്വപ്രകൃതിയേയും അവലംബിച്ചുകൊണ്ടു് നേരേ നടന്നുകൊള്ളുക. അവ രണ്ടും കാട്ടിത്തരുന്ന മാൎഗ്ഗം ഒന്നുതന്നെ.

ഞാൻ പ്രകൃതിമാൎഗ്ഗത്തിൽ ചരിക്കുകയും ഒടുവിൽ നിലം പതിച്ചു് അന്ത്യവിശ്രമം അടയുകയും ചെയ്യും. ദിനംപ്രതി ശ്വസിക്കാൻ വേണ്ട വായു യാതൊരു ഭൂതത്തിൽ നിന്നു് എനിക്കു ലഭിച്ചുകൊണ്ടിരിക്കുന്നുവോ, ആ ഭൂതത്തിൽ തന്നെ ഞാൻ എൻെറ പ്രാണനെ ലയിപ്പിക്കും. എൻെറ ഉൽപത്തിക്കു കാരണമായ രക്തവും ബീജവും എൻെറ മാതാപിതാക്കന്മാൎക്കു് ഏതു ഭൂമി ദാനംചെയ്തുവോ, എന്നെ വളൎത്തുവാൻ വേണ്ട മുലപ്പാൽ എൻെറ ധാത്രിക്കു് ഏതുഭൂമി നല്കിയോ, ഇത്രയും കാലമായി എനിക്കു് ഭോജ്യപേയങ്ങൾ തന്നും എൻെറ പാദതാഡനങ്ങൾ ഏററം ഏതു ഭൂമി ക്ഷമാപൂൎവ്വം കഴിയുന്നുവോ, പലേ കാൎയ്യസാദ്ധ്യത്തിനും ഞാൻ ഏതുഭൂമിയെ വിനിയോഗം ചെയ്യുന്നുവോ, ആ ഭൂമിക്കായിട്ടുതന്നെ ഞാൻ എൻെറ ഈ ശരീരത്തെ ചരമാൎപ്പണം ചെയ്യും.

അന്യരെ രസിപ്പിക്കുവാൻ വേണ്ട ഫലിതചാതുൎയ്യം നിനക്കില്ലായിരിക്കാം; ഇരിക്കട്ടെ, എന്നാൽ മററു പല കൎമ്മങ്ങളും ഫലപ്രദമായി ചെയ്യാൻ ആവശ്യമായ സാമൎത്ഥ്യം നിനക്കു് പ്രകൃതി നല്കീട്ടുണ്ടു്. ആത്മാൎത്ഥത, ഗൗരവം, ക്ലേശസഹിഷ്ണുത, സുഖഭോഗവൈമുഖ്യം, ഭാഗ്യസംതൃപ്തി, പരോപകാരതൽപരത, നിഷ്ക

പടുത, മിതശീലം, നാട്യരാഹിത്യം, എന്നീ മഹൽഗുണങ്ങൾ നിനക്ക് സ്വായത്തങ്ങളാണല്ലോ; അവയെ പ്രയോഗത്തിൽ വരുത്തുക. അവയെ ശരിയായി ഉപയോഗിക്കാൻ പ്രകൃതിസിദ്ധമായ വാസനയും നൈപുണ്യവുമില്ലെന്ന് നിനക്ക് ഒഴികഴിവുപറവാൻ സാധിക്കുകയില്ല. എന്നിട്ടും നീ മനഃപൂർവ്വമെന്നപോലെ പിന്നിൽ നില്ക്കുകയല്ലേ ചെയ്യുന്നതു്? സർവ്വദാ വിലപിച്ചും കിഴിഞ്ഞും പാവപ്പെട്ട ശരീരത്തെപ്പഴിച്ചും അന്യരെ പ്രസാദിപ്പിച്ചും ഇല്ലാത്ത മേന്മ നടിച്ചും മനഃശാന്തിവെടിഞ്ഞും കഴിയുകയെന്നതു് സ്വാഭാവികമായ അശക്തതനിമിത്തമാവുന്നതെങ്ങനെ? ഒരിക്കലും അല്ല. ഈ ദുർഗ്ഗുണങ്ങളെല്ലാം വളരെ മുമ്പേ നീ പറിച്ചു കളയേണ്ടതായിരുന്നു. വാസ്തവത്തിൽ നിനക്കു പറയത്തക്ക ദൂഷ്യം വല്ലതുമുണ്ടെങ്കിൽ തന്നെ അതു് ധാരണാശക്തിക്ക് അല്പമായുള്ള ഒരു മന്ദത മാത്രമാണു്. അഭിമാനം കൊണ്ടടങ്ങിയിരിക്കാതെ ഇതിനെക്കുറിച്ചു വേണ്ടവണ്ണം ശ്രദ്ധിക്കുന്നപക്ഷം അഭ്യാസത്താലും നിയന്ത്രണത്താലും ഈ ദോഷം പരിഹരിക്കുകയും ചെയ്യാം.

അന്യന് ഒരു ഉപകാരം ചെയ്താൽ അതിൽ അഭിമാനം കൊള്ളുന്നവരും പ്രതിഫലം കാംക്ഷിക്കുന്നവരും ചിലരുണ്ടു്. മററു ചിലർ പ്രതിഫലം കാംക്ഷിക്കയില്ലെങ്കിലും അവർ ചെയ്ത ഉപകാരത്തെപ്പററി ഓർത്തുകൊണ്ടിരിക്കുകയും ഉപകൃതന്മാർ അവർക്ക് കടപ്പെട്ടവരാണെന്നു് കരുതുകയും ചെയ്യും. എന്നാൽ, സ്വയം എന്തെങ്കിലും ചെയ്തതായ ഓർമ്മപോലും വെച്ചുകൊണ്ടിരിക്കാത്ത മൂന്നാമതൊരു കൂട്ടരുണ്ടു്. അവരെ മുന്തിരിവള്ളിയോടുപമിക്കാം. കായുണ്ടാക്കി വളർത്തി പഴുപ്പിച്ചു കഴിഞ്ഞാൽ ദ്രാക്ഷാലതയ്ക്കു് പിന്നീടൊന്നും കൈവരുത്തേണ്ടതായിട്ടില്ല; വീണ്ടും പൂത്തു് കായ്ക്കുവാനാണതിന്റെ സംരംഭം. ഓട്ടം കഴിഞ്ഞെത്തിയ ജവനാശ്വ

ത്തെപ്പോലെയോ, മൃഗത്തെ ഇളക്കി വിട്ടു കഴിഞ്ഞ നായാട്ടനായെപ്പോലെയോ, തേൻ സംഭരിച്ചു തീർന്ന മക്ഷികയെപ്പോലെയോ, താൻ ചെയ്ത സൽകൃത്യത്തിൽ അഭിമാനം പുലത്താതെ തന്നെ, മനുഷ്യനും പെരുമാറണം. ഏതെങ്കിലും ഒരു നല്ല കാര്യം ചെയ്തു കഴിഞ്ഞാൽ, അതുപോലെ മറെറാന്നു ചെയ്യാനായിരിക്കണം അടുത്ത ശ്രമം. അല്ലാതെ, താൻ ചെയ്തതു് അന്യരെ അറിയിക്കാൻ വേണ്ടി ദുരഭിമാനപ്രേരിതനായി ഉറക്കെ വിളിച്ചുപറഞ്ഞുകൊണ്ടു നടക്കാനായിരിക്കരുതു്. എല്ലാവരും പ്രവൃത്തി ചെയ്കയും ബുദ്ധിയില്ലാത്തവരെപ്പോലെ അക്കഥ അറിയാതിരിക്കുകയും ചെയ്യണമെന്നാണോ ഇപ്പറഞ്ഞതിന്റെ അത്ഥമെന്നു ചോദിക്കുകയാണെങ്കിൽ, അതേ എന്നുതന്നെയാണുത്തരം. എന്നാൽ ഓരോരുത്തരുടെയും പ്രവൃത്തിയെക്കുറിച്ചു് അവരവക്കു് സ്മരണ വേണ്ടേ ? മനുഷ്യൻ ഒരു സാമുദായികജീവിയല്ലേ? അവൻെറ പ്രവൃത്തി സമുദായത്തിനു ഗുണകരമായി ഫലിക്കുന്നുണ്ടോ എന്നു നോക്കേണ്ടതു് അവൻെറ സ്വാഭാവികധമ്മമല്ലേ ? എന്നുമാത്രമല്ല, അവൻെറ പ്രവൃത്തി സമുദായത്തിലെ ഇതരാംഗങ്ങളും കണ്ടറിയേണ്ടതല്ലേ? എന്നൊക്കെയാണു് വാദിക്കുന്നതെങ്കിൽ പറയാം. നീ പറയുന്നതു ശരിതന്നെ; എന്നാൽ, നിനക്കുള്ള ആ വാദത്തിൻെറ സ്വഭാവം നിനക്കു തന്നെ മനസ്സിലായിട്ടില്ലെന്നു തോന്നുന്നു. നീയും മുമ്പു പറഞ്ഞ കൂട്ടത്തിൽപ്പെടുന്ന ആൾ തന്നെ. ബുദ്ധിപൂർവ്വം പ്രകൃതിയെ അനുസരിക്കുന്ന ഒരാളുടെ പ്രവൃത്തി, അന്യർ അറിഞ്ഞില്ലെങ്കിലും ഫലം ഒന്നുതന്നെയല്ലേ? അന്യർ അറിഞ്ഞില്ലെന്നുവച്ചു് ആയാൾ തൻെറ സാമുദായികകൃത്യം അനുഷ്ഠിക്കാതെ വിട്ടുകളയുകയില്ല.

"ഭക്തവത്സല!, ദൈവമേ, മഴപെയ്യിക്കണേ, മഴ പെയ്യിക്കണേ; ഉഴുതു മറിച്ചിട്ടിരിക്കുന്ന (ആററിക്കായിലെ)

നിലങ്ങളിലും കൃഷിസ്ഥലങ്ങളിലും മഴ പെയ്യിക്കേണമേ"
—ഇതു് ആഥെൻസുകാരുടെ ഒരു പ്രാർത്ഥനയാണു്.
പ്രാർത്ഥിക്കണമെന്നുണ്ടെങ്കിൽ ഇതുപോലെ ലളിതവും
ഉൽകൃഷ്ടവുമായ രീതിയിൽ പ്രാർത്ഥിക്കണം.

കുതിരസവാരി ചെയ്യണം; ശുദ്ധജലത്തിൽ മുങ്ങിക്കുളിക്കണം; പാദരക്ഷ ധരിക്കരുതു്; എന്നിങ്ങനെ വൈദ്യൻ രോഗിയെ ഉദ്ദേശിച്ചു് ഓരോന്നു വിധിക്കുന്നുണ്ടെന്നു് നമുക്കറിയാമല്ലോ. ഇതുപോലെ രോഗപീഡ, അംഗഭംഗം, ബന്ധുജനനാശം മുതലായ ഓരോ അനുഭവങ്ങൾ വിശ്വപ്രകൃതിയും മനുഷ്യനു് വിധിക്കുന്നുണ്ടു്. വൈദ്യൻ വിധിക്കുന്നതു് രോഗിയുടെ ആരോഗ്യസംരക്ഷണത്തെ ഉദ്ദേശിച്ചാണെങ്കിൽ, പ്രകൃതിയുടെ വിധി മനുഷ്യന്റെ ഭാഗധേയത്തെ ലാക്കാക്കിയാകുന്നു. മനുഷ്യന്റെ ഭാഗധേയത്തെ സംബന്ധിച്ചു് സമുചിതവും ആവശ്യകവും ആയതു് ഇന്നതാണെന്നു പ്രകൃതി നിശ്ചയിക്കുകയും അതു് അവനു കൈവരുത്തുകയും ചെയ്യുന്നു. ഒരു ഭിത്തിപണിയുന്നതിനു് ഇന്നമാതിരി ഇഷ്ടിക കൊള്ളാം; അത്തരം ഇഷ്ടിക മാത്രമേ സമുചിതമായ വിധത്തിൽ ചേൎന്നിണങ്ങുകയുള്ളൂ. എന്നൊക്കെ കൽപ്പണിക്കാരൻ തീർച്ചയാക്കുന്നതു പോലെയാണിതു്. ഭിത്തിയുടെ ഘടകങ്ങളായ ഇഷ്ടികകൾക്കു് സാർവ്വത്രികമായ ഒരു യോജിപ്പും ചേർച്ചയും ഉണ്ടായിരിക്കുന്നതുപോലെ, വിശ്വപ്രവൎത്തനത്തിനും ഒരു സാമഞ്ജസ്യം ഉണ്ടു്. വിശ്വം എന്നതു് സകല വസ്തുക്കളുടേയും സമാഹാരമാണല്ലോ. അതുപോലെ, സകല കാരണങ്ങളുടേയും ആകത്തുകയായ മഹൽകാരണം തന്നെയാണു നിയതി. ഇതിൽ ഓരോ മനുഷ്യനുമുള്ള അംശം അവന്റെ ഭാഗധേയമാകുന്നു. കേവലം അനഭിജ്ഞന്മാൎക്കും ഇതു മനസ്സിലാക്കാൻ കഴിയും. ഇന്നതു് ഇന്നവനു സംഭവിച്ചു; അതു് അവന്റെ വിധിയാണു്, എന്നിങ്ങനെ സാധാരണമായിപ്പറയാറുണ്ടല്ലോ. മഹൽകാരണമായ നിയതി

യനുസരിച്ചാണ് ഓരോരുത്തൎക്കും അനുഭവങ്ങൾ ഉണ്ടാകുന്നതു്. അതിനാൽ, ആരോഗ്യസംരക്ഷണത്തിനു് വൈദ്യന്റെ വിധിയെയെന്നപോലെ ഭാഗധേയനിൎവ്വഹണത്തിനു് പ്രകൃതിയുടെ വിധിയേയും മനുഷ്യൻ അനുസരിക്കേണ്ടതാകുന്നു. വൈദ്യന്റെ വിധിയനുസരിച്ചു് കടുവും തീക്ഷ്ണവുമായ കഷായം മുതലായതു നാം സേവിക്കുന്നില്ലേ? അതുപോലെ, എത്ര സങ്കടകരമായിത്തോന്നിയാലും നിയതി വരുത്തുന്നതെല്ലാം നമ്മുടെ നന്മയ്ക്കാണെന്നു കരുതി നാം സന്തുഷ്ടിയോടുകൂടി സ്വീകരിക്കുകയും വിധിയെ അനുസരിക്കുകയും വേണം. ജഗത്തിന്റെ സുസ്ഥിതിക്കും ജഗദീശ്വരന്റെ തോഷത്തിനും ഉപകരിക്കാത്ത യാതൊന്നും നിയതി വരുത്തുകയില്ല. സമഷ്ടിയായ ജഗത്തിനു് ഗുണകരമോ ആവശ്യമോ അല്ലാത്തതു് വ്യഷ്ടിയായ മനുഷ്യനു വരുത്തീട്ടു് നിയതിക്കു കാൎയ്യമെന്തു്? ഇതുപോലെ വ്യഷ്ടിയുടെ പ്രകൃതിയും അതിനു വിധിച്ചിട്ടുള്ളതിനനുരൂപമായല്ലാതെ പ്രവൎത്തിക്കുകയില്ല. അതുകൊണ്ടു് രണ്ടു കാരണങ്ങളാൽ, നീ, നിനക്കു സംഭവിക്കുന്നതു് എന്തായാലും അതിൽ സന്തുഷ്ടനായിരിക്കണം. ഒന്നു്—നിനക്കായി മുമ്പുതന്നെ വിധിക്കപ്പെട്ടിട്ടുള്ളതും ജഗൽകാരണസ്വരൂപമായ നിയതിയിൽ നിന്റെ ഭാഗമായിട്ടുള്ളതും മാത്രമാണു് നിനക്കു വന്നുകൂടുന്നതു്. രണ്ടു്—ഓരോരുത്തൎക്കും സംഭവിക്കുന്നതു് ജഗന്നിയാമകശക്തിയുടെ പൂൎണ്ണപ്രവൎത്തനത്തിനും തുടൎച്ചക്കും ഉപകരിക്കുന്നതാകുന്നു. ജഗൽസ്വരൂപം തന്നെ കാൎയ്യകാരണബന്ധമാണല്ലോ. അതിനാൽ ജഗത്തിൽ കാൎയ്യങ്ങളുടേയൊ കാരണങ്ങളുടേയൊ സംബന്ധത്തിനും ഐക്യത്തിനും വ്യഷ്ടി നിമിത്തം ഭംഗം വരുന്നതായാൽ, അതു് സമഷ്ടിക്കും വൈകല്യമായി പ്പരിണമിക്കും. വന്നുചേരുന്ന അനുഭവങ്ങളിൽ അസംതൃപ്തി ഭാവിക്കുകയെന്നതു് മേൽപറഞ്ഞ കാൎയ്യകാരണ

ശൃംഖലയെ ശക്തിപൂർവ്വം ഭേദിക്കുകയെന്നതിനു തുല്യമാകുന്നു.

നിൻെറ പ്രവൃത്തികൾ ഓരോന്നും തത്വജ്ഞാനസിദ്ധാന്തങ്ങൾക്ക് അനുസൃതമാക്കാൻ സാധിക്കുന്നില്ലെന്നു വച്ച് കണ്ഠിതമോ, അധൈര്യമോ, അതൃപ്തിയോ തോന്നേണ്ട; ഒരിക്കൽ ഒന്നിൽ പരാജയം പറ്റുന്നപക്ഷം, വീണ്ടും അതിൽത്തന്നെ പ്രവർത്തിച്ച വിജയം നേടണം. നിൻെറ പ്രവൃത്തികൾ ഏറിയ ക്രമം പ്രകൃതിക്ക് യോജിച്ച വിധമാണെന്നു ബോധ്യംവന്നുകഴിഞ്ഞാൽമാത്രമേ സംതൃപ്തനാകാവൂ. ഏതു പ്രവൃത്തിയിലും ആത്മാർത്ഥമായ അഭിനിവേശവും ഉണ്ടായിരിക്കണം. നിഷ്ഠുരനായ ഒരു ശാസിതാവിനെയെന്നപോലെയല്ല തത്വജ്ഞാനത്തെ വീക്ഷിക്കേണ്ടതു്. രോഗാതുരൻ ഔഷധത്തെയെന്നപോലെ ശാന്തിസന്ദായകമെന്ന വിശ്വാസത്തോടുകൂടിത്തന്നെ നീ അതിൻെറ സിദ്ധാന്തങ്ങളെ ആശ്രയിക്കണം. തത്വജ്ഞാനം വിവേകബുദ്ധിയുടെ പരിണതഫലമാകയാൽ, അതിനെ ആശ്രയിക്കുന്നതുകൊണ്ടു് ബുദ്ധിയെ നീ സമാദരിക്കുകയാണ് ചെയ്യുന്നതു്. വിശേഷിച്ച്, നിനക്കു മനഃശാന്തിയും അതിൽനിന്നു ലഭിക്കുന്നു. നിൻെറ സാക്ഷാൽ പ്രകൃതിയും തത്വജ്ഞാനവും ഒന്നുതന്നെയാണ് അനുശാസിക്കുന്നതു്; പ്രകൃതിനിയമങ്ങളും തത്വജ്ഞാനസിദ്ധാന്തങ്ങളും ഭിന്നങ്ങളല്ല. എന്നാൽ, പ്രകൃതിയുടെ അഥവാ തത്വജ്ഞാനത്തിൻെറ പ്രതിഷേധത്തെ വിഗണിക്കുന്നവയായിത്തോന്നുന്ന ചില തരം ഇച്ഛകൾ നിന്നിൽ കാണപ്പെടുന്നതെങ്ങനെയെന്നു് നീ ചോദിച്ചേയ്ക്കാം. ആ ഇച്ഛകൾ സുഖഭോഗവാസനയുടെ പ്രലോഭനത്താൽമാത്രം അങ്കുരിക്കുന്ന വ്യാമോഹങ്ങളാകുന്നു. യാഥാർത്ഥ്യം ആലോചിച്ചുനോക്കുക. വിശാലഹൃദയത്വം, സ്വാതന്ത്ര്യം, സരളത, അക്ഷോഭ്യത, ഭക്തി ഇവയെല്ലാം സുഖഭോഗങ്ങളെക്കാൾ കൂടു

തൽ ആസ്വാദ്യങ്ങളല്ലേ? അഭിജ്ഞതയെ അപേക്ഷിച്ച് കാമ്യതരമായി മററന്തെങ്കിലും ഉണ്ടോ? ധാരണാശക്തിയേയും ജ്ഞാനത്തേയും സമാശ്രയിക്കുന്ന സംഗതികൾ എത്ര സുരക്ഷിതമായും ഭംഗിയായും പുരോഗമിക്കുന്നു!

സകല വസ്തുക്കളും ആവൃതങ്ങളായിരിക്കുന്നു. അവയുടെ യാഥാത്ഥ്യം കേവലം അജ്ഞേയമെന്നാണ് ശ്രേഷ്ഠന്മാരായ പല തത്വചിന്തകന്മാരുടേയും അഭിപ്രായം. സ്ഥായിക (Stoics) ന്മാക്കുപോലും യഥാത്ഥമായ വസ്തുസ്വഭാവം മനസ്സിലാക്കാൻ പ്രയാസമുണ്ട്. നമ്മുടെ ബുദ്ധിയാൽ രൂപീകൃതമാകുന്ന അഭിപ്രായംതന്നെ സ്ഥിരമാണെന്നു പറഞ്ഞുകൂടാ. ബുദ്ധിക്കും മാററംവന്നുകൊണ്ടിരിക്കുന്നു. വസ്തുക്കളുടെ സ്ഥിതിയും അങ്ങനെ തന്നെ. അവ എത്രനിസ്സാരങ്ങളും ക്ഷണഭംഗുരങ്ങളുമാണ്! അവ കുലടയ്ക്കും കശ്മലനും ഒരുപോലെ കൈവശപ്പെടുത്താവുന്നവയാണ്. നമ്മുടെ സഹജീവികളായ മനുഷ്യരുടെ സാന്മാർഗ്ഗികബോധം നോക്കുക. ഏററവും സമ്മതന്മാരെന്നു കരുതപ്പെടുന്നവരുടെ നടത്തപോലും ക്ഷന്തവ്യമല്ല. ചുരുക്കത്തിൽ, നമുക്ക് നമ്മുടെ നടപടികൾതന്നെ പലപ്പോഴും ഗർഹണീയങ്ങളായിട്ടാണ് തോന്നാറുള്ളതു്.

അന്ധകാരമാലിന്യങ്ങളുടെ ഈ ബഹളത്തിൽ-വസ്തുക്കളുടേയും കാലത്തിൻേറയും ഈ നിരന്തരപ്രവാഹത്തിൽ-ചലനത്തിൻേറയും ചലിതങ്ങളുടേയും ഈ വിഭ്രമപരിപാടിയിൽ—യഥാത്ഥമായ ആദരവിനെ അർഹിക്കുന്നതോ ഗൌരവബുദ്ധിയോടുകൂടി അനുസന്ധാനം ചെയ്യപ്പെടേണ്ടതോ ആയ യാതൊന്നും എനിക്ക് സങ്കല്പിക്കാൻപോലും നിവൃത്തിയില്ല. എന്നാൽ, സ്വാഭാവികമായ ദേഹവിയോഗത്തെ പ്രതീക്ഷിച്ചുകൊണ്ടു് സമാധാനചിത്തനായിരിക്കേണ്ടതു് മനുഷ്യൻെറ ധമ്മമാകുന്നു. ദേഹവിയോഗ

ത്തിനു വിളംബം നേരിടുന്നപക്ഷം, അതിൽ അക്ഷമ കാണിക്കുന്നതും ശരിയല്ല. ആ ഘട്ടത്തിൽ ആശ്വാസലാഭത്തിന്ന് അവലംബങ്ങളായ തത്വങ്ങൾ ഇവയാണ്. ഒന്ന്—വിശ്വപ്രകൃതിക്കു വിപരീതമായി യാതൊന്നും എനിക്കു സംഭവിക്കുകയില്ല. രണ്ട്—എൻെറ അന്തരാത്മാവിനും ഈശ്വരനും അഹിതമായി യാതൊന്നും ആചരിക്കാതിരിക്കാൻ എനിക്കു കഴിയും; എന്നെക്കൊണ്ട് നിർബന്ധപൂർവ്വം അഹിതം ആചരിപ്പിക്കാൻ ആക്കും സാധിക്കുകയുമില്ല.

'എന്റെ ചിത്തത്തെ ഞാനിപ്പോൾ എന്നിൽ വ്യാപരിപ്പിച്ചുകൊണ്ടിരിക്കുന്നു' എന്നു നീ എല്ലായ്പോഴും ചിന്തിക്കണം. അതിനും പുറമേ, 'അന്തരാത്മാവെന്ന പേരിൽ അറിയപ്പെടുന്ന അംശത്തിന്ന് എന്താണുള്ളത്? ആരുടെ ആത്മാവാണ് എനിക്കു ലഭിച്ചിരിക്കുന്നതു്? ഒരു ശിശുവിൻെറയോ, തരുണൻെറയോ, അബലയുടെയോ, നൃശംസൻെറയോ, കന്നുകാലിയുടെയോ, വന്യമൃഗത്തിന്റെയോ?' എന്നും നീ ആലോചിക്കേണ്ടതാകുന്നു.

സാധാരണമായി പലരും സമ്പത്തെന്നു കരുതുന്നതെന്താണെന്ന് നമുക്കു ചിന്തിക്കാം. ജ്ഞാനം, മിതഭോഗശീലം, ന്യായദീക്ഷ, ധൈര്യം എന്നിങ്ങനെയുള്ള ഗുണങ്ങളാണ് യഥാർത്ഥമായ സമ്പത്തെന്നു് ഗ്രഹിച്ചിട്ടുള്ള ഒരാൾ, ആദ്യമേ തനിക്കുള്ള ഈ ധാരണനിമിത്തം, പ്രസ്തുത ഗുണങ്ങളുമായി സമന്വയിക്കാൻ കഴിയാത്ത യാതൊന്നും ചെവിക്കൊള്ളുകയില്ല. എന്നാൽ, സാധാരണന്മാർ സമ്പത്തെന്നു കരുതുന്നവയെത്തന്നെയാണ് ആയാളും ആദ്യമേ സമ്പത്തായി കരുതിയിരുന്നതെങ്കിൽ, യാഥാർത്ഥ്യം ആലോചിക്കാൻ ആയാൾ മുതിരുമായിരുന്നില്ല, എന്നുമാത്രമല്ല, 'അധികം സമ്പാദ്യമുള്ളവന്ന് ആസനമുറപ്പിക്കാനിടമില്ല' എന്നു് കവി ആക്ഷേപിച്ചു പറഞ്ഞിട്ടുള്ളതു് ശരി

യെന്നു് ആയാൾ സമ്മതിക്കുകയും ചെയ്യുമായിരുന്നു. ആദ്യം പറഞ്ഞയാളിന്റെ സംഗതിയിൽ ഈ കവിവാക്യം യോജിക്കുന്നില്ലെന്നും ഭൂസ്വത്തും ഐശ്വര്യവിഭവങ്ങളുമുള്ളവക്കാണിതു പറയുന്നതെന്നും ഉള്ള വ്യത്യാസം സാധാരണന്മാർക്കും അറിയാം. സൂക്ഷ്മം ആലോചിച്ചുനോക്കുക: പ്രസ്തുതകവിവാക്യത്തിൽ സൂചിപ്പിക്കുന്ന സ്വത്തും വിഭവങ്ങളും വാസ്തവത്തിൽ കാമ്യങ്ങളോ, ആദരണീയങ്ങളോ ആണോ?

ജഡവും ചേതനവും എന്നു് രണ്ടുവിധവസ്തുക്കൾ ചേന്നാണു് ഞാൻ ഉണ്ടായിട്ടുള്ളതു്. ഇവ രണ്ടും നശിച്ചു് ഇല്ലാതെയാകുന്നവയല്ല; ശൂന്യത്തിൽ നിന്നുണ്ടായവയുമല്ല. അതിനാൽ, എന്റെ ഓരോ അംശവും പരിവത്തനഗതിയിൽ രൂപാന്തരപ്പെട്ടു് പ്രപഞ്ചത്തിന്റെ അംശമായിത്തീരും. ആ അംശം പിന്നെയും മാറി വേറൊന്നായിത്തീരും. ഇങ്ങനെ എല്ലാക്കാലത്തിലും ഓരോന്നു മാറി മാറി വന്നുകൊണ്ടേയിരിക്കും. ഈ പരിവത്തനഗതിയിൽ തന്നെയാണു് ഞാനും എന്റെ മാതാപിതാക്കന്മാരും അവരുടെ മുൻഗാമികളും ഉണ്ടായതു്. മരണംമുതൽ പുനർജ്ജനനം വരെയുള്ള നിർദ്ദിഷ്ടമായ ഓരോ കാലചക്രം തോറുമാണു് ഈ വിശ്വനിയമം പ്രവത്തിക്കുന്നതെന്നുവന്നാലും എന്റെ അഭിപ്രായത്തിനു പ്രമാദം സംഭവിക്കണമെന്നില്ല.

വിവേകവും അതുശരിയായി പ്രയോഗിക്കുവാൻ സാമത്ഥ്യവും ഉള്ളവക്കു് അവരുടെ കൃത്യനിവ്വഹണത്തിനു് മറെറാന്നും ആവശ്യമില്ല. അവക്കു് ആദിതത്വം മുതൽ നിർദ്ദിഷ്ടമായ അന്ത്യതത്വംവരെ ചെല്ലുവാൻ സാധിക്കും. ഈ പ്രയാണത്തിന്നു് ആർജ്ജവം (ഋജുഗതിയായ സാന്മാൎഗ്ഗികജീവിതം) എന്നുപറയുന്നു.

ഒരു മനുഷ്യനു് മനുഷ്യനെന്ന നിലയിൽ, സ്വന്തമല്ലാത്ത വസ്തുവകകളൊന്നും തന്റേതാണെന്നു് പറഞ്ഞു

ക്രൂടാ; അതൊന്നും അവന്ന് ആവശ്യമല്ല; അവന്റെ പ്രകൃതിക്ക ചേൎന്നതുമല്ല; ആ പ്രകൃതിയുടെ ഉദ്ദേശ്യപ്രാപ്തിക്ക് ഉപകാരപ്രദവുമല്ല. അതിനാൽ മനുഷ്യന്റെ ലക്ഷ്യമോ ആ ലക്ഷ്യം പ്രാപിക്കാനുള്ള മാൎഗ്ഗമോ വസ്തുവകകളിലല്ല സ്ഥിതിചെയ്യുന്നത്. അവന്ന് ലക്ഷ്യപ്രാപ്തിക്കുപകരിക്കുന്നത് നന്മയൊന്നു മാത്രമാകുന്നു. ധനവിഭവങ്ങൾ യഥാൎത്ഥത്തിൽ മനുഷ്യന്ന് സ്വന്തമായുള്ളവയാണെങ്കിൽ, അവയെ നിന്ദിക്കുകയും നിരാകരിക്കുകയും ചെയ്യുന്നതു തെററായിക്കും. അവയാണ് ശ്രേയസ്സിന്നുപകരിക്കുന്നവയെങ്കിൽ, അവയെ പ്രയോജനപ്പെടുത്താത്തവനും വേണ്ടെന്നു വയ്ക്കുന്നവനും ഗൎഹണീയനോ അയോഗ്യനോ ആയിരിക്കുമല്ലോ. എന്നാൽ വാസ്തവത്തിൽ ശ്രേയസ്സിന്നുപകരിക്കുന്നത് അവയുടെ ത്യാഗമാകുന്നു. അവയെ ഉപേക്ഷിക്കാൻ ഒരാൾക്ക് എത്രത്തോളം കഴിയുമോ അത്രത്തോളം അയാൾ ഉൽകൃഷ്ടനായിത്തീരുമെന്നതിന്ന് സംശയമില്ല. വസ്തുക്കൾ ഓരോന്നായി ത്യജിക്കുന്തോറും, അതുകൊണ്ടുണ്ടാകാവുന്ന നഷ്ടം സഹിക്കാൻ മനുഷ്യന്ന് ക്ഷമയും സന്തോഷവും വൎദ്ധിച്ചു വരുമെന്നു കാണാം.

മനസ്സിന്റെ സ്വഭാവം ചിന്തകളുടെ സ്വഭാവത്തെ അനുസരിച്ചിരിക്കുന്നു. ചിന്തകളുടെ നിറം ആത്മാവിൽ നിഴലിക്കുന്നു. ആകയാൽ, ഇത്തരം ഓരോ ചിന്തകളാൽ മനസ്സിനെ ശുദ്ധമാക്കുകയും ആത്മാവിന്ന് വൎണ്ണപ്രകൎഷം നല്കുകയും വേണം: "ജീവിതം സാദ്ധ്യമായുള്ളേടത്ത് സാധുജീവിതവും സാദ്ധ്യംതന്നെ. കൊട്ടാരത്തിലാണ് ജീവിതം നയിക്കേണ്ടിയിരിക്കുന്നതെങ്കിൽ, ഉൽകൃഷ്ടജീവിതം അവിടെയും ആകാമല്ലോ. ഓരോന്നും ഓരോ ഉദ്ദേശ്യസാദ്ധ്യത്തിനായി ഉണ്ടാകുന്നു; ആ ഉദ്ദേശ്യം സാധിക്കാൻ തന്നെയായിരിക്കും അതിന്റെ ഗതി; ഈ ഗതിയുടെ അവസാനത്തിൽ, അതിന്റെ ഉദ്ദേശ്യം സാധിക്കുന്നതോടു

കൂടി അതിന്ന് ജന്മസാഫല്യം കൈവരുന്നു; ഇങ്ങനെ അതിൻെറ പ്രയോജനം അവസാനിക്കുകയും ചെയ്യുന്നു. വിവേകിയായ ജീവിയുടെ പ്രയോജനം സമുദായഗുണത്തിന്നുപകരിക്കുകയെന്നതാണ്." നാം സമുദായശ്രേയസ്സിന്നു വേണ്ടി പ്രവൎത്തിക്കാൻ സൃഷ്ടിക്കപ്പെട്ടവരാണെന്ന് മുമ്പുതന്നെ സ്പഷ്ടമാക്കീട്ടുണ്ട്. താഴ്ന്നതരം ജീവികൾ ഉയൎന്നതരം ജീവികൾക്കും, ഉയൎന്നതരം ജീവികൾ പരസ്പരവും, ഉപകാരകങ്ങളായി വൎത്തിക്കണം. താഴ്ന്നതരങ്ങളെന്നു പറയപ്പെടുന്നവ ജീവനില്ലാത്തവയും ഉയൎന്നതരങ്ങൾ ജീവനുള്ളവയും ആകുന്നു. ജീവനുള്ളവയിൽ തന്നെ, വിവേകബുദ്ധിയുള്ളവ ഉൽകൃഷ്ടങ്ങളും അതില്ലാത്തവ നികൃഷ്ടങ്ങളുമത്രേ. ഇതെല്ലാം എത്രയോ സ്പഷ്ടമാണ്.

അസാദ്ധ്യകാൎയ്യങ്ങൾക്കായി പ്രവൎത്തിക്കുകയെന്നതു് കേവലം ഭ്രാന്താകുന്നു. എന്നാൽ അങ്ങനെ പ്രവൎത്തിക്കാതിരിക്കുകയെന്നതു് നീചബുദ്ധികൾക്ക് അസാദ്ധ്യവുമാണ്.

പ്രകൃത്യാ സഹിക്കാനോ താങ്ങുവാനോ കഴിയാത്തയാതൊന്നും ആൎക്കും സംഭവിക്കുന്നില്ല. എന്നാൽ ചിലർ അവൎക്കു സംഭവിക്കുന്ന സംഗതികൾ അറിയാത്തതുകൊണ്ടോ, അഥവാ അറിഞ്ഞാലും സ്വയം ധീരന്മാരെന്ന് അന്യരെ ഗ്രഹിപ്പിക്കാൻ വേണ്ടിയോ അചഞ്ചലിതരും അനുപകൃതരുമായി ഭാവിക്കുന്നുണ്ട്. ഇങ്ങനെ അജ്ഞാനവും അഹങ്കാരവും യഥാൎത്ഥജ്ഞാനത്തെക്കാൾ പ്രബലങ്ങളാണെന്നു ഭാവിക്കുന്നതു ലജ്ജാകരമാകുന്നു.

ജഡവിഷയങ്ങൾ ആത്മാവിനെ ലേശംപോലും സ്പൎശിക്കുന്നില്ല; ആത്മാവിൽ പ്രവേശമില്ലെന്നല്ല, ആത്മാവിനെ അനക്കുവാനോ ഇളക്കുവാനോ കൂടി അവയ്ക്കു കഴിയുന്നുമില്ല. എന്നാൽ, ആത്മാവു് സ്വയം ചലിക്ക

ന്നതും ഗുണദോഷങ്ങൾ നിർണ്ണയിച്ചുകൊള്ളുന്നതും ആ നിർണ്ണയത്തിന്ന് അനുരൂപമായി ബാഹ്യവിഷയങ്ങളെ രൂപാന്തരപ്പെടുത്തുന്നതുമാകുന്നു.

ഒരുപ്രകാരം നോക്കുമ്പോൾ, മനുഷ്യൻതന്നെയാണ് മനുഷ്യനോട്ട് ഏററവും അടുത്ത ബന്ധത്തിൽ വർത്തിക്കുന്നതു്. അതിനാൽ മനുഷ്യർ മനുഷ്യൎക്കു നന്മചെയ്യുകയും അവരുടെ ന്യൂനതകളെ സഹിക്കുകയും വേണം. എന്നാൽ, കർത്തവ്യാനുഷ്ഠാനത്തിൽ ചിലർ നമുക്കു് തടസ്സമായിത്തീരുന്നതിനാൽ, വെയിൽ, കാററു്, കാട്ടുജന്തു ഇവയോടെന്നപോലെ മനുഷ്യരോട്ടും നമുക്കു് ഒരു ഉദാസീനഭാവം കാണിക്കേണ്ടിവരുന്നുണ്ടു്. നമ്മുടെ കൃത്യങ്ങൾക്കു് ഇവർ തടസ്സമാകാമെങ്കിലും, നമ്മുടെ സ്വാധീനതയിൽ വർത്തിക്കുന്ന അന്തഃപ്രേരണകൾക്കോ സ്വഭാവനിഷ്ഠയ്ക്കോ പ്രതിബന്ധമായിത്തീരാൻ ഇവൎക്കു് ഒരിക്കലും സാധിക്കുകയില്ല. ബുദ്ധിക്കു് അതിൻെറ വ്യാപാരങ്ങൾക്കു പ്രതിബന്ധങ്ങളായിത്തീരുന്നവയെ എല്ലാം സാഹായ്യകങ്ങളായി രൂപാന്തരപ്പെടുത്തുവാൻ കഴിയും. അതിനാൽ ലക്ഷ്യപ്രാപ്തിക്കായുള്ള മാൎഗ്ഗത്തിൽ കാണാവുന്ന തടസ്സങ്ങൾ വാസ്തവത്തിൽ തടസ്സങ്ങളല്ല, അനുകൂലോപകരണങ്ങളാകുന്നു.

പ്രപഞ്ചത്തിൽ ഏററവും ഉൽകൃഷ്ടമായിട്ടുള്ളതിനെ നീ ആദരിക്കണം. അതു മററുള്ളവയെയെല്ലാം ഉപകരണങ്ങളാക്കി പ്രയോഗിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. ഇതുപോലെ നിന്നെ ഉപകരണമാക്കുന്നതും നയിക്കുന്നതുമായി നിന്നിൽ യാതൊന്നു് സർവോൽകൃഷ്ടമായി സ്ഥിതി ചെയ്യുന്നുവോ അതിനെയും നീ മാനിക്കണം. ഇവ രണ്ടും ഒന്നു തന്നെ. ഈ ഏകതത്വം തന്നെയാണു് പ്രപഞ്ചഗതമായ സകലതിനെയും നിയന്ത്രിക്കുന്നതു്.

രാഷ്ട്രത്തിന്നു ദോഷകരമല്ലാത്തതു്, പൗരന്ന് ദോഷകരമായിത്തീരുകയില്ല. ദോഷശങ്ക തോന്നുമ്പോഴെല്ലാം ഇങ്ങനെ ചിന്തിച്ചു കൊള്ളുക: ഇതു രാഷ്ട്രത്തിന്നു ദോഷം ചെയ്യുന്നതല്ലെങ്കിൽ എനിക്കും ദോഷകരമല്ലെന്നു നിശ്ചയം തന്നെ. രാഷ്ട്രത്തിന്നു ദോഷം പറവുന്ന പക്ഷം, ദോഷകൎത്താവിനോടു കോപിക്കുകയല്ല വേണ്ടതു്; ആയാൾക്കു് ആയാളുടെ തെററു ചൂണ്ടിക്കാണിക്കുകയാണാവശ്യം.

ഉള്ളതും ഉണ്ടാകുന്നതും രണ്ടും ഒന്നുപോലെ അതിവേഗത്തിൽ മറഞ്ഞു പോകുന്നു—കടന്നു പോകുന്നു. സകല വസ്തുക്കളുടെയും ഗതി, പ്രവാഹരൂപത്തിലാണു്. അതുപോലെ സമസ്തവ്യാപാരങ്ങളും പരിവൎത്തനവിധേയങ്ങളാകുന്നു. കാരണങ്ങളും നാനാപ്രകാരത്തിൽ പ്രവൎത്തിക്കുന്നവയാണു്. പ്രപഞ്ചത്തിൽ സ്ഥിരമായിയാതൊന്നും തന്നെയില്ലെന്നു പറയാം. ഭൂതകാലരൂപത്തിലും ഭാവികാലരൂപത്തിലും നിൻെറ സമീപത്തിൽ സ്ഥിതിചെയ്യുന്ന അഗാധങ്ങളായ മഹാഗൎത്തങ്ങളെക്കുറിച്ചാലോചിക്കുക. സമസ്തവും നിരന്തരം പാഞ്ഞുകൊണ്ടു് ഭൂതകാലമഹാഗൎത്തത്തിൽ ചെന്നടിയുന്നു. പരമാൎത്ഥം ഇങ്ങനെയിരിക്കേ, ദൎപ്പത്താൽ ഉദ്ധതനും ദുഃഖത്താൽ പീഡിതനും ഉൽക്കണ്ഠയാൽ ആതുരനും ആയിത്തീരുന്നവൻ ബുദ്ധിഹീനനല്ലേ? ഈ ഔദ്ധത്യവും പീഡയും ആകുലതയും എത്ര അല്പമായ കാലത്തേക്കുമാത്രമാണു് നിലനില്ക്കുന്നതു്!

ബൃഹത്തായ പ്രപഞ്ചവസ്തുവിനെപ്പററിച്ചിന്തിക്കുക. അതിൽ എത്രയോ ചെറിയ ഒരംശമാണു നീ. പ്രപഞ്ചത്തിൻെറ ആയുസ്സ് അനന്തം; അതിൽ നിൻെറ അംശമോ അതിതുച്ഛം. അതുപോലെ തന്നെ അനന്തമാണു് നിയതിയും; അതിൻെറ ഒരു ബിന്ദു മാത്രമാകുന്നു നിൻെറ ഭാഗം. എനിക്കു് മറെറാരാൾ അപകാരം

ചെയ്യുന്നുണ്ടോ എന്നു് ആയാൾ തന്നെയാണു് നോക്കേണ്ടതു്." ആയാളുടെ സ്വഭാവവും പ്രവൃത്തിയും നിയന്ത്രിക്കേണ്ടതു് ആയാളാകുന്നു. വിശ്വപ്രകൃതി എനിക്കായി കല്പിച്ചിട്ടുള്ളവയെല്ലാം എനിക്കുണ്ടു്; എന്റെ സ്വന്തം പ്രകൃതിയുടെ ഇച്ഛയനുസരിച്ചു് ഞാൻ പ്രവർത്തിക്കുകയും ചെയ്യുന്നു.

സുഖദുഃഖരൂപങ്ങളായ ശാരീരികവികാരങ്ങൾ, നിന്നെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ആത്മാംശത്തെ ബാധിക്കാൻ അനുവദിക്കരുതു്. ആത്മാംശം ശരീരവുമായി സംബന്ധപ്പെട്ടുവാൻ പാടില്ല. അതു് യാതൊന്നിനാലും അബാധിതമായിത്തന്നെ സ്ഥിതിചെയ്യണം. വികാരങ്ങൾ, ശരീരത്തിൽ അവയ്ക്കു കല്പിക്കപ്പെട്ടിട്ടുള്ള സ്ഥാനങ്ങളിൽ മാത്രം നില്ക്കേണ്ടവയാണു്. പല അവയവങ്ങൾ ചേർന്നു് ഏകരൂപമായിട്ടുള്ള ശരീരത്തിൽ ഒരിടത്തുണ്ടാകുന്ന വികാരം സർവ്വത്രവ്യാപിച്ചു് ബുദ്ധിയിലും കടന്നേയ്ക്കാം. അങ്ങനെ വരുമ്പോൾ ആ വികാരബോധത്തെ പരിഹരിക്കണമെന്നില്ല; ആ ബോധം സ്വാഭാവികമത്രേ. എന്നാൽ, അതിന്റെ ഫലമായി പ്രസ്തുതവികാരം നന്മയെന്നോ തിന്മയെന്നോ യാതൊന്നും തന്നെ അന്തരാത്മവു് വിവേചനം ചെയ്യാതെയിരിക്കണം.

ദേവന്മാരുടെ സാന്നിധ്യത്തിലെന്നപോലെ ജീവിക്കുക. തനിക്കു സിദ്ധിച്ചിട്ടുള്ള ഭാഗധേയത്തിൽ സന്തുഷ്ടിയാണുള്ളതെന്നും തന്റെ രക്ഷയും അവലംബവുമായി ദൈവം തനിക്കു നല്കിയിട്ടുള്ള അവിടുത്തെ അംശമായ അന്തരാത്മാവിന്റെ ഇച്ഛകളെ താൻ ശരിയായി അനുസരിക്കുന്നുണ്ടെന്നും നിരന്തരം തെളിയിച്ചുകൊണ്ടിരിക്കുന്നവൻ തന്നെയാണു് ദേവസാന്നിദ്ധ്യത്തിൽ ജീവിക്കുന്നതു്. ഓരോരുത്തർക്കുമുള്ള ബുദ്ധിയും വിവേകശക്തിയുമാണു് അന്തരാത്മാവെന്നു പറയുന്നതു്.

ഒരാളുടെ കക്ഷപ്രദേശം ദുർഗ്ഗന്ധമയമായിരിക്കാം; ആയാൾക്ക് വായ്നാററം ഉണ്ടായിരിക്കാം. അതു നിമിത്തം നീ ആയാളോടു കയക്കുമോ? കയത്തിട്ടു പ്രയോജനം എന്തു്? ആയാൾക്ക് അങ്ങനെയുള്ള കക്ഷപ്രദേശങ്ങളും വായുമാണുള്ളതു്; അവയിൽ നിന്നു് ദുർഗന്ധം പുറപ്പെടുകതന്നെ ചെയ്യും. എന്നാൽ, ആയാൾക്കു ബുദ്ധിയില്ലേ? മററുള്ളവക്കു് അസഹ്യതയുണ്ടാക്കുന്ന തൻെറ സ്ഥിതി ആയാൾക്കു് ആലോചിച്ചാൽ അറിയാൻ കഴിയാതെ വരുമോ? എന്നു ചോദിക്കുകയാണെങ്കിൽ പറയാം. ശരിതന്നെ; ആയാൾക്കെന്നു് എന്തിനു പറയുന്നു? നിനക്കും ബുദ്ധിയും വിവേകവുമില്ലേ? ഒരു വിവേകശക്തി മറെറാരു വിവേകശക്തിയെ പ്രവത്തിപ്പിക്കണം; ആയാൾ ചെയ്യുന്ന ഉപദ്രവം നീ ആയാളെ മനസ്സിലാക്കണം, ആയാളെ ഗുണദോഷിക്കണം. നിൻെറ ഗുണദോഷം ആയാൾ ചെവിക്കൊള്ളുന്നതായാൽ, തൻെറ വൃത്തിഹീനത ആയാൾതന്നെ മാററുമല്ലോ; കോപത്തിൻെറ ആവശ്യം എവിടെ? നീ ഒരു ശോകാന്തനാടകത്തിലെ നടനോ, വേശ്യയോ അല്ല.

ഇഹലോകം വെടിയാമെങ്കിൽ, ഇവിടത്തെ ഉപദ്രവങ്ങൾ ഒഴിയുമല്ലോ എന്നു നീ കരുതുന്നുണ്ടാവാം. എന്നാൽ, ഇവിടെത്തന്നെ നിർബാധം ജീവിക്കാൻ സാധ്യമല്ലെന്നുണ്ടോ? അങ്ങനെ ജീവിക്കാൻ മററുള്ളവർ നിന്നെ സമ്മതിക്കുകയില്ലെന്നു വരുന്നപക്ഷം, ഇഹജീവിതം ഉപേക്ഷിക്കുന്നതും കൊള്ളാം. എന്നാൽ, അപ്രകാരം ചെയ്യുന്നതു് ദുഃഖചിന്തയോടുകൂടി ആയിരിക്കരുതു്; 'ഈ ഗൃഹം പുകനിറഞ്ഞു് വാസയോഗ്യമല്ലാതാകുന്നതിനാൽ ഇവിടെ നിന്നും പോകുന്നു എന്ന മനോഭാവമാണുണ്ടായിരിക്കേണ്ടതു്; ദുഃഖഭാവമല്ല. എന്നാൽ നിഷ്ക്രമണത്തിനു കാരണമുണ്ടാകുന്നതുവരെ നിനക്കിവിടെത്തന്നെ സ്വതന്ത്രനായി ജീവിക്കാം. യഥേഷ്ടം

പ്രവൎത്തിക്കാൻ പ്രതിബന്ധമേയില്ല. ബുദ്ധിശക്തിയും വിവേകവുമുള്ള ഒരു സാമുദായികജീവിയുടെ പ്രകൃതിയനുസരിച്ച് പ്രവൎത്തിക്കാനാണല്ലോ നീ അഭിലഷിക്കുന്നതും.

വിശ്വചേതന, സാമുദായികഗുണത്തെ ലക്ഷ്യമാക്കുന്നു. അതനുസരിച്ച് താഴ്ന്നതരങ്ങൾ ഉയൎന്നതരങ്ങളുടെ ഗുണത്തിനായും ഉയൎന്നതരങ്ങൾ അതതുകളുടെ പരസ്പരഗുണത്തിനായും നിബദ്ധങ്ങളാകുന്നു. ഇങ്ങനെ വിശ്വപ്രകൃതി സകലത്തിനെയും കീഴ്ത്തരം, മേൽത്തരം, സമാനം ഈ വിധത്തിൽ വ്യവസ്ഥാപിക്കുകയും ഓരോന്നിനും അതതിന് ഉചിതമായ കൃത്യഭാഗം നിശ്ചയിക്കുകയും മേൽത്തരങ്ങളെ പരസ്പരാഭിവൃദ്ധിക്കായി സമന്വയിക്കുകയും ചെയ്തിരിക്കുന്നുവെന്നു കാണാം.

നീ ഇതേവരെ ദേവന്മാരോടും നിന്റെ മാതാപിതാക്കന്മാരോടും ഭ്രാതാക്കളോടും സന്താനങ്ങളോടും അദ്ധ്യാപകന്മാരോടും ശൈശവത്തിൽ നിന്നെ സംരക്ഷിച്ചവരോടും സ്നേഹിതന്മാരോടും ബന്ധുക്കളോടും ഭൃത്യന്മാരോടും എങ്ങനെയാണ് പെരുമാറീട്ടുള്ളതു്?

"മനസാ കൎമ്മണാ വാചാ
കൃതം നാന്യസ്യ പീഡനം."

എന്നു് നിന്നെക്കുറിച്ചു പറയത്തക്കവിധത്തിൽ തന്നെയാണോ നീ ഇതേവരെ എല്ലാവരോടും പെരുമാറീട്ടുള്ളതെന്നാലോചിക്കണം. നീ ഏതെല്ലാം പരീക്ഷണങ്ങളിൽ കൂടിക്കടന്നുപോന്നുവെന്നും എന്തെല്ലാം കഷ്ടതകൾ സഹിച്ചുവെന്നും ഓൎക്കേണ്ടതാണ്. നിന്റെ ജീവിതചരിതം സമാപ്തമാകാറായി; നിന്നെക്കൊണ്ടുള്ള പ്രയോജനം അവസാനിച്ചുവെന്നു തന്നെ പറയാം. നീ എത്രയെത്ര മനോഹരവസ്തുക്കൾ കണ്ടു; എത്രയെത്ര സുഖങ്ങളും ദുഃഖങ്ങളും ഉപേക്ഷിച്ചു; ബഹുമാന്യങ്ങളെന്നു കരുത

പ്പെടുന്ന എത്രയോ സംഗതികൾ നീ വലിച്ചെറിഞ്ഞു; എത്രയോ ദുർബ്ബുദ്ധികളുടെ നേക്ക് നീ കാരുണ്യവാനായി വത്തിച്ചു!

വൈദഗ്ദ്ധ്യവും ജ്ഞാനവും ഇല്ലാത്ത ആത്മാക്കൾ അതുള്ളവരെ ചലിപ്പിക്കണമെന്നുണ്ടോ? വിദഗ്ദ്ധജ്ഞാന സമ്പന്നരായ ആത്മാക്കൾ ആരെന്നു നോക്കുക. അവർ ജഗദ്വ്യവസ്ഥയുടെ ആദിയും അന്തവും അറിയുന്നവരാണ്. സവ്വവസ്തുക്കളിലും വ്യാപിച്ചിരിക്കുന്നതും അനന്തമായ കാലഗതിയിലൂടെ ജഗത്തിനെ ജനനമരണാദിചക്ര പരമ്പരാരൂപത്തിൽ നിലനിത്തി വരുന്നതും ആയ കാരണശക്തിയും അവക്ക് സുവിദിതമാകുന്നു.

ഇതാ! ഇനിയും ഒരല്പകാലം കഴിയുന്നതോടുകൂടി നീ വെറും ചാമ്പലായി, അസ്ഥിഖണ്ഡങ്ങളായി, പേരു മാത്രമായി, അതും അല്ലാതെയായി. പേരെന്നാൽ എന്തു? കേവലം ശബ്ദം—ഒരു പ്രതിദ്ധ്വനി! ജീവിതത്തിൽ അമൂല്യങ്ങളായി വിചാരിക്കപ്പെടുന്നവയെല്ലാം യഥാത്ഥത്തിൽ നിസ്സാരം—പൊള്ള—ചീഞ്ഞതു! മനുഷ്യരോ? മുരണ്ടു പരസ്പരം കടികൂടുന്ന പട്ടിക്കുട്ടികൾ; പിണങ്ങുകയും ചിരിക്കുകയും ഉടനെ ഉറക്കെക്കരയുകയും ചെയ്യുന്ന ശിശുക്കൾ! വിശ്വാസം, വിനയം, ന്യായം, സത്യം ഇവയെല്ലാം ഭൂതലത്തിൽ നിന്നു പറന്നു ചെന്നു സ്വർഗ്ഗത്തിൽ പററിയിരിക്കുന്നു. ഇനിയും നിന്നെ ഇവിടെ ബന്ധിച്ചു നിത്തുവാനെന്താണ് ശേഷിച്ചിട്ടുള്ളതു? ഇന്ദ്രിയവിഷയങ്ങൾ ക്ഷണഭംഗുരങ്ങളും അസ്ഥിരങ്ങളുമത്രേ. ഇന്ദ്രിയങ്ങളോ, പരിമ്ലാനങ്ങളും തെററായ ജ്ഞാനത്തെ എളുപ്പത്തിൽ സ്വീകരിച്ചുകൊള്ളുന്നവയുമാകുന്നു. ആത്മാവാണെങ്കിൽ, രക്തത്തിന്റെ ഉദ്ഗാരം മാത്രം. ഇങ്ങനെയിരിക്കുന്ന ലോകത്തിൽ യശസ്സു സമ്പാദിക്കുകയെന്നതും അന്തസ്സാരവിഹീനമായ ഉദ്യമം തന്നെ. ഈ സ്ഥിതി

ക്ക്, ചരമം അടയുവാൻ നീ ശാന്തിഭരിതനായി കാത്തിരിക്കുകയല്ലേ വേണ്ടതു്? ആ ചരമം നിനക്ക് നിശ്ശേഷനാശമോ, അവസ്ഥാന്തരപ്രാപ്തിയോ ഏതും ആയിക്കൊള്ളട്ടെ. അതിൻെറ സമയം ആസന്നമാകുംവരെയുള്ളൂ നിനക്ക് അവശ്യകർത്തവ്യമായുള്ളതു് ദേവസേവയും ദേവകീർത്തനവും അന്യന്മാർക്ക് നന്മ ചെയ്യലും ക്ഷമയും ആത്മനിയന്ത്രണവും അല്ലാതെ മററൊന്നുമല്ല. നിന്ദ്യമായ ഈ മാംസത്തിനും ശ്വാസത്തിനും അപ്പുറമുള്ളതൊന്നും നിൻെറതല്ല, നിനക്കു് അധീനവും അല്ല. ഈ വസ്തുതയും നീ ഓർത്തിരിക്കേണ്ടതാകുന്നു.

ശരിയായ മാർഗ്ഗത്തിൽ ചരിക്കുകയും ശരിയായവിധം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നപക്ഷം, പ്രശാന്തവും സുഗമവുമായ രീതിയിൽ ജീവിതം കഴിഞ്ഞുകൂട്ടും. ദേവന്മാരുടെ ആത്മാവിനും മനുഷ്യരുടെ ആത്മാവിനും തമ്മിൽ സമാനങ്ങളായി രണ്ടു തത്വങ്ങളുണ്ടു്. ഒന്നു്—ബാഹ്യമായ യാതൊന്നിനാലും പ്രതിബദ്ധമാകാതിരിക്കുകയെന്നതു്. രണ്ടു് ന്യായതൽപരമായ മനഃസ്ഥിതിയിലും ന്യായാചരണത്തിലും സ്ഥിതിചെയ്യുക എന്നതു്. ആ മനഃസ്ഥിതിയിൽ തന്നെ നിൻെറ ആശകൾ വിലയിക്കേണ്ടതാകുന്നു.

എൻെറ ദോഷവും, എന്നിലുള്ള ദോഷത്തിൻെറ ഫലവും, സമുദായഗുണത്തിന്നു് ആപൽകരമോ? അതല്ലെങ്കിൽ ഞാൻ എന്തിനു വ്യാകുലനാകുന്നു? ഞാൻ അവ്യാകുലനായിരുന്നാൽ സമുദായത്തിനു ദോഷമെന്താണുള്ളതു്?

പുറമേ കാണുന്നതെല്ലാം ശരിയെന്നു കരുതി വഞ്ചിതനാകരുതു്. എല്ലാ മനുഷ്യർക്കും അവരവരുടെ അർഹതയും നിൻെറ ശക്തിയും പരിഗണിച്ചു് സാഹായ്യം ചെയ്യണം. നന്മയോ തിന്മയോ അല്ലാത്ത ഉദാസീനവസ്തു

ക്കളുടെ നഷ്ടം അവക്കു സംഭവിച്ചിരിക്കാം. ആ നഷ്ടം യഥാൎത്ഥത്തിൽ ദോഷമാണെന്നു വിചാരിച്ചുകൂടാ. അങ്ങനെ വിചാരിക്കുന്നതു് ഒരു ദുസ്സ്വഭാവമായിത്തീരാം. നാടകത്തിലെ വൃദ്ധനെപ്പോലെ തന്നെ നീ ഇക്കാൎയ്യത്തിൽ പ്രവൎത്തിക്കണം. ശിശുസംരക്ഷകൻ, ഗൃഹത്തിൽ നിന്നു് വിട്ടുപോയപ്പോൾ പമ്പരത്തെ ആവശ്യപ്പെട്ടു. എന്നാൽ അതു് പമ്പരം മാത്രമാണെന്നുള്ള സംഗതി അയാൾ വിസ്മരിച്ചില്ല.

"എന്തിനാണു് ഈ വേദിയിൽനിന്നു് തൊണ്ട തുറന്നു് ബഹളം കൂട്ടുന്നതു്? നിങ്ങൾ പ്രസംഗിക്കുന്ന കാൎയ്യങ്ങളുടെ യാഥാൎത്ഥ്യം നിങ്ങൾ മറന്നുപോയോ?"—"ഇല്ല, മറന്നുപോയിട്ടില്ല; എന്നാൽ ഈ ശ്രോതാക്കൾക്കു് വളരെ പ്രധാനപ്പെട്ട കാൎയ്യങ്ങളാണിവ"—"ഇവയെക്കുറിച്ചു് ഇനിയും പ്രസംഗിക്കാൻ നടക്കുന്നതു് മൗഢ്യമല്ലേ?"—"അങ്ങനെയല്ല, ഞാൻ ഒരു കാലത്തു് സമ്പന്നനായിരുന്നു. എന്നാൽ, ആ സമ്പത്തു് എനിക്കു് എങ്ങനെയോ നഷ്ടമായിപ്പോയി" നീ ഒരു കാലത്തു് സമ്പന്നനായിരുന്നു എന്നു പറയുന്നതു ശരിയല്ല. ദിവ്യമായ സമ്പത്തിനായി മറ്റെല്ലാം ത്യജിച്ചിട്ടുള്ളവനാണു് സാക്ഷാൽ സമ്പന്നൻ. അവൻ എക്കാലത്തും സമ്പന്നൻ തന്നെ. യഥാൎത്ഥമായ സമ്പന്നതയുടെ ലക്ഷണം ആത്മസംസ്കാരവും സദ്വികാരങ്ങളും സൽപ്രവൃത്തികളും ആകുന്നു.

# ആറാം അദ്ധ്യായം

പ്രപഞ്ചവസ്തു, ഇഷ്ടംപോലെ വളയ്ക്കാവുന്നതും രൂപവൽകരിക്കാവുന്നതും ആകുന്നു. അതിനെ കൈകാര്യം ചെയ്യുന്ന സൃഷ്ടിശക്തിയിൽ ദോഷബീജം അടങ്ങിയിട്ടില്ല; അതിനാൽ സൃഷ്ടിശക്തിയാൽ തിന്മയുണ്ടായെന്നോ, വല്ലതിനും ദോഷം പററിയെന്നോ വരാൻ പാടില്ല. സകല വസ്തുക്കളും ഉണ്ടാകുന്നതും പരിപക്വദശയെ പ്രാപിക്കുന്നതും അതിൻെറ ഇച്ഛയനുസരിച്ചുതന്നെയാകുന്നു.

ശീതോഷ്ണബാധയോ, നിദ്രാലസതയോ, പ്രജാഗരണവൈവശ്യമോ, പരന്മാരുടെ അഭിനന്ദനങ്ങളോ നിന്ദനങ്ങളോ, മരണസമാഗമഭീതിയോ കാര്യാന്തരബാഹുല്യമോ നിമിത്തം നിൻെറ കർത്തവ്യാനുഷ്ഠാനത്തിനു് വ്യത്യാസമൊന്നും സംഭവിച്ചുകൂടാ. മരിക്കുക എന്നതും ജീവിതത്തിലെ കൃത്യങ്ങളിലൊന്നുതന്നെ. അതിനാൽ ആ കൃത്യവും ഭംഗിയായി നിറവേററുകതന്നെ വേണം.

ദൃഷ്ടിയെ ഉള്ളിലേയ്ക്കു വ്യാപരിപ്പിക്കണം. ഒരു പദാർത്ഥത്തിൻെറയും സവിശേഷമായ ഗുണമോ വിലയോ നീ കാണാതിരിക്കരുതു്.

കാണപ്പെടുന്ന സകല വസ്തുക്കൾക്കും ശീഘ്രപരിവർത്തനം സംഭവിക്കുന്നു. അവയുടെ മൗലികദ്രവ്യം ഒന്നുതന്നെയാണെങ്കിൽ, അവയെല്ലാം ഒന്നുപോലെ ബാഷ്പരൂപത്തെ പ്രാപിക്കുകയോ, അല്ലാത്തപക്ഷം ഘടകങ്ങളായി വേർപെട്ടുപോകുകയോ ചെയ്യുന്നു.

പ്രപഞ്ചനിയന്താവായ സൃഷ്ടിശക്തിക്കു് സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ എന്തെല്ലാമെന്നും താൻ പ്രവർത്തിക്കുന്നതെന്തെന്നും ഏതുപകരണങ്ങളെക്കൊണ്ടാണു് പ്രവർത്തിക്കുന്നതെന്നും അറിയാം.

അപകാരികളോട് പ്രത്യപകാരം ചെയ്യാതിരിക്കുകയാണ് ഉത്തമമായ പ്രതികാരപ്രവൃത്തി.

ഒരു സാമുദായികകത്തവ്യം അനുഷ്ഠിച്ചുകഴിഞ്ഞാൽ; ഉടനേ മറെറാന്നിലേക്കു പ്രവേശിക്കുകയെന്ന ഏകകാൎയ്യം തന്നെ ആനന്ദകരമെന്നും ശാന്തിപ്രദമെന്നും നീ കരുതുകയും ഈശ്വരസ്മരണയോടുകൂടി വൎത്തിക്കുകയും വേണം.

സൎവ്വനിയന്താവായ അന്തഃകരണം സ്വയം ചലിക്കുന്നതും സ്വയം നിയന്ത്രിക്കുന്നതുമാകുന്നു. അതു് സ്വന്തം ഇച്ഛയനുസരിച്ചു് ഏതുഭാവവും കൈക്കൊള്ളുകയും ബാഹ്യങ്ങളായ സമസ്തവസ്തുക്കൾക്കും സ്വേച്ഛാനുസൃതം ഏതുരൂപവും നല്കുകയും ചെയ്യും.

ഓരോ പ്രത്യേകവസ്തുവും പൂൎണ്ണത്വം പ്രാപിക്കുന്നതു് വിശ്വപ്രകൃതിയുടെ ഇച്ഛയനുസരിച്ചാകുന്നു; അല്ലാതെ, വിശ്വപ്രകൃതിയെ ഉൾക്കൊള്ളുന്നതോ, അതിൽ അടങ്ങുന്നതോ, അതിനു ബാഹ്യമോ സ്വതന്ത്രമോ ആയിട്ടുള്ളതോ ആയ മറെറാരു പ്രകൃതിയുടേയും ഇച്ഛയനുസരിച്ചല്ല.

വിശ്വം എന്നതു് ഒന്നുകിൽ വിവിധവസ്തുക്കളുടെ സംയോഗവിയോഗപരിപാടിയാൽ സങ്കുലമായ ഒരു വിപ്ലവരംഗം; അല്ലെങ്കിൽ മുൻകരുതലും മുറയും ഐക്യവും പരിലസിക്കുന്ന ഒരു വ്യവസ്ഥിതിമണ്ഡലം. യഥാൎത്ഥത്തിൽ ആദ്യം പറഞ്ഞതാണ് വിശ്വമെങ്കിൽ, ഈ വിപ്ലവകോലാഹലങ്ങളിൽ ജീവിതം നീട്ടിക്കൊണ്ടുപോകാൻ ഞാൻ ആഗ്രഹിക്കുന്നതെന്തിനു്? എനിക്കു് എങ്ങനെമണ്ണോടുചേരാമെന്ന ഒരൊററ വിചാരമല്ലാതെമറെറാന്നും ഉണ്ടായിരിക്കേണ്ട ആവശ്യമില്ല; ഈ വിചാരം എന്നെ അസ്വസ്ഥനാക്കുകയുമില്ല. എൻെറ ശരീരം അഴിഞ്ഞു് അതിൻെറ ഘടകങ്ങളായ ഭൂതപദാൎത്ഥങ്ങളായിപ്പിരിയുന്നതു് എൻെറ പ്രവൃത്തികളെ ആശ്രയിച്ചിരിക്കുന്ന ഒരു സംഗതിയല്ലല്ലോ. എന്നാൽ, വിശ്വത്തിന്റെ

യാഥാത്മ്യം രണ്ടാമത്തു പറഞ്ഞതാണെങ്കിൽ, ഞാൻ സ്ഥിരചിത്തനായി ജഗന്നിയന്താവിനെ ശരണം പ്രാപിക്കുകയും ഭക്തിയോടുകൂടി അവിടുത്തെ വണങ്ങുകയും ചെയ്യണം.

അവസ്ഥാന്തരങ്ങളുടെ നിർബ്ബന്ധത്താൽ നീ ചഞ്ചലനായിപ്പോവുകയാണെങ്കിൽ, ഉടൻതന്നെ പൂർവ്വസ്ഥിതിയിൽ സുസ്ഥിരനാവാൻ ശ്രമിക്കണം. ആ നിർബ്ബന്ധസ്ഥിതി മാറിയതിനുശേഷവും മനശ്ചാഞ്ചല്യം വച്ചുകൊണ്ടിരിക്കരുതു്. സ്ഥൈര്യഭാവം നിരന്തരം പരിശീലിക്കുന്നതായാൽ, സമചിത്തത എളുപ്പത്തിൽ കൈവരുത്താൻ സാധിക്കും.

നിനക്കു് മാതാവും ഒരു ഉപമാതാവും ഉണ്ടെങ്കിൽ ഉപമാതാവിനോടുള്ള കർത്തവ്യത്തിൽ നീ നിരതനായിത്തന്നെ വർത്തിക്കുമെങ്കിലും, ഏതു കാര്യത്തിനും നീ മാതാവിന്റെ അടുക്കൽ ചെന്നു് അവരെ ആയിരിക്കും ആശ്രയിക്കുന്നതു്. കൊട്ടാരവും തത്വജ്ഞാനവും യഥാക്രമം ഉപമാതാവിന്റേയും മാതാവിന്റേയും സ്ഥാനം വഹിക്കുന്നവയാണു്. മിക്കവാറും എല്ലാ സംഗതികളിലും നീ തത്വജ്ഞാനത്തെത്തന്നെ സമീപിക്കുകയും ആശ്രയിക്കുകയും വേണം. അതിന്റെ സാഹായ്യമുള്ള പക്ഷം കൊട്ടാരത്തിൽ കാണപ്പെടുന്നവയെല്ലാം ക്ഷന്തവ്യങ്ങളായിത്തീരും. അവിടെയുള്ളവർക്കു നീയും ക്ഷന്തവ്യനായിരിക്കും.

നമ്മുടെ മുൻപിൽ ഇറച്ചി മുതലായ ഭോജ്യങ്ങളും വീഞ്ഞു തുടങ്ങിയ പാനീയങ്ങളും വച്ചിരിക്കുന്നു എന്നു വിചാരിക്കുക. അവയെ വീക്ഷിക്കുന്ന നാം ഇപ്രകാരം ചിന്തിക്കാം—'ഈ കഷണം ഒരു പക്ഷിയുടെ ശരീരഭാഗമാണു്. ഇതു് ഒരു സൂകരത്തിന്റെയും അടുത്ത പാത്രത്തിലിരിക്കുന്നതു് ഒരു മത്സ്യത്തിന്റെയും ശവങ്ങളുടെ അംശങ്ങളാകുന്നു. ഈ സ്ഫടികക്കിണ്ണത്തിൽ ഒഴിച്ചു വച്ചിരിക്കു

ന്നതു് വെറും മുന്തിരിപ്പഴച്ചാറാണു്. ഞാൻ ധരിച്ചിരിക്കുന്ന ഈ ഉടുപ്പു് ഒരു തരം മത്സ്യത്തിൻെറ രക്തത്താൽ നിറം പിടിപ്പിക്കപ്പെട്ട ആട്ടിൻതുകൽ കൊണ്ടുണ്ടാക്കിയതത്രേ.' ഇത്തരം ചിന്തകളിൽ വ്യാപൃതരാകുന്ന നമുക്കു് നമ്മുടെ മുൻപിൽ കാണപ്പെടുന്ന വസ്തുക്കളുടെ ഉള്ളുകള്ളികൾ ഗ്രഹിക്കുന്നതിനു് സാധിക്കും. ജീവിച്ചിരിക്കുന്ന കാലമത്രയും നാം ഈ വിധത്തിൽ സൂക്ഷ്മദൃക്കുകളായിരിക്കണം. നമ്മുടെ ആദരം അർഹിക്കുന്നവയെന്നു പറയപ്പെടുന്ന സാധനങ്ങളും ഇപ്രകാരം പരിശോധിക്കപ്പെടുമ്പോൾ നിസ്സാരങ്ങളും നിന്ദ്യങ്ങളുമാണെന്നു വെളിപ്പെടും. അവയെ ഉൽകൃഷ്ടങ്ങളെന്നു ഘോഷിക്കാൻ പ്രയുക്തങ്ങളാകുന്ന വാക്കുകളുടെ വിലയും ഇതിൽ നിന്നു് സ്പഷ്ടമാകും. ബാഹ്യമായ മോടികൾ വിവേകബുദ്ധിയെ അത്ഭുതകരമായ വിധത്തിൽ തകിടം മറിക്കുന്നവയാണു്. "ഞാൻ ഏറ്റെടുത്തിരിക്കുന്നതു് ഒരു നല്ല കാര്യത്തിനാണു്. അതിനായി എന്തു പരിശ്രമം ചെയ്യുന്നതും നന്നു തന്നെ" എന്നൊക്കെ ദൃഢമായി വിശ്വസിച്ചു ഞെളിയുന്ന ഘട്ടങ്ങളിലാണു് അവ നിന്നെ വഞ്ചിക്കുന്നതു്. സെനോക്രേററസിനെക്കുറിച്ചു് ക്രേററസ് തന്നെ പറഞ്ഞിട്ടുള്ളതു് എന്താണെന്നാലോചിക്കുക.

പാമരജനങ്ങളുടെ ശ്ലാഘയ്ക്കു പാത്രമാകുന്നവ മിക്കവാറും വെറും സാധാരണവസ്തുക്കളാകുന്നു. കല്ലു്, മരം മുതലായ സാധനങ്ങൾക്കു് ആകൃതി സിദ്ധിക്കുന്നതു് അവയുടെ ഭാഗങ്ങൾ പരസ്പരം സംശ്ലിഷ്ടങ്ങളായിരിക്കുക നിമിത്തമാണല്ലോ. ഇങ്ങനെ മൂർത്തവസ്തുക്കളിൽ കാണപ്പെടുന്ന അവയവസംശ്ലേഷമോ, പ്രകൃതിദത്തമായ മററുബന്ധമോ മാത്രമാണു് പാമരന്മാർ ഗ്രഹിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നതു്. എന്നാൽ, ബുദ്ധിയും വിവേകശക്തിയും അല്പം കൂടി വികസിച്ചിട്ടുള്ളവർക്കു് ശ്ലാഘ്യങ്ങളായിത്തോന്നുന്നതു് ആട്ടിൻപററം, കന്നുകാലിക്കൂട്ടം എന്നി

ങ്ങനെ ജീവബന്ധത്താൽ സംശ്ലിഷ്ടങ്ങളായ വസ്തുക്കളാകുന്നു. ഒരു പററത്തിൽപ്പെട്ട ഓരോ ആടിനും പരസ്പരമുള്ള ബന്ധം ജീവൻെറ ബന്ധം ആണല്ലോ. ഇപ്രകാരം വ്യക്തിഗതങ്ങളായ ജീവബന്ധങ്ങളുടെ സമുച്ചയം തന്നെയാണ് പററം, കൂട്ടം മുതലായ ശബ്ദങ്ങളാൽ വിവക്ഷിക്കപ്പെടുന്നതു്. ഇനിയും, വിവേകസമ്പന്നമായ ആത്മാവിൻെറ ബന്ധത്താൽ വിശിഷ്ടങ്ങളായ വസ്തുക്കളാണ് ബുദ്ധിശക്തിക്ക് കറേക്കൂടി കൂടുതൽ വികാസം സിദ്ധിച്ചിട്ടുള്ള അഭിജ്ഞലോകത്തിൻെറ ശ്ലാഘയെ അർഹിക്കുന്നവ. ഇവിടെ വിവക്ഷിതമായ ആത്മബന്ധം എന്നതു് വിശ്വവ്യാപകമായ ആത്മാവിൻെറയല്ല, പിന്നെയോ, തൊഴിൽപരമായും മററും ബുദ്ധിയെ ഉപയോഗിച്ചു കഴിയുന്ന അടിമകൾ മുതലായ ആത്മാക്കളുടെ ബന്ധമാകുന്നു. എന്നാൽ, ഏററവും ഉൽകൃഷ്ടമായ ബുദ്ധിവികാസവും ആത്മബോധവും നേടിയിട്ടുള്ളവർ മേൽപറഞ്ഞ മാതിരിയുള്ള വസ്തുക്കളിൽ ശ്രദ്ധവയ്ക്കുന്നില്ല; അവർ അവരുടെ സ്വന്തം ശ്രേയസ്സിനും സാമുദായികഗുണ(ലോകസംഗ്രഹ)ത്തിനും ഉപകാരകമായ വിധത്തിൽ ആത്മപരിപാലനം ചെയ്കയും ഒരേ നിലയിൽ സ്ഥിതിചെയ്യുന്ന ഇതരവ്യക്തികളുമായി സഹകരിക്കുകയും ചെയ്യുന്നു.

വസ്തുക്കൾ പ്രതിനിമിഷം ആവിർഭവിക്കുകയും അതുപോലെ തിരോഭവിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ആവിർഭവിക്കുന്നവയിൽ ചില ഭാഗങ്ങൾ മുൻപുതന്നെ നശിച്ചിരിക്കുന്നതായും കാണപ്പെടുന്നുണ്ട്. കാലത്തിൻെറ അപ്രതിഹതമായ ഗതിയാൽ അനവസാനങ്ങളായ യുഗയുഗാന്തരങ്ങൾക്ക് നവീകരണം സിദ്ധിച്ചുകൊണ്ടിരിക്കുന്നതുപോലെ, ചലനങ്ങളാലും പരിവത്തനങ്ങളാലും ലോകത്തിനു് നിരന്തരം അഭിനവത്വം കൈവന്നുകൊണ്ടേയിരിക്കുന്നു. ഈ സ്ഥിതിക്ക്, സ്ഥായിയായ

യാതൊന്നുംതന്നെ കാണപ്പെട്ടുവാനില്ലാത്ത ഈ നിരന്തര പ്രവാഹത്തിൽ, അനുക്ഷണം മിന്നിപ്പൊലിഞ്ഞുപോകുന്ന വസ്തുക്കളുടെ ഈ നിചയത്തിൽ, മനുഷ്യന്റെ വിലമതിക്കത്തക്കതായിട്ടെന്തുണ്ടു്? പറന്നുപായുന്ന കുരുവിക്കൂട്ടത്തിൽപ്പെട്ട ഒരു കുരുവിയെ സ്നേഹിക്കാൻ മുതിർന്നാലത്തെ ഫലം എന്തായിരിക്കും? വിചാരിക്കുംമുൻപുതന്നെ അതങ്ങു പാഞ്ഞു മറഞ്ഞുകഴിയും. മനുഷ്യന്റെ ഈ ജീവിതംതന്നെ ഏതാണ്ടു് ഇതിനു തുല്യമല്ലേ?—രക്തത്തിന്റെ പരിവാഹവും വായുവിന്റെ ഗതാഗതവും. വായുവിനെ ഉള്ളിലേയ്ക്കു കടത്തിവിടുകയും ഉടനേ പുറത്തേയ്ക്കു തള്ളിക്കളകയുമാണ് അനുനിമിഷം നീ ചെയ്യുന്നതു്. ഇന്നലെ ജനനത്തിൽ സിദ്ധിച്ച ശ്വാസോച്ഛ്വാസശക്തിയെ നാളെ മരിക്കുമ്പോൾ ഒന്നോടെ വച്ചൊഴിയുന്നു; ജനനസമയത്തു് അകത്തേയ്ക്കു കടത്തിയതിനെത്തന്നെയാണ് മരണത്തിൽ പുറത്തേയ്ക്കു് തള്ളിവിടുന്നതു്.

എന്താണ് വിലയുള്ളതായി കരുതപ്പെടേണ്ടതു്? വൃക്ഷങ്ങളും ചെടികളും ചെയ്യുമ്പോലെയുള്ള വായപാദാനമാണോ? അല്ല, അതെത്രയോ നിസ്സാരം. എന്നാൽ പിന്നെ, ശ്വാസോച്ഛ്വാസമാണോ? കേവലം ഗൃഹജന്തുക്കളും വന്യമൃഗങ്ങളും കൂടി അതു ചെയ്യുന്നുണ്ടല്ലോ. അതുമല്ലെങ്കിൽ പിന്നെ, ഇന്ദ്രിയങ്ങളുടെ വസ്തുസ്വഭാവഗ്രഹണമാണോ? അതല്ല, നൂൽച്ചരടുകളാൽ ശവപോതങ്ങൾ എന്നപോലെ ആശകളാൽ മനുഷ്യൻ ബന്ധിക്കപ്പെടുന്ന രൂപമോ, ജനങ്ങളുടെ സംഘപ്രവർത്തനമോ അതോ ആഹാരത്തിന്റെ ശക്തിയോ, ഏതാണ് കാര്യമായി ഗണിക്കപ്പെടേണ്ടതു്? ശരീരത്തിലെ പോഷകശക്തിയാകട്ടെ, ആഹാരത്തെ ഇളക്കിമറിച്ചു് നിഷ്പ്രയോജനങ്ങളായ ഭാഗങ്ങളെ വേർപെടുത്തുന്നതേയുള്ളു. ഇതുപോലെ ഓരോന്നും വേർതിരിച്ചു് നല്ലതു സ്വീകരിക്കാൻ നമുക്കും കഴിയും; അതൊരു വലിയ കാര്യ

മല്ല. ഇനിയും നോക്കാം. നമ്മെ ജനങ്ങൾ ഹസ്ത ഘോഷങ്ങളോടു കൂടി സ്വീകരിക്കുകയെന്നതാണോ കാൎയ്യമായിട്ടു വിചാരിക്കേണ്ടതു്? അതുമല്ല, അവർ നമ്മെ ജിഹ്വാഘോഷപുരസ്സരം പ്രശംസിക്കുക എന്നതുമല്ല; അന്തസ്സാരവിഹീനമായ ഈ കീൎത്തിയെന്നുപറയുന്നതിൽ നിനക്കു് ആഗ്രഹമില്ലെന്നുവരാമല്ലോ. കാൎയ്യമായിട്ടു പിന്നെയെന്താണുള്ളതു്? എന്റെ അഭിപ്രായം പറയുന്നതായാൽ, നമ്മുടെ ഘടനയ്ക്കു യോജിച്ചവിധമായ നിയന്ത്രണവും പെരുമാററവുമാണു് കാൎയ്യമായിപ്പരിഗണിക്കേണ്ടതു്. സകല പരിശീലനങ്ങളും സകല കലാവിദ്യകളും നമുക്കു് ഈ വസ്തുതയെ മനസ്സിലാക്കിത്തരുന്നു. ഓരോ കലാകാരനും അവന്റെ നിൎമ്മിതികൾ അവൻ പ്രതിനിധീകരിക്കുന്ന കലയുടെ ഉദ്ദേശ്യത്തിനനുരൂപങ്ങളായിരിക്കണമെന്ന സംഗതിയിൽ ശ്രദ്ധാലുവാകുന്നു. ചെടികൾ നട്ടുപിടിപ്പിക്കുന്ന തോട്ടക്കാരൻ, കുതിരകളെ പ്പഴക്കുന്നവൻ, നായ്ക്കളെ അഭ്യാസം പരിശീലിപ്പിക്കുന്ന വൻ ഇവരെല്ലാം താന്താങ്ങളുടെ തൊഴിലിൽ കലാകാര ദൃഷ്ടി പതിപ്പിക്കുന്നവരാകുന്നു. യുവജനങ്ങൾക്കു നല്കപ്പെടുന്ന വിദ്യാഭ്യാസത്തിന്റെയും പരിശീലനങ്ങളുടെയും ഉദ്ദേശ്യം അവൎക്കു് അവരുടെ പ്രകൃതിക്കും ഘടനയ്ക്കും അനുരൂപമായ നിയന്ത്രണവും പെരുമാററവും കൈവരുത്തണമെന്നതാണു്. ഇതത്രേ നാം വിലയുള്ളതായിട്ടു കരുതേണ്ടതു്, അല്ലാതെ മറെറാന്നുമല്ല. ഇതുകൊണ്ടു മാത്രമേ നിനക്കു് സ്വാതന്ത്ര്യവും സന്തുഷ്ടിയും അക്ഷോഭ്യതയും സിദ്ധിക്കുകയുള്ളു. മററനേകകാൎയ്യങ്ങളാണു് പ്രധാനങ്ങളെന്നു് നീ വിചാരിക്കുന്നതെങ്കിൽ, ആ "മററനേക കാൎയ്യങ്ങൾ" കരസ്ഥമാക്കീട്ടുള്ളവരെന്നു് കരുതുന്നവരുടെ നേൎക്കു് ദ്വേഷവും അസൂയയും സംശയവും നിനക്കു് നിശ്ചയമായും തോന്നാതിരിക്കുകയില്ല; എന്നല്ല, നീ ചഞ്ചലചിത്തനായിട്ടു് ദേവന്മാരെ പഴിച്ചുവെന്നും വരാം. നേരേ

മറിച്ച്, നീ നിന്റെ മനസ്സിനെ ആദരിക്കുകയും അതിന്റെ പ്രേരണകൾക്കനുരൂപമായി പ്രവർത്തിക്കുകയും ചെയ്യുന്നതായാൽ, നിനക്ക് ദേവന്മാരുടെ ഇച്ഛയ്ക്കൊത്തവണ്ണവും പൊതുജനശ്രേയസ്സിന്നനുകൂലമായും ആത്മസംതൃപ്തിയോടുകൂടി ജീവിക്കാനും ദേവന്മാർ നല്കുന്നതെല്ലാം സന്തോഷപുരസ്സരം സ്വീകരിച്ച് അവരെ കീർത്തിക്കാനും അവരുടെ കല്പനകളെ ശിരസാവഹിക്കാനും സാധിക്കും.

മുകളിലും താഴെയും നാലുപുറത്തും എവിടെയും ഭൂതപദാർത്ഥങ്ങളുടെ പ്രചാരം കാണപ്പെടുന്നു. എന്നാൽ നന്മയുടെ പ്രചാരം ഇക്കൂട്ടത്തിൽ അനുഭവപ്പെടുന്നില്ല. അതു ദിവ്യമായ ഒന്നാണ്; അതിൻെറ ശാന്തസുന്ദരമായ ഗതി അദൃശ്യമായ മാർഗ്ഗത്തിലൂടെയാകുന്നു.

മനുഷ്യരുടെ സ്വഭാവം എത്ര വിചിത്രമാണ്. അവരോടുകൂടി ജീവിക്കുന്ന സമകാലികന്മാരെ പ്രശംസിക്കാൻ അവർക്കു മനസ്സില്ല; ഭാവിതലമുറക്കാർ അവരെ പ്രശംസിക്കണമെന്നാണ് അവരുടെ ആഗ്രഹം. കണ്ടിട്ടില്ലാത്തവരും കാണ്മാൻ കഴിയാത്തവരുമായ ഭാവിജനങ്ങളുടെ പ്രശംസയെ അവർ വളരെ വിലവയ്ക്കുന്നു. അവരുടെ ഈ മനോഭാവമാകട്ടെ, കഴിഞ്ഞതലമുറക്കാർ അവരെ സ്തുതിച്ചില്ലല്ലോ എന്നു വിചാരിച്ച് സങ്കടപ്പെടുന്നതിനു തുല്യമാണല്ലോ.

നിനക്ക് ഏതെങ്കിലും ഒരു പ്രവൃത്തി ചെയ്യാൻ പ്രയാസമുണ്ടെന്നു വച്ച് അതു മനുഷ്യർക്ക് സാധ്യമേയല്ലെന്നു വിചാരിക്കരുത്. ഒരുവൻെറ പ്രകൃതിക്കിണങ്ങുന്നതും അവനു സാധ്യവുമായ പ്രവൃത്തി നിനക്കും ചെയ്യാവുന്നതുതന്നെ.

കായികാഭ്യാസക്കളരിയിൽ നിന്നോടു മല്ലിടുന്ന എതിരാളി നഖം കൊണ്ടു് നിൻെറ ശരീരം മാന്തിപ്പൊളിച്ചുവെന്നും നിൻെറ തലയ്ക്കു് താഡനം ഏല്പിച്ചുവെന്നും വിചാരിക്കുക. നീ അയാളോടു വിരോധം ഭാവിക്കുക

യോ, ആയാളെ ദ്വേഷിക്കുകയോ, ആയാൾ ചതിയനെന്നു വിചാരിക്കുകയോ ചെയ്യുകയില്ലല്ലോ. എന്നാലും, പിന്നീടു നീ കരുതലോടു കൂടിയിരിക്കുകയും ആയാൾക്കു മുൻപിലത്തെപ്പോലെ പ്രവൎത്തിക്കാൻ സൗകൎയ്യം കൊടുക്കാതെ സൂക്ഷിച്ചു കൊള്ളുകയും ചെയ്യും. ഇങ്ങനെ ചെയ്യുന്നതു് സംശയമോ വിരോധമോ നിമിത്തമല്ല. ജീവിതത്തിലെ മറെറല്ലാക്കാൎയ്യങ്ങളിലും ഇതുപോലെ തന്നെ നീ പെരുമാറണം. കളരിയിലെ ചങ്ങാതിയോടെന്നപോലെ, ജീവിതത്തിലെ മററു ചങ്ങാതികളോടും നീ സകല കാൎയ്യത്തിലും ക്ഷമാപൂൎവ്വം പെരുമാറണം. തെററു ചെയ്യുന്നവരിൽ നിന്നകന്നു നില്ക്കാനും വിരോധമോ സംശയമോ പുലൎത്താതിരിക്കാനും നിനക്കു് ധാരാളം കഴിയുമെന്നതിനു സംശയമില്ല.

എന്റെ ചിന്തയോ പ്രവൃത്തിയോ തെററാണെന്നു് ആരെങ്കിലും ചൂണ്ടിക്കാണിച്ചു തരുന്ന പക്ഷം, അതു മാററുവാൻ എനിക്കു സന്തോഷമേ ഉണ്ടായിരിക്കുകയുള്ളൂ. ഞാൻ ആരായുന്നതു് ആൎക്കും ദോഷം ചെയ്യാത്ത സത്യത്തെയാകുന്നു. അജ്ഞതയും പ്രമാദവും പുലൎത്തുവാൻ നിൎബന്ധം വച്ചുകൊണ്ടിരിക്കുന്നവനാണു് ദോഷം പററുന്നതു്.

ഞാൻ എന്റെ കൃത്യം അനുഷ്ഠിക്കുന്നു; മററുള്ളവയൊന്നും എന്നിൽ ഉൽക്കണ്ഠയെ ജനിപ്പിക്കുന്നില്ല. അവയൊക്കയും നിൎജ്ജീവങ്ങളോ ബുദ്ധിശൂന്യങ്ങളോ മാൎഗ്ഗഭ്രംശം നേരിട്ടുഴലുന്നവയോ ആയിരിക്കും.

വിശേഷബുദ്ധിയില്ലാത്ത ജന്തുക്കളും ജഡവസ്തുക്കളും ഉണ്ടല്ലോ. നിനക്കു് വിശേഷബുദ്ധിയുള്ളതുകൊണ്ടു് നീ അവയെ ഹൃദയവിശാലതയോടും ഉദാരതയോടുംതന്നെയാണോ പ്രയോജനപ്പെടുത്തുന്നതു്? വിശേഷബുദ്ധിയുള്ള മനുഷ്യരുമായി സാമുദായികമനഃസ്ഥിതിയോടുകൂടി പെരുമാറണം. എല്ലാ സന്ദൎഭങ്ങളിലും ദേവന്മാരെ ശരണം

പ്രാപിച്ചുകൊള്ളണം. അതിലേയ്ക്കു് എന്തുമാത്രം സമയം വിനിയോഗിക്കണമെന്നറിയാതെ പരിഭ്രമിക്കേണ്ട; മൂന്നു മണിക്കൂർ സമയം കിട്ടുമെങ്കിൽ അതു മതിയാകും.

മാസിഡോണിയായിലെ ചക്രവത്തിയായ അലക്സാണ്ഡരും അദ്ദേഹത്തിന്റെ കുതിരക്കാരനും അന്തരിച്ചുകഴിഞ്ഞു. അതോടുകൂടി അവർ രണ്ടാളും ഒരേ സ്ഥിതിയിലല്ലേ ആയിത്തീന്നിരിക്കുന്നതു്? രണ്ടുപേരും ഒന്നുപോലെ ജഗത്തിന്റെ ആദികാരണത്തിൽ ലയിക്കുകയോ, അണുക്കളായി ചിന്നിച്ചിതറിപ്പോകുകയോ ചെയ്തിരിക്കുന്നു.

അത്യല്പമാത്രമായ ഈ ജീവിതകാലത്തിൽ ശാരീരികങ്ങളും മാനസികങ്ങളുമായ എത്രയോ കാര്യങ്ങൾ നമ്മിൽ ഓരോരുത്തരുടേയും ഉള്ളിൽ നടക്കുന്നുണ്ടെന്നാലോചിക്കുക. ആ സ്ഥിതിക്കു് അതിൽ കൂടുതൽ കാര്യങ്ങൾ അല്ല — സംഭവിക്കുന്ന സകല കാര്യങ്ങളും തന്നെ — നാം ജഗത്തെന്നു വ്യവഹരിക്കുന്ന ഏകതപത്തിൽ ഏകകാലത്തു് അടങ്ങുന്നുണ്ടെന്നുള്ള സംഗതി അത്ഭുതാവഹമല്ലല്ലോ.

അന്റോണിനസ് എന്ന പേർ എഴുതേണ്ടതെങ്ങനെയെന്നു് ഒരാൾ നിന്നോടു് ചോദിക്കുകയാണെങ്കിൽ ആ പേരിന്റെ ഓരോ അക്ഷരവും നീ മുഷിച്ചിൽ തോന്നിപ്പിക്കുന്ന സ്വരത്തിൽ ആയിരിക്കുമോ ഉച്ചരിച്ചു കേൾപ്പിക്കുന്നതു്? അങ്ങനെ ചെയ്താൽ അയാൾക്കു കോപം ജനിക്കുമെങ്കിൽ നീയും കുപിതനായിത്തീരുമോ? ഒരിക്കലുമില്ല. നീ പ്രശാന്തനായിട്ടുതന്നെ ഓരോ അക്ഷരവും എണ്ണിയെണ്ണിപ്പറഞ്ഞുകൊടുക്കും. ഓരോ പേരിലും പല അക്ഷരങ്ങൾ ചേന്നിട്ടുള്ളതുപോലെ ഓരോ കത്തവ്യവും പല അംശങ്ങളാൽ ഘടിതമാകുന്നു. ഈ അംശങ്ങളെയെല്ലാം നീ സൂക്ഷിച്ചു ഗ്രഹിക്കണമെന്നു മാത്രമല്ല, നിന്നോടു കോപം ഭാവിക്കുന്നവരോടു കോപമോ മനഃക്ഷോഭമോ പ്രദശിപ്പിക്കാതെ കത്തവ്യനിവ്വഹണം തുടരുകയും വേണം.

സ്വന്തം പ്രകൃതിക്കു യോജിച്ചതെന്നും പ്രയോജന പ്രദങ്ങളെന്നും കരുതപ്പെടുന്ന കാര്യ്യങ്ങളുടെ സാദ്ധ്യത്തിനായിട്ടു പരിശ്രമിക്കുന്നവരെ പ്രതിബന്ധിക്കുന്നതു് കേവലം നിർദ്ദയമായ ഒരു പ്രവൃത്തിയാകുന്നു. അന്യർ തെററാണു ചെയ്യുന്നതെന്നു പറഞ്ഞു് അവരെ പഴിക്കുകയെന്നതു്, ഒരു പ്രകാരം നോക്കിയാൽ, അവരുടെ അവകാശം അവർക്കു് അനുവദിച്ചുകൊടുക്കാതിരിക്കുകയെന്നതിനു തുല്യമത്രേ. എന്തുകൊണ്ടെന്നാൽ, ഓരോരുത്തരും അവരവർക്കു് ഉപയോഗപ്രദങ്ങളായി തോന്നുന്ന കാര്യ്യങ്ങളാണു് ചെയ്യുന്നതു്. അതിനാൽ അവർ ചെയ്യുന്നതു് തെററാണെന്നു കണ്ടാൽ കോപിക്കുകയോ അധിക്ഷേപിക്കുകയോ ചെയ്യാതെ ആ സംഗതി അവക്കു മനസ്സിലാക്കിക്കൊടുക്കുകയായിരിക്കും ഉത്തമം.

മരണം എന്നതു് ഇന്ദ്രിയങ്ങൾവഴി ജ്ഞാനം സമ്പാദിക്കുവാനുള്ള ശക്തിയുടേയും അന്തഃപ്രേരണകളെ പ്രവൎത്തിപ്പിക്കുന്ന ബന്ധങ്ങളുടേയും വിരതിയും, നാനാമുഖമായി വ്യാപരിക്കുന്ന ചിന്താശക്തിയുടെ നാശവും ശരീരത്തെക്കൊണ്ടുള്ള പ്രയോജനത്തിൻെറ അവസാനവും ആകുന്നു.

ജീവിതഗതിയിൽ ശരീരത്തിനു ശക്തിക്ഷയം സംഭവിക്കുന്നതിനുമുൻപേ ആത്മാവിനു് അതു പററുകയെന്നതു് ലജ്ജാവഹമാകുന്നു.

ഒരു സീസറായി നീ രൂപാന്തരപ്പെടാതിരിക്കുവാൻ നോക്കണം. അതു സംഭവ്യംതന്നെയെങ്കിലും ആ നിറപ്പകർച്ച നിനക്കു വന്നുകൂടാ. നീ സരളസ്വഭാവനും സൽഗുണസമ്പന്നനും സൽകൎമ്മനിരതനും പരിശുദ്ധഹൃദയനും ഗൗരവയുക്തനും നാട്യരഹിതനും ന്യായ്യതൽപരനും ദേവഭക്തനും ദയാനിധിയും വാത്സല്യപൂൎണ്ണനും ആയി വൎത്തിക്കണം; തത്വജ്ഞാനത്തിൻെറ ഉദ്ദേശ്യങ്ങൾ

ക്കനുസൃതമായിത്തന്നെ മേലാലും ജീവിക്കണം; ദേവന്മാരെ സേവിക്കുകയും ജനങ്ങളെ സഹായിക്കുകയും ചെയ്യണം. ജീവിതം അല്പകാലത്തേയ്ക്കു മാത്രമാണ്. ഐഹികജീവിതത്തിൻെറ സൽഫലങ്ങളായിക്കരുതപ്പെടാവുന്നതു് ഭക്തിനിഷ്ഠയും പരോപകാരതൽപരതയും ആകുന്നു. അൻേറാണിനസിൻെറ ശിഷ്യൻ എന്ന നിലയിൽ നീ സർവ്വവും അനുഷ്ഠിക്കണം. വിവേകാധിഷ്ഠിതങ്ങളായ എല്ലാക്കാൎയ്യങ്ങളിലും അദ്ദേഹം എത്രമാത്രം അഭിനിവിഷ്ടനായിരുന്നുവെന്നോൎക്കണം. അദ്ദേഹത്തിൻെറ സമദൎശിത്വവും ഭക്തിയും മധുരസ്വഭാവവും യശഃസമ്പാദനവൈമുഖ്യവും വിജ്ഞാനപ്രതിപത്തിയും നീ സർവ്വദാ സ്മരിക്കണം. എല്ലാക്കാൎയ്യങ്ങളും അദ്ദേഹം ശ്രദ്ധയോടുകൂടി പരിശോധിക്കുകയും അവയുടെ തത്വങ്ങൾ ഗ്രഹിക്കുകയും ചെയ്യാതിരുന്നിട്ടില്ല. അന്യായമായിപ്പഴിക്കുന്നവരോടും ക്ഷമ കാണിക്കുകയായിരുന്നു അദ്ദേഹത്തിൻെറ പതിവു്. അദ്ദേഹം ഭൂതഗതിക്കാരൻെറ മട്ടിൽ എന്തെങ്കിലും പ്രവൎത്തിക്കുകയോ പരദൂഷണത്തിൽ ചെവികൊടുക്കുകയോ ചെയ്തിരുന്നില്ല. സകല പ്രവൃത്തികളും ഭംഗിയായി പരിശോധിക്കുകയെന്നതു് അദ്ദേഹത്തിൻെറ ഒരു വിശേഷഗുണമായിരുന്നു. പരപരിഹാസം ചെയ്ക, ഭയസംശയങ്ങൾ പ്രദൎശിപ്പിക്കുക, ജ്ഞാനിയെന്നു നടിക്കുക ഇതൊന്നും അദ്ദേഹത്തിനിഷ്ടമായിരുന്നില്ല. വാസഗൃഹങ്ങൾ, ശയ്യോപകരണങ്ങൾ, വസ്ത്രാലങ്കാരങ്ങൾ, ആഹാരസാധനങ്ങൾ, ഭൃത്യന്മാർ ഇവയെ സംബന്ധിച്ചു് അദ്ദേഹത്തിൻെറ ആവശ്യങ്ങൾ എത്രയോ പരിമിതങ്ങളായിരുന്നു. പരിശ്രമശീലനും ക്ലേശസഹിഷ്ണുവുമായിട്ടാണു് അദ്ദേഹം എപ്പോഴും കാണപ്പെട്ടിരുന്നതു്. ആഹാരം പരിമിതമായി മാത്രം കഴിച്ചിരുന്നതിനാൽ, പകൽ മുഴുവൻ ഉപവസിക്കാൻപോലും അദ്ദേഹത്തിനു പ്രയാസം തോന്നിയിരുന്നില്ല. സ്ഥിരചിത്തനും സ്നേഹിതന്മാരോടു് എപ്പോഴും ഒരേ രീതിയിൽ

പെരുമാറുവാൻ ശ്രദ്ധാലുവും ആയ അദ്ദേഹം തന്റെ അഭിപ്രായങ്ങളെ എതിക്കുവാൻപോലും ഇതരന്മാക്ക് സ്വാതന്ത്ര്യം അനുവദിച്ചിരുന്നു. തന്റെ അഭിപ്രായങ്ങളെ അപേക്ഷിച്ച് ഉൽകൃഷ്ടതരങ്ങളായ അഭിപ്രായങ്ങൾ പറഞ്ഞു കേൾക്കുന്നതിൽ അദ്ദേഹത്തിന് ആനന്ദമേ ഉണ്ടായിരുന്നുള്ളു. അദ്ദേഹത്തിന്റെ മതബോധത്തിൽ അന്ധവിശ്വാസത്തിന്റെ കണികപോലും കാണപ്പെട്ടിരുന്നില്ല. ഇപ്രകാരമെല്ലാം മഹാനായിരുന്ന അന്തോണിനസിനെ നീ അനുകരിക്കുകയും അദ്ദേഹത്തെപ്പോലെ നിഷ്കളങ്കമായ മനഃസ്ഥിതിയോടുകൂടി അന്ത്യക്ഷണത്തെ പ്രതീക്ഷിച്ചുകൊണ്ടു വൎത്തിക്കുകയും വേണം.

മോഹോന്മാദങ്ങൾ വെടിഞ്ഞ് നീ നിന്റെ യഥാൎത്ഥാവസ്ഥയിലേയ്ക്കു തന്നെ പ്രത്യാഗമിച്ചുകൊള്ളണം. ഉറക്കത്തിൽ നിന്നെ വ്യാകുലപ്പെടുത്തിയവ വെറും സ്വപ്നസന്നിഭങ്ങളാണെന്നു മനസ്സിലാക്കിക്കൊണ്ട് സകല സംഗതിയിലും ജാഗരൂകനായിരിക്കേണ്ടതാണാവശ്യം.

ഒരു ചെറുശരീരവും ബുദ്ധിയും ചേൎന്നതാണ് ഈ ഞാൻ. ശരീരത്തിനു സകലവസ്തുക്കളുടേയും നേൎക്ക് ഉദാസീനഭാവമാണുള്ളത്. അതിന് ഭിന്നതകൾ വിവേചിച്ചറിവാൻ കെല്പില്ല. ബുദ്ധി ഉദാസീനമായിരിക്കുന്നത് അതിന്റെ വിഷയങ്ങൾക്കു ബാഹ്യമായവയിൽ മാത്രമാകുന്നു. സ്വവിഷയങ്ങളിൽ ഉൾപ്പെടുന്നവയെ വേണ്ടപോലെ പ്രവൎത്തിപ്പിക്കാൻ ബുദ്ധിക്കു ശക്തിയുണ്ട്. അതിന്റെ വിഷയങ്ങൾ വൎത്തമാനകാലസംബന്ധികൾ മാത്രമാകയാൽ അതു് ഭൂതഭാവികാലപ്രവൎത്തനങ്ങളിൽ ഉദാസീനമാകുന്നു.

കൈയും കാലും അതതിന്റെ പ്രവൃത്തികൾ തന്നെയാണ് ചെയ്യുന്നതെങ്കിൽ, ആ പ്രവൃത്തികൾ അവയുടെ പ്രകൃതിക്ക് വിരുദ്ധങ്ങളാകുകയില്ല. അതുപോലെ മനുഷ്യന്റെ വിഹിതപ്രവൃത്തി അവന്റെ പ്രകൃതിക്കും അനുചി

തമാകുന്നതല്ല. അവൻെറ പ്രകൃതിക്ക് അനുരൂപമായതു് അവന്ന് തിന്മയുണ്ടാക്കുന്നതുമല്ല.

തസ്കരന്മാർ പിതൃഘന്താക്കൾ, നിഷ്ഠുരശാസകന്മാർ എന്നീക്കൂട്ടർ എത്രയോ സുഖഭോഗങ്ങൾ അനുഭവിച്ചിരിക്കുന്നു!

ഓരോ തൊഴിൽകാർ, അവരവരുടെ തൊഴിലിൻെറ ഗുണദോഷം ഗ്രഹിച്ചിട്ടില്ലാത്ത ഇതരന്മാരുടെ അഭിപ്രായങ്ങളെ ഒരതിരുവരെ മാനിക്കുമെന്നു നിനക്കറിയാമല്ലോ. എന്നാൽ ആ തൊഴിലിൻെറ തത്വങ്ങളെ സംബന്ധിച്ചിടത്തോളം അവർ സ്വന്തം അഭിപ്രായങ്ങളെത്തന്നെ മുറുകെപ്പിടിക്കും; അവയെ മാററുവാൻ ഒരിക്കലും ഒരുങ്ങുകയില്ല. ഇങ്ങനെ കല്പണിക്കാരൻ, വൈദ്യൻ മുതലായ ഓരോ തൊഴിൽകാർക്കും അവരവരുടെ തൊഴിലിൻെറ തത്വങ്ങളെ സംബന്ധിച്ചു് ദൃഢപ്രതിപത്തിയുള്ള സ്ഥിതിക്ക്, മനുഷ്യനുമാത്രം അവനും ദേവന്മാർക്കും സമാനങ്ങളായുള്ള സ്വന്തം തത്വങ്ങളിൽ അഭിനിവേശം ഉണ്ടാകാതിരിക്കുന്നതു് ആശ്ചര്യകരമല്ലേ?

ഏഷ്യയും, യൂറോപ്പും ലോകത്തിൻെറ രണ്ടു കോണങ്ങളാകുന്നു. നമ്മുടെ സമുദ്രം പ്രപഞ്ചത്തിൽ ഒരു ജലബിന്ദുമാത്രം. ഒരുരുളമണ്ണെന്നതിൽ കവിഞ്ഞ പ്രാധാന്യം ആത്തോസിനും കല്പിക്കപ്പെടാവുന്നതല്ല. അനന്തമായ കാലപരിമാണത്തിൽ വർത്തമാനകാലം മുഴുവനും ഒരു നിമിഷത്തോളം തന്നെ വരുമോ എന്നു സംശയം. ക്ഷുദ്രവും പരിവർത്തനവിധേയവും നശ്വരവുമല്ലാതെ യാതൊന്നുമില്ല. സകല വസ്തുക്കളും ഒന്നുകിൽ ജഗൽക്കാരണമായ ആദിശക്തിയിൽ നിന്നും നേരേ വരുന്നവ; അല്ലെങ്കിൽ, അവയുടെ അനുബന്ധങ്ങളായുണ്ടാകുന്നവ. ദംഷ്ട്രങ്ങൾ, വിഷം, മുള്ളു്, ചേറു് മുതലായ ദുഷ്ടസാധനങ്ങളെല്ലാം മഹത്തും സുന്ദരവുമായ ആദികാരണശക്തിയിൽ നിന്നു് നേരെ ആവിർഭവിച്ചിട്ടുള്ളവ തന്നെയാണു്. അവ, നീ

ആരാധിക്കുന്ന ആ ആദിശക്തിയിൽ നിന്നു് ഭിന്നമായ മറെറാരു വർഗ്ഗത്തിലും പെടുന്നവയല്ല; സകലത്തിന്റെയും ഉൽപാദനകേന്ദ്രമായ ആ പരമശക്തിയെപ്പററി നിന്നെ അനുസ്മരിപ്പിക്കുന്നവയുമാകുന്നു.

വൎത്തമാനങ്ങളായ വസ്തുക്കളുടെ യാഥാൎത്ഥ്യം കണ്ടറിഞ്ഞിട്ടുള്ളവൻ ഭൂതവും ഭാവിയുമായ സമസ്തവും ഗ്രഹിച്ചിട്ടുള്ളവൻ തന്നെയാണു്. എന്തുകൊണ്ടെന്നാൽ പ്രപഞ്ചഗതമായ സർവ്വവസ്തുക്കളും ഒരേവൎഗ്ഗത്തിൽപ്പെടുന്നവയും ഒരേ യാഥൎത്ഥ്യത്തെ അവലംബിച്ചു് സ്ഥിതി ചെയ്യുന്നവയുമാകുന്നു.

സകല വസ്തുക്കൾക്കും വ്യവസ്ഥിതമായ പ്രപഞ്ചത്തോടുള്ള ബന്ധത്തെയും പരസ്പരമുള്ള ബന്ധത്തെയും നീ അടിക്കടി ആലോചിക്കണം. ഒരു പ്രകാരം നോക്കിയാൽ സമസ്തവും ശൃംഖലിതമാണെന്നു പറയാം. ഈ ശൃംഖലിതസ്ഥിതി പരസ്പരം പ്രയോജനകരവുമാകുന്നു. ശൃംഖലയിലെ കണ്ണികൾ എന്നപോലെ ഓരോന്നും മറേറാരോന്നിനെ പിന്തുടൎന്നു വരികയും ജഗത്തിന്റെ മൂലതത്വത്തിൽ ലയിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

കൎത്തവ്യനിർവ്വഹണത്തിനുവേണ്ടി നീ നിന്റെ പരിതഃസ്ഥിതികളുമായി ഇണങ്ങിക്കൂടണം. ഏതു കൂട്ടരുമായിട്ടാണോ നിനക്കു നിന്റെ കൎമ്മം അനുഷ്ഠിക്കുവാനിടയാകുന്നതു്, അവരെ നീ സ്നേഹിക്കണം—നിർവ്യാജമായി ഹൃദയപൂൎവ്വം സ്നേഹിക്കണം.

ഓരോരോ ആയുധങ്ങൾ, ഉപകരണങ്ങൾ, പാത്രങ്ങൾ മുതലായവ അതതിന്റെ നിൎമ്മാണോദ്ദേശ്യത്തെ ശരിക്കു നിറവേററുന്നതിനാൽ, നാം അവയെ നന്നെന്നു് അഭിപ്രായപ്പെടുന്നു; എന്നാൽ അവയുടെ നിൎമ്മാതാവിനെ നാം കാണുന്നില്ല. പ്രകൃതിയിൽ ആവിർഭവിക്കുന്ന വസ്തുക്കളിലാകട്ടെ അവയെ സൃഷ്ടിക്കുന്ന ശക്തിയും സ്ഥിതിചെയ്യുന്നുണ്ടു്. അതിനാൽ അവ നമ്മുടെ സദഭിപ്രാ

യത്തേയും ആദരത്തേയും കൂടുതൽ അർഹിക്കേണ്ടവയാകു ന്നു. ആ കാരണശക്തിയുടെ ഇച്ഛയ്ക്കനുസൃതമായി ജീവി ക്കുകയും പെരുമാറുകയും ചെയ്യേണ്ടതു് നിനക്കും ശുഭപ്രദ മത്രേ. ലോകഗതമായ സമസ്തവും ജഗൽക്കാരണശക്തി യുടെ ഇച്ഛയ്ക്കു വിധേയമാണെന്നു നീ എപ്പോഴും ഓർത്തി രിക്കണം.

നിനക്കു് സ്വാധീനമല്ലാത്ത ഏതെങ്കിലും ഒന്നിനെ നീ നന്മയെന്നോ തിന്മയെന്നോ കരുതുന്നുവെന്നിരിക്ക ട്ടെ; നിനക്കു് ആ നന്മ ലഭിക്കാതിരിക്കുകയോ തിന്മ വന്നു ചേരുകയോ ചെയ്യുന്ന പക്ഷം, ആ ദൗർഭാഗ്യത്തിനു കാ രണമായി നീ ദേവന്മാരെയും മനുഷ്യരെയും ശങ്കിക്കുകയും പഴിക്കുകയും ചെയ്യും. ഇപ്രകാരം അനീതി ചെയ്വാനിട വരുന്നതു് നിനക്കു സ്വാധീനങ്ങളല്ലാത്തവയെ നീ നി ൻെറ ഭാഗധേയവുമായി ഘടിപ്പിക്കുന്നതുകൊണ്ടാകുന്നു. എന്നാൽ നന്മയും തിന്മയും നിനക്കു സ്വാധീനങ്ങളാണെ ന്നും അല്ലാതെ നിന്നിൽ നിന്നു് ബാഹ്യങ്ങളല്ലെന്നുമുള്ള ശരിയായ ജ്ഞാനം നിനക്കുണ്ടാകുന്നതായാൽ ദേവന്മാരെ ക്കുറിച്ചു് അസംതൃപ്തി ഭാവിക്കാനോ മനുഷ്യരുടെ നേക്കു് വിദ്വേഷം പ്രദർശിപ്പിക്കാനോ കാരണം ഉണ്ടാകുന്നതല്ല.

ഒരേ ലക്ഷ്യപ്രാപ്തിയെ ഉദ്ദേശിച്ചു തന്നെയാണു് നാമെല്ലാവരും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതു്. ചിലർ വസ്തുത ധരിച്ചുകാണും; മററുള്ളവക്കു് ഈ വക അറിവോ ഉദ്ദേശ്യമോ കാണുകയില്ല, എന്നു മാത്രമേ വ്യത്യാസമുള്ളൂ. ഉറങ്ങിക്കിടക്കുന്നവൻപോലും ആ സ്ഥിതിയിലും പ്രപഞ്ച കൃത്യത്തിൽ തൻെറ പങ്കു് നിർവഹിച്ചുകൊണ്ടാണിരി ക്കുന്നതെന്നു് ഒരു മഹാൻ—ഹെരാക്ലിററസാണെന്നു തോന്നുന്നു-പറഞ്ഞിരിക്കുന്നു. സഹകരണം പല പ്രകാര ത്തിൽ ആകാം. പ്രവൃത്തികളെപ്പററി പൊതുവേ ദൂഷിക്കു കയും അവയെ തടസ്സപ്പെടുത്തുകയും ചെയ്യുന്നവർ തന്നെ യും പ്രപഞ്ചത്തിൻെറ സഹകാരികളാകുന്നു. പ്രപഞ്ചത്തി

ന് ഇത്തരക്കാരുടെ ആവശ്യകതയും ഉണ്ട്. അതിനാൽ, നീ ഏതുതരം പ്രവൃത്തിചെയ്യുന്ന കൂട്ടത്തിലാണ് ഉൾപ്പെടു ന്നതെന്ന് ശരിക്കു മനസ്സിലാക്കണം. ജഗന്നിയന്താവിനു് നിശ്ചയമായും നിന്നെക്കൊണ്ടു് പ്രയോജനം ഉണ്ടു്; അ വിടുത്തെ പരമകൃത്യത്തിൽ സഹകരിക്കുന്നവരുടെ കൂട്ട ത്തിൽ നിനക്കും ഒരു സ്ഥാനം കല്പിക്കപ്പെട്ടിട്ടുണ്ടെന്നു തീർച്ചതന്നെ. അതിനാൽ, നിന്ദ്യവും ആക്ഷേപകരവു മായ കൂട്ടത്തിൽ അകപ്പെടാതെ സൂക്ഷിച്ചുകൊള്ളണം.

മഴയുടെ പ്രവൃത്തി ചെയ്‌വാൻ വെയിൽ തുനിയു ന്നുണ്ടോ? ഭൂമിയുടെ ഫലോൽപാദനവൃത്തിക്കു വൈദ്യൻ ഒരുങ്ങിയാൽ സാദ്ധ്യമെന്തു്? ഓരോ നക്ഷത്രത്തിൻെറയും സമ്പ്രദായം നോക്കുക. ഓരോന്നും ഭിന്നമാർഗ്ഗത്തിലൂടെ ഒരേ ലക്ഷ്യത്തിലേക്കു തന്നെ പ്രയാണംചെയ്യുന്നു.

എന്നെയും എനിക്കു സംഭവിക്കേണ്ട കാര്യങ്ങളെയും കുറിച്ച് ദേവന്മാർ മുൻപിൽക്കൂട്ടി ശരിയായ നിശ്ചയം ചെയ്തിരിക്കും; മുൻകരുതലും നിശ്ചിതപ്രവൃത്തിയും ഇല്ലാത്തവരാണ് ദേവന്മാർ എന്ന് ഒരിക്കലും വരുന്ന തല്ല. അവർ എന്നെ അധഃപതിപ്പിക്കുമെന്നു വിചാരി ക്കാൻ കാരണമില്ല; അങ്ങനെ ചെയ്തിട്ട് അവക്ക് എന്തു പ്രയോജനം സിദ്ധിക്കാൻ പോകുന്നു? എനിക്ക് അധോ ഗതി വരുത്തിയതുകൊണ്ടു് അവക്കോ, അവരുടെ ശ്രദ്ധാ പൂർവ്വമായ വ്യവസ്ഥിതിക്കു പാത്രമായ സമഷ്ടിക്കോ യാതൊരു മേന്മയും ഉണ്ടാകാനില്ല. വ്യഷ്ടിയെന്ന നില യിൽ എന്നെ സംബന്ധിച്ച് ദേവന്മാർ വിധിയൊന്നും കല്പിച്ചിട്ടില്ലെന്നു വന്നാൽ തന്നെയും, സമഷ്ടിയുടെ ശ്രേയ സ്സിനുവേണ്ട വ്യവസ്ഥകളെല്ലാം നിശ്ചയമായും നിശ്ചിത പൂർവ്വങ്ങളായിരിക്കും. അതിൻപ്രകാരം മറയ്ക്കു സംഭവിക്കുന്ന തെല്ലാം ഞാൻ സന്തുഷ്ടിയോടുകൂടി സ്വീകരിച്ച് സംതൃപ്ത നായിരിക്കണം. വ്യഷ്ടിയുടെയാകട്ടെ, സമഷ്ടിയുടെയാ കട്ടെ, ശ്രേയസ്സിനെ ഉദ്ദേശിച്ച് ദേവന്മാർ യാതൊന്നും

കല്പിക്കുന്നതല്ലെന്ന നാസ്തികമതം —അതു നിന്ദ്യമാണ്— നാം വിശ്വസിക്കുന്നപക്ഷം, ദേവന്മാർ നമ്മുടെ ഇടയിൽ പെരുമാറുന്നുണ്ടെന്ന സങ്കല്പത്തോടുകൂടി നാം നടത്താറുള്ള ബലി, പ്രാൎത്ഥന മുതലായ കൎമ്മങ്ങളൊന്നും അനുഷ്ഠിക്കേണ്ട ആവശ്യമേയില്ല. എൻെറ ശ്രേയസ്സിനുവേണ്ടതു് ദേവന്മാർ നിർദ്ദേശിക്കുകയില്ലെങ്കിൽ, അതു ചെയ്യാൻ എനിക്കു കഴിയും. പ്രയോജനകരം ഇന്നതെന്നു് തീർച്ചപ്പെടുത്തുവാനും എനിക്കു സാധിക്കും. എൻെറ പ്രകൃതിക്കും ഘടനയ്ക്കും അനുകൂലമായിട്ടുള്ളതേതോ അതുതന്നെയാണ് എനിക്കു ശ്രേയസ്കരം. എന്റെ പ്രകൃതി, വിവേകജ്ഞാനവിശിഷ്ടവും സാമുദായികഗുണ(ലോകസംഗ്രഹ)ത്തെ അഭിലഷിക്കുന്നതുമാകുന്നു. അന്തോണിനസ് എന്ന നിലയിൽ എൻെറ സ്വദേശം റോമാനഗരവും ഒരു മനുഷ്യൻ എന്ന നിലയിൽ ജഗത്തും ആകയാൽ, ഇവ രണ്ടിനും പ്രയോജനപ്രദങ്ങളായവ എനിക്കും അപ്രകാരം തന്നെ.

വ്യഷ്ടിക്കു് സംഭവിക്കുന്നതു് സമഷ്ടിയുടെ ശ്രേയസ്സിനും ഉപകാരകമാകുന്നു. ഇതിനും പുറമേ വേറൊരു തത്വവും നാം കാണുന്നുണ്ടു്. ഏതെങ്കിലും ഒരു വ്യക്തിക്കു് പ്രയോജനകരമായിട്ടുള്ളതു് ഇതരവ്യക്തികൾക്കും പ്രയോജനകരംതന്നെ എന്നതാണതു്. ഇവിടെ 'പ്രയോജനകര'മെന്ന ശബ്ദത്താൽ പരാമൎശിക്കപ്പെടുന്നതു് വ്യാപകമായ അൎത്ഥത്തിൽ സകല വസ്തുക്കളേയും ഉൾപ്പെടുത്തിയാകുന്നു.

നാടകശാല മുതലായ കാഴ്ചസ്ഥലങ്ങളിൽ പതിവായികാണപ്പെടുന്ന വിതാനങ്ങളും അഭിനയനങ്ങളും ഒരേ രീതിയിൽ ഉള്ളവയാണല്ലോ. ഇവയുടെ ഐകരൂപ്യം കുറച്ചുകാലം കഴിയുമ്പോൾ നിനക്കു് മുഷിച്ചിലും വൈരസ്യവും ജനിപ്പിക്കാം. ജീവിതത്തിലെ അനുഭവങ്ങളും ഇപ്രകാരമാകുന്നു. മന്നിലും വിണ്ണിലും എവിടെയും

ഒരേ ദൃശ്യങ്ങളാണ് കാണപ്പെടുന്നതു്. അവയുടെ ഉത്ഭവസ്ഥാനവും ഒന്നുതന്നെ. ഈ ദൃശ്യങ്ങൾ എത്രനാൾ കാണണം?

സകലവിധ മനുഷ്യരും സകല തൊഴിൽകാരും സകല ജാതിക്കാരും സകല രാജ്യക്കാരും മരിക്കാതിരിക്കുന്നില്ലെന്ന വസ്തുത നാം നിരന്തരം ചിന്തിക്കണം. പരേതന്മാരിൽ ഫിലിസ്റ്റിയൻ, ഫീബസ്, ആറിഗാനിയൺ എന്നിവരെ നാം ഒരു പ്രത്യേകതരത്തിൽ ചേർത്ത് സ്മരിക്കുന്നു. ഹേരാക്ലിററസ്, ഫിത്തഗോറസ്, സാക്രട്ടീസ് മുതലായ വാഗ്മികളും ഉൽകൃഷ്ടചിന്തകന്മാരും വേറൊരു തരത്തിൽപ്പെടുന്നു. എത്രയോ രണവീരന്മാരും സേനാധിപന്മാരും നിഷ്ഠുരശാസകന്മാരും മരിച്ചിരിക്കുന്നു. യൂഡോക്സസ്, ഹിപ്പാക്കസ്, ആർക്കിമിഡീസ്, എന്നീ നൈസർഗ്ഗികപ്രതിഭാശാലികളും മഹാശയന്മാരും കർമ്മകുശലന്മാരും, വിവിധകലാപടുക്കളും ക്ഷണഭംഗുരവും നശ്വരവുമായ മനുഷ്യജീവിതത്തെ നിന്ദിച്ചിരുന്ന മെനിപ്പസ് മുതലായവരും പരേതരുടെ പട്ടികയെ വിപുലീകരിക്കുക തന്നെ ചെയ്യുന്നു. ഇവരെല്ലാം മണ്ണോടു ചേർന്നിട്ട് വളരെക്കാലമായി. ഇവരുടെ പേരെങ്കിലും ഇങ്ങനെ കേൾക്കപ്പെടുന്നുണ്ടെന്നു വിചാരിക്കാം. എന്നാൽ പേരുപോലും അവശേഷിപ്പിക്കാതെ അന്തരിച്ചുപോയിട്ടുള്ളവരാണല്ലോ അധികം. അവരെപ്പററി ആരെന്തറിഞ്ഞു? ഇഹത്തിൽ വിലപിടിക്കുന്നതായിട്ടു് ഒന്നു മാത്രമേയുള്ളു. അതു് സത്യസന്ധത, ന്യായദീക്ഷ, അസത്യവാദികളും അന്യായകർമ്മാക്കളുമായവരോടു പോലും സൗജന്യബുദ്ധി—ഏതാദൃശഗുണങ്ങളാൽ പരിപാവനമായ ജീവിതം നയിക്കുക എന്നതാകുന്നു.

നീ മനഃസന്തോഷം കാംക്ഷിക്കുന്നുണ്ടെങ്കിൽ, നിൻെറ സമകാലികന്മാരുടെ സദ്ഗുണങ്ങളെക്കുറിച്ച് വിചിന്തനം ചെയ്യണം; ഒരാളിൽ പരിശ്രമശീലം, വേറൊ

രാളിൽ ഔദാൎയ്യം, മറെറാരാളിൽ വിനയം, അന്യനിൽ വേറൊരു ഗുണം ഇങ്ങനെ പലതും കണ്ടുപിടിക്കാം. സൽഗുണങ്ങൾക്ക് ജീവദൃഷ്ടാന്തങ്ങളായിപ്പരിലസിക്കുന്ന മഹാന്മാരുടെ ദൎശനം പോലെ ആനന്ദപ്രദമായി മറെറാന്നുമില്ല. അവരുടെ ജീവിതമാണ് നിനക്കു ആദൎശമായിരിക്കേണ്ടതു്.

നിന്റെ തൂക്കം മുന്നൂറു റാത്തൽ തികച്ചില്ല. കുറവായിരിക്കുന്നു എന്നതുകൊണ്ടു് നിനക്കു അസംതൃപ്തി തോന്നുമോ? ആയുസ്സിന്റെയും കഥ അതുതന്നെ. അതു് ഇത്ര വൎഷമേയുള്ളു; കൂടുതലില്ല എന്നു വരുന്നതുകൊണ്ടു് ഉൽകണ്ഠിതനാകരുതു്. ശരീരത്തിന്റെ തൂക്കത്തിൽ അസംതൃപ്തിയില്ലാതിരിക്കെ, ആയുഷ്കാലത്തിന്റെ പരിമാണത്തിലും അതില്ലാതിരിക്കുകയാണു വേണ്ടതു്.

മനുഷ്യരെ യുക്തിവാദത്താൽ സൽകൎമ്മനിരതരാക്കുവാൻ നോക്കണം. യുക്തിവാദംകൊണ്ടു് കാൎയ്യം സാധിക്കാത്തപക്ഷം, അവരുടെ ഇഷ്ടാനിഷ്ടങ്ങൾ വകവയ്ക്കാതെ പ്രവൎത്തിക്കുന്നതു ന്യായമായിരിക്കുമെങ്കിൽ, അങ്ങനെ ചെയ്യുന്നതിനും വിരോധമില്ല. എന്നാൽ ബലപ്രയോഗത്തിനു തയ്യാറാവരുതു്. ബലാൽക്കാരേണ ആരെങ്കിലും നിന്നെത്തടുക്കുന്നതായാൽ, പ്രവൎത്തിച്ചിടത്തോളംകൊണ്ടു് സംതൃപ്തനായി അടങ്ങിക്കൊള്ളണം; അതിനും പുറമേ, നിനക്കു നേരിട്ട തടസ്സത്തെത്തന്നെ ഏതെങ്കിലും സൽഗുണത്തിന്റെ പ്രകാശനത്തിന് സന്ദൎഭമാക്കിക്കൊള്ളുകയും വേണം. നീ ആൎക്കുവേണ്ടി പ്രവൎത്തിക്കുവാനാണോ ആദ്യം ഉദ്യമിച്ചതു്, അവൎക്കു വിരോധമില്ലാത്തപക്ഷം അക്കാൎയ്യത്തിൽ കഴിയുന്നതു പ്രവൎത്തിക്കണമെന്ന ഉദ്ദേശ്യമല്ലാതെ, അസാധ്യമായതു സാധിച്ചുകളയാമെന്ന മോഹമല്ലല്ലോ നിനക്കുണ്ടായിരുന്നതു്. നിന്റെ ഉദ്ദേശ്യം അനുസരിച്ചു് നീ ഉദ്യമിച്ചു; ഉദ്യമത്തിന്റെ ഫലം

എന്തായാലും, ഉദ്യമിക്കണമെന്ന നിൻെറ ഉദ്ദേശ്യം സാധിച്ചുകഴിഞ്ഞു; അതു തന്നെയാണു വേണ്ടതും.

യശസ്സിനായി കാംക്ഷിച്ചു കൊണ്ടിരിക്കുന്നവൻ വിചാരിക്കുന്നതു് അവൻെറ ശ്രേയസ്സ് ഇതരന്മാരുടെ വാക്കിലും പ്രവൃത്തിയിലും സ്ഥിതിചെയ്യുന്നുവെന്നാണു്. സുഖഭോഗങ്ങളെക്കാമിക്കുന്നവൻ ഇതുപോലെ തൻെറ വികാരങ്ങളെ സമാശ്രയിച്ചു് സംതൃപ്തി നേടുന്നു. എന്നാൽ വിവേകജ്ഞാനമുള്ളവനാകട്ടെ, തൻെറ ശ്രേയസ്സ് തൻെറ പ്രവൃത്തികളെ ആശ്രയിച്ചിരിക്കുന്നുവെന്നാണു് വിശ്വസിക്കുന്നതു്.

ഒന്നിനെക്കുറിച്ചും ഗുണദോഷനിരൂപണം ചെയ്യാതെ ആത്മാവിനെ പ്രശാന്തമായി വച്ചുകൊള്ളാൻ നമുക്കു കഴിയും. അഭിപ്രായങ്ങളുടെ രൂപവൽക്കരണത്തിൽ ബാഹ്യവസ്തുക്കൾ ഭാഗഭാക്കാകുകയില്ല; അവയ്ക്കതിനു ശക്തിയുമില്ല.

അന്യർ പറയുന്നതെന്തെന്നു് കഴിയുന്നിടത്തോളം അവരുടെ നിലയിൽ നിന്നുകൊണ്ടു തന്നെ മനസ്സിലാക്കാൻ ശ്രദ്ധാപൂർവം നീ പരിശീലിക്കണം.

മക്ഷികാസമൂഹത്തിനു ശ്രേയസ്കരമല്ലാത്തതു് മക്ഷികയ്ക്കും ശ്രേയസ്കരമാകുകയില്ല.

നാവികന്മാർ അമരക്കാരനെയും രോഗികൾ വൈദ്യനെയും അല്ലാതെ മററാരെയാണു് അനുസരിക്കുക? നാവികന്മാരും രോഗികളും അനുസരണക്കേടു കാണിച്ചാൽ, അവരുടെ രക്ഷയ്ക്കുവേണ്ടതു ചെയ്‌വാൻ അമരക്കാരനും വൈദ്യനും സാധിക്കുമോ?

എന്നോടുകൂടി ഇഹലോകത്തിൽ പ്രവേശിച്ചവരിൽ എത്രയോ പേർ ഇവിടം വിട്ടു പോയിക്കഴിഞ്ഞിരിക്കുന്നു.

മഞ്ഞപ്പിത്തം പിടിപെട്ടിട്ടുള്ളവനു് തേൻ കയ്പുരസമുള്ളതായിത്തോന്നും; പേപ്പട്ടിയുടെ വിഷം ഏററിട്ടുള്ള

വന്ന് ജലം ഭയഹേതുകമാകുന്നു. ചെറുകുട്ടികൾക്ക പന്തു് ഉത്സാഹപ്രദമായ ഒരു വിനോദസാധനമാണു്. ഇങ്ങനെ ഓരോ ക്രൂട്ടരുടെയും വാസന ഓരോ വിധത്തിലായതിനാൽ, നിനക്ക കോപം തോന്നണമെന്നുണ്ടോ? തെററായ അഭിപ്രായത്തിന്ന് മഞ്ഞപ്പിത്തത്തിൻെറ വികാരത്തെയും പേപ്പട്ടിവിഷത്തെയും അപേക്ഷിച്ചു് ശക്തിക്കുറവുണ്ടെന്നാണോ നീ വിചാരിക്കുന്നതു്?.

നിൻെറ സ്വന്തം പ്രകൃതിയുടെ ഇച്ഛയ്ക്കനുസൃതമായിട്ടു ജീവിക്കുന്നതിന്ന് നിനക്ക യാതൊരു പ്രതിബന്ധവുമില്ല; വിശ്വപ്രകൃതിയുടെ അഭിമതം അനുസരിച്ചല്ലാതെ യാതൊന്നും നിനക്ക സംഭവിക്കുകയുമില്ല.

ഓരോ മനുഷ്യർ പ്രീണിപ്പിക്കാൻ സാഹസപ്പെടുന്നതു് ഏതുതരം ആളുകളെയാണെന്നും എന്തുകാര്യസാദ്ധ്യത്തിനാണെന്നും എന്തെല്ലാം പ്രവൃത്തികളെക്കൊണ്ടാണെന്നും ആലോചിക്കണം. സമസ്തവസ്തുക്കളെയും എത്രയും വേഗത്തിൽ കാലം ആവരണം ചെയ്തു കളയുന്നു; എത്ര എണ്ണത്തെ ആവരണം ചെയ്തുകഴിഞ്ഞു!

# ഏഴാം അദ്ധ്യായം

തിന്മയെന്നാൽ എന്തു്? അതു നീ പലപ്പോഴും കണ്ടിട്ടുള്ളതാണു്. അത്തരത്തിൽ എന്തെങ്കിലും സംഭവിക്കുന്ന സന്ദർഭത്തിൽ, അതു നിനക്കു പരിചിതമാണെന്ന ബോധം മനസ്സിൽ ഉണ്ടായിരിക്കണം. മണ്ണിലും വിണ്ണിലും എങ്ങും ഒരേ കാര്യങ്ങൾ തന്നെ കാണപ്പെടുന്നു. പുരാതനചരിത്രത്തിലും മദ്ധ്യകാലചരിത്രത്തിലും ആധുനികചരിത്രത്തിലും എല്ലാം അവയുടെ വിവരണങ്ങളല്ലാതൊന്നുമില്ല. നഗരങ്ങളിലും ഗൃഹങ്ങളിലും കൂടി അവയ്ക്കു വ്യത്യാസമില്ല. പുതിയതായയാതൊന്നുമില്ല; സകലതും സുപരിചിതങ്ങളാണു്, ക്ഷണസ്ഥായികളുമാണു്.

തത്വങ്ങൾക്കു് ആധാരഭൂതങ്ങളായ ചിന്തകൾ നശിക്കാതെ തത്വങ്ങൾ നശിക്കുകയില്ല. ഈ ചിന്തകളെ നിരന്തരം ഉജ്ജ്വലിപ്പിച്ചു കൊണ്ടിരിക്കുവാൻ നിനക്കു കഴിയും. ഏതിനെക്കുറിച്ചും ശരിയായ അഭിപ്രായം പുലർത്തുന്നതിനു് എനിക്കു സാധിക്കും; ആ സ്ഥിതിക്കു്, എന്റെ മനസ്സിനു് ഉൽകണ്ഠ തോന്നേണ്ട ആവശ്യമില്ല. ബാഹ്യവസ്തുക്കളുമായി എന്റെ മനസ്സിനു് യഥാർത്ഥമായ ബന്ധമൊന്നുമില്ലതന്നെ. നിന്റെ മനോഭാവം എപ്പോഴും ഈ വിധമായിരുന്നാൽ, നിനക്കും ഏതവസ്ഥയിലും നിവർന്നു നില്ക്കാം. ജീവിതം എങ്ങോട്ടു തിരിഞ്ഞു പോയാലും അതിനെ ശരിയായ വഴിയ്ക്കു് വീണ്ടുകൊണ്ടു വരാൻ വേണ്ട ശക്തിയും സ്വാതന്ത്ര്യവും നിനക്കുണ്ടു്. കാര്യങ്ങളെ യഥാപൂർവ്വം അവലോകനം ചെയ്താൽ മതി. ഇങ്ങനെ ചെയ്യുന്നതാണു് വ്യതിചലിക്കുന്ന ജീവിതത്തെ വീണ്ടുകൊണ്ടുവരുവാനുള്ള ഉത്തമോപായം.

സാധാരണമായ ജീവിതം എന്താണെന്നു നോക്കുക. ആഡംബരഭ്രമം, നാടകശാല, കന്നുകാലികളുടെ പററം കുന്തപ്പയററു്, പട്ടികൾക്കു് എറിഞ്ഞു കൊടുക്കുന്ന അസ്ഥിക്ഷണം, മീൻകയത്തിൽ വിതറപ്പെടുന്ന അരിമണികൾ, ഉറുമ്പുകളുടെ ബദ്ധപ്പാടുകളും ചുമടുചുമക്കലും, ഭയാകുലങ്ങളായ എലികളുടെ ഓട്ടം, പാവക്കൂത്തു് ഇതൊക്കെയാണു് ജീവിതത്തിലെ പിരളികൾ. ഇവയ്ക്കിടയിൽ പരിഭ്രമം വെടിഞ്ഞു് മനഃശാന്തി പാലിക്കണം. മനുഷ്യൻ ഏതെല്ലാം കാര്യങ്ങൾക്കു വേണ്ടി ഔത്സുക്യം പ്രദശിപ്പിക്കുന്നുവോ, അതിൽനിന്നും അവൻെറ യഥാത്ഥമായ വില മനസ്സിലാക്കാം.

സംഭാഷണത്തിൽ, പറയുന്നതെല്ലാം നീ ശ്രദ്ധിക്കണം. അതുപോലെ പ്രവൃത്തികളിലും എന്തെല്ലാമാണു് സാധിക്കുന്നതെന്നു സൂക്ഷിച്ചു കൊള്ളണം. ഒന്നിൽ, വാക്കുകളാൽ പരാമശിക്കപ്പെടുന്ന വസ്തുതയും, മററതിൽ പ്രവൃത്തിയുടെ ഉദ്ദേശ്യവുമാണു് ഗ്രഹിക്കാൻ നോക്കേണ്ടതു്.

ഇക്കാര്യം സാധിക്കാൻ വേണ്ടിടത്തോളം ബുദ്ധിവൈഭവം എനിക്കുണ്ടോ? ഉണ്ടെങ്കിൽ വിശ്വപ്രകൃതിയാൽ നല്കപ്പെട്ടിട്ടുള്ള ഒരുപകരണമായി ഞാൻ അതിനെ കാര്യനിവ്വഹണത്തിനുവേണ്ടി വിനിയോഗിക്കും. വൈഭവം ഇല്ലെന്നുവരുന്നപക്ഷം, ഒന്നുകിൽ ഞാൻ കാര്യത്തിൽ നിന്നു വിരമിക്കുകയും, പ്രതികൂലമായ കരണമൊന്നുമില്ലെങ്കിൽ, അതു് കൂടുതൽ സമത്ഥമായിച്ചെയ്യാൻ യോഗ്യതയുള്ള മററൊരാൾക്കു് വിട്ടുകൊടുക്കുകയും ചെയ്യും; അല്ലെങ്കിൽ, എൻെറ പ്രേരണയ്ക്കു വശംവദനായി പൊതുനന്മയ്ക്കു പ്രയോജനപ്രദവും ഉചിതവുമായ രീതിയിൽ പ്രവത്തിക്കാൻ ശക്തനായ ആരുടെയെങ്കിലും സാഹായ്യത്തോടുകൂടി എൻെറ കഴിവിനൊത്തവണ്ണം ഞാൻ ആ കാര്യം അനുഷ്ഠിക്കും. തനിയെ ആയാലും പരാശ്രയ

ത്തോടുകൂടിയായാലും സമുദായഗുണ (ലോകസംഗ്രഹ) ത്തിന്ന് യോജിച്ചവിധവും പ്രയോജനകരവും ആയിരിക്കണമെന്ന ആദർശത്തെ അവലംബിച്ചുകൊണ്ടുതന്നെ ഞാൻ ഏതും പ്രവൎത്തിക്കും.

കീൎത്തിപ്രചുരിമയാൽ സുപ്രസിദ്ധരായിരുന്ന എത്രയോ മനുഷ്യർ വിസ്മൃതിയുടെ അന്ധകാരത്തിൽ ആണ്ടുപോയിരിക്കുന്നു. ഇതുപോലെ അന്യരുടെ യശസ്സിനെ ദിഗന്തങ്ങളിൽ പ്രചരിപ്പിച്ചിരുന്ന നിരവധി ജനങ്ങളും തിരോഭവിച്ചുകഴിഞ്ഞു.

സാഹായ്യം സ്വീകരിക്കുന്നതിൽ ലജ്ജ തോന്നേണ്ടതില്ല. നഗരത്തെ ആക്രമിക്കുന്ന സൈന്യസംഘത്തിൽ ഭടന്റെ കൎത്തവ്യം അനുഷ്ഠിക്കുകയാണ് നിന്റെ ധൎമ്മം. ആ സ്ഥിതിക്ക്, നീ മുടന്തനാണെങ്കിൽ, കോട്ടയിലും കൊത്തളത്തിലും പരാശ്രയംകൂടാതെ കയറുന്നതെങ്ങനെ? തനിയേ കയറുക സാധ്യവുമല്ലല്ലോ.

ഭാവികാൎയ്യങ്ങൾ ചിന്തിച്ച് വ്യാകുലനാകരുതു്. വൎത്തമാനകാൎയ്യങ്ങളിൽ നീ വിനിയോഗിച്ചുപോരുന്ന വിവേകശക്തിക്കു ന്യൂനത സംഭവിക്കാതെതന്നെ, ആവശ്യമുള്ളപക്ഷം ഭാവികാൎയ്യങ്ങളെയും നിനക്ക് അഭിമുഖീകരിക്കാം.

സമസ്തവസ്തുക്കളും പരിശുദ്ധമായ ഒരു ബന്ധത്താൽ കെട്ടപ്പെട്ടാണ് കിടക്കുന്നതു്. മറെറാന്നിനോടു ബന്ധമില്ലാത്ത യാതൊന്നും കാണപ്പെടുന്നില്ല. പരസ്പരബദ്ധങ്ങളും സമപ്രാധാന്യങ്ങളുമായ വസ്തുക്കളുടെ സഞ്ചയത്താൽ വ്യവസ്ഥിതമത്രേ ഈ വിശ്വം. ഇപ്രകാരം സമസ്തവും ചേൎന്ന് വിശ്വം ഒന്നായിരിക്കുന്നു; സമസ്തത്തിലും വ്യാപ്തമായിരിക്കുന്ന ദൈവവും ഒന്നാകുന്നു. വിശ്വവസ്തുവും ഒന്നുതന്നെ; വിശ്വത്തിൽ പ്രവൎത്തിക്കുന്ന നിയമവും ഒന്നുതന്നെ. ബുദ്ധിപൂൎവ്വം ജീവിക്കുന്ന സകല ജീവികളിലും ഒരേ ജ്ഞാനചൈതന്യവും ഒരേ സത്യവും പരിലസി

ക്കുന്നു. ജീവനും ഒരേ സൃഷ്ടിശക്തിയുടെ പ്രേരണയ്ക്കധീനമായി സകല ജീവികളിലും ഒരേ രീതിയിൽ വികാസപൂർത്തിയെ പ്രാപിക്കുന്നു.

ജഡമായ സകല വസ്തുക്കളും ക്ഷണനേരംകൊണ്ടു വിശ്വവസ്തുവിൽ ലയിക്കുന്നു. അതുപോലെ, കാരണങ്ങളും വിശ്വകാരണത്തിൽ വിലയം പ്രാപിക്കുന്നു. സ്മരണകളെല്ലാം അനന്തമായ കാലവിസ്മൃതിയിലും അടിയുന്നു.

ബുദ്ധിപൂർവ്വം ജീവിക്കുന്നവരുടെ വിവേകജന്യങ്ങളായ പ്രവൃത്തികൾ പ്രകൃത്യനുസൃതങ്ങളാകുന്നു.

നീ തനിയെ അല്ലെങ്കിൽ പരാശ്രയത്തോടുകൂടിയെങ്കിലും നിവർന്നുതന്നെ നില്ക്കണം.

ഒരു ശരീരത്തിൽപ്പെട്ട അവയവങ്ങളെന്നപോലെ ഏകത്വബോധത്തോടുകൂടിത്തന്നെയാണ് വ്യക്തികളായി വേർതിരിഞ്ഞു സ്ഥിതിചെയ്യുന്ന മനുഷ്യർ വർത്തിക്കേണ്ടതു്. അവർ ഒരേ കാര്യത്തിൽ സഹകരിക്കാൻ ആവിർഭൂതരാകുന്നു. 'ബുദ്ധിയുള്ള ജീവികളുടെ സമഷ്ടിയിൽ ഞാൻ ഒരംഗമാണു്" എന്നിങ്ങനെ നീ പലപ്പോഴും ധ്യാനിക്കുന്നതായാൽ, ഈ തത്വത്തിൻെറ ജ്ഞാനം നിൻെറ ബുദ്ധിയിൽ നല്ലവണ്ണം ഉറയ്ക്കും. 'അംഗം' എന്നതിനു പകരം 'അംശം' എന്നാണ് നീ വിചാരിക്കുന്നതെങ്കിൽ, നിനക്കു് അന്യരെ ഹൃദയപൂർവ്വം സ്നേഹിക്കാനോ, അവരുമായി സഹകരിക്കാനോ വേണ്ട മനോഭാവം ഉണ്ടായിട്ടില്ലെന്നു സ്പഷ്ടമായിത്തീരും. പരോപകാരത്തിൽനിന്നും ഉണ്ടാകുന്ന ആനന്ദം അനുഭവിക്കാനായിട്ടുമാത്രം പരോപകാരം അനുഷ്ഠിക്കുകയെന്ന തത്വം നിനക്കിനിയും ബോദ്ധ്യമായിട്ടില്ല; നീ പരോപകാരം ചെയ്യുന്നുണ്ടെങ്കിൽ, അതു് ലോകമര്യാദയ്ക്കു് കൂടാതെ കഴിയുകയില്ലല്ലോ എന്നു വിചാരിച്ചിട്ടുമാത്രമാകുന്നു; അല്ലാതെ, അതു നിൻെറ നന്മയ്ക്കു് ആവശ്യമാണെന്ന ബോധം നിമിത്തമല്ല.

പുറമേ നിന്നു പറവന്ന ഏതു് ആഘാതവും എന്റെ ശരീരാംശങ്ങൾക്കു മാത്രമായിരിക്കട്ടെ; അതുകൊണ്ടു് അവ ദുഃഖിക്കുന്നുവെങ്കിൽ ദുഃഖിക്കുകയും ചെയ്തുകൊള്ളട്ടെ. എന്നാൽ, സംഭവിക്കുന്നതെല്ലാം തിന്മയാണെന്ന വിചാരം ഉണ്ടായിരുന്നാലല്ലാതെ, അത്തരം ആഘാതങ്ങളൊന്നും എന്നെ ബാധിക്കുകയില്ല. അപ്രകാരമുള്ള വിചാരങ്ങളെ വർജ്ജിക്കാൻ വേണ്ട ശക്തി എനിക്കു് തികച്ചും ലബ്ധമായിട്ടുണ്ടു്.

അന്യർ എന്തും പറയുകയോ പ്രവത്തിക്കുകയോ ചെയ്യട്ടെ; ഞാൻ സദ്വൃത്തനായിട്ടുതന്നെ ജീവിക്കും. ജനങ്ങൾ സ്വർണ്ണത്തെയും രത്നത്തെയും ദൂഷിച്ചു് എന്തു എന്തുതന്നെ പറയുകയോ പ്രവത്തിക്കുകയോ ചെയ്താലും അവയുടെ വർണ്ണപ്രകർഷത്തിനോ മേന്മയ്ക്കോ മാററമൊന്നും സംഭവിക്കുകയില്ലല്ലോ.

അന്തരാത്മാവിൻെറ ശാന്തത ഭഞ്ജിക്കപ്പെടുന്നില്ല; അതിനു് ഭയാദിവികാരങ്ങളോ ദുഃഖമോ സംഭവിക്കുന്നുമില്ല. അതിനെ ഭയപ്പെടുത്തുകയോ, ദുഃഖിപ്പിക്കുകയോ വേണമെന്നുള്ളവർ യഥേഷ്ടം ശ്രമിച്ചുകൊള്ളട്ടെ; അന്തരാത്മാവു് സ്വന്തം നിലയിൽ ദുഃഖിച്ചുവെന്നോ, വികാരങ്ങൾക്കധീനമായിത്തീർന്നുവെന്നോ വരികയില്ല. ദേഹം തന്നെയും അതിനു് ദുഃഖം തോന്നുകയില്ലെന്നു്, കഴിയുമെങ്കിൽ വിചാരിച്ചുകൊള്ളേണ്ടതാണു്; തീരെ നിവൃത്തിയില്ലെങ്കിൽമാത്രമേ അതു ദുഃഖത്തിനു് അധീനമായി ഭവിക്കാവൂ. ഭയവും വേദനയും മററും അനുഭവിക്കാൻ വേണ്ട ശക്തിയും അവയെക്കുറിച്ചു് നിരൂപണംചെയ്‌വാൻ വേണ്ട സാമർത്ഥ്യവും അധികാരവുമുള്ള മനസ്സു തന്നെയും യഥാർത്ഥത്തിൽ ദുഃഖം അനുഭവിക്കുന്നുണ്ടെന്നു പറഞ്ഞുകൂടാ; അതു് ശരീരത്തിൻെറ ഉൽബോധനങ്ങളെ കണ്ണുമടച്ചു് പിൻതാങ്ങുകയുമില്ല. വിവേകബുദ്ധിക്കും അതിൻെറ സ്വന്തം സ്ഥിതിയല്ലാതെ മറെറാന്നും നോക്കേ

ണ്ടതില്ല; അതിനാൽ അതു് സ്വയം ക്ഷുബ്ധവും പ്രതിബദ്ധവുമായിത്തീരാമെന്നല്ലാതെ, ബാഹ്യമായ കാരണത്താൽ ക്ഷോഭത്തിനോ, പ്രതിബന്ധത്തിനോ പാത്രമാവുകയില്ല.

ആത്മരതി (ആനന്ദം) ഒരുത്തമദേവതയാകുന്നു. അല്ലയോ ഭാവനാശക്തി, (സങ്കല്പശക്തി) നീ എന്താണു് ഇവിടെ ചെയ്യുന്നതു്? പൊയ്ക്കൊള്ളുക, ദേവന്മാരുടെ പേരിൽ ഞാനപേക്ഷിക്കുന്നു, നീ വന്ന വഴിനോക്കി പൊയ്ക്കൊള്ളുക; നിന്നെ എനിക്കാവശ്യമില്ല. നീ പഴയ പതിവനുസരിച്ചു വന്നതായിരിക്കാം. എനിക്കു് നിന്നോടു കോപമില്ല; നീ പോകണമെന്നുമാത്രം ഞാനപേക്ഷിക്കുന്നു.

പരിവർത്തനത്തിൽ ഭയമുണ്ടോ? എന്തിനു ഭയപ്പെടുന്നു? പരിവർത്തനം നടക്കാതിരുന്നാൽ ഏതെങ്കിലും ആവിർഭവിക്കുമോ? വിശ്വപ്രകൃതിക്കു് ഏററവും യോഗ്യവും തുഷ്ടിപ്രദവും അതല്ലേ? വിറകുകൊള്ളിയുടെ പരിവർത്തനത്തിന്റെ ഫലമായിട്ടല്ലേ നിനക്കു് കുളിക്കാൻ ചൂടുവെള്ളം ഉണ്ടാകുന്നതു്? അതുപോലെ നീ കഴിക്കുന്ന ആഹാരപദാർത്ഥങ്ങൾ പരിവർത്തിക്കുന്നതുകൊണ്ടല്ലേ നിനക്കു് ശരീരപുഷ്ടി ലഭിക്കുന്നതു്? ഉപയോഗപ്രദമായ ഏതെങ്കിലും കാര്യം പരിവർത്തനംകൂടാതെ നിറവേറുമോ? നിനക്കും പരിവർത്തനമുണ്ടാകുമെന്നും, അതു് നിനക്കും വിശ്വപ്രകൃതിക്കും ഒന്നുപോലെ ആവശ്യകമാണെന്നും നീ ഗ്രഹിക്കുന്നില്ലേ?

ശക്തിയേറിയ ഒരു മഹാപ്രവാഹത്തിൽക്കൂടിയെന്നപോലെ, ജഗദ്വസ്തുവിൽക്കൂടി സകല ശരീരികളും അതിവേഗത്തിൽ ഒഴുകിക്കൊണ്ടിരിക്കുന്നു. നമ്മുടെ ശരീരത്തിലെ അവയവങ്ങളോരോന്നും ശരീരവുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെ അവ ഓരോന്നും അതിന്റെ പ്രകൃതിയാൽ സമഷ്ടിയുമായി സംബന്ധപ്പെട്ടിരിക്കുന്നു.

അതിനും പുറമേ, പരസ്പരം സഹകരിക്കുകയും ചെയ്യുന്നു. ക്രീസിപ്പസ്, സാക്രട്ടീസ്, എപ്പിക്റ്ററററസ് മുതലായ എത്രയോ മഹാന്മാരെയും ചിന്തകന്മാരെയും കാലം കബളീകരിച്ചു കഴിഞ്ഞു! എല്ലാ മനുഷ്യരുടേയും എല്ലാ ജന്തുക്കളുടേയും ഗതി ഇതു തന്നെ എന്ന വിചാരം നിനക്കു് എപ്പോഴും ഉണ്ടായിരിക്കണം.

മനുഷ്യന്റെ ഘടനാവിശേഷം അനുവദിക്കാത്തതോ, അനുവദിക്കാത്ത രീതിയിലുള്ളതോ, അഥവാ ഇപ്പോൾ അനുവദിക്കാത്തതോ ആയ് വല്ലതും ഞാൻ ചെയ്തുപോകുമോ എന്ന ഒരു സംഗതിയിൽ എന്റെ മനസ്സ് അസ്വസ്ഥമായി ചമഞ്ഞിരിക്കുന്നു.

സമസ്തവും നിനക്കു് വിസ്മൃതമായിത്തീരുന്ന കാലം വിദൂരമല്ല. സമസ്തത്തിനും നീ വിസ്മൃതനായിത്തീരുന്ന കാലവും അങ്ങനെ തന്നെ.

അപകാരം ചെയ്യുന്നവരെപ്പോലും സ്നേഹിക്കുകയെന്നതു് മനുഷ്യന്റെ ഒരു വിശേഷധർമ്മമാകുന്നു. അപകാരകാരികളായിട്ടു തീരുന്നവരും നിന്റെ സഹോദരന്മാരാണെന്നും അവർ അജ്ഞതമൂലം ഉദ്ദേശിക്കാതെയാണു് അപ്രകാരം പ്രവർത്തിച്ചുപോകുന്നതെന്നും അവരും നിന്നെപ്പോലെ മരിക്കാനുള്ളവരാണെന്നും നിനക്കു ബോധം ഉണ്ടാകുമ്പോൾ, മുൻപറഞ്ഞ സ്നേഹത്തിനു് നിന്നിൽ സ്ഥിരപ്രതിഷ്ഠ സിദ്ധിക്കും. വാസ്തവത്തിൽ അവരുടെ അപകാരപ്രവൃത്തി നിനക്കു യാതൊരു ദോഷവും ചെയ്യുന്നില്ല. അതു നിമിത്തം നിന്റെ അന്തരാത്മാവിനുള്ള സുസ്ഥിതിക്കു് വ്യത്യാസമൊന്നും സംഭവിക്കുന്നില്ലല്ലോ.

ജഗൽകാരണശക്തി ജഗദവസ്തുവെക്കൊണ്ടു്, കലാനിപുണൻ അരക്കുകൊണ്ടെന്നപോലെ, ഓരോന്നു നിർമ്മിക്കുന്നു. ആ ശക്തി ഇതാ ഒരു കുതിരയെ സൃഷ്ടിച്ചുവെന്നു വിചാരിക്കുക. ഉത്തരക്ഷണത്തിൽ അതിനെ

നശിപ്പിച്ച് അതിൻെറ പദാത്ഥം കൊണ്ട് ഒരു മരത്തെ നിമ്മിക്കും; അതും നശിപ്പിച്ച് പിന്നീടൊരു മനുഷ്യനെ സൃഷ്ടിക്കും; പിന്നെ മറെറാന്നുണ്ടാക്കും. ഇങ്ങനെ കാരണശക്തിയുടെ പ്രവൃത്തി നിരന്തരം തുടൎന്നു കൊണ്ടിരിക്കുന്നു. ഈവിധം നിമ്മിക്കപ്പെടുന്ന ഒരോന്നും അല്പകാലത്തേയ്ക്കുമാത്രമേ സ്ഥിതിചെയ്യുന്നുള്ളൂ. ഇവയുടെ സൃഷ്ടിയെന്നതുപോലെ സംഹാരവും കാരണശക്തി നിഷ്പ്രയാസം നടത്തുന്നു. ഉടഞ്ഞു പോകുന്നതിൽ വച്ച് ഈ പാത്രങ്ങൾക്ക് ദുഃഖം ഉണ്ടാകുന്നില്ല ; ആദ്യം നിമ്മിക്കപ്പെട്ടപ്പോൾ ഇവയ്ക്കു് സുഖവും തോന്നിയിരുന്നില്ല.

കോപസൂചകമായ മുഖഭാവം അപ്രാകൃതികമാകുന്നു. കോപഭാവം കൂടക്കൂടെയുണ്ടാകുന്നതിന്റെ ഫലമായി മുഖസൗന്ദൎയ്യം നശിച്ചുപോകുമെന്നല്ല, മുഖത്തിന് അതിന്റെ പൂവ്സൗഭാഗ്യം ഒരിക്കലും വീണ്ടുകിട്ടാൻ നിവൃത്തിയില്ലാത്ത ഒരു ദുർദ്ദശ വന്നുചേരുകയുംചെയ്യും. കോപഭാവം പ്രകൃതിക്ക് യോജിച്ചതല്ലെന്നുള്ളതിന് ഈ വസ്തുതതന്നെ തെളിവാകുന്നു. ഒരു സംഗതി പ്രകൃതിക്കു വിരുദ്ധമാണെന്നറിവാനുള്ള ശക്തിതന്നെ നഷ്ടമായിത്തീരുന്നതായാൽ, പിന്നെ ജീവിതംകൊണ്ടെന്തു പ്രയോജനം ?

സമഷ്ടിയെപ്പരിരക്ഷണം ചെയ്യുന്ന പ്രകൃതി ഇക്കാണുന്ന എല്ലാ വസ്തുക്കളെയും പരിവത്തിപ്പിക്കുകയും അവയുടെ പദാത്ഥം ഉപയോഗിച്ച് അന്യവസ്തുക്കളെ നിമ്മിക്കുകയും അവയെയും പരിവത്തിപ്പിച്ച് പിന്നെയും വേറെ വസ്തുക്കളെ സൃഷ്ടിക്കുകയും ചെയ്യുന്നു. ഇങ്ങനെ പ്രപഞ്ചം എപ്പോഴും നവീകൃതമായിക്കൊണ്ടിരിക്കുന്നു.

നിനക്ക് ആരെങ്കിലും അപകാരം ചെയ്താൽ, നന്മതിന്മകളെക്കുറിച്ച് എന്തു ധാരണയോടുകൂടിയാണ് അയാൾ അതു ചെയ്തതെന്ന് നീ ഉടനേ ആലോചിക്കണം. അയാളുടെ ധാരണ മനസ്സിലായിക്കഴിയുമ്പോൾ, അയാളോട്ട് നിനക്ക് അനുകമ്പയല്ലാതെ, കോപമോ അയാ

ളുടെ പ്രവൃത്തിയിൽ ആശ്ചൎയ്യമോ തോന്നുകയില്ല. നന്മയെ ക്കുറിച്ച് അയാളുടെയും നിൻെറയും ബോധം ഒന്നുതന്നെ യൊ തുല്യമോ ആയിക്കാണപ്പെടുന്നപക്ഷം, അയാളുടെ പ്രവൃത്തിയെ ക്ഷന്തവ്യമായിക്കരുതേണ്ടതു് നിൻെറ ധൎമ്മ മായിരിക്കും. അയാൾ നന്മയെന്നോ തിന്മയെന്നോ ധരിച്ചിട്ടുള്ളതു് നിന്റെ അഭിപ്രായപ്രകാരം തെററാണെന്നു വന്നാൽ, തെററാചരിച്ചവനോടു് നീ പൂവാധികം സൗ ജന്യവാനായിട്ടു വത്തിക്കുമെന്നതു നിശ്ചയവുമാണല്ലോ.

നിനക്കുള്ളവയെക്കുറിച്ചല്ലാതെ ഇല്ലാത്തവയെക്കു റിച്ചു് അധികമൊന്നും ചിന്തിക്കരുതു്. ഉള്ളവയിലും ഉത്തമങ്ങളായവയെ പ്രത്യേകം വകതിരിക്കുകയും അവയി ല്ലാതിരുന്നുവെങ്കിൽ നീ എത്രമാത്രം ഉൽകണ്ഠിതനായി ത്തീരാഞ്ഞുനടന്നു് ക്ലേശിക്കുമായിരുന്നുവെന്നു് ആലോചി ക്കുകയും വേണം. ഉത്തമങ്ങളായിട്ടു കരുതപ്പെടുന്നവയേയും ഒരതിത്തിക്കപ്പുറം വില വയ്ക്കരുതു്. അങ്ങനെ ചെയ്താൽ, അവ ഇല്ലാതായിപ്പോകുമ്പോൾ നിനക്കുണ്ടാകുന്ന അസ്വാ സ്ഥ്യം അസീമമായിരിക്കും.

നീ അന്തരാത്മാവിൽ അടങ്ങി വിശ്രമിക്കണം. ന്യായമായ പ്രവൃത്തിയാൽ സന്തുഷ്ടവും ശാന്തവുമായി വർ ത്തിക്കുകയെന്നതാണു് അന്തരാത്മാവിൻെറ സ്വഭാവം.

വാസനകളെ നിർമ്മാർജ്ജനം ചെയ്യുകയും കാമ പ്രേരണകളെ തടയുകയും വത്തമാനകാലസംഗതികളിൽ മാത്രം ശ്രദ്ധവയ്ക്കുകയും വേണം. നിനക്കും അന്യൎക്കും സം ഭവിക്കുന്നതെന്തെല്ലാമെന്നും നോക്കി മനസ്സിലാക്കേണ്ട താവശ്യമാകുന്നു. വിവിധവസ്തുക്കളിൽ ഓരോന്നും കാര ണമോ കായ്യമോ എന്നു നീ വിവേചിച്ചു് ഗ്രഹിക്കണം. ആരെങ്കിലും പ്രവത്തിക്കുന്ന അപകാരം ആയാളിൽ ത്തന്നെ തങ്ങിനില്ക്കത്തക്കവണ്ണം പെരുമാറുകയും വേണ്ട താകുന്നു.

പറയപ്പെടുന്നവാക്കുകളിൽ നീ ശ്രദ്ധപതിപ്പിക്കണം. കർത്താവും കർമ്മവും ഒന്നുപോലെ നിൻെറ ബുദ്ധിക്ക് അനുസന്ധാനവിഷയമാകേണ്ടതാണ്.

സരളതയും വിനയവും നിൻെറ അലംകാരങ്ങളായിത്തീരണം. പുണ്യത്തിലും പാപത്തിലും ഉൾപ്പെടാത്ത വസ്തുക്കളിൽ ഉദാസീനതയാണു വേണ്ടത്. മനുഷ്യവർഗ്ഗത്തെ സ്നേഹിക്കുകയും ഈശ്വരനെ അനുസരിക്കുകയും വേണം. നിയമദേവത സർവ്വത്തെയും ഭരിക്കുന്നുവെന്ന് കവി പറയുന്നു. സകലതും നിയമത്തിനധീനമാണെന്നാണ് ഇതിനർത്ഥം.

മരണം—പ്രപഞ്ചം എന്നതു് അണുസംഘാതസ്വരൂപമാണെങ്കിൽ, മരണം ഒരു വിയോജനപ്രക്രിയയാകുന്നു. നേരേമറിച്ച്, സംയുക്തസ്വരൂപമായ ഏകവസ്തുവാണ് പ്രപഞ്ചമെങ്കിൽ, മരണമെന്നതു് നിശ്ശേഷനാശമോ അവസ്ഥാന്തരപ്രാപ്തിയോ ആയിരിക്കും.

വേദന—അസഹ്യമായ വേദന നമ്മുടെ ജീവനെ അപഹരിക്കും. ദീർഘകാലം തുടൎന്നു നില്ക്കുന്നതാണെങ്കിൽ അതു് സഹിക്കത്തക്കതായിത്തീരും; അതു നിമിത്തം മനസ്സിന് അശാന്തിയോ, അന്തരാത്മാവിനു കെട്ടതലോ സംഭവിക്കുകയുമില്ല; വേദനയാൽ പീഡിതങ്ങളാകുന്ന ശരീരഭാഗങ്ങൾ അവയുടെ വികാരത്തെ പ്രകാശിപ്പിച്ചു കൊള്ളട്ടെ.

കീർത്തി-കീർത്തിയെ ഉപാസിക്കുന്നവരുടെ മനഃസ്ഥിതിയെന്തു്? അവർ എന്തെല്ലാം വർജ്ജിക്കുന്നു? എന്തെല്ലാം ആരായുന്നു? എന്നൊക്കെ നിരീക്ഷണം ചെയ്തു ഗ്രഹിക്കണം. ഒരിക്കൽ മണൽ വിതറപ്പെട്ട സ്ഥലത്തു് പിന്നെയും മണൽ വിതറപ്പെടുന്നതായാൽ, ആദ്യം വിതറപ്പെട്ട മണൽ അടിയിൽ മറഞ്ഞുപോകുന്നതുപോലെ,

ജീവിതത്തിലും ആദ്യമാദ്യം ഉണ്ടാകുന്ന സംഭവങ്ങൾ അനന്തരസംഭവങ്ങളാൽ മറയ്ക്കപ്പെട്ടുപോകുന്നു.

പ്ലേറ്റോ പറയുന്നു: അനന്തമായ കാലപരിണാമത്തിൻെറയും സമഗ്രമായ വസ്തുനിചയത്തിൻെറയും പൂൎണ്ണജ്ഞാനം സിദ്ധിച്ചിട്ടുള്ള ഉന്നതാശയനായ ഒരാൾക്ക് മനുഷ്യജീവിതത്തെ മഹത്തായി വിചാരിക്കാൻ കഴിയുമെന്നു നിനക്കു തോന്നുന്നുണ്ടോ?—ഒരിക്കലും ഇല്ല. ആ സ്ഥിതിക്ക് മരണം എന്നതു് തിന്മയല്ലെന്നും ആയാൾ വിചാരിക്കുകയില്ലേ?—നിശ്ചയമായും വിചാരിക്കും.

ആൻറിസ്തെനിസ് അഭിപ്രായപ്പെടുന്നു: നന്മചെയ്യുക, അധിക്ഷേപത്തിനു പാത്രമാവുക, ഇവ രണ്ടും രാജോചിതധൎമ്മങ്ങളാകുന്നു.

മനസ്സിൻെറ ആജ്ഞയനുസരിച്ചു് മുഖം വിനയം ഭാവിക്കും; വികാരങ്ങളെ നിയന്ത്രിക്കും; സ്വസ്ഥമായിച്ചമയും. എന്നാൽ മനസ്സും സ്വയമേവ നിയന്ത്രിതവും ശാന്തവുമായിത്തീരുന്നതല്ലെങ്കിൽ, അതു നിന്ദ്യം തന്നെ.

ഒന്നിനെക്കുറിച്ചും നീരസഭാവം പാടില്ല; ഒന്നും നമ്മുടെ രസനീരസങ്ങളെ വകവയ്ക്കുകയില്ല.

അമർത്ത്യരായ ദേവന്മാൎക്കും മർത്ത്യരായ മനുഷ്യൎക്കും ഒന്നുപോലെ ആനന്ദപ്രദനായിട്ടു തന്നെ നീ ജീവിക്കണം.

പാകമായ നെൽക്കതിരുകൾ കൊയ്യപ്പെടുന്നു. അതുപോലെ ഐഹികജീവിതവും ഒരു മാതിരി വിളവെടുപ്പിനു വിധേയമാണു്. ഒരാൾ ജനിക്കുന്നു, വേറൊരാൾ മരിക്കുന്നു.

ദേവന്മാർ എന്നെയും എൻെറ സന്താനങ്ങളെയും ഗൗനിക്കുന്നില്ലെങ്കിൽ, നിശ്ചയമായും അതിനൊരു കാരണം കാണും. നന്മയും ന്യായവും എൻെറ പക്ഷത്താകുന്നു. വിലപിക്കുന്നവരുടെ കൂട്ടത്തിൽ ചേൎന്നു വിലപിക്കുകയോ, കഠിനമായ ക്ഷോഭത്തിന്നധീനനാവുകയോ അരുതു്.

പ്ലേറേറായിൽയിന്നു്: "ഈയാൾ പറഞ്ഞതിനു് ഇതു് മതിയായ ഒരുത്തരമാണു്. അല്പമെങ്കിലും വിവേകിയായ ഒരു മനുഷ്യൻ ജീവിതത്തിൻെറയും മരണത്തിൻെറയും അപകടം കണക്കാക്കണം; അല്ലാതെ, താൻ ചെയ്യുന്നതു് ന്യായമോ അന്യായമോ, നന്മയോ തിന്മയോ, എന്നിങ്ങനെ ഏതു പ്രവൃത്തി ചെയ്യുമ്പോഴും ആലോചിക്കുകയല്ല വേണ്ടതു്, എന്നു നിങ്ങൾ വിചാരിക്കുന്നുണ്ടെങ്കിൽ, ആ വിചാരം അത്ര ശരിയാണെന്നു തോന്നുന്നില്ല."

"ആഥെൻസുകാരേ! പരമാൎത്ഥം ഇങ്ങനെയാണു്; ഒരു ഭടൻ നിലകൊള്ളുന്ന സ്ഥാനം, നല്ലതെന്നു കരുതി അവൻ തന്നെ തിരഞ്ഞെടുത്തതോ, അഥവാ സേനാനിയുടെ ആജ്ഞാനുസരണം അവനു ലഭിച്ചതോ, ആയിരിക്കട്ടെ. എന്തായാലും ആ സ്ഥാനത്തുതന്നെ മരണത്തെയും തത്തുല്യങ്ങളായ മററപകടങ്ങളെയും തൃണവൽഗണിച്ചു് അഭിമാനം പുലൎത്തിക്കൊണ്ടു് അവൻ ധൈൎയ്യസമേതം നിലകൊള്ളണം."

"എന്നാൽ, എൻെറ പ്രിയസ്നേഹിത! ശ്രേഷ്ഠതയെന്നും നന്മയെന്നും പറയുന്നതു് അഭയദാനം, സുരക്ഷിതത്വം ഇവയിൽനിന്നു ഭിന്നമല്ലേ? ആലോചിച്ചുനോക്കുക. മനുഷ്യൻ എന്ന നാമധേയത്തെ യഥാൎത്ഥമായിട്ടൎഹിക്കുന്ന ഒരാൾ ദീൎഘകാലമോ അല്പകാലമോ എത്ര കാലമായാലും ജീവിക്കണമെന്നുതന്നെ ചിന്തിച്ചുകൊണ്ടിരിക്കും എന്ന വാദം സ്വീകാൎയ്യമല്ല. അയാൾ തൻെറ ജീവിതകാൎയ്യം ദൈവഹസ്തങ്ങളിൽ സമൎപ്പിച്ചിരിക്കും; അയാൾക്കു് ജീവിതത്തിൽ പ്രത്യേകമായ അഭിനിവേശമേ ഉണ്ടായിരിക്കുകയില്ല, 'വിധിയുടെ പിടിയിൽ നിന്നു വിട്ടുപോകാൻ സാധിക്കുകയില്ല,' എന്നു സ്ത്രീകൾ പറയാറുള്ള തത്വമായിരിക്കും അയാൾ വിശ്വസിക്കുന്നതു്; അയാളുടെ സംരംഭം തനിക്കു കല്പിക്കപ്പെട്ടിട്ടുള്ള ആയുഷ്കാല

ത്തെ എങ്ങനെ ഫലപ്രദമായി വിനിയോഗിക്കാമെന്ന കാര്യത്തിലായിരിക്കും."

നീ നക്ഷത്രങ്ങളോടു കൂടി സഞ്ചരിക്കുന്ന ഭാവത്തിൽ അവയുടെ ഗതി നോക്കി മനസ്സിലാക്കണം. ഭൂതപദാർത്ഥങ്ങൾ നിരന്തരം മാറിക്കൊണ്ടിരിക്കുന്ന വസ്തുതയും ആലോചിക്കേണ്ടതാകുന്നു. ഇത്തരം ചിന്തകൾ മാലിന്യങ്ങളെ ദൂരീകരിച്ചു് ഐഹികജീവിതത്തെ പവിത്രമാക്കും.

പ്ലേറേറാവിൻെറ സുഭാഷിതങ്ങളിൽ ഇങ്ങനെ കാണുന്നു:—"മനുഷ്യവർഗ്ഗത്തെ അധികരിച്ചു് ഉപന്യസിക്കുന്ന ആൾ, ഉന്നതതരമായ ഒരു സ്ഥാനത്തു നിന്നെന്നപോലെ, ഭൂമിയിലുള്ള സകല സംഗതികളും അഭിവീക്ഷിക്കണം. മനുഷ്യരുടെ സമ്മേളനസംരംഭങ്ങൾ, സൈന്യസന്നാഹങ്ങൾ, കാർഷികോദ്യമങ്ങൾ, വിവാഹാഘോഷങ്ങൾ, സമാധാനവ്യവസ്ഥകൾ, ജനനങ്ങൾ, മരണങ്ങൾ, വ്യവഹാരകോലാഹലങ്ങൾ, വിവിക്തസ്ഥാനങ്ങൾ, അപരിഷ്കൃതസമുദായങ്ങൾ, ഉത്സാഹപ്രകടനങ്ങൾ, വിലാപതരംഗങ്ങൾ, വാണിജ്യകേന്ദ്രങ്ങൾ, എന്നുവേണ്ട എന്തെല്ലാം സമ്മിശ്രാവസ്ഥകളും പരസ്പരവിരുദ്ധങ്ങളായ വസ്തുക്കളുടെ വ്യവസ്ഥിതിക്രമങ്ങളും നിരീക്ഷണവിഷയങ്ങളായിട്ടുണ്ടെന്നു നോക്കുക."

ഭൂതകാലസംഭവങ്ങളെപ്പററി പര്യാലോചിക്കണം. രാഷ്ട്രീയാധികാരം സംബന്ധിച്ചുതന്നെ എന്തെല്ലാം മഹാപരിവർത്തനങ്ങളാണുണ്ടായിട്ടുള്ളതു്! ഇതുപോലെ, ഭാവിസംഭവങ്ങളെയും മനസ്സുകൊണ്ടു നിരൂപണം ചെയ്യണം. അവയും അവയുടെ മുൻഗാമികളുടെ മാതൃകയിൽത്തന്നെ ആയിരിക്കും; ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളിൽ നിന്നു് ഭിന്നമായ ഒരു രീതിയോ ക്രമമോ അവയ്ക്കുണ്ടാവുക സാദ്ധ്യമല്ല. അതിനാൽ, മനുഷ്യജീവിതത്തിൻെറ നാല്പതു വർഷത്തെ ചരിത്രമോ, പതിനായിരം

വഷത്തെ ചരിത്രമോ, ഏതു പരിശോധിച്ചാലും ഫലം തുല്യം തന്നെ. വ്യത്യസ്തമായി വല്ലതും കാണ്മാൻ കഴിയുന്നില്ല.

"ഭൂമിയെയുപജീവിച്ചുണ്ടാവതെല്ലാം വീണ്ടും
ഭൂമിയിലേയ്ക്കു തന്നെ ചേരുമെന്നറിഞ്ഞാലും;
ജാതമായതാം സ്വപർഗ്ഗ്യബീജവുമതേമട്ടിൽ
ഭൂതലം വിട്ടുചെന്നു ലയിപ്പു നാകത്തിങ്കൽ."

ഇതു് പരസ്പരസംയുക്തങ്ങളായ അണുക്കളുടെ വിയോജനം കൊണ്ടോ, നഷ്ടചേതനങ്ങളായിപ്പോകുന്ന ഭൂതപദാൎത്ഥങ്ങളുടെ വിഘടനം കൊണ്ടോ സംഭവിക്കുന്നതാവാം.

"ഉത്തമമായീടുന്ന ഭോജ്യപാനീയങ്ങളു-
മെത്രയും സമൎത്ഥമാം മന്ത്രതന്ത്രാദികളും
നിത്യവും പ്രയോഗിച്ചു കാലനെത്തള്ളിമാററാ-
നത്യൎത്ഥം പണിപ്പെട്ടു കഴിഞ്ഞീടുന്നു ചിലർ.

× × × × ×

ഈശ്വരൻ വരുത്തുന്ന ദൌർഭാഗ്യക്കൊടുങ്കാററും
നിശ്ചലമനസ്കരായ് സഹിച്ചീടണം നമ്മൾ;
എന്നല്ല, ദുഃഖങ്ങളിൽ ശോചിക്കാതനാരത-
മുന്നതിക്കായിക്കൊണ്ടു പ്രയത്നം ചെയ്തീടണം."

മല്ലയുദ്ധത്തിൽ ഒരാൾ എതിരാളിയെക്കാൾ അധികം വിദഗ്ദ്ധനായിരിക്കാം. എന്നാൽ ആയാൾ കൂടുതൽ സമുദായബുദ്ധിയുക്തനോ, വിനയസമ്പന്നനോ, വന്നുചേരാവുന്ന ഏതു ദുഃഖത്തെയും നേരിടുവാൻ വേണ്ട പരിശീലനം സിദ്ധിച്ചവനോ, അയൽക്കാരുടെ അപരാധങ്ങളിൽ സൌജന്യമനസ്കനോ ആയിരിക്കയില്ലതന്നെ.

ദേവന്മാരിൽനിന്നു് മനുഷ്യർക്കു സിദ്ധിച്ചിട്ടുള്ള മാനുഷവും ദൈവികവുമായ ശക്തിയനുസരിച്ചു് പ്രവൎത്തി

ക്കാൻ സാധിക്കുന്നേടത്തു് ഭയത്തിനവകാശമില്ല; നമ്മുടെ പ്രകൃതിക്കും ഘടനയ്ക്കും അനുരൂപമായ രീതിയിൽ ശ്രേയസ്കരമായിപ്പുരോഗമിക്കുന്ന പ്രയത്നംമൂലം നന്മ കൈവരുത്താൻ കഴിയുന്നിടത്തു് ആശങ്കയ്ക്കും വഴിയുണ്ടായിരിക്കുകയില്ല.

ഏതിടത്തും എല്ലാക്കാര്യങ്ങളിലും വിശ്വാസദാർഢ്യത്തോടുകൂടി നിൻെറ വർത്തമാനസ്ഥിതികളിൽ ഇണങ്ങിക്കഴിയുന്നതിനും സഹപൗരന്മാരുടെ നേർക്കു് ന്യായനിഷ്ഠയോടുകൂടിപ്പെരുമാറുന്നതിനും ശരിയായിപ്പരിശോധിക്കപ്പെടാത്ത യാതൊന്നും നിൻെറ അറിവുകൂടാതെ ചിന്താമണ്ഡലത്തിൽ പ്രതിഷ്ഠ സമ്പാദിക്കാതിരിക്കത്തവണ്ണം വർത്തമാനചിന്തകളെ സമർത്ഥമായി നിയന്ത്രിക്കുന്നതിനും നിനക്കു പൂർണ്ണസ്വാതന്ത്ര്യമുണ്ടു്.

അന്യരുടെ അന്തഃകരണവ്യാപാരങ്ങൾ എന്തെല്ലാമെന്നു് ആരായേണ്ട ആവശ്യം നിനക്കില്ല. പ്രകൃതി നിന്നെ നയിക്കുന്നിടത്തേയ്ക്കാണു് നീ ദൃഷ്ടി പതിപ്പിക്കേണ്ടതു്. പ്രകൃതിയെന്നിവിടെ പറഞ്ഞിട്ടുള്ളതു് നിനക്കു വന്നുചേരുന്ന അനുഭവങ്ങളിലൂടേ പ്രത്യക്ഷമാകുന്ന വിശ്വപ്രകൃതിയെയും കർത്തവ്യകർമ്മങ്ങളിലൂടെ വെളിപ്പെടുന്ന നിൻെറ സ്വന്തം പ്രകൃതിയെയും ഉദ്ദേശിച്ചാകുന്നു. ഓരോ ജീവിയും അതതിൻെറ പ്രകൃതിയും ഘടനയും അനുസരിച്ചാണു് പ്രവർത്തിക്കേണ്ടതു്. വിശേഷബുദ്ധിയുള്ള ജീവികൾക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ളവയാണു് മററുള്ളവയെല്ലാം. വിശേഷബുദ്ധിയില്ലാത്ത ജീവികളുടെ കൂട്ടത്തിലും താഴ്ന്ന തരങ്ങൾ ഉയന്ന തരങ്ങൾക്കുവേണ്ടി സൃഷ്ടങ്ങളാകുന്നു. വിശേഷബുദ്ധിയുള്ളവയാകട്ടെ, പരസ്പരഗുണത്തിനായിട്ടാണു് ഉല്പാദിതങ്ങളായിരിക്കുന്നതു്.

സാമുദായികഗുണ(ലോകസംഗ്രഹ)ത്തിനുവേണ്ടി പ്രവർത്തിക്കുകയെന്നതാണു് മനുഷ്യൻെറ ഘടനയിൽ അന്തർഭവിച്ചിട്ടുള്ള പ്രഥമവും പ്രധാനവുമായ തത്വം.

രണ്ടാമത്തേതു് ശരീരത്തിൻെറ പ്രചോദനങ്ങൾക്കു് വശഗതനാകാതിരിക്കുകയെന്നതാകുന്നു. സ്വന്തം പ്രവൃത്തിപരിധിയെ സ്വയം നിർണ്ണയിക്കുകയല്ലാതെ, ആ കൃത്യം ഇന്ദ്രിയങ്ങളുടെയോ കാമങ്ങളുടെയോ പ്രേരണകൾക്കു വിട്ടുകൊടുക്കാതിരിക്കുകയാണു് വിശേഷബുദ്ധിയുടെയും മനസ്സിൻെറയും ലക്ഷണം. ഇന്ദ്രിയങ്ങളുടെയും കാമങ്ങളുടെയും പ്രചോദനം മൃഗധർമ്മമാകുന്നു. ബുദ്ധിയുടെ ഗതി, കാമങ്ങളുടെയോ ഇന്ദ്രിയങ്ങളുടെയോ ഗതിയെ അപേക്ഷിച്ചു് ഉൽകൃഷ്ടതരമാണു്; അതു് ഇവയൊന്നിനാലും നിയന്ത്രിതമായിത്തീരുന്നതുമല്ല. അതിനു തക്കതായ കാരണവും ഉണ്ടു്; എന്തെന്നാൽ, ഇവയെ ശരിയായി പ്രവത്തിപ്പിക്കാനായിട്ടാണു് പ്രകൃതി ബുദ്ധിയെ സൃഷ്ടിച്ചിട്ടുള്ളതു്. വിശേഷബുദ്ധിയുടെ ഘടനയിൽ അന്തർഭവിക്കുന്ന മൂന്നാമത്തെ തത്വം പ്രമാദങ്ങൾക്കധീനമാകാതിരിക്കുക എന്നതാകുന്നു. ഈ തത്വങ്ങളെയെല്ലാം ദൃഢമായി അവലംബിച്ചുകൊണ്ടു് അന്തരാത്മാവു് അതിൻെറ ഗതി നേരേ തുടരുകയും അങ്ങനെ അതിൻെറ സ്വന്തം പ്രകൃതിയെ പ്രാപിക്കുകയും ചെയ്യട്ടെ.

നിൻെറ ആയുസ്സ് ഇന്നുകൊണ്ടവസാനിച്ചുവെന്നും നീ മരിച്ചുകഴിഞ്ഞുവെന്നും വിചാരിക്കുകയും ദൈവം ഇനിയും നിനക്കനുവദിക്കുന്ന കാലത്തെ പ്രകൃതിക്കനുസൃതമായിട്ടു ജീവിക്കുവാൻ വിനിയോഗിക്കുകയും വേണം.

വിധി നിനക്കായി നെയ്തുണ്ടാക്കിട്ടുള്ളതും നിനക്കു നല്കുന്നതുമായ ഭാഗധേയത്തെ സന്തോഷപുരസ്സരം കൈക്കൊള്ളുക; അതിനെക്കാൾ യുക്തരൂപമായി നിനക്കു ചെയ്യേണ്ടതൊന്നുമില്ല.

നിനക്കു സംഭവിക്കാവുന്ന ഓരോ വിപത്തിലും, അതേ വിപത്തു പററിയിട്ടുള്ളവരുടെ ദൃഷ്ടാന്തം നീ സ്മരിച്ചുകൊള്ളണം; അവർ എങ്ങനെ സങ്കടപ്പെട്ടുകയും വിസ്മയിക്കുകയും ഭാഗ്യത്തെപ്പഴിക്കുകയും ചെയ്തുവോ അതെല്ലാം

നല്ലവണ്ണം ആലോചിക്കണം. അവർ ഇപ്പോഠം എവിടെ? ഒരിടത്തും കാണപ്പെടുന്നില്ല. പിന്നെ നീ എന്തിന്ന് അവർ പ്രവത്തിച്ചതുപോലെ സങ്കടപ്പെട്ടുകയും മററും ചെയ്യുന്നു? പ്രകൃതിക്കു വിരുദ്ധമായുള്ള ഈ മനഃക്ഷോഭങ്ങളെല്ലാം അവയ്ക്കധീനരാവുന്നവക്കായി വിട്ടുകൊടുത്തേയ്ക്കുക. വന്നുചേരുന്ന സകല വിപത്സംഭവങ്ങളെയും വേണ്ടപോലെ വിനിയോഗിക്കുകയാണ് നീ ചെയ്യേണ്ടതു്. അങ്ങനെ ചെയ്യുന്നതായാൽ, അവ നിന്റെ ശ്രേയസ്സിന്ന് പ്രയോജനപ്രദങ്ങളായ ഉപകരണങ്ങളായിത്തീരും. നീ നിന്റെ ആത്മോന്നതിയിൽ ശ്രദ്ധ പതിപ്പിക്കുകയും ഓരോ പ്രവൃത്തിയാലും ഉത്തമനെന്നു തെളിയിക്കാൻ ഉറയ്ക്കുകയും വേണം.

* * * * * *

അന്തരാത്മാവിൽ ദൃഷ്ടിയുറപ്പിക്കുക; അവിടം നന്മയുടെ ഉറവസ്ഥലമാകുന്നു. അവിടെ നിന്റെ ദൃഷ്ടി എത്രത്തോളം ആഴത്തിൽ കുഴിഞ്ഞിറങ്ങുമോ, അത്രത്തോളം ആഴത്തിൽനിന്നു് നന്മ തിളച്ചുപൊങ്ങി വന്നുകൊണ്ടിരിക്കും.

ശരീരം, അതിന്റെ ചലനത്തിലും ഭാവത്തിലും ശരിക്കു വ്യവസ്ഥിതമായ ഏകഭാവം പൂണ്ടിരിക്കണം. ബുദ്ധിശക്തിയുടെയും ഗുണപ്രകർഷത്തിന്റെയും പ്രകാശനം മുഖത്തിൽ അങ്കുരിക്കുന്നതുപോലെ, ശരീരസംസ്ഥിതിയിലും കാണപ്പെടണം; കൃത്രിമമായി അതു് നടിച്ചുണ്ടാക്കുന്നതു് വിഹിതമല്ല.

ജീവിതകലയ്ക്കു് കൂടുതൽ സാമ്യമുണ്ടായിരിക്കേണ്ടതു് മല്ലയുദ്ധകലയോടാണു്, നൃത്തകലയോടല്ല. അവിചാരിതമായുണ്ടാകുന്ന ആക്രമണങ്ങളെപ്പോലും തടുത്തുനില്ക്കാൻ ജീവിതത്തിന്ന് എപ്പോഴും സ്ഥൈര്യവും സന്നദ്ധതയും ഉണ്ടായിരിക്കണം.

ആരുടെ അഭിനന്ദനം ലഭിക്കാൻ നീ ആഗ്രഹിക്കു ന്നുവോ അവർ എങ്ങനെയുള്ളവരെന്നും അവരുടെ മനോ വ്യാപാരങ്ങൾ എന്തെല്ലാമെന്നും നീ സദാ നിരീക്ഷണം ചെയ്യണം. അങ്ങനെ ചെയ്യുന്നതായാൽ, അനൈച്ഛിക മായി വൈരസ്യം ജനിപ്പിക്കുന്നവരെപ്പററി പഴിക്കാനിട വരികയില്ല; എന്നു മാത്രമല്ല, അവരുടെ അഭിപ്രായ ങ്ങൾക്കും ഇച്ഛകൾക്കും നിദാനം ഇന്നതെന്നു് ഗ്രഹി ക്കുമ്പോൾ, അവരുടെ അഭിനന്ദനം വേണമെന്നും നിനക്കു് തോന്നുകയില്ല.

ആത്മാവു് സത്യത്തിൽനിന്നു് ഭ്രഷ്ടമായിപ്പോകു ന്നതു് ഇച്ഛാപൂൎവമല്ലെന്നു് തത്വചിന്തകൻ (പ്ലേറേറാ) പറയുന്നു. അതു ശരിയാണെങ്കിൽ, ന്യായം, മിതശീലം, പരോപകാരപ്രവണത മുതലായ ഗുണങ്ങളിൽനിന്നു് ആ ത്മാവു് ഭ്രഷ്ടമാകുന്നതും ഇച്ഛാപൂൎവമായിട്ടല്ലതന്നെ. ഈ വാസ്തവം സദാ സ്മരിച്ചുകൊണ്ടിരുന്നാൽ, നിനക്കു് എല്ലാ വരോടും പൂൎവാധികം വിനയത്തോടുകൂടിപ്പെരുമാറുവാൻ കഴിയും.

ദുഃഖാനുഭവം അപമാനകരമല്ലെന്ന ചിന്ത സകല സങ്കടാവസ്ഥകളിലും നിനക്കുണ്ടായിരിക്കണം. ദുഃഖം അന്തഃകരണത്തെ ദുഷിപ്പിക്കുകയില്ല; അതു് വിശേഷബു ദ്ധിക്കോ സാമുദായികമനഃസ്ഥിതിക്കോ കേടു സംഭവിപ്പി ക്കുകയുമില്ല. മിക്കവാറും എല്ലാ ദുഃഖഘട്ടങ്ങളിലും, എ പ്പിക്യൂറസിൻെറ ഈ വാക്യം നിനക്കു് സാഹായകമായി രിക്കും—"ദുഃഖം സീമയില്ലാത്തതല്ലെന്നോർക്കണം; അ തിനെ വലുതാക്കാൻ കല്പനാശക്തിയെ അനുവദിക്കുകയും അരുതു്. അങ്ങനെയായാൽ പിന്നെ, ഒരു ദുഃഖവും അ സഹ്യമോ ചിരസ്ഥായിയോ ആവുകയില്ല." "നിദ്രാ ലസ്യം, ഉഷ്ണബാധ, രുചിക്ഷയം മുതലായി അസുഖ കരങ്ങളായ പലതും വാസ്തവത്തിൽ ദുഃഖം തന്നെയാണെന്നു നീ മനസ്സിലാക്കുന്നില്ല. ഇവയിൽ ഏതെങ്കിലും ഒന്നു

നിന്നെ ബാധിക്കുമ്പോഴും, നീ യഥാൎത്ഥത്തിൽ ദുഃഖത്തിന് അധീനനായിത്തീരുന്നുണ്ടെന്നു് ഓൎക്കണം."

മനുഷ്യഗുണം തൊട്ടുതെറിച്ചിട്ടില്ലാത്ത രാക്ഷസബുദ്ധികളോട്ട് നീ പെരുമാറേണ്ടതു് അവർ മനുഷ്യരോടു പെരുമാറുന്ന രീതിയിൽ അല്ലാതെയായിരിക്കാൻ പ്രത്യേകം സൂക്ഷിച്ചുകൊള്ളണം.

സ്വഭാവവിശിഷ്ടതയാൽ തെലൗഗസ് സാക്രട്ടീസിനെ അപേക്ഷിച്ച് ഉൽകൃഷ്ടതരനായിരുന്നില്ലെന്ന് എങ്ങനെ നിശ്ചയിക്കാം? സാക്രട്ടീസ് കൂടുതൽ പ്രശംസനീയമായി മരണത്തെ വരിച്ചു; തത്വചിന്തകന്മാരുമായി വിദഗ്ദ്ധതരമായ വാദപ്രതിവാദം നടത്തി; കൂടുതൽ സഹിഷ്ണുതയോടുകൂടി രാത്രികാലങ്ങളിൽ ശീതബാധയേററു; സലാമിസിലെ 'ലിയോൺ' എന്നയാളെ ബന്ധിക്കാൻ ആജ്ഞാപിതനായപ്പോൾ, അതു ചെയ്യാതിരിക്കുകയാണ് നല്ലതെന്നു തോന്നുകയാൽ ആജ്ഞയനുസരിച്ചില്ല; തെരുവു നീളെ ആടിക്കുഴഞ്ഞു നടന്നു. (ഇതു വാസ്തവമായിരുന്നോ എന്നു സംശയമാണ്;)—ഇതൊക്കെച്ചെയ്തു, ശരി തന്നെ. എന്നാൽ സ്വഭാവവൈശിഷ്ട്യം തെളിയിക്കാൻ ഇതൊന്നും മതിയാകുകയില്ല. നാം മറെറാരു വഴിക്കാണ് അന്വേഷണം നടത്തേണ്ടതു്. സാക്രട്ടീസിൻെറ ആത്മാവ് എങ്ങനെയുള്ളതായിരുന്നു? അദ്ദേഹത്തിന് മനുഷ്യരോടു ന്യായദീക്ഷയും ദേവന്മാരോട്ട് ഭക്തിയും പ്രദൎശിപ്പിച്ച് സന്തുഷ്ടി നേടുവാൻ കഴിഞ്ഞിരുന്നോ? അദ്ദേഹം മനുഷ്യരുടെ ദുർവൃത്തികളിൽ വെറുതേ കുപിതനാകുകയോ അജ്ഞാനാന്ധന്മാരുടെ അടിമത്തം സ്വീകരിക്കുകയോ തൻെറ ഭാഗധേയത്തിൽ വിസ്മയിക്കുകയോ അതിൽ അസഹിഷ്ണുവായിരിക്കുകയോ നിന്ദ്യമായ ശരീരത്തിൻെറ അനുഭവങ്ങളിൽ സഹാനുതാപം പ്രദൎശിപ്പിക്കാൻ മനസ്സിനെ അനുവദിക്കുകയോ ചെയ്തിരുന്നോ? ഈ സംഗതി

കളാണ് സ്വഭാവനിർണ്ണയത്തിനായി അവശ്യം ജ്ഞേയങ്ങൾ.

നിൻെറ സ്വന്തം ശക്തികളെയെല്ലാം ഇച്ഛയ്ക്കധീനങ്ങളാക്കിവയ്ക്കാനും ഓടിനടക്കുന്ന മനസ്സിനെ അടക്കിനിർത്താനും സ്വാതന്ത്ര്യമില്ലാത്ത രീതിയിലല്ല മനസ്സിനെ പ്രകൃതി ശരീരഘടനയിൽ ചേർത്തിണക്കിയിരിക്കുന്നതു്. കാണുന്നവക്കാക്കും മനസ്സിലാക്കാൻ കഴിയാത്തവിധത്തിൽ ഈശ്വരതുല്യനായിട്ടു ജീവിക്കാൻ നിനക്കു കഴിയും. ഈ സംഗതി എപ്പോഴും നീ ഓത്തിരിക്കണം. യഥാൎത്ഥമായ സന്തുഷ്ടജീവിതം നയിക്കാൻ വിശേഷവിധിയായി അധികമൊന്നും ആവശ്യമല്ലെന്നും ഓത്തിരിക്കേണ്ടതാണു്. നിനക്കു് ഒരു നൈയ്യായികനോ പ്രകൃതിശാസ്ത്രജ്ഞനോ ആയിത്തീരണമെന്നാശിക്കാൻ നിവൃത്തിയില്ലാത്തതിനാൽ, സ്വതന്ത്രനും വിനീതനും സാമുദായികഗുണപ്രവത്തകനും ഈശ്വരഭക്തനുമായി ജീവിക്കണമെന്നുള്ള ആശ വെടിയണമെന്നില്ല.

യാതൊരു നിർബന്ധത്തിനും വശഗനാകാതെ ഏകാന്തമായ മനഃശാന്തിയോടുകൂടി ജീവിക്കാൻ നിനക്കു കഴിയും. ലോകരെല്ലാവരും നിന്നെ അപലപിക്കട്ടെ; നിന്നെപ്പൊതിഞ്ഞിരിക്കുന്ന മാംസരാശിയെ വന്യമൃഗങ്ങൾ കടിച്ചുകീറി ഖണ്ഡംഖണ്ഡമാക്കട്ടെ; അതുകൊണ്ടൊന്നും നിൻെറ മനഃശാന്തിക്കു ഭംഗമോ, പരിതസ്ഥിതികളെ അധികരിച്ചു് ന്യായ്യനിഷ്ഠമായ മനോഭാവത്തിനു് മാററമോ, സകല വിഷയങ്ങളെയും ശരിയായി വിനിയോഗിക്കാൻ മനസ്സിനു് സാമൎത്ഥ്യഹാനിയോ സംഭവിക്കുകയില്ല. വിവേകത്തിനു്, സ്വന്തം ചർച്ചയ്ക്കു വിഷയമാകുന്ന വസ്തുവിനോടു് ഇങ്ങനെ പറവാൻ കഴിയും. "സാധാരണ ജനങ്ങളുടെ ദൃഷ്ടിക്കു് നീ വേറൊന്നായി തോന്നപ്പെട്ടുമായിരിക്കാം; എന്നാൽ, വാസ്തവത്തിൽ നീ ഇതാണു്". കൈയിൽ വന്നുചേരുന്ന സാധനത്തോടു് 'പ്രയോ

ജനം' ഇങ്ങനെ പറഞ്ഞേയുള്ളൂ. "ഞാൻ നിന്നെത്തന്നെ അന്വേഷിച്ചുകൊണ്ടിരുന്നു. എനിക്കു ഹസ്തഗതമാകുന്നതെല്ലാം ലോകസംഗ്രഹത്തിനും ബുദ്ധിപ്രകാശനത്തിനും വേണ്ട ഉപകരണങ്ങളായിത്തീരും." ഇവ രണ്ടും ഈശ്വരനും മനുഷ്യനും സാമാന്യമായുള്ള ധർമ്മങ്ങളാകുന്നു. സകല സംഭവങ്ങളും വസ്തുക്കളും ഒന്നുകിൽ ഈശ്വരന്, അല്ലെങ്കിൽ മനുഷ്യന്, പ്രയോഗിക്കാനുള്ള ഉപകരണങ്ങളത്രേ. അവ അപരിചിതങ്ങളോ പ്രയോഗിക്കാൻ പ്രയാസമേറിയവയോ അല്ല; കേവലം സാധാരണങ്ങളും എളുപ്പത്തിൽ പ്രയോഗക്ഷമങ്ങളും ആകുന്നു.

ഓരോ ദിവസത്തെയും അതു് അവസാനത്തേതു് എന്ന രീതിയിൽ കഴിക്കുകയും മനഃക്ഷോഭമോ ബുദ്ധിമാന്ദ്യമോ ഡാംഭികത്വമോ കൂടാതെ വർത്തിക്കുകയും ചെയ്യുന്ന പെരുമാററത്തിലാണ് സാന്മാർഗ്ഗികസ്വഭാവത്തിന്റെ വികാസപരിപൂർത്തി അന്തർഭവിച്ചിരിക്കുന്നതു്.

സ്വതേ ദുഷ്ടവും, വിശേഷിച്ചു് അസംഖ്യം ദുർവൃത്തരുൾപ്പെട്ടതുമായ മനുഷ്യവർഗ്ഗത്തിന്റെ വികൃതികളെ സഹിച്ചുകൊണ്ടു് അനവസാനമായ കാലം മുഴുവൻ കഴിക്കുന്നതെങ്ങനെയെന്ന ചിന്തയാൽ അമർത്ത്യരായ ദേവന്മാർ കുപിതരാകുന്നില്ല; നേരേ മറിച്ചു്, അവർ എല്ലാവിധത്തിലും മനുഷ്യരുടെ നന്മതന്നെ ചിന്തിച്ചുകൊണ്ടിരിക്കുകയാണു് ചെയ്യുന്നതു്. അതിനാൽ അല്പകാലജീവിയായ നിനക്കു് തിന്മയെ സഹിക്കാനും മററു മനുഷ്യരുടെ അപരാധം പൊറുത്തു് അവരുടെ ഇടയിൽ ജീവിക്കാനും വൈമുഖ്യം തോന്നാമോ?

ഒരു മനുഷ്യന്നു് അവന്റെ സ്വന്തം ദൂഷ്യങ്ങളെ പരിഹരിക്കാൻ കഴിയുമെന്നല്ലാതെ അന്യരുടെ ദൂഷ്യങ്ങളെ പരിഹരിക്കാൻ സാധിക്കുകയില്ല. എന്നാൽ അവർ കഴിയുമെന്നുള്ളതു ചെയ്യാതെ, കഴിയാത്തതു ചെയ്‌വാൻ ശ്രമിക്കുന്നതു് ഭ്രാന്തുതന്നെ.

ലോകസംഗ്രഹകർമ്മത്തിൽ പ്രവണമായ ബുദ്ധിശക്തി, അതിനു സാധിക്കേണ്ട മഹൽകാർയ്യത്തിനു് ഉപകരിക്കാത്തതെല്ലാം നീചമെന്നു വിധിക്കുന്നതു് ശരിതന്നെയാണു്.

നീ ഒരു സൽകൃത്യം അനുഷ്ഠിച്ചു; അന്യന്നു് അതിന്റെ ഗുണവും സിദ്ധിച്ചു. നീ കൃതാർത്ഥനായില്ലേ? അതുപോരേ? ഇനിയും മൂന്നാമതു് ഒന്നിനെ പ്രതീക്ഷിക്കുന്നതെന്തിനു്? സൽകൃത്യം നിർവ്വഹിച്ചതിനാൽ നിനക്കു് കീർത്തിനേടണമെന്നോ പ്രതിഫലം ലഭിക്കണമെന്നോ കാംക്ഷിക്കുന്നതു് മന്ദബുദ്ധിയുടെ ലക്ഷണമല്ലേ?

പ്രയോജനപ്രദമായിട്ടുള്ളതേതും എത്രമാത്രം കിട്ടിയാലും അലംഭാവം തോന്നുകയില്ല. പ്രകൃതിക്കനുസൃതമായി പ്രവർത്തിക്കുകയെന്നതു് പ്രയോജനപ്രദമായുള്ള ഒരു കാർയ്യമാകുന്നു. അതിനാൽ, ഇതരന്മാർക്കു വേണ്ടി പ്രവർത്തിച്ചു് നിസ്സീമമായ പ്രയോജനം നേടണം.

വിശ്വപ്രകൃതിയുടെ ചലനത്താൽ പ്രപഞ്ചം ഉൽഭൂതമായി. ഇപ്പോഴും ഉത്ഭവിച്ചു കൊണ്ടിരിക്കുന്നവയെല്ലാം ഒന്നുകിൽ കാർയ്യകാരണബന്ധത്തിന്റെ പ്രവർത്തനഫലമായി പരമ്പരയാ അവശ്യംഭാവിയായുണ്ടാകുന്നവ, അല്ലെങ്കിൽ, ജഗൽകാരണശക്തിയുടെ ആദിമചലനത്തിന്റെ ഫലങ്ങളുമായി യാതൊരു ബന്ധവുമില്ലാതെ അവ്യവസ്ഥിതമായുണ്ടാകുന്നവ. ഈ അനുമാനങ്ങളെ സ്മരിച്ചു് തത്വം ഗ്രഹിക്കണം; അതു നിനക്കു പലപ്പോഴും ശാന്തിപ്രദമായിത്തീരും.

# എട്ടാം അദ്ധ്യായം

അൎത്ഥശൂന്യമായ യശസ്സിനുള്ള മോഹം ദൂരീകരിക്കാൻ നിനക്കു് സാഹായ്യകമായിരിക്കും ഈ വിചാരം: നീ നിന്റെ ജീവിതം മുഴുവനുമോ, അഥവാ യൗവ്വനത്തിനുശേഷമെങ്കിലുമോ ഒരു തത്വജ്ഞാനിയെപ്പോലെ കഴിച്ചിട്ടില്ല; മേലാൽ നിനക്കതു സാധിക്കുകയുമില്ലല്ലോ. തത്വജ്ഞാനമാൎഗ്ഗത്തിൽ നിന്നും വളരെ അകന്നാണു് നീ നിലകൊള്ളുന്നതെന്നു് നിനക്കും മററു പലൎക്കും അറിയാം. അങ്ങനെ നീ അവ്യവസ്ഥയിൽ കഴിയുന്നതു നിമിത്തം, ഒരു തത്വജ്ഞാനിയെന്ന പേരു സമ്പാദിക്കാൻ നിനക്കു് ഇനിയും എളുപ്പമല്ല; നിന്റെ ജീവിതക്രമം അതിനു പ്രതികൂലമായിട്ടാണിരിക്കുന്നതു്. അതിനാൽ, കാൎയ്യത്തിന്റെ നില നീ ശരിയായി ഗ്രഹിച്ചിട്ടുണ്ടെങ്കിൽ, അന്യർ നിന്നെ എങ്ങനെ വീക്ഷിക്കുമെന്ന വിചാരം ഉപേക്ഷിക്കുകയും നിന്റെ പ്രകൃതിയുടെ ഇച്ഛാനുസരണമായ രീതിയിൽ ജീവിതാവശേഷം നയിച്ചു സന്തുഷ്ടനായിരിക്കാൻ നോക്കുകയും വേണം. നിന്റെ പ്രകൃതിയുടെ ഇച്ഛ എന്തെന്നറിവാൻ ശ്രമിക്കുക. അതല്ലാതെ മറെറാരു കാൎയ്യത്തിനും നിന്റെ ശ്രദ്ധയെ വ്യതിചലിപ്പിക്കാൻ അവസരം നല്കരുതു്. നീ എത്രയോ സ്ഥലങ്ങളിൽ സഞ്ചരിച്ചു; നിനക്കു് എന്തെല്ലാമോ അനുഭവങ്ങൾ ഉണ്ടായി; എന്നാൽ ഒരിടത്തുംതന്നെ സുഖമെന്നതു കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. ശാസ്ത്രവ്യവഹാരത്തിലോ ധനസമ്പാദനത്തിലോ യശോലബ്ധിയിലോ ഭോഗാനുഭവങ്ങളിലോ സുഖം കാണപ്പെടുന്നില്ല. അപ്പോൾ അതു് എവിടെ സ്ഥിതിചെയ്യുന്നു? മനുഷ്യന്റെ പ്രകൃതി എന്താവശ്യപ്പെടുന്നുവോ അതു ചെയ്യുന്നതിൽ. ഒരാൾക്കു് അതു ചെയ്വാൻ എങ്ങനെ സാധിക്കും? അന്തഃപ്രചോദനങ്ങൾ

ക്കം പ്രവൃത്തികൾക്കും മൂലകാരണമായ ജീവിതതത്വങ്ങൾ പാലിക്കപ്പെടുന്നുണ്ടെങ്കിൽ, അവയെ അവലംബിച്ചു കൊണ്ടു്. ആ തത്വങ്ങളുടെ സ്വഭാവം എന്തു്? അവ നന്മതിന്മകളെ സംബന്ധിച്ചുള്ളവയാണു്. മനുഷ്യനെ ന്യായതൽപരനും മിതഭോഗിയും പൗരുഷയുക്തനും സ്വാതന്ത്ര്യനും ആക്കിത്തീക്കുന്നതെല്ലാം അവനു നന്മയാണെന്നും വിപരീതഫലം ഉളവാക്കുന്നതെല്ലാം തിന്മയാണെന്നും ഉള്ള വിശ്വാസങ്ങൾ തന്നെയാണ് പ്രധാന ജീവിതതത്വങ്ങൾ.

ഏതൊരു പ്രവൃത്തി ചെയ്യാൻ തുടങ്ങുന്ന സന്ദർഭത്തിലും ഇങ്ങനെ ആലോചിക്കണം: ഈ പ്രവൃത്തി എന്നെ എങ്ങനെ ബാധിക്കും? എനിക്ക് ഇതിൽ പശ്ചാത്തപിക്കേണ്ടി വരുമോ? കുറച്ചുകാലം കഴിയുമ്പോൾ ഞാൻ മരിക്കും; അതോടുകൂടി എന്നെ സംബന്ധിച്ചതെല്ലാം നാമാവശേഷവുമാകും. ആ സ്ഥിതിക്ക് എന്റെ ഇപ്പോഴത്തെ പ്രവൃത്തികളെല്ലാം വിവേകയുക്തനും പരോപകാരതൽപരനും ഈശ്വരനെപ്പോലെ ന്യായവാനും ആയ വ്യക്തിക്ക് അനുരൂപമായ രീതിയിൽ ആയിരിക്കണമെന്നതിൽ കവിഞ്ഞു് മറെറന്താണു ഞാൻ കാംക്ഷിക്കേണ്ടതു്?

അലക്സാണ്ഡർ, കേയ്സസ്, പാമ്പിയൂസ് എന്നിവർ ഉണ്ടായിരുന്നുവല്ലോ. അവർ ഡയോജനിസ്, ഹെരാക്ലിററസ്, സാക്രട്ടീസ് എന്നിവരുമായി നോക്കുമ്പോൾ എത്രയോ അപകൃഷ്ടരാണു്. ഡയോജനിസ് മുതലായവർ വസ്തുക്കളെയും അവയുടെ കാരണങ്ങളെയും ഘടകങ്ങളെയും ശരിക്കു കണ്ടറിഞ്ഞിരുന്നു. അവരുടെ പ്രതിഭാവിലാസവും അവരുടെ മനോവ്യവസായത്തിനു് അനുകൂലമായിരുന്നു. എന്നാൽ അലക്സാണ്ഡരും കൂട്ടരുമാകട്ടെ, ബാഹ്യകാര്യവ്യാപൃതരും അനവധി സംഗതികൾക്കു് അടിമകളും ആയിരുന്നു.

എന്തൊക്കെയായാലും മനുഷ്യർ മുമ്പിലത്തെപ്പോലെ തന്നെ എപ്പോഴും പ്രവൎത്തിച്ചുകൊണ്ടിരിക്കും; നീ കോപം മുഴുത്തു് ചീൎത്തു പൊട്ടിയാൽതന്നെയും യാതൊരു ഫലവും ഉണ്ടാകുകയില്ല.

മുഖ്യമായി വേണ്ടതു് ഇതാണു്: മനഃക്ഷോഭം ഒരിക്കലും അരുതു്; വിശ്വപ്രകൃതിക്കനുസൃതമായിട്ടാണു് സകല വസ്തുക്കളും വൎത്തിക്കുന്നതു്; അല്പകാലംകൊണ്ടു് ഹാഡ്രിയാനസ്, അഗസ്റ്റസ് എന്നിവരെപ്പോലെ നീയും കഥാവശേഷനായിത്തീരും. രണ്ടാമതായി വേണ്ടതു് നീ തുടരുന്ന കാൎയ്യത്തിൽ ദത്തദൃഷ്ടിയായി അതിന്റെ യാഥാൎത്ഥ്യം ഗ്രഹിക്കാൻ തന്നെ നിരന്തരം ശ്രമിക്കണം. അതിനും പുറമേ, ഒരു സൽഗുണസമ്പന്നനായി വൎത്തിക്കേണ്ടതാണു് നിന്റെ കൎത്തവ്യമെന്ന ചിന്തയും സൎവ്വദാ നീ പാലിക്കണം. മനുഷ്യപ്രകൃതി നിന്നിൽ നിന്നും ആവശ്യപ്പെടുന്നതെന്തോ അതുതന്നെ അചഞ്ചലനായി നീ അനുഷ്ഠിക്കണം. നീ പറയുന്ന വാക്കു് ഏററവും ന്യായയുക്തമായിരിക്കണമെന്നു മാത്രമല്ല ശാന്തത, വിനയം, ആത്മാൎത്ഥത, മുതലായ ഗുണങ്ങൾ നിറഞ്ഞിരിക്കുകയും വേണം.

നിരന്തരം പരിവൎത്തനംവരുത്തിക്കൊണ്ടിരിക്കുകയാണു് വിശ്വപ്രകൃതിയുടെ പ്രവൃത്തി. അതു് ഒരിടത്തു സ്ഥിതിചെയ്യുന്നവയെ മറെറാരിടത്തേയ്ക്കു കൊണ്ടുപോകുകയും ഒന്നിനെ മറെറാന്നായി രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. ഇങ്ങനെ സകലവസ്തുക്കളും പ്രകൃതിയുടെ പരിവൎത്തനപരിപാടിക്കു് വിധേയങ്ങളായിട്ടാണു കാണപ്പെടുന്നതെങ്കിലും, പുതുതായി എന്തെങ്കിലും ഉണ്ടാകുമെന്നു് ഭയപ്പെടേണ്ട. എല്ലാം നമുക്കു പരിചിതങ്ങളാകുന്നു; അവ വിതരണം ചെയ്യപ്പെട്ടിരിക്കുന്ന സമ്പ്രദായവും പരിചിതം തന്നെ.

ഏതുപ്രകൃതിയും ശരിയായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന കാലത്തോളം സ്വയം സംതൃപ്തമായിരിക്കും. അനിശ്ചിതമോ പ്രാമാദികമോ ആയ യാതൊന്നും ശരിയല്ലെന്നു വിചാരിക്കുകയും സ്വപ്രവൃത്തികളെ ലോകോപകാരത്തിനായി വിനിയോഗിക്കുകയും സ്വന്തം ഇഷ്ടാനിഷ്ടങ്ങളെ സ്വാധീനങ്ങളായ കാര്യങ്ങളിൽമാത്രം പ്രയോഗിക്കുകയും ഏവൎക്കും സാമാന്യമായ വിശ്വപ്രകൃതി നല്കുന്നതെല്ലാംകൊണ്ടു് സന്തുഷ്ടി നേടുകയും ചെയ്യുമ്പോഴാണു് ബുദ്ധിപൂൎവ്വം ജീവിക്കുന്നവരുടെ പ്രകൃതിക്കു് പുരോഗതിയുണ്ടാകുന്നതു്. ഇലയുടെ പ്രകൃതി വൃക്ഷപ്രകൃതിയുടെ അംശമായിരിക്കുന്നതുപോലെ, ഓരോ വ്യക്തിയുടെ പ്രകൃതിയും വിശ്വപ്രകൃതിയുടെ അംശമത്രേ. ബുദ്ധിശക്തിയോ ഇന്ദ്രിയവ്യാപാരശക്തിയോ ഇല്ലാത്തതായ വൃക്ഷപ്രകൃതിയുടെ അംശമാണു് ഇലയുടെ പ്രകൃതി; അതിനു് പുരോഗതിയിൽ ഭംഗവും സംഭവിക്കാം. എന്നാൽ ഗതിഭംഗത്തിനു വിധേയമല്ലാത്ത ഒരു പ്രകൃതിയുടെ അംശമാണു് മനുഷ്യപ്രകൃതി. അതു് കാലം, വസ്തു, കാരണം, ചലനം, സംഭവം ഇവയെ സംബന്ധിച്ചു് ഓരോന്നിനെയും അതതിൻെറ യോഗ്യതയനുസരിച്ചും, ഒരേ രീതിയിലും വിവേചനം ചെയ്യുന്നു. അതിനാൽ, അതു് പ്രജ്ഞാവത്തും ന്യായതൽപരവുമാണെന്നു കാണാം. നീ നോക്കേണ്ടതു് ഒരു പ്രത്യേക വസ്തു മറെറാരു പ്രത്യേകവസ്തുവുമായി സകലവിധത്തിലും അംശംപ്രതി ഒത്തിരിക്കുന്നുണ്ടോ എന്നല്ല; ഒരു വസ്തു അംഗങ്ങളുൾപ്പെടെ മൊത്തത്തിൽ സാംഗമായ മറെറാന്നുമായി യോജിച്ചിരിക്കുന്നുവോ എന്നാണു്.

സകലതും വായിച്ചുഗ്രഹിക്കാൻ നിനക്കു സമയമോ ശക്തിയോ ഇല്ല. എന്നാൽ അഹംകാരജന്യമായ ധിക്കാരത്തെ അമൎത്തുവാനും, സുഖദുഃഖങ്ങൾക്കു് അതീതനായിരിക്കാനും, യശോമോഹത്തെ ജയിക്കാനും, ബുദ്ധിശൂ

ന്യരും ഉപകാരസ്മരണയില്ലാത്തവരുമായ മനുഷ്യരെ വെറു ക്കാതിരിക്കുകയെന്നല്ല അവരുടെ നേക്ക് ദയാവാനായി രിക്കാനും നിനക്കു കഴിയും.

അരമനജീവിതത്തെക്കുറിച്ചോ നിൻെറ സ്വന്തം ജീവിതത്തെക്കുറിച്ചുതന്നെയോ നീ പഴിക്കുന്നതായി ആക്കും മേലാൽ കേൾക്കാനിടവരാതിരിക്കട്ടെ.

ഉപയോഗപ്രദമായ എന്തെങ്കിലും കാര്യം നിവ്വഹി ക്കാതെ വിട്ടുകളഞ്ഞാലുണ്ടാകുന്ന ഒരുവക ആത്മനിന്ദന മാണു് പശ്ചാത്താപം. എന്നാൽ നന്മയൊന്നുംതന്നെ ഉപയോഗവിഹീനമല്ല. ഇങ്ങനെ നല്ലതും ഉപ യോഗപ്രദവുമായിട്ടുള്ള വിഷയങ്ങളിൽ മാത്രമായിരിക്കും സച്ചരിതനായ പുരുഷൻെറ നോട്ടം. ഇന്ദ്രിയസുഖങ്ങളെ വർജ്ജിക്കുന്നതിൽ ആയാൾക്കു് ഒരിക്കലും പശ്ചാത്താപം തോന്നുന്നതല്ല. അതിനു കാരണം വിഷയസുഖം എ ന്നതു് നന്മയോ ഉപയോഗപ്രദമോ അല്ലാത്തതുതന്നെയാ കുന്നു.

ഓരോ വസ്തുവിനെക്കുറിച്ചും ശരിയായ പരിശോധന ആവശ്യമാകുന്നു. ആ വസ്തു എന്താണു്? അതിൻെറ ഘടന എങ്ങനെ? അതിൽ അടങ്ങിയിരിക്കുന്ന സാധനം എന്തു്? അതിൻെറ സ്വഭാവം എന്തു്? അതിൻെറ അ സ്തിത്വം അഥവാ മൂലകാരണം എന്തു്? ലോകത്തിൽ അതുകൊണ്ടുള്ള പ്രയോജനം എന്തു്? അതെത്ര കാലം നിലനില്ക്കും?

ഉറക്കത്തിൽനിന്നും ഉണന്നെഴുനേല്ക്കാൻ വൈമന സ്യം തോന്നുമ്പോൾ, നീ ഇങ്ങനെ ചിന്തിക്കണം. ലോക ത്തിനു പ്രയോജനകരമായ വിധത്തിൽ പ്രവർത്തിക്കാൻ ഞാൻ എൻെറ ഘടനയാലും മാനുഷമായ പ്രകൃതിയാലും ബദ്ധനാണു്. ഉറക്കം കേവലം ബുദ്ധിശൂന്യങ്ങളായ ജന്തുക്കൾക്കും എനിക്കും ഉള്ള സാമാന്യമായ ധമ്മമാകുന്നു. ഒരു വ്യക്തിയുടെ പ്രകൃതിക്കനുകൂലമായിട്ടുള്ളതുതന്നെ

യാണ് ആ വ്യക്തിക്ക് സവിശേഷം യോഗ്യവും സഹജവും സുഖാവഹവും ആയിട്ടുള്ളതു്.

എപ്പോഴും, സകല വികാരങ്ങളെയും കഴിയുംവണ്ണം തത്വജ്ഞാനത്തിന്റെ എല്ലാ വിഭാഗങ്ങളിൽക്കൂടിയും—അതായതു് ആ വികാരങ്ങളുടെ സ്വരൂപം, നമ്മുടെ മേലുള്ള ആധിപത്യം, യുക്തിയുക്തമായ ബന്ധം ഇവയെ അടിസ്ഥാനപ്പെടുത്തി വിചിന്തനം ചെയ്യേണ്ടതാകുന്നു.

ഏതൊരാളുമായി ഇടപെടുമ്പോഴും നീ ഇപ്രകാരം ആലോചിക്കണം. നന്മതിന്മകളെക്കുറിച്ച് ഈ മനുഷ്യന് എന്തെല്ലാം അഭിപ്രായങ്ങളാണുള്ളതു്? സുഖദുഃഖങ്ങൾ, അവയുടെ കാരണങ്ങൾ, കീർത്തി, അപകീർത്തി, ജീവിതം, മരണം, ഇവയെ അധികരിച്ച് അയാൾക്കുള്ള അഭിപ്രായങ്ങൾ എന്തെല്ലാമാണെന്നു് മനസ്സിലായാൽ, അയാൾ ഏതെല്ലാം വിധത്തിൽ പ്രവർത്തിക്കുമെന്നു കരുതാം; എന്നുമാത്രമല്ല, അയാൾ അങ്ങനെ പ്രവർത്തിക്കുന്നതുനിമിത്തം അത്ഭുതമോ, വിശേഷതയോ തോന്നാൻ അവകാശവും ഉണ്ടാകുകയില്ല.

അത്തിമരത്തിൽ അത്തിക്കായു് മാത്രമുണ്ടാകുന്നതിൽ അത്ഭുതം പ്രദർശിപ്പിക്കുന്നതു പരിഹാസ്യമായിരിക്കും. ലോകത്തിൽ ഓരോ ഫലങ്ങൾ സംഭവിക്കുന്നതു് കണ്ടാശ്ചര്യപ്പെടുന്നതും ഇതുപോലെതന്നെയാകുന്നു. ഒരാൾക്കു ജ്വരം പിടിപെടുന്നതിൽ വൈദ്യനോ, പ്രതികൂലമായ കാററു വീശുന്നതിൽ കപ്പലിലെ കർണ്ണധാരനോ വിസ്മയിക്കുമെങ്കിൽ അവർ നിന്ദാർഹരായിരിക്കും.

നിന്റെ അഭിപ്രായം മാററുന്നതും, നിനക്കു തെററുതിരുത്തിത്തരുന്ന ആളെ അനുസരിക്കുന്നതും, തെററായ അഭിപ്രായത്തെ മുറുകെപ്പിടിച്ചുകൊണ്ടിരിക്കുന്നതിനെ അപേക്ഷിച്ച് സ്വാതന്ത്ര്യപ്രവർത്തനത്തിന് സദാ അനുകൂലമാണെന്നു് നീ ഓർക്കണം. എന്തെന്നാൽ,

സ്വാഭിപ്രായം ശരിയല്ലെന്നുകണ്ടു് അതു മാററുന്നതിലും അന്യാഭിപ്രായം സ്വീകരിക്കുന്നതിലും നീ നിൻെറ സ്വന്തം ഇച്ഛയും വിവേചനാശക്തിയും ബോധവും തന്നെയാണു് വിനിയോഗിക്കുന്നതു്.

വിവേചനാശക്തി നിനക്കുള്ളപ്പോഠം, നീ ദോഷം ചെയ്യുന്നതെന്തിനു്? അന്യൻ അതു ചെയ്യുന്നുവെങ്കിൽ നീ ആരെ ആയിരിക്കും കുററപ്പെടുത്തുക? അണുക്കളെയോ ദേവന്മാരെയോ? രണ്ടും അബദ്ധമാണു്. ആരെയും കുററപ്പെടുത്തേണ്ടതില്ല. കഴിയുമെങ്കിൽ, ദോഷകാരണത്തെ നശിപ്പിക്കുക. അതിനു നിവൃത്തിയില്ലാത്ത പക്ഷം, ദോഷത്തെത്തന്നെ പരിഹരിക്കുവാൻ നോക്കുക. അതിനും കഴിവില്ലാത്തപക്ഷം, കുററം പറയുന്നതുകൊണ്ടു് എന്താണു പ്രയോജനം? നിഷ്പ്രയോജനമായി യാതൊന്നും ചെയ്തുകൂടാ.

മരിച്ചുപോകുന്നവരാരും ലോകത്തിൽനിന്നു് ബഹിർഗതരാകുന്നില്ല. ലോകത്തിൽ സ്ഥിതിചെയ്യുന്നതെല്ലാം രൂപാന്തരം പ്രാപിച്ചാലും ലോകത്തിൽതന്നെ കിടക്കും. മരണാനന്തരം ശരീരം അതിൻെറ ഘടകസാധനങ്ങളായി പിരിയുന്നതേയുള്ളു; ഈ ഘടകങ്ങഠംക്കു് പിന്നെയും മാററം വരുന്നുണ്ടു്. എന്നാൽ അതുനിമിത്തം അവയ്ക്കു് നാശം ഉണ്ടാകുന്നില്ല.

ഏതും—ഒരു കുതിരയോ ഒരു മുന്തിരിച്ചെടിയോ തന്നെയാകട്ടെ—ഉണ്ടായിട്ടുള്ളതു് എന്തോ ഉദ്ദേശ്യസാദ്ധ്യത്തിനായിട്ടായിരിക്കും. ഇതിൽ അത്ഭുതപ്പെടുവാനൊന്നുമില്ല. സൂൎയ്യനെ നോക്കുക. സൂൎയ്യൻെറയും ലക്ഷ്യം എന്തോ ഉദ്ദേശ്യസാദ്ധ്യംതന്നെ. മററുദേവന്മാരുടെ കഥയും വിഭിന്നമല്ല. അപ്പോഠം, നിൻെറ ജീവിതത്തിനും ഒരു ലക്ഷ്യം ഉണ്ടായിരിക്കണം. അതു് എന്തായിരിക്കാം? സുഖഭോഗാനുഭവം ആയിരിക്കുമോ? ആയിരിക്കുമെന്നു പറ

ഞ്ഞാൽ അതു് സാമാന്യബുദ്ധിക്ക് സമ്മതമാകുമോ? ആലോചിക്കുക.

ഉത്ഭവം, സ്ഥിതി, നാശം ഇവയെല്ലാം പ്രകൃതിയുടെ ഇച്ഛാനുസരണം നടക്കുന്ന സംഭവങ്ങളാകുന്നു. പന്തുകളിയിൽ പന്തു മുകളിലേയ്ക്കും താഴത്തേയ്ക്കുംപോകുന്നതും തറയിൽ വീഴുന്നതുമെല്ലാം കളിക്കാരന്റെ ഇച്ഛപോലെയാണല്ലോ. മുകളിലേയ്ക്കുപോകുന്നതുകൊണ്ടു ഗുണമാകട്ടെ, താഴത്തേയ്ക്കുപോകുന്നതുകൊണ്ടോ തറയിൽ വീഴുന്നതു കൊണ്ടോ ദോഷമാകട്ടെ, പന്തിനു സംഭവിക്കുന്നുണ്ടോ? ഉടഞ്ഞുപോകാതെ നിന്നതുകൊണ്ടോ, അഥവാ ഉടഞ്ഞു തകർന്നുപോയതുകൊണ്ടോ നീർപ്പോളയ്ക്കു് ഗുണമോ ദോഷമോ വല്ലതുമുണ്ടോ? ദീപത്തെക്കുറിച്ചും ഇങ്ങനെ പറയാം.

ഏതു വസ്തുവിന്റെയും ആഭ്യന്തരവും ബാഹ്യവുമായ ഭാഗങ്ങൾ ഒന്നുപോലെ സൂക്ഷ്മമായിപ്പരിശോധിക്കുകയും അതു് യഥാർത്ഥത്തിൽ എന്താണെന്നു ഗ്രഹിക്കുകയുംവേണം. അതിനു പഴക്കം വർദ്ധിക്കുംതോറും അതെന്തായിത്തീരുന്നുവെന്നും നശിച്ചുകഴിഞ്ഞാൽ അതു് ഏതവസ്ഥയിൽ എത്തിച്ചേരുന്നുവെന്നുംകൂടി മനസ്സിലാക്കേണ്ടതു് ആവശ്യമാകുന്നു.

സ്തുതിക്കുന്നവരുംസ്തുതിക്കപ്പെടുന്നവരും, അതുപോലെ സ്മരിക്കുന്നവരും സ്മരിക്കപ്പെടുന്നവരുമെല്ലാം ഒരേവിധം ക്ഷണമാത്രജീവികളാകുന്നു. അവരുടെ സ്തുതികളും സ്മരണകളും ബഹളങ്ങളുമെല്ലാം പ്രപഞ്ചത്തിന്റെ ഒരു ഭാഗത്തു് ഒരു മൂലയിലാണു് നടക്കുന്നതു്. ഈ ചെറുകോണിൽ വസിക്കുന്നവർതന്നെ പരസ്പരം യോജിക്കുന്നില്ല; എന്നല്ല, ഒരു വ്യക്തിപോലും ഒരേ അഭിപ്രായക്കാരനല്ല. ഭൂലോകം മുഴുവൻ തന്നെയും പ്രപഞ്ചത്തിൽ ഒരു ബിന്ദുമാത്രമല്ലേ ആകുന്നുള്ളു?

നിൻെറ വത്തമാനകത്തവ്യത്തിൽ—അഭിപ്രായമോ പ്രവൃത്തിയോ വാക്കോ എന്തും ആയിക്കൊള്ളട്ടെ—തന്നെ മനസ്സ് ഏകാഗ്രമായിപ്പതിപ്പിക്കുക.

നിനക്ക് ദുഃഖാനുഭവം ഉണ്ടാകുന്നതു് ന്യായംതന്നെ. എന്തെന്നാൽ, ഇന്നുതന്നെ സദവൃത്തനായിത്തീരുന്നതിനു പകരം നാളെ മുതൽ അങ്ങനെ ആയിക്കൊള്ളാമെന്നാണല്ലോ നിൻെറ മനോഗതി.

ഞാൻ എന്തെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ അതു് മനുഷ്യവഗ്ഗത്തിൻെറ ശ്രേയസ്സിനായിട്ടാകുന്നു. എനിക്ക് എന്തു വന്നാലും ഞാൻ അതു സ്വീകരിച്ചു് സവ്വസംഭവങ്ങൾക്കും മൂലകാരണമായ ദൈവത്തിങ്കൽ സമപ്പിക്കുന്നു.

നീ കുളിക്കുമ്പോൾ കാണുന്നില്ലേ, എന്തെല്ലാം വൃത്തിഹീനതയാണുള്ളതെന്നു്? മെഴുക്ക്, അഴുക്ക്, വിയപ്പു് ഇവയും, ഇവയൊക്കെ കലങ്ങിയ ജലവും. ഇതുപോലെ വൃത്തിഹീനമാണു് ജീവിതത്തിലെ ഓരോ ഭാഗവും ഓരോ കായ്യവും.

വേറസ് മരിക്കുന്നതു ലൂസില്ല കണ്ടു. അനന്തരം ലൂസില്ല മരിച്ചു. അതുപോലെ മാക്സിമസിൻെറ മരണം സെക്കൻഡയും, ഡയോററിമസിൻെറ മരണം എപ്പിററിൻക്യാനസും, ഫാസ്റ്റിനയുടെ മരണം അന്റോണിനസും, ഹഡ്രിയാനസിൻെറ മരണം കെലേരും കണ്ടു; ഇങ്ങനെ കാണ്ടവരും അതിനുശേഷം ഓരോരുത്തരായി മൃതിയടഞ്ഞു. എത്രയോ നിശിതബുദ്ധികളായ മഹാന്മാരും യതീശ്വരന്മാരും ദാംഭികന്മാരും ഉണ്ടായിരുന്നു! അവരെല്ലാം എവിടെ? ചാരക്സ്, പ്ലേറോമതാനുയായിയായ ഡെമെട്രിയസ്, യൂഡിമൻ മുതലായവരും കൂട്ടരും അസാമാന്യധിഷണാസമ്പന്നരായിരുന്നില്ലേ ? ഇവരെല്ലാം എത്രവേഗത്തിൽ കാലധമ്മം പ്രാപിച്ചു! ചിലരെ അല്പകാലത്തേയ്ക്കുപോലും ലോകം സ്മരിച്ചില്ല; ചിലർ കേവലം കഥാനിമ്മിതിക്കു ഉപകരണങ്ങളായി; മററു ചിലരുടെ നാമധേയങ്ങൾ കഥ

കളിൽപോലും സ്ഥലംപിടിക്കാതെപോയി. അതിനാൽ ഈ വസ്തുത സദാ നീ ഓർത്തുകൊള്ളണം. ഒന്നുകിൽ, നീയെന്നു പറയപ്പെടുന്ന മിശ്രസാധനം അഴിഞ്ഞുലഞ്ഞു പോകും; അല്ലെങ്കിൽ, നിന്റെ പ്രാണദീപം പൊലിഞ്ഞടങ്ങും; അതുമല്ലെങ്കിൽ, നീ ഇവിടെനിന്നു് മാററപ്പെടുകയും അന്യത്ര പ്രതിഷ്ഠിക്കപ്പെടുകയും ചെയ്യും.

മനുഷ്യോചിതമായ കർത്തവ്യം അനുഷ്ഠിക്കുന്നതിൽ തന്നെയാണു് മനുഷ്യന്റെ സംതൃപ്തി സ്ഥിതിചെയ്യുന്നതു്. സഹജീവികളുടെ നന്മയ്ക്കായി പ്രവർത്തിക്കുക, ഇന്ദ്രിയവിഷയങ്ങളിൽ ആസക്തിയില്ലാതിരിക്കുക, രമണീയങ്ങളായിത്തോന്നുന്ന അവഭാസങ്ങളുടെ യാഥാർത്ഥ്യം സൂക്ഷ്മമായി വിവേചിച്ചറിയുക, പ്രപഞ്ചത്തിന്റെയും അതിൽ നടക്കുന്ന സംഭവങ്ങളുടേയും സ്വഭാവത്തെ ശരിയായി പര്യവേക്ഷണം ചെയ്യുക ഇവയൊക്കെയാണു് മനുഷ്യോചിതമായ കർത്തവ്യങ്ങൾ.

നിനക്കു് മൂന്നു ബന്ധങ്ങളുണ്ടു്. ഒന്നു്, നിന്നെ പൊതിഞ്ഞിരിക്കുന്ന ശരീരത്തോടുള്ളതു്; രണ്ടു്, സകലർക്കും സകലതും സിദ്ധിക്കുന്നതിനടിസ്ഥാനവും ദിവ്യവുമായ ആദികാരണത്തോടുള്ളതു്; മൂന്നു്, സഹജീവികളോടുള്ളതു്.

ദുഃഖമെന്നതു് ശരീരത്തിനു പററുന്ന തിന്മയാണെങ്കിൽ, ദുഃഖത്തെക്കുറിച്ചു് ശരീരത്തിനു തോന്നുന്നതു് എന്തെന്നു പറയാൻ ശരീരത്തിനാണു് അവകാശം. എന്നാൽ ആത്മാവിനാകട്ടെ, അതിന്റെ സ്വന്തം പ്രസന്നതയും ശാന്തതയും പുലർത്തുവാനും ദുഃഖത്തെ തിന്മയായി കരുതാതിരിക്കാനും ധാരാളം കഴിവുണ്ടു്. സകല വിവേചനങ്ങളും പ്രേരണകളും രാഗദ്വേഷാദിവികാരങ്ങളും ആഭ്യന്തരങ്ങളാകുന്നു. ബാഹ്യമായ ദുഃഖത്തിനു് അവിടെ പ്രവേശിക്കാൻ കഴിയുന്നതല്ല.

നീ മനസ്സിന്റെ ഭാവനകളെ നിർമ്മാർജ്ജനം ചെയ്യണം. അതിലേയ്ക്ക് എപ്പോഴും ഈ ചിന്ത ഉപകരിക്കും: എന്റെ മനസ്സിൽ അസഭ്യവിചാരങ്ങളോ കാമമോ ക്ഷോഭമോ കുടികൊള്ളാതെ നോക്കുവാൻ എനിക്കു തികച്ചും സാധിക്കും. സകല വസ്തുക്കളെയും അതുപോലെ നിരീക്ഷണം ചെയ്ത് അവയുടെ യഥാർത്ഥ സ്വഭാവം ഗ്രഹിക്കുന്നതിനും അവയെ യഥോചിതം വിനിയോഗിക്കുന്നതിനും എനിക്ക് കെല്പുണ്ട്—ഈ ശക്തി നിനക്ക് പ്രകൃതിദത്തമായുണ്ടെന്നു നീ ഓർക്കണം.

കാര്യാലോചനാസഭയിലായാലും ഏതെങ്കിലും വ്യക്തിയോടുള്ള സംഭാഷണത്തിലായാലും ഔചിത്യബോധത്തോടും നാട്യം കൂടാതെയും സംസാരിക്കണം. നീ ഉപയോഗിക്കുന്ന ഭാഷ ലളിതമായിരിക്കണം.

അഗസ്റ്റസിന്റെ അരമനയെപ്പററി ആലോചിക്കുക. അദ്ദേഹത്തിന്റെ ഭാര്യ, മക്കൾ, അനന്തരവർ, പൂർവ്വികന്മാർ, സഹോദരി, ബന്ധുക്കൾ, വിശ്വസ്തന്മാർ, സുഹൃത്തുക്കൾ, അഗ്രിപ്പ, അറിയസ്, മീക്കെനാസ്, വൈദ്യന്മാർ, പുരോഹിതന്മാർ—എന്നു വേണ്ട കുടുംബം മുഴുവനും തന്നെ—പ്രത്യേകം വ്യക്തികൾ മാത്രമല്ല, പാമ്പിയിൽ സംഭവിച്ചവിധം വംശങ്ങൾ മുഴുവനും തന്നെ—നശിച്ചിട്ടുള്ളതു് നോക്കുക. "വംശത്തിലെ ഒടുവിലത്തെ അംഗം" എന്നു് കൊത്തിവച്ചിട്ടുള്ള ശവകുടീരങ്ങളും കാണാം. വംശപരമ്പര അഭംഗുരമായി നിലനില്ക്കുമോ എന്നഭയത്താൽ, എത്രമാത്രം മനോദുഃഖമാണു് ഓരോരുത്തർ അനുഭവിച്ചിട്ടുള്ളതു്! എന്നിട്ടും പല കുടുംബത്തിലും, ഓരോരുത്തക്കു് അതിലെ ഒടുവിലത്തെ അംഗമായിത്തന്നെ അവശ്യം തീരേണ്ടിവന്നു. ഇങ്ങനെ എത്രയോ കുടുംബങ്ങളും വംശങ്ങളും അസ്തമിച്ചു പോയിരിക്കുന്നു!

ജീവിതത്തെ ഓരോ കൃത്യങ്ങൾക്കായി ശരിയായി വ്യവസ്ഥാപിക്കേണ്ടതു് നിന്റെ ധർമ്മമാകുന്നു. കൃത്യങ്ങൾ സൽഫലപ്രദങ്ങളായി മുറയ്ക്കു നടക്കുന്നിടത്തോളം നിനക്കു് സംതൃപ്തിയും ഉണ്ടായിരിക്കണം. നിന്നെ പ്രതിബന്ധിക്കുന്നതിനോ നീ ചെയ്യുന്ന കൃത്യങ്ങളെ നിഷ്ഫലങ്ങളാക്കുന്നതിനോ യാതൊന്നിനും കഴിയുന്നതല്ല. ബാഹ്യമായ വല്ല പ്രതിബന്ധവും വന്നുകൂടേ എന്നു ശങ്കിക്കേണ്ട —അവധാനതയോടും ന്യായമായും അപ്രമത്തനായും പ്രവർത്തിക്കുന്നപക്ഷം, യാതൊന്നും നിനക്കു് മാർഗ്ഗരോധകമായത്തീരുകയില്ല. എന്നാൽ, നിനക്കുള്ള വല്ലശക്തിക്കുംതന്നെ കേട്ടുപററരുതോ എന്നാണെങ്കിൽ, അങ്ങനെ സംഭവിച്ചുകൂടെന്നില്ല; എന്നാൽ ആ ദുരവസ്ഥയെ സന്തോഷപൂർവ്വം സ്വീകരിക്കുകയും ന്യൂനതയൊന്നും സംഭവിക്കാതെ ശേഷിക്കുന്ന ശക്തികളുടെ സാഹായ്യം അവലംബിച്ചുകൊണ്ടു് ഉദ്യമങ്ങളെ വേറേവഴിക്കു് തിരിച്ചുവിടുകയും ചെയ്യുന്നതായാൽ, നിന്നെ ജീവിതവ്യവസ്ഥാപനം എന്ന ലക്ഷ്യത്തിലേയ്ക്കു നയിക്കുന്ന മറേറതെങ്കിലും പ്രവൃത്തിയിൽ ഉടനേ ഏർപ്പെട്ടുവാൻ നിനക്കു സാധിക്കും.

അഹംകാരം കൂടാതെ ധനവിഭവങ്ങളെ വിനീതനായി കൈക്കൊള്ളുക; അവയെ ത്യജിക്കാനും അപ്രകാരം തന്നെ സന്തോഷപുരസ്സരം സന്നദ്ധനായിരിക്കുക.

ഛേദിക്കപ്പെട്ടിട്ടോ മററു പ്രകാരത്തിലോ ശരീരത്തിൽ നിന്നും വേർപെട്ടു് കൈ, കാൽ, ശിരസ്സു് മുതലായ ഓരോ അവയവം കിടക്കുന്നതു നീ കണ്ടിട്ടുണ്ടല്ലോ. തനിക്കു ലഭിക്കുന്ന ഭാഗധേയത്തിൽ സന്തൃപ്തനാകാതെ ഇതരന്മാരിൽ നിന്നുംവേർപിരിഞ്ഞു പോകുകയും തന്റെ സാമുദായികകൃത്യങ്ങൾ അനുഷ്ഠിക്കാതിരിക്കുകയും ചെയ്യുന്ന മനുഷ്യൻ ഈവിധം പൃഥഗ്ഭൂതമായ അവയവത്തിന്റെ നിലയിൽ ആയിത്തീരുന്നു. പ്രകൃതിയുമായുള്ള ഐക്യഭാവത്തിൽ നിന്നു് നീ വിമുക്തനായിപ്പോയെന്നു വി

ചാരിക്കുക; അതായത് പ്രകൃതിയുടെ അംശമായി വർത്തിക്കാൻ ജനിച്ചിട്ടുള്ള നീ പ്രകൃതിയിൽ നിന്നു വിച്ഛിന്നനായിപ്പോയെന്നു കരുതുക. എന്നാലും നിന്റെ ശ്രേയസ്സിന് പ്രകൃതി ഭംഗിയായ ഒരു വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതാകട്ടെ വീണ്ടും പ്രകൃതിയുമായി സംയോജിച്ചു കൊള്ളുവാൻ പൂർണ്ണസ്വാതന്ത്ര്യം പ്രകൃതി നിനക്കു നല്കീട്ടുണ്ടെന്നുള്ളതാകുന്നു. പ്രകൃതിയുമായി ഒരിക്കൽ വേർപെട്ടുപോകുന്ന പക്ഷം അതുമായി വീണ്ടും യോജിക്കാൻ മനുഷ്യനല്ലാതെ പ്രകൃതിയുടെ മറെറാരു വിഭാഗത്തിനും സ്വാതന്ത്ര്യവും ശക്തിയും നല്കപ്പെട്ടിട്ടില്ല. ദൈവത്തിനു മനുഷ്യനോടു സവിശേഷമായുള്ള വാത്സല്യം നോക്കുക; വിശ്വപ്രകൃതിയിൽ നിന്നും മനുഷ്യൻ ഒരിക്കലും വിമുക്തനായിക്കൂടെന്നു കരുതിയാണ് അവിടുന്നു അവനു് ഈ ശക്തി നല്കിയിരിക്കുന്നതു്. പ്രകൃതിയിൽ നിന്നു വേർപെട്ടുപോയാലും ആ പൂർണ്ണതയിലേയ്ക്കു തിരിയെ വരുന്നതിനും അതുമായി യോജിച്ചു വീണ്ടും അവൻെറ പൂർവ്വസ്ഥാനം പ്രാപിക്കുന്നതിനും അവിടുന്നു് അവനെ അനുവദിച്ചിരിക്കുന്നു.

വിശ്വപ്രകൃതി, തൻെറ ശക്തികളെ മനുഷ്യൎക്കു നല്കീട്ടുള്ള കൂട്ടത്തിൽ പ്രതിബന്ധങ്ങളെ ഉപകരണങ്ങളാക്കിക്കൊള്ളുവാനുള്ള ശക്തിയും ഉൾപ്പെടുന്നു. തനിക്കു പ്രതികൂലമായും മാർഗ്ഗനിരോധകമായും വരുന്ന ഓരോന്നിനെയും വിശ്വപ്രകൃതി തൻെറ അംശമായി രൂപാന്തരപ്പെടുത്തുകയും യഥാസ്ഥാനത്തിൽ നിലകൊള്ളിക്കുകയുമാണു ചെയ്യുന്നതു്. അതുപോലെ മനുഷ്യൎക്കു് പ്രതിബന്ധങ്ങളെയെല്ലാം സ്വന്തം ശ്രേയോഭിവൃദ്ധിക്കു യുക്തങ്ങളായ ഉപകരണങ്ങളാക്കിത്തീർക്കാൻ കഴിയും.

ജീവിതത്തെ സമഗ്രഭാവത്തിൽ ചിന്തിച്ചു് നീ വ്യാകുലപ്പെടരുതു്. ജീവിതത്തിൽ സംഭവിക്കാവുന്നവയായി തോന്നുന്ന വിവിധദൂരനുഭവങ്ങളെയും ഒരുമിച്ചു് ഒന്നായി

ച്ചിന്തിക്കുന്ന രീതി വർജ്ജിക്കേണ്ടതാകുന്നു. ഓരോ അനുഭവം വന്നുചേരുന്ന സന്ദർഭത്തിൽ നീ ഇപ്രകാരം ആത്മപ്രശ്നം നടത്തുക. ഇതിൽ അസഹ്യമോ താങ്ങാൻ പാടില്ലാത്തതോ ആയിട്ടെന്താണുള്ളത്? എന്തെങ്കിലും ഉണ്ടെന്നു പറയാൻ തീർച്ചയായും നിനക്കു സങ്കോചം തോന്നും. പിന്നെ ഈ വസ്തുതകൂടി നീ ഓർത്തിരിക്കണം. തൽക്കാലം നിന്നെ വ്യാകുലനാക്കാചുന്നതു് കഴിഞ്ഞുപോയതോ വരാൻ പോകുന്നതോ ആയ കാര്യം ആയിരിക്കുകയില്ല, വർത്തമാനകാര്യം മാത്രമായിരിക്കും. ഒരു പരിധി കല്പിച്ചു് അതിനെ പ്രത്യേകമാക്കി ച്ചിന്തിക്കുന്നതായാൽ അതും നിസ്സാരമായിത്തീരും. ആ നിസ്സാരദുരിതത്തെപ്പോലും എതിരിടുവാൻ നിന്റെ മനസ്സിനു സാധിക്കാത്ത പക്ഷം മനസ്സിനു് തദപിഷയകമായി ശരിയായ പരിശീലനം നല്കേണ്ടതാണു്.

പാൻതിയായേയാ, പെർഗാമസോ എന്നിവർ ഇപ്പോഠം അവരുടെ നാഥനായ വേറസിന്റെ ചിതയ്ക്കു സമീപം കാത്തിരിക്കുന്നുണ്ടോ? അതുപോലെ ഹഡ്രിയാനസിന്റെ ശവകുടീരത്തെ കാത്തിരുന്ന ഷാബ്രിയസോ, ഡയോററിമസൊ ഇവർ ഇപ്പോഴും അവിടെ കാവലുണ്ടോ? ഉണ്ടെന്നു പറയുന്നതു് മൗഢ്യമല്ലേ? അഥവാ ഉണ്ടെന്നു തന്നെ വിചാരിക്കുക; എന്നാൽ അവർ അങ്ങനെ കാത്തുനില്ക്കുന്ന സംഗതി മരിച്ചുപോയവർ അറിയുമോ? അറിഞ്ഞാൽതന്നെ അവക്കു് അതുകൊണ്ടു സന്തോഷം തോന്നുമോ? സന്തോഷം തോന്നിയാൽതന്നെ കാത്തുനില്ക്കുന്നവരെ നിത്യജീവികളാക്കുവാൻ അവക്കു കഴിയുമോ? കാത്തുനില്ക്കുന്നവരും കാലപ്രകൃതിയനുസരിച്ചു് വാർദ്ധക്യം ബാധിച്ചു് ഒടുവിൽ മരിക്കുകയില്ലേ? അങ്ങനെ മരിച്ചാൽപിന്നെ അവർ എന്തുചെയ്യും? ഇതൊക്കെ ചിന്തിക്കുമ്പോഠം ജീവിതത്തിൽ ഓരോന്നു്

ആശിക്കുന്നതും മരണത്തിൽ ദുഃഖിക്കുന്നതുംമററും എത്ര അത്ഥഹീനങ്ങളായ കാര്യങ്ങളാണ്!

നിനക്ക് സൂക്ഷ്മദൃഷ്ടിയുണ്ടെങ്കിൽ വിവേകബുദ്ധിയോടുകൂടി സമസ്തവും നിരീക്ഷിക്കുക, എന്നാണ് തത്വജ്ഞാനി ഉപദേശിക്കുന്നത്.

മനുഷ്യരുടെ മാനസികഘടനയിൽ ന്യായബോധത്തിന് പ്രതികൂലമായ യാതൊരു ധമ്മവും ഞാൻ കാണുന്നില്ല. എന്നാൽ ഭോഗസുഖാസക്തിക്കു വിപരീതമായ ഒരു ധമ്മം അവിടെ കാണപ്പെടുന്നുണ്ട്; അതു മിതഭോഗവുമാകുന്നു.

ഏതെങ്കിലും ദുരന്തം സംഭവിച്ചാൽ അതു ദുഃഖമാണെന്നുള്ള അഭിപ്രായം നിനക്ക് ഉപേക്ഷിക്കാവുന്ന പക്ഷം നിൻെറ ആത്മാവിനു പൂണ്ണമായ സുരക്ഷിതാവസ്ഥ നേടുവാൻ കഴിയും. ഈ ആത്മാവ് ആര്? ബുദ്ധി— എന്നാൽ ഞാൻ ബുദ്ധിയല്ലല്ലോ. അങ്ങനെ ആയിക്കൊള്ളട്ടെ. ബുദ്ധിക്കു ദുഃഖം വരാതെ അതു തന്നെ നോക്കിക്കൊള്ളും. അല്ല, മററുവല്ല അംശത്തിനുമാണ് ദുഃഖം നേരിടുന്നതെങ്കിൽ അതും ഇഷ്ടംപോലെ ആ ദുഃഖത്തെ അവഗണിക്കുകയോ അഥവാ ദുഃഖം അനുഭവിക്കുകയോ എന്തെങ്കിലും ചെയ്തുകൊള്ളും.

ഇന്ദ്രിയസുഖനിരോധം ജന്തുപ്രകൃതിക്ക് അനിഷ്ടമാകുന്നു. അതുപോലെ തന്നെയാണ് അതിനു ഇച്ഛാപ്രതിരോധവും. ഇതേവിധം സസ്യപ്രകൃതിക്കും അനിഷ്ടവും തിന്മയുമായി വല്ലതും ചിലതുണ്ടാകാം. ഇങ്ങനെ നോക്കുമ്പോൾ ബുദ്ധിക്കു പ്രതിബന്ധമായുള്ളതു് മനുഷ്യക്കും അനിഷ്ടമായിരിക്കുമെന്നു കാണാം. ഈ സംഗതികളെല്ലാം നിൻെറ സ്വന്തം പ്രകൃതിയുമായി താരതമ്യപ്പെടുത്തി നോക്കുക. ദുഃഖമോ ഇന്ദ്രിയസുഖമോ നിന്നെ ബാധിക്കുന്നുണ്ടോ. അതൊക്കെ ഇന്ദ്രിയങ്ങൾ നോക്കിക്കൊള്ളും. എന്തെങ്കിലും ഉദ്ദേശ്യസാദ്ധ്യത്തിനുവേണ്ടി

ഉദ്യമിച്ചതിൽ നിനക്കു പ്രതികൂലമായി വല്ല തടസ്സവും സംഭവിച്ചിട്ടുണ്ടോ? നിൻെറ ഉദ്യമം യഥാൎത്ഥത്തിൽ നിരുപാധികമായിരുന്നുവെങ്കിൽ സംഭവിച്ചിട്ടുള്ളതായ തടസ്സം ഒരു യഥാൎത്ഥമനുഷ്യൻ എന്ന നിലയിൽ നിനക്കും തിൎച്ചയായും അനിഷ്ടംതന്നെയെന്നുപറയാം. എന്നാൽ പ്രകൃതിയുടെ സാമാന്യഗതിയേയും അതിൻെറ മാററങ്ങളേയും അടിസ്ഥാനമാക്കി നോക്കുന്നപക്ഷം നിനക്കു ദോഷമോ തടസ്സമോ ഒന്നും ഇതേവരെ സംഭവിച്ചിട്ടില്ലെന്നു വിചാരിക്കണം. ആത്മാവിനു നിന്നിൽനിന്നും തന്നെയല്ലാതെ അന്യമായി യാതൊരിടത്തുനിന്നും പ്രതിബന്ധം ഉണ്ടാകാവുന്നതല്ല. അഗ്നിക്കോ ആയുധങ്ങൾക്കോ നിഷ്ഠുരശാസിതാവിൻെറ ആജ്ഞകൾക്കോ അപമാനത്തിനോ ആത്മാവിനെ സ്പൎശിക്കാൻ സാദ്ധ്യമല്ല. ഗോളരൂപത്തിൽ സ്ഥിതിചെയ്യുന്ന അതു് ആ രൂപത്തിൽ തന്നെ എക്കാലത്തും വൎത്തിക്കും.

അന്യനുപോലും മനസ്സറിഞ്ഞുകൊണ്ടു് യാതൊരു ദുഃഖവും ഉണ്ടാക്കിയിട്ടില്ലാത്ത ഞാൻ എനിക്കു തന്നെ ദുഃഖമുണ്ടാക്കിയെന്നുവരുന്നതു് സംഗതമല്ല.

ഓരോരുത്തൎക്കു് ഓരോന്നു് സന്തോഷപ്രദമായിരിക്കുന്നു. എന്നാൽ എനിക്കു് സന്തോഷപ്രദമായിട്ടുള്ളതു് മനുഷ്യരിൽ നിന്നോ മനുഷ്യൎക്കു സിദ്ധിക്കുന്ന അനുഭവങ്ങളിൽ നിന്നോ പരാങ്മുഖനാകാതെ എല്ലാററിനേയും നോക്കി കാണുകയും സ്വാഗതംചെയ്കയും ഓരോന്നിനെയും അതതിൻെറ യോഗ്യതയനുസരിച്ചു് വിനിയോഗിക്കുകയും ചെയ്തുകൊണ്ടു് ഉള്ളിലുള്ള നിയാമകശക്തിയെ അഭംഗുരമായി പരിപാലിക്കുക എന്നതാകുന്നു.

വൎത്തമാനകാലത്തെ ഫലപ്രദമാക്കുവാനാണു് നീ നോക്കേണ്ടതു്. ഭാവിയിലെ യശസ്സു കാംക്ഷിച്ചു് അതിനായി പണിപ്പെടുന്ന ഇന്നത്തെമനുഷ്യർ ഭൂതകാലസംഗതികളിൽ ഉദാസീനരായ അവരെപ്പോലെതന്നെയുള്ളവ

രായിരിക്കും ഭാവിജനങ്ങളും എന്ന വസ്തുത ആലോചിക്കുന്നതേയില്ല. രണ്ടുകൂട്ടരും മരണമില്ലാത്തവരല്ല. ഭാവിയിലുള്ള ആളുകൾ നിന്നെക്കുറിച്ച് എന്തുതന്നെ പറഞ്ഞാലും അതുകൊണ്ട് നിനക്കൊരുപ്രകാരത്തിലും ദോഷമോ ഗുണമോ സംഭവിക്കുന്നതല്ലല്ലോ.

എന്നെ ഇവിടെ നിന്നും മാററി എവിടെക്കൊണ്ടുചെന്നു വിട്ടാലും ഞാൻ എന്നിൽ കുടികൊള്ളുന്ന ദൈവികാംശത്തെ പ്രശാന്തമാക്കിത്തന്നെ വച്ചുകൊള്ളും. അതിൻെറ യഥാൎത്ഥലക്ഷണയനുസരിച്ച് അതിന് ആലോചിക്കാനും വ്യാപരിക്കാനും തടസ്സമില്ലാത്ത വിധത്തിൽ അതിനെ സംതൃപ്തമാക്കി സംരക്ഷിക്കും. എൻെറ ആത്മാവ് ദുഃഖിതമോ ദൂഷിതമോ വിഷണ്ണമോ വിസ്തൃതമോ സങ്കുചിതമോ സംഭീതമോ ആയിത്തീരുന്നതിന് ഈ സ്ഥാനഭേദം പര്യാപ്തമാകുകയില്ല. അങ്ങനെ ആയിത്തീരുന്നതിന് മതിയായ കാരണം മററുവല്ലതും നിനക്കു പറവാൻ കഴിയുമോ?

മനുഷ്യപ്രകൃതത്തിന് അനുചിതമായ യാതൊന്നും മനുഷ്യന് സംഭവിക്കുകയില്ല. അതുപോലെ ഒരുമൃഗത്തിൻെറയോ ചെടിയുടെയോ കല്ലിൻെറയോ പ്രകൃതത്തിന് വിരുദ്ധമായിട്ടൊന്നും അവയ്ക്കും വന്നുകൂടുന്നതല്ല. ഓരോന്നിനും അതതിന് സാധാരണവും സ്വാഭാവികവുമായിട്ടുള്ളതേ സംഭവിക്കുകയുള്ളു. ഈ സ്ഥിതിക്ക് നിൻെറ കൃത്യത്തിൽമാത്രം അന്യഥാ വിചാരിച്ച് വിഷാദിക്കുന്നതെന്തിന്? നിനക്കു താങ്ങുവാൻ കഴിയാത്തതൊന്നും പ്രകൃതി വരുത്തുകയില്ലെന്നു തീർച്ചതന്നെ.

നിനക്കു ദുഃഖം വരുത്തുന്നതു് ബാഹ്യമായ വല്ലതുമാണെന്ന് നീ വിചാരിച്ചേയ്ക്കാം. വാസ്തവത്തിൽ അങ്ങനെയൊന്നിനും നിന്നെ വ്യാകുലപ്പെടുത്തുവാൻ കഴിയുന്നതല്ല. ബാഹ്യമായ ഓരോന്നിനെക്കുറിച്ച് നിൻെറ മനസ്സ് ചെയ്യുന്ന തീരുമാനമാണു് നിനക്ക് ദുഃഖകാരണ

മായിത്തീരുന്നതു്. ഇങ്ങനെ മനസ്സുചെയ്യുന്ന തീരുമാനങ്ങൾ വേഗത്തിൽ മാററിക്കളയുവാൻ നിനക്കു് ഇപ്പോഴും തികച്ചും സ്വാതന്ത്ര്യമുണ്ടു്. നിൻെറ സ്വഭാവത്തിനുള്ള വല്ല ദൂഷ്യവുമാണു് നിനക്കു് ദുഃഖഹേതുവായിത്തീരുന്നതെങ്കിൽ അതു സംബന്ധിച്ചു് നിനക്കുള്ള അഭിപ്രായത്തെ ശോധനചെയ്തു ശരിപ്പെടുത്താൻ എന്താണു് തടസ്സം. നല്ലതെന്നു് നിനക്കഭിപ്രായമുള്ള വല്ലപ്രത്യേകകാര്യത്തെ ചെയ്യാതിരിക്കുന്നതു നിമിത്തമാണു് ദുഃഖമുണ്ടാകുന്നതെങ്കിൽ ആ പ്രവൃത്തി നീ ചെയ്യുകതന്നെവേണം. അല്ലാതെ അതിനെക്കുറിച്ചു് അസംതൃപ്തി ഭാവിച്ചിട്ടു പ്രയോജനമില്ല. ദുസ്തരമായ വല്ലപ്രതിബന്ധവും മാർഗ്ഗനിരോധകമായിത്തീരുമെന്നാണു് ഭയമെങ്കിൽ തീരെ കുണ്ഠിതപ്പെടുകയേവേണ്ട. എന്തെന്നാൽ അതു ചെയ്യപ്പെടാത്തതു് നിൻെറ കുററംകൊണ്ടല്ലെന്നു് തീർച്ചയാണല്ലോ. ആ കാര്യം സാധിക്കാത്തപക്ഷം ജീവിച്ചിരുന്നിട്ടുതന്നെ പ്രയോജനം ഇല്ലെന്നാണു് നിനക്കു തോന്നുന്നതെങ്കിൽ ശരി; സംതൃപ്തിയോടുകൂടി ജീവനെ വെടിഞ്ഞേയ്ക്കുക. പ്രതിബന്ധങ്ങൾ നേരിട്ടാലും അവയാൽ കുണ്ഠിതനാകാതെ തന്നാൽ കഴിയുന്നതു് പ്രയത്നിച്ചു് സന്തുഷ്ടി നേടുന്നവനെപ്പോലെ ശാന്തമായി ജീവിതത്തോടു് യാത്രപറയുക.

കേവലം ശാഠ്യത്തോടുകൂടിയാണെങ്കിലും സ്വേച്ഛയ്ക്കു് വിരുദ്ധമായി യാതൊന്നും പ്രവർത്തിക്കാതെ ഏകാഗ്രമായും നിശ്ചലമായും സന്തുഷ്ടമായും വർത്തിക്കുന്ന മനസ്സു് അജയ്യമായിരിക്കും. യുക്തിവിശിഷ്ടമായ ബുദ്ധിയുടെ സാഹായ്യത്തോടു കൂടി അതു് നിർബന്ധപൂർവം വല്ലതിനെക്കുറിച്ചും ഒരു നിശ്ചയം ചെയ്തുകഴിഞ്ഞിരിക്കുകയാണെങ്കിൽ നിസ്സംശയം അധികം അജയ്യമായിരിക്കും. ആ സ്ഥിതിക്കു് ക്ഷോഭങ്ങൾക്കൊന്നിനും അധീനമാകാത്ത മനസ്സു് അഭേദ്യമായ ഒരു കോട്ടതന്നെയെന്നു പറയാം. മനുഷ്യനു് ശത്രുബാധയിൽ നിന്നും രക്ഷനേടുന്ന

തിന്നു് അതിനെക്കാൾ ഭദ്രമായ അഭയസ്ഥാനം മറെറാന്നില്ല. ഇതു കാണാത്ത മനുഷ്യൻ കേവലം അജ്ഞനാകുന്നു. കണ്ടാലും ഇതിൽ അഭയം പ്രാപിക്കാൻ നോക്കാത്തവൻ ദുഃഖിതനായിരിക്കുമെന്നതിനു സംശയമില്ല.

ഏതിനെക്കുറിച്ചും ആദ്യം ലഭിക്കുന്ന അറിവിൽ കൂടുതലായി യാതൊന്നും അനുമാനിക്കരുതു്. നിന്നെക്കുറിച്ചു് ഒരുവൻ ചീത്ത പറഞ്ഞതായി നിനക്കു് അറിവു കിട്ടിയെന്നു വിചാരിക്കുക. നിനക്കു കിട്ടിയ അറിവു് ഇത്രയുമാണല്ലോ. അല്ലാതെ നിന്നെ ഉദ്ദേശിച്ചു അയാൾ തിന്മ പ്രവൎത്തിച്ചുവെന്നല്ലല്ലോ. എൻെറ കുഞ്ഞിന്നു് സുഖക്കേടാണെന്നു ഞാൻ കാണുന്നു. എന്നാൽ അതിൻെറ ജീവൻ അപകടത്തിലാണെന്നും മററും കൂടുതൽ വിവരങ്ങൾ അനുമാനിച്ചുകൊള്ളുകയാണ് ചെയ്യുന്നതു്. എപ്പോഴും ആദ്യത്തേതിനെ ആസ്പദമാക്കുകയല്ലാതെ കൂടുതൽ യാതൊന്നും അനുമാനിക്കുന്നതു ശരിയല്ല. അനുമാനംകൊണ്ടു് ദുഃഖത്തിന്നിടവരികയേ ഉള്ളു. അഥവാ വല്ലതും അനുമിക്കുന്നതായാൽതന്നെയും അതു് ലോകസംഭവങ്ങളെല്ലാം ദശിക്കുന്ന ജ്ഞാനിയെപ്പോലെ വേണ്ടതുമാണു്.

കാഞ്ഞിരക്കായ്ക്ക് കയ്പുള്ളതാണല്ലോ—അതു് ദൂരെ എറിഞ്ഞുകളയൂ: വഴിയിൽ മുൾച്ചെടി നില്ക്കുന്നുവല്ലോ: തൊടാതെ മാറിപ്പോകൂ: അതാണു വേണ്ടതു്. അല്ലാതെ ഇതൊക്കെ ലോകത്തിൽ എന്തിനുണ്ടായി എന്നു് ചോദിക്കേണ്ട. ചോദിച്ചാൽ പ്രകൃതിധൎമ്മം അറിയാവുന്നവൎക്കു നീ പരിഹാസ്യനായിത്തീരും. ഒരു ആശാരിയുടെയോ ചെരിപ്പുകുത്തിയുടെയോ പണിപ്പുരയിൽ ചികിയ മരപ്പൊളികളോ തുകൽക്കഷണങ്ങളോ കണ്ടുവെന്നുവച്ചു് കുററം പറഞ്ഞാൽ ആ പണിക്കാർ നിൻെറ അജ്ഞത ഓൎത്തു് ചിരിക്കുകയേ ഉള്ളു. പക്ഷെ ഈ മരപ്പൊളികളും തുകൽകഷണങ്ങളും മററും നിക്ഷേപിക്കുവാൻ

അവക്ക് വേറെയും സ്ഥലങ്ങളുണ്ട്. എന്നാൽ അങ്ങനെ ബാഹ്യമായ മറെറാരു സ്ഥലം പ്രകൃതിയിലില്ല. സമഗ്രപ്രപഞ്ചവും അവളുടെ പണിപ്പുരയാകുന്നു. അവളുടെ ശില്പകൗശലത്തിൻെറ അത്ഭുതകരമായ ഒരു സ്വഭാവം എന്തെന്നാൽ പഴകിയും ജീർണ്ണിച്ചുപൊടിഞ്ഞും ഉപയോഗശൂന്യമായിത്തീരുന്നവയെല്ലാം അവൾ അവളുടെ തന്നെ അംശമാക്കിക്കൊള്ളുകയും അവകൊണ്ടു് വീണ്ടും അഭിനവമായി ഓരോന്നു് സൃഷ്ടിക്കുകയും ചെയ്യുന്നു എന്നതാണു്. അതിനാൽ അവൾക്കു പുറമെ നിന്നു ഏതെങ്കിലും സാധനമാകട്ടെ ചെത്തുപണികളും മററും നിക്ഷേപിക്കാൻ ഏതെങ്കിലും സ്ഥലമാകട്ടെ ആവശ്യമില്ല. അവൾ അവൾക്കുള്ള സ്ഥലം, സാധനം, കൗശലം; ഇവയാൽ സന്തുഷ്ടയായിരിക്കുന്നു.

കൃത്യാനുഷ്ഠാനത്തിൽ അലസനാകുകയോ സംഭാഷണത്തിൽ അടക്കം മുറയും ദീക്ഷിക്കാതിരിക്കുകയോ ആലോചനയിൽ ശാഖാചംക്രമണം ചെയ്തുപോകുകയോ അരുതു്. അതുപോലെ ആത്മാവിനും അന്തസ്സങ്കോചമോ ബഹിഃപ്രസരണമോ സംഭവിച്ചു കൂടാ. ജീവിതത്തിൽ അവിരാമമായ കാൎയ്യസമാകുലതയും വർജ്ജിക്കേണ്ടതാകുന്നു.

നിന്നെ വല്ലവരും ഹിംസിക്കുന്നുവെന്നോ വെട്ടിനുറുക്കുന്നുവെന്നോ ശപിക്കുന്നുവെന്നോ തോന്നാം. എന്നാലും നിൻെറ മനസ്സിന് പരിശുദ്ധവും പ്രശാന്തവും ന്യായതല്പരവും അഭിജ്ഞവുമായിരിക്കാൻ ഇതു് പ്രതിബന്ധമായിത്തീരണമെന്നില്ല. നിർമ്മലവും മധുരവുമായ ജലധാരയെ സ്രവിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു ഉറവയുടെ സമീപം നിന്നുകൊണ്ടു് ഒരുവൻ അതിനെ അപലപിക്കുന്നുവെന്നിരിക്കട്ടെ. ഉറവ ഇക്കാരണത്താൽ സ്വന്തം ജലധാരയെ ഉപസംഹരിച്ചുകളയുന്നില്ല. അവൻ അതിൽ ചളിയോ ചപ്പോ മറേറാ നിക്ഷേപിച്ചാലും

അതു് ആ സാധനങ്ങളെ അതിവേഗത്തിൽ കലക്കി ഒഴുക്കിക്കളഞ്ഞിട്ടു് വീണ്ടും നിർമ്മലജലത്തെത്തന്നെ പ്രസ്രവിപ്പിച്ചുകൊണ്ടിരിക്കും. അതുപോലെ നിനക്കും ആഭ്യന്തരമായ ഒരു ഉറവ—വെറും കിണറല്ല—ഉണ്ടായിരിക്കണം. അതു് എങ്ങനെ സാധിക്കാമെന്നാണെങ്കിൽ കാരുണ്യം, ലാളിത്യം, വിനയം മുതലായ മഹദ്ഗുണങ്ങളെ പോഷിപ്പിച്ചു്, സ്വാതന്ത്ര്യബുദ്ധിയായി സദാ ജീവിതത്തെ ഉൽകൃഷ്ടമാക്കി വച്ചുകൊള്ളുന്നതിനാൽ തന്നെ.

ലോകം എന്തെന്നു് അറിഞ്ഞുകൂടാത്തവനു്, താൻ സ്ഥിതിചെയ്യുന്നതു് എവിടെയെന്നു് അറിവുണ്ടായിരിക്കുകയില്ലല്ലോ. ലോകം എന്തു കാര്യത്തിനായി ഉണ്ടായിരിക്കുന്നു എന്നു് അറിഞ്ഞുകൂടാത്തവനും ഇതുപോലെ താൻ ആരെന്നോ ലോകം എന്തെന്നോ അറിവുണ്ടായിരിക്കാൻ കഴിയുന്നതല്ല. ഈവിധം അറിവില്ലാത്തവനു് തന്റെ ജീവിതോദ്ദേശ്യവും അജ്ഞാതമായിരിക്കുകയേ ഉള്ളൂ. ഈ സ്ഥിതിക്കു്, ആരെന്നോ എവിടെ സ്ഥിതിചെയ്യുന്നുവെന്നോ ബോധമില്ലാത്തവരുടെ പ്രശംസയെ കാംക്ഷിക്കുകയും ദുരഭിപ്രായത്തെ ഭയപ്പെടുകയും ചെയ്യുന്നവനെക്കുറിച്ചു് എന്താണു് പറയുക.

മണിക്കൂറിൽ മൂന്നു പ്രാവശ്യം തന്നെത്താൻ ശപിച്ചുചീത്ത പറയുന്ന ഒരുവന്റെ പ്രശംസയെ നീ കാംക്ഷിക്കുമോ. തനിക്കുതന്നെ സന്തുഷ്ടനായിരിക്കാൻ കഴിവില്ലാത്ത ഒരാളെ സന്തോഷിപ്പിക്കാൻ നീ ആഗ്രഹിക്കുമോ? മിക്കവാറും തന്റെ ഓരോ പ്രവൃത്തിയെക്കുറിച്ചും പശ്ചാത്തപിച്ചുകൊണ്ടിരിക്കുന്നവനു് ആത്മസന്തുഷ്ടി ഉണ്ടാകുന്നതാണോ?

നാലുപാടും വ്യാപ്തമായിരിക്കുന്ന അന്തരീക്ഷവായുവിനെ ഗ്രഹിച്ചിട്ടാണല്ലോ നീ നിശ്ശ്വസിക്കുന്നതു്. ഇതു മാത്രം പോരാ. സമസ്തവസ്തുക്കളിലും വ്യാപരിച്ചിരിക്കുന്ന

വിശ്വചിത്തത്തിൻെറ അംശത്തെക്കൂടി നീ നിൻെറ ചിത്തത്തിൻെറ പ്രവത്തനത്തിനായി ആദാനംചെയ്യണം. ശ്വസിക്കുന്നതിനു സൗകൎയ്യപ്രദമായി വായുമണ്ഡലം എല്ലായിടത്തും വ്യാപിച്ചു കിടപ്പുള്ളതുപോലെ, വേണ്ട വനു യഥേഷ്ടം എടുത്തുകൊള്ളുവാൻതക്കവണ്ണം ചിത്ത ശക്തിയും സൎവ്വത്ര സമസ്തവസ്തുക്കളിലും നിറഞ്ഞു സ്ഥി തിചെയ്യുന്നുണ്ടു്.

ദൗഷ്ട്യം ലോകത്തെ കലുഷിതമാക്കുന്നുണ്ടെന്നു മൊത്തത്തിൽ നോക്കിയാൽ ഒരിക്കലും പറയാവുന്നതല്ല. വ്യക്തിപരമായ തിന്മ അതു് ആചരിക്കുന്നവനെ ഒഴിച്ചു മററാരെയും ബാധിക്കുന്നില്ല. ദൗഷ്ട്യമാകട്ടെ ഇഷ്ടം പോലെ അതിൽനിന്നും പ്രതിനിവത്തിക്കാൻ സ്വാത ന്ത്ര്യവും ശക്തിയുമുള്ളവനുമാത്രമേ ഹാനികരമായിരിക്കു ന്നുള്ളു.

എൻെറ ഇച്ഛാശക്തിയും അയൽക്കാരൻെറ ഇച്ഛാ ശക്തിയും തമ്മിൽ ഞങ്ങളുടെ ശ്വാസവും മാംസവും പോ ലെ നിരപേക്ഷങ്ങളാകുന്നു. ഞങ്ങൾ അന്യോന്യോപ കാരത്തിനായി ജനിച്ചിട്ടുള്ളവരാണെങ്കിലും ഞങ്ങളുടെ മനോവൃത്തികൾ ഭിന്നമാർഗ്ഗഗാമികളാണു്. അല്ലെ ങ്കിൽ അയൽക്കാരൻെറ തിന്മ എനിക്കും ദോഷകരമായി രിക്കുമല്ലോ. എന്നാൽ ദൈവം അങ്ങനെ കരുതിയി ട്ടില്ല, എനിക്കു വരുന്ന ദുഃഖം അന്യനെ ആശ്രയിച്ചുള്ള തായിരിക്കരുതെന്നാണു് അവിടുത്തെ ഇച്ഛ.

സൂൎയ്യപ്രകാശം ഒരു ദ്രവസാധനം പോലെ പതി ക്കുന്നു. അതു് സൎവ്വത്ര വ്യാപിച്ചു് നിറയുകയും ചെയ്യുന്നു. എന്നാൽ അതു സ്രവിച്ചു് ക്ഷയിക്കുന്നില്ല. സവിശേഷമായ ഒരു വ്യാപകത്വമാണുള്ളതു്. വ്യാപി ക്കുന്നതു് നില്ക്കുന്നതു് എന്നൊക്കെ അൎത്ഥമുള്ള ഒരു ധാതുവിൽ നിന്നുമാണു് (ഗ്രീക്കുഭാഷയിൽ) രശ്മിവാചി യായ ശബ്ദം ഉണ്ടായിട്ടുള്ളതു്. വെളിച്ചം ദ്വലശവുമി

ല്ലാത്ത ഒരു മുറിയിലേയ്ക്കു് ചെറുതായ സുഷിരത്തിൽ കൂടി സൂര്യപ്രകാശം കടത്തി പരിശോധിക്കുന്നതായാൽ രശ്മി എന്നതു് എന്താണെന്നു മനസ്സിലാക്കാം. അവിടെ അതു് നേരെ നീളത്തിൽ ചെല്ലുകയും മുറിക്കകത്തു വായു വിനെ പ്രതിരോധിച്ചു് സ്ഥിതിചെയ്യുന്ന വല്ല ഘന സാധനത്തിലും തടഞ്ഞു് വിഭക്തമാകുകയും ചെയ്യുന്നു. വഴുതുകയോ ഒലിച്ചു പോകുകയോ ചെയ്യാതെ ആ കിരണം അവിടെ ഉറച്ചു തന്നെ നില്ക്കും. ഈ വിധ ത്തിലായിരിക്കണം ബുദ്ധിയുടെ പ്രസരണവും വ്യാപ്തിയും. ബുദ്ധി ഒരിക്കലും വഴുതുന്നതോ ഒലിച്ചു പോകുന്നതോ ആയിരിക്കരുതു്. എപ്പോഴും നേരേ നീണ്ടു പോകുന്ന തായിരിക്കണം. അതിൻെറ മാർഗ്ഗത്തിൽ സ്ഥിതി ചെയ്യുന്ന യാതൊന്നുമായി അതിനു് പ്രബലസംഘട്ടനം പാടില്ല. അതു് നിപതിച്ചുപോകാതെ സുസ്ഥിരമായി വർത്തിക്കണം. അതിനു സ്വാഗതം അരുളുന്ന സകല വസ്തുക്കളെയും അതു് ഭാസമാനമാക്കുകയും വേണം. പ്രകാശത്തെ സ്വാഗതം ചെയ്യാത്ത വസ്തുക്കളൊന്നും തന്നെ പ്രകാശിക്കുകയില്ലെന്നു് നിശ്ചയമാണല്ലോ.

മരണത്തെ ഭയപ്പെടുന്നവൻ ഒന്നുകിൽ വികാരരാഹിത്യത്തെയോ വികാരാന്തരപ്രാപ്തിയെയോ ആണു് യഥാർത്ഥത്തിൽ ഭയപ്പെടുന്നതു്. യാതൊരു വികാരവും തോന്നാതിരിക്കുമെങ്കിൽ നിനക്കു ഭയം തോന്നുകയില്ല താനും. ഇപ്പോൾ ഉള്ളവയെ അപേക്ഷിച്ചു് ഭിന്നങ്ങളായ വികാരങ്ങൾ നിനക്കുണ്ടാകുന്നുവെന്നു വിചാരിക്കുക. അപ്പോൾ നീ വേറൊരു തരം ജീവിയാകുമെന്നല്ലാതെ ജീവിതം അവസാനിച്ചവനായി തീരുകയില്ല.

മനുഷ്യൻ പരസ്പരഗുണത്തിനായിട്ടാണു് ജീവിക്കുന്നതു്. അതിനാൽ അവരെ ഒന്നുകിൽ സദുപദേശം കൊണ്ടു നന്നാക്കുക; അല്ലെങ്കിൽ അവരുടെ ന്യൂനതകളെല്ലാം ക്ഷമിച്ചടങ്ങുക.

ശരീരത്തിൻെറ ഗതി ഒരുവിധം; മനസ്സിൻെറ ഗതി മറെറാരു വിധം. എന്നാൽ ഏതെങ്കിലും ഒരന്വേഷണത്തിൽ ഏകാഗ്രപ്രവൃത്തമാകുന്ന മനസ്സാകട്ടെ ശരംപോലെ തന്നെ നേരെ മുമ്പോട്ടു പായുകയും അതിൻെറ ലക്ഷ്യത്തെ പ്രാപിക്കുകയും ചെയ്യാതിരിക്കുന്നില്ല.

അന്യരുടെ മനസ്സിനെ നയിക്കുന്ന തത്വത്തെ നീ മനസ്സിലാക്കണം. എന്നാൽ നിൻെറ മനസ്സിനെ നിയമനം ചെയ്യുന്ന ബുദ്ധിതത്വത്തെ അന്യരിൽ നിന്നു് ഗോപനം ചെയ്കയും അരുതു്.

# ഒൻപതാം അദ്ധ്യായം

അന്യായമായിപ്പെരുമാറുകയെന്നതു് പാപം ആചരിക്കുകതന്നെയാകുന്നു. പ്രകൃതിമാതാവു് മനുഷ്യരെ സൃഷ്ടിച്ചിട്ടുള്ളതു് അവർ ഉചിതമായ രീതിയിൽ പരസ്പരസാഹായ്യത്തിനും പരസ്പരഗുണത്തിനും ഉപകരിക്കണമെന്ന കരുതലോടുകൂടിയല്ലാതെ ദോഷാചരണത്തിനല്ല. അതിനാൽ പ്രകൃതിയുടെ ഉദ്ദേശ്യത്തേയും ഇച്ഛയേയും അതിലംഘിക്കുന്നവൻ സർവോൽകൃഷ്ടയായ പ്രകൃതീശ്വരിയുടെ നേക്കു് അധമ്മമായിപ്പെരുമാറുകയാണു ചെയ്യുന്നതു്; അതുതന്നെയാണു് പാപമെന്നു പറയുന്നതും. അതുപോലെ കളവുപറയുകയോ പ്രവത്തിക്കുകയോ ചെയ്യുന്നതും ആ ദേവിയുടെ നേക്കു് പാപം ചെയ്യുകതന്നെയാകുന്നു. ലോകത്തുള്ള സകലതിൻെറയും പ്രകൃതിയാണല്ലോ വിശ്വപ്രകൃതി; സംജാതമായി സ്ഥിതിചെയ്യുന്ന എല്ലാ വസ്തുക്കൾക്കും തമ്മിൽ ദൃഢമായി ഇൗയൊരു ബന്ധമുണ്ടു്. സകല

യഥാൎത്ഥവസ്തുക്കളുടെയും ആദികാരണമായ വിശപ്രകൃതിയുടെ പൎയ്യായമാണ് സത്യം എന്നതു്. അതിനാൽ മനഃപൂൎവ്വം വ്യാജം ആചരിക്കുന്നവൻെറ പ്രവൃത്തി സത്യത്തെ വഞ്ചിച്ചുള്ള അന്യായകൎമ്മം ആയിരിക്കും. അവൻ കളവുനിമിത്തം വിശപ്രകൃതിക്കു വിപരീതമായി നിലകൊള്ളുന്നതിനും പുറമേ, ജഗദ്വ്യവസ്ഥയെ ഭഞ്ജിക്കുകയെന്ന അപരാധത്തിന് പാത്രമായിത്തീരുകയും ചെയ്യുന്നു. പ്രകൃതി നല്കിയിട്ടുള്ള ശക്തികളെ നിരന്തരം പ്രയോഗിക്കുകയും പോഷിപ്പിക്കുകയും ചെയ്യാതെ അവയെ നശിപ്പിക്കുകനിമിത്തം സത്യാസത്യവിവേചനം ചെയ്യാൻ കഴിയാതെ തീൎന്നിട്ടുള്ളവനോ സത്യത്തിനെതിരായി പ്രവൎത്തിക്കാൻ സ്വയം പ്രേരിതനാകുന്നവനോ ജഗദ്വ്യവസ്ഥയെ ഭഞ്ജിക്കുന്നുണ്ടെന്നു പറയാം. ഇനിയും, നന്മയെന്നു കരുതി ഭോഗങ്ങൾതേടുന്നതും തിന്മയെന്നു കരുതി ദുഃഖങ്ങൾ പരിഹരിക്കുന്നതും രണ്ടും പാപം തന്നെ. എന്തുകൊണ്ടെന്നാൽ, അപ്രകാരം ചെയ്യുന്നവൻ പലപ്പോഴും വിശപ്രകൃതിയെക്കുററപ്പെടുത്തുവാൻ നിർബന്ധിതനായിത്തീരുന്നുണ്ടു്. സുഖസാമഗ്രികൾ ദുർജ്ജനങ്ങളുടെ അധീനതയിൽ വന്നുകൂടുന്നതും അവർ ഭോഗങ്ങൾ അനുഭവിക്കുന്നതും സാധാരണമാണ്. അതുപോലെ ദുഃഖപ്രദങ്ങളായ വസ്തുക്കൾ സജ്ജനങ്ങളുടെ പങ്കായിത്തീരുന്നതും അവർ ദുഃഖം അനുഭവിക്കുന്നതും അപൂർവ്വമല്ല. ഇതിനാൽ സത്തുക്കൾക്കും അസത്തുക്കൾക്കും പ്രകൃതീശ്വരി അനർഹവും അനുചിതവുമായ രീതിയിലാണ് അനുഭവങ്ങൾ വിതരണം ചെയ്യുന്നതെന്നത്രേ അവൻെറ പരാതി. പിന്നെയും, ദുഃഖത്തെ ഭയപ്പെടുന്നവൻ ലോകത്തിൽ സ്വാഭാവികവും സൎവ്വസാധാരണവുമായി സംഭവിക്കുന്ന പലതിനെയും പലപ്പോഴും ഭയപ്പെടാതിരിക്കുകയില്ല; ഇതു പാപമല്ലേ? ഇതുപോലെ സുഖം തേടുന്നവൻ മിക്കപ്പോഴും അന്യായം പ്രവൎത്തിക്കാതിരി

ക്കുകയില്ല; അപ്പോൾ അവനും പാപംതന്നെയാണ് ചെയ്യുന്നത്. ഇഷ്ടാനിഷ്ടങ്ങളെ സംബന്ധിച്ചിടത്തോളം പ്രകൃതീശ്വരിയാൽ തുല്യനിലയിൽ കരുതപ്പെടുന്ന വസ്തുക്കളുടെ നേക്ക്, ആ ദേവിയെ അനുസരിക്കാൻ ആഗ്രഹിക്കുന്നവനും അതേ മനോഭാവം തന്നെ ഉണ്ടായിരിക്കണം. സുഖദുഃഖങ്ങളിൽ പ്രകൃതിക്കുള്ള മനോഭാവം ഒന്നുതന്നെ ആയിരുന്നില്ലെങ്കിൽ, അങ്ങനെ രണ്ടുകൂട്ടം അവിടുന്ന് സൃഷ്ടിക്കുകയില്ലായിരുന്നുവെന്ന് സ്പഷ്ടമാണല്ലോ. ആകയാൽ, പ്രകൃതീശ്വരി സമനിലയിൽക്കരുതി പ്രയോഗിക്കുന്ന സുഖദുഃഖങ്ങൾ, ജീവിതമരണങ്ങൾ, കീർത്തിദുഷ്കീർത്തികൾ ഇവയെ പക്ഷപാതബുദ്ധി കൂടാതെ വീക്ഷിക്കാത്തവൻ പാപകൃത്താണെന്ന് പ്രത്യക്ഷമാകുന്നു. ഇവയൊക്കെ പ്രകൃതിയാൽ ഒരേ മനോഭാവത്തോടുകൂടി പ്രയോഗിക്കപ്പെടുന്നവയാണെന്നു പറഞ്ഞുവല്ലോ. ഇതിൻെറ അർത്ഥമാകട്ടെ, സൃഷ്ടികർത്താവിൻെറ പ്രഥമപ്രേരണയുടെ ഫലമായി ഉൽപാദിതങ്ങളാകേണ്ട സമസ്തവസ്തുക്കളുടെയും സ്വരൂപത്തെയും അവയ്ക്ക് ജനനം, വളർച്ച, പിന്തുടർച്ച മുതലായ അനന്തരകാര്യങ്ങൾക്കായി സിദ്ധമാകേണ്ട ശക്തികളെയും നിർണ്ണയിച്ചുകൊണ്ട് പ്രകൃതീശ്വരി ജഗദ്വ്യവസ്ഥാപനത്തിന് ഉദ്യുക്തയായതു മുതൽ ഇവയെല്ലാം ഒരേ രീതിയിൽത്തന്നെ അവശ്യം തുടർന്നുകൊണ്ടിരിക്കുന്നുവെന്നാകുന്നു.

കളവുപറയുക, കാപട്യം നടിക്കുക, അമിതഭോഗം അനുഭവിക്കുക, ദാംഭികത്വം ഭാവിക്കുക ഇവയൊന്നും ഒരിക്കലും ചെയ്‌വാനിടവരാതെ മനുഷ്യലോകത്തോട് യാത്രപറവാൻ സാധിക്കുന്നവനാണ് പരമഭാഗ്യവാൻ. ഇതെല്ലാം ധാരാളം ചെയ്തുപോയിട്ടുണ്ടെങ്കിൽ, ഇനി ഉടനേ മരിക്കുകയാണുത്തമം. ദുശ്ശീലങ്ങളിൽ മുഴുകിക്കിടക്കാൻ നിശ്ചയിച്ചിട്ടുണ്ടോ ? ഈ മാരികളെ ഭയപ്പെട്ടോടുവാൻ ലോകാനുഭവം ഇനിയും പ്രേരിപ്പിച്ചുതുടങ്ങി

ട്ടില്ലേ ? ബുദ്ധിക്കു പററുന്ന ദൂഷണം നമുക്കു ചുററുമുള്ള അന്തരീക്ഷവായുവിൻെറ ദൂഷണത്തെക്കാളും നാശകരമാകുന്നു. വായുമണ്ഡലത്തിൻെറ ദൂഷണം ജന്തുക്കൾക്കുമാത്രമാണ് നാശംവരുത്തുന്നതു്. എന്നാൽ മനുഷ്യബുദ്ധിയുടെ ദൂഷണമാകട്ടെ, മനുഷ്യത്വത്തെത്തന്നെ നശിപ്പിച്ചുകളയുന്നു.

മരണത്തെ വെറുക്കരുതു്. അതു് പ്രകൃതിയുടെ ഇച്ഛാനുസരണം സംഭവിക്കുന്ന സംഗതികളിൽ ഒന്നാണെന്നുകരുതി നീ സംതൃപ്തനായിരിക്കണം. മനുഷ്യക്ക് യൗവനം, വാദ്ധക്യം, വളച്ച്, പ്രായപൂത്തി എന്നിങ്ങനെ ഓരോ അവസ്ഥകളും പരിവത്തനങ്ങളും ഉണ്ടാകുന്നു. അതിനിടയ്ക്കു് പല്ലും മീശയും മുളയ്ക്കുക, ജരാനര ഭവിക്കുക, ഗഭം ഉണ്ടാവുക, സന്താനം ജനിക്കുക എന്നിങ്ങനെയും ഓരോന്നു് ഓരോകാലത്തു സംഭവിക്കുന്നു. ഇവയെല്ലാം കാലധമ്മം അനുസരിച്ചു് പ്രകൃതി വരുത്തുന്നവയാണു്. മരണവും ഇക്കൂട്ടത്തിൽ ഒന്നുതന്നെ. അതിനാൽ ബുദ്ധിസമ്പന്നനായ മനുഷ്യനു് മരണത്തിൽ അക്ഷമയോ, അശ്രദ്ധയോ, വെറുപ്പോ ഉണ്ടാവാൻ പാടില്ല; ആ പ്രകൃതിസംഭവത്തെ അവൻ പ്രതീക്ഷിച്ചുകൊണ്ടുതന്നെ വത്തിക്കണം. ഭായ്യക്കു് ഗഭം ഉണ്ടായിക്കഴിഞ്ഞാൽ, അവളുടെ പ്രസവസമയത്തെ പ്രതീക്ഷിക്കുന്നതെങ്ങനെയോ, അതുപോലെ നിൻെറ ശരീരത്തിൽ നിന്നും ആത്മാവു പുറത്തേക്കുപോകുന്ന സമയത്തെയും നീ പ്രതീക്ഷിച്ചു് തയ്യാറായിരിക്കേണ്ടതാകുന്നു. ഈ സന്ദഭത്തിൽ, നിൻെറ ഹൃദയത്തിനു് എന്തെങ്കിലുമൊരാശ്വാസം നല്കേണ്ടതു് ആവശ്യമാണെന്നുതോന്നുന്നപക്ഷം, മരണംനിമിത്തം നിനക്കു വിട്ടുപിരിയേണ്ടിവരുന്ന വസ്തുക്കളുടെ സ്വഭാവത്തെയും നിൻെറ ആത്മാവിനു് മേലാൽ ഏതുതരക്കാരുടെ സംസഗ്ഗമാണോ നഷ്ടമായിത്തീരുന്നതു് അവരുടെ സാന്മാഗ്ഗികസ്ഥിതിയെയുംപററി

പശ്ചാലോചിച്ചാൽ മതി. ഇവരെ നീ വെറുക്കണമെന്നല്ല ഇവിടത്തെ വിവക്ഷ; അങ്ങനെ ചെയ്യുന്നതു യുക്തവുമല്ല. നേരെമറിച്ച്, ഇവൎക്കവേണ്ട ഉപകാരം ചെയ്തു കൊടുക്കുകയും ഇവരുടെ പിഴകളെ ക്ഷമയോടുകൂടി പൊറുക്കുകയും ചെയ്യേണ്ടതാണ് നിൻെറ ധൎമ്മം. എങ്കിലും, നീ വിട്ടുപിരിയുന്നത് നിന്നെപ്പോലെ ഉത്തമതത്വങ്ങൾ പാലിച്ചു ജീവിക്കുന്നവരെയല്ലെന്നുള്ള വസ്തുതയും വിസ്മരിക്കരുത്. മരണത്തിൻെറ മാൎഗ്ഗത്തിൽനിന്നും നിന്നെ പിന്തിരിച്ച് ജീവിതത്തിൽ ബന്ധിച്ചുനിറുത്തുന്നതു വല്ലതുമുണ്ടെങ്കിൽ, അതു് ഉത്തമതത്വങ്ങളെ വഴിപോലെ പാലിച്ചു ജീവിക്കുന്ന മഹാശയന്മാരുടെ സംസൎഗ്ഗത്തിനുള്ള കാംക്ഷയല്ലാതെ മറെറാന്നുമായിരിക്കുകയില്ല. സഹജീവികൾതമ്മിലുള്ള വൈരുദ്ധ്യത്തിൽനിന്നും ജനിക്കുന്ന വൈഷമ്യം എത്ര വലുതാണെന്ന് നിനക്കിപ്പോൾ ബോധ്യമായിക്കഴിഞ്ഞിട്ടുള്ളതിനാൽ, "മരണമേ, എനിക്ക് ആത്മവിസ്മൃതി സംഭവിക്കുംമുമ്പേ നീ വന്നുചേരണമേ" എന്നായിരിക്കണം നിൻെറ പ്രാൎത്ഥന.

അന്യനെ ഉദ്ദേശിച്ച് അപകാരം ചെയ്യുന്നവൻ തനിക്കുതന്നെയാണ് അപ്രകാരം ചെയ്യുന്നതു്. അന്യായം പ്രവൎത്തിക്കുന്നവനും ഫലം ഇതുതന്നെ; എന്തുകൊണ്ടെന്നാൽ അവൻ അതുകൊണ്ടു് തന്നെത്താൻ ദുഷിച്ചുപോകുന്നു.

ഏതെങ്കിലും ഒന്നുചെയ്യാതിരിക്കുന്നതു മാത്രമല്ല, വല്ലതും ചെയ്യുന്നതുതന്നെയും പലപ്പോഴും അന്യായമായിത്തീരുന്നുണ്ടു്.

ശരിയായ ബോധത്തെ അടിസ്ഥാനമാക്കി അഭിപ്രായം രൂപവൽക്കരിക്കുകയും ലോകത്തിൻെറ യോഗക്ഷേമത്തെ ഉദ്ദേശിച്ച് പ്രവൃത്തികളെ നിയന്ത്രിക്കുകയും യദൃച്ഛാലാഭംകൊണ്ടു് സന്തുഷ്ടനായിരിക്കുകയും ചെയ്യുന്ന

നിന്റെ ഇപ്പോഴത്തെ രീതി നന്നുതന്നെ; നിനക്കു് അനുമതി:

ഓരോന്നു സങ്കല്പിച്ചുകൊള്ളുന്ന സ്വഭാവം വർജ്ജിക്കണം; വാസനകളെത്തടയണം; നിന്നെ ഭരിക്കുന്ന ബുദ്ധിശക്തിയെ പ്രഗത്ഭമാക്കി വച്ചുകൊള്ളുകയും വേണം.

ബുദ്ധിശക്തിയില്ലാത്ത ജന്തുക്കളിൽ ഒരേ ജീവൻ സാമാന്യമായിക്കാണപ്പെടുന്നു. എന്നാൽ, മനുഷ്യരിലാകട്ടെ, ചിച്ഛക്തിവിശിഷ്ടമായ ഒരേ ആത്മാവാണു് പരിലസിക്കുന്നതു്. ഭൂമിജങ്ങളായ എല്ലാവസ്തുക്കളിലും ഭൂമിയുടെ അംശം കലന്നിരിക്കുന്നതുപോലെയും ദൎശനേന്ദ്രിയവിശിഷ്ടരായ നാമെല്ലാം ഒരേ പ്രകാശം ദൎശിക്കുകയും പ്രാണികളെല്ലാം ഒരേ വായു ശ്വസിക്കുകയും ചെയ്യുന്നപോലെയുമാണിതു്.

ഒരേ ഭൂതദ്രവ്യത്തിൽനിന്നും ഉണ്ടായിട്ടുള്ള വസ്തുക്കളെല്ലാം ആ ദ്രവ്യം അടങ്ങിട്ടുള്ള വസ്തുവിലേയ്ക്കു് ആകൎഷിക്കപ്പെടുന്നു. പൃഥിവീരൂപമായവയെല്ലാം പൃഥിവിയിലേയ്ക്കും ജലരൂപമായവയെല്ലാം ജലത്തിലേയ്ക്കും വായുരൂപമായവയെല്ലാം വായുവിലേയ്ക്കുമാണു് ചെല്ലുന്നതു്. ഈ ആകർഷണത്തിന്റെ ഫലമായ സംയോഗത്തിനു് വിഘാതം വരുത്തുന്നതു് മറേറതെങ്കിലും വസ്തുവിന്റെ ശക്തിയുക്തമായ പ്രതിരോധം മാത്രമായിരിക്കും. ഭൂതാഗ്നിയുടെ ആകൎഷണത്താൽ അഗ്നി മേല്പോട്ടേയ്ക്കുയരുന്നു. ഒരു വിധം ഉണക്കു പററീട്ടുള്ള വസ്തുക്കളെല്ലാം എളുപ്പത്തിൽ തീപിടിച്ചു കത്തുമെന്നതിനാൽ, അപ്രകാരമുള്ള വസ്തുക്കളിൽ ജ്വലിക്കുന്ന അഗ്നികളെല്ലാം ഒരുമിച്ചു ചേന്നാലും അവയുടെ ഗതി മേല്പോട്ടേയ്ക്കുതന്നെ ആയിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. ചില വസ്തുക്കറം ഉണങ്ങിയിരിക്കുന്നുവെന്നു് നാം പറയുന്നതിന്റെ അൎത്ഥമെന്തെന്നാൽ, ആ വസ്തുക്കറംക്കു് അഗ്നിസംയോഗത്താൽ

കത്തിജ്ജ്വലിക്കാൻ പ്രതിബന്ധകമായി അവയിൽ സ്ഥിതിചെയ്തിരുന്ന അന്യവസ്തു ബഹിഷ്കൃതമായിരിക്കുന്നുവെന്നാകുന്നു. മേൽപ്പറഞ്ഞപ്രകാരംതന്നെ, പ്രകൃതിയുടെ ബുദ്ധ്യംശംകൊണ്ടു് ജനിച്ചിട്ടുള്ളവയെല്ലാം ആ ബുദ്ധിയോ അതിൻെറ അംശമോ സ്ഥിതിചെയ്യുന്നിടത്തേയ്ക്കു് ആകർഷിക്കപ്പെടുന്നു. ഈ ആകർഷണത്തിൻെറ ശക്തി ഓരോ മനുഷ്യനിലും വിളങ്ങുന്ന ബുദ്ധ്യംശത്തിൻെറ ഏററക്കുറച്ചിൽ അനുസരിച്ചിരിക്കും. വിവേകബുദ്ധിയില്ലാതെ ജീവിക്കുന്ന പക്ഷികൾ, കന്നുകാലികൾ മുതലായവ സംഘംസംഘമായി സഞ്ചരിക്കുന്ന വസ്തുതതന്നെ പ്രസ്തുത തത്വത്തിനുദാഹരണമാണു്. ശിശുക്കൾക്കു് എപ്പോഴും തള്ളമാരുടെ അടുക്കലേയ്ക്കു് ചെല്ലുന്നതിനുള്ള വാസന, കാമനീകാമുകന്മാർക്കു് തോന്നുന്ന സഹവാസാസക്തി, ഇവയും ഒരുവിധംനോക്കിയാൽ ഈക്കൂട്ടത്തിൽപ്പെടുന്നതാകുന്നു. ജന്തുക്കൾക്കും ആത്മാവുണ്ടു്; അതാണു് സംഘംചേരുന്നതിനു് അവയെ പ്രേരിപ്പിക്കുന്ന ആകർഷണശക്തിക്കു്അടിസ്ഥാനം. അവയിൽ ആ ശക്തി ചെടികളിലോ, കല്ലിലോ, കാണപ്പെടാത്തവിധം ഉൽകൃഷ്ടതരമായ മാത്രയിൽ പ്രവർത്തിക്കുന്നു. വിവേകബുദ്ധിസമ്പന്നരായ മനുഷ്യരുടെ രാഷ്ട്രീയസംഘടനകളും സുഹൃൽസമ്മേളനങ്ങളും കുടുംബബന്ധങ്ങളും മററുയോഗസമ്പ്രദായങ്ങളുമെല്ലാം ഇതേ ശക്തിയാൽത്തന്നെ ആവിർഭവിക്കുന്നവയാണു്. യുദ്ധങ്ങളിൽപ്പോലും സഖ്യങ്ങളും കരാറുകളും മററും ഉണ്ടാകുന്നതിൻെറ ആന്തരികഹേതുവും മറെറാന്നുമല്ല. പരസ്പരം വിദൂരസ്ഥിതങ്ങളായ നക്ഷത്രങ്ങൾ മുതലായ വസ്തുക്കളിലും ആകർഷണരൂപമായ ഈ ഐക്യഭാവം വെളിപ്പെടുന്നുണ്ടു്. ഇങ്ങനെ ഓരോവകയായി പ്രപഞ്ചത്തിൽ കാണപ്പെടുന്ന സകലത്തിലും ഒരു പരസ്പരബന്ധം നിലനില്ക്കുന്നതായിക്കാണാം. എന്നാൽ, ബുദ്ധിവിശിഷ്ട

രായ മനുഷ്യർ മാത്രമാണ് പ്രകൃതിഗതമായ ഈ സ്നേഹവും ഐക്യവും വിസ്മരിച്ചിട്ടുള്ളതു്. ഒരുമിച്ചുചേൻ പോവുകയെന്ന മനോഭാവം അഥവാ ധമ്മം അവരിൽ കാണപ്പെടുന്നില്ല. മനുഷ്യരുടെ പോക്ക് ഈവിധത്തിലാണെങ്കിലും അവരെ അപേക്ഷിച്ച് എത്രയോ പ്രബലതരയായ പ്രകൃതീശ്വരി അവരെയും ബന്ധിക്കാതെ വിട്ടുകളഞ്ഞിട്ടില്ല. ഗാഢമായി ആലോചിച്ചു നോക്കിയാൽ, ഇപ്പറഞ്ഞതിൻെറ അത്ഥം നിനക്കു് സുഗ്രാഹ്യമാകാതെ വരികയില്ല. ഒരു ഭൗമപദാത്ഥം മറെറാരു ഭൗമപദാത്ഥവുമായി സംയോജിക്കയില്ലെന്നു വന്നാൽപ്പോലും, മനുഷ്യനു് സ്വവഗ്ഗീയരിൽനിന്നു് അവൻ എത്രമാത്രം അകന്നിരുന്നാലും അവരുമായി യോജിക്കുന്നതിനും സ്നേഹബന്ധം പുലത്തുന്നതിനും നിശ്ചയമായും സാധിക്കുന്നതാണ്.

മനുഷ്യൻ, ദൈവം, പ്രപഞ്ചം ഇവയെല്ലാം അതതിനു് ഉചിതമായകാലത്തു് ഫലിക്കുന്നു, കായ്ക്കുന്നു. മുന്തിരിവള്ളി മുതലായ സസ്യങ്ങളെ അധികരിച്ചാണു് സാധാരണമായി 'കായ്ക്കുന്നു' എന്നു പറയാറുള്ളതെങ്കിലും, ഇതരങ്ങളെ സംബന്ധിച്ചും അപ്രകാരം പറയുന്നതുകൊണ്ടു് ദോഷം വരാനില്ലല്ലോ. വിവേകബുദ്ധിയിൽ കായ്ക്കുന്ന ഫലങ്ങൾ, ആ ബുദ്ധിക്കുമാത്രമല്ല, മറെറല്ലാത്തിനും ഉപകരിക്കുന്നവയത്രേ. പ്രസ്തുതഫലങ്ങൾ വിവേകത്തിൻെറ തന്നെ വഗ്ഗത്തിൽപ്പെടുന്ന മററു ധമ്മങ്ങളാകുന്നു.

കഴിയുമെങ്കിൽ, തെററുചെയ്യുന്നവരെ സദുപദേശം കൊണ്ടു നന്നാക്കുവാൻ നോക്കണം. അതിനു കഴിയാതെവന്നാൽ പ്രയോഗിക്കുവനാണു് സൗജന്യമെന്ന ഗുണം നിനക്കു നല്കിയിരിക്കുന്നതു്. അപരാധികളുടെ നേക്ക് ദേവന്മാർ പോലും കാരുണ്യപൂർവ്വം വത്തിക്കുന്നു. ചില ഉദ്ദേശ്യങ്ങളെ പുരസ്കരിച്ചു് തെററുചെയ്യുന്നവക്കു പോലും ആരോഗ്യം, ഐശ്വര്യം, കീത്തി ഇവ സിദ്ധിക്കു

ന്നതിന്ന് ദേവന്മാർ തുണയ്ക്കുന്നു. ദേവന്മാർ അത്ര കാരുണ്യപൂർണ്ണരാണ്. ഇതുപോലെ കാരുണ്യം കാണിക്കുന്നതിന്ന് നിനക്കും സ്വാതന്ത്ര്യം ഉണ്ട്; ഇല്ലെങ്കിൽ എന്താണ് പ്രതിബന്ധമെന്നു പറയുക, കേൾക്കട്ടെ.

നീ വേല ചെയ്യുന്നതു് ദുഃഖത്തോടുകൂടിയോ, അന്യരുടെ അനുകമ്പയോ അഭിനന്ദനമോ ലഭിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയോ, ആയിരിക്കരുതു്. ലോകക്ഷേമത്തിനുപകരിക്കുംവിധം വിവേകബുദ്ധിയാൽ നീതനായി പ്രവൎത്തിക്കുകയോ പ്രവൎത്തിക്കാതിരിക്കുകയോ ചെയ്യണം.

ഇന്നു ഞാൻ എല്ലാ ഉപദ്രവങ്ങളിൽനിന്നും മുക്തനായിരിക്കുന്നു; അഥവാ കുറച്ചുകൂടി നിഷ്കൎഷിച്ചുപറയുകയാണെങ്കിൽ, എല്ലാ ഉപദ്രവങ്ങളെയും ഞാൻ അകററിക്കളഞ്ഞിരിക്കുന്നു. എന്തെന്നാൽ, ഉപദ്രവങ്ങളൊന്നും ബാഹ്യമല്ല; എല്ലാം ആഭ്യന്തരങ്ങളും നമ്മുടെ മനോഭാവത്തെ ആശ്രയിച്ചിരിക്കുന്നവയുമാണ്.

സമസ്തവസ്തുക്കളും ഒന്നുപോലെ അനുഭവംകൊണ്ടു നോക്കുമ്പോൾ സാധാരണങ്ങളും നിലനില്പു കൊണ്ടു ക്ഷണികങ്ങളും ഘടനാസ്വഭാവംകൊണ്ടു് നിസ്സാരങ്ങളും ആകുന്നു. പണ്ടു് നമ്മുടെ പൂർവ്വികരുടെ കാലത്തു് അവ എങ്ങനെയിരുന്നുവോ അങ്ങനെതന്നെയാണ് ഇന്നും.

വസ്തുക്കളോരോന്നും നമുക്കു ബാഹ്യമായും മററൊന്നിനെ സമാശ്രയിക്കാതെ സ്വതന്ത്രമായും സ്ഥിതിചെയ്യുന്നു. താന്താങ്ങളെക്കുറിച്ചു് അവയ്ക്കു് യാതൊരു ബോധവുമില്ല; അവ ഗുണദോഷങ്ങളൊന്നും പ്രകാശിപ്പിക്കുന്നുമില്ല. ഈ സ്ഥിതിക്കു്, വസ്തുക്കളെക്കുറിച്ചു് ഗുണദോഷാഭിപ്രായം രൂപവൽകരിക്കുന്നതു് ആരാണ്? നമ്മുടെ മനസ്സുതന്നെ.

ബുദ്ധിസമ്പന്നനായ സാമുദായികജീവിയുടെ നന്മയും തിന്മയും സ്ഥിതിചെയ്യുന്നതു് അവന്റെ നിഷ്കൎമ്മ

തയിലല്ല, സകമ്മതയിലാകുന്നു. അവൻെറ സൽഗുണ ദുർഗ്ഗുണങ്ങൾ സ്ഥിതിചെയ്യുന്നതും മറെറാന്നിലുമല്ല.

ആകാശത്തേയ്ക്ക് എറിയപ്പെടുന്ന കല്ലിനു് മേല്പോട്ടുയരുന്നതുകൊണ്ടോ, കീഴ്പ്പോട്ടു വീഴുന്നതുകൊണ്ടോ, നന്മയോ തിന്മയോ ഉണ്ടാകുന്നില്ല.

മനുഷ്യരുടെ അന്തഃകരണത്തെ നയിക്കുന്ന തത്വങ്ങളെ ആന്തരികമായി നിരീക്ഷണം ചെയ്യുന്നതായാൽ, നിനക്ക് ഭയപ്രദങ്ങളായ അഭിപ്രായങ്ങൾ ഇന്നവയെന്നും ആ അഭിപ്രായക്കാൎക്ക് താന്താങ്ങളെക്കുറിച്ചുള്ള മതിപ്പിൻെറ സ്വഭാവമിന്നതെന്നും മനസ്സിലാക്കുവാൻ കഴിയും.

സമസ്തവസ്തുക്കൾക്കും മാററം സംഭവിച്ചുകൊണ്ടിരിക്കുന്നു. നീ തന്നെയും അനുസ്യൂതമായ പരിവത്തനത്തിനും, ഒരുപ്രകാരം നോക്കിയാൽ, അംശംപ്രതി അനവരതമായ വിനാശത്തിനും വിധേയമായിട്ടാണല്ലോ വത്തിക്കുന്നതു്. പ്രപഞ്ചത്തിൻെറയും അവസ്ഥ ഇതുതന്നെ.

ഒരാൾ കുററകരമായ ഒരുപ്രവൃത്തി ചെയ്യുന്നതു നീ കണ്ടാൽ, അതു് മററാരോടും പ്രസ്താവിക്കാതിരിക്കുകയാണു് നിൻെറ ധമ്മം.

കമ്മങ്ങളുടെ വിരതി, അഥവാ ശാരീരികങ്ങളും മാനസികങ്ങളുമായ സകല പ്രവൃത്തികളിൽ നിന്നും ഉള്ള നിവത്തനം, മറെറാരു പ്രകാരത്തിൽ പറയുകയാണെങ്കിൽ, കമ്മങ്ങളുടെ മരണം ഒരു ദോഷമാണെന്നു വിചാരിച്ചുകൂടാ. ശൈശവം, യൗവ്വനം, മദ്ധ്യപ്രായം, വാൎദ്ധക്യം, മുതലായ ജീവിതഘട്ടങ്ങളെക്കുറിച്ച് ചിന്തിക്കുക. ശൈശവത്തിൻെറ മരണാനന്തരം യൗവ്വനം, യൗവ്വനത്തിൻെറ മരണാനന്തരം മദ്ധ്യപ്രായം, ഇങ്ങനെ സംഭവിക്കുന്ന മാററങ്ങളുടെ കൂട്ടത്തിൽ ഒന്നാണു് കമ്മവിരാമഘട്ടവും. ഇതിൽ ഭയപ്പെടാനൊന്നുമില്ല. ഇനിയും, നീ നിൻെറ പിതാമഹനോടുകൂടിയും പിന്നെ മാതാവിനോടു

കൂടിയും പിന്നീട്ടു പിതാവിനോടുകൂടിയും നയിച്ച ജീവിത ഭാഗങ്ങൾ ഓരോന്നിനെക്കുറിച്ചും പ്രത്യേകം ആലോചിക്കുക. അവ ഓരോന്നും വ്യത്യസ്തമാണ്; അവയിലും ഓരോ വിരാമങ്ങളും മാററങ്ങളും നിമിത്തം നിനക്കു ഭയം ഉണ്ടായിട്ടുണ്ടോ? ആ വിധത്തിൽത്തന്നെയാണ് കമ്മവിരതിയെക്കുറിക്കുന്ന മരണവും സംഭവിക്കുന്നതു്; അതിൽ ഭയപ്പെടാനൊന്നുമില്ല.

നിന്റെയും വിശ്വത്തിന്റെയും അതുപോലെ നിന്റെ അയൽക്കാരന്റെയും അന്തഃകരണം നീ ശുഷ്കാന്തിയോടുകൂടി പരിശോധിക്കണം. സ്വന്തം അന്തഃകരണത്തിന്റെ പരിശോധനയാൽ നിനക്ക് ന്യായബുദ്ധി ഉണ്ടാകുന്നു. നീ ഏതൊന്നിന്റെ അംശമാണെന്നുള്ള വസ്തുത വിശ്വാന്തഃകരണത്തിന്റെ സമാലോകനംകൊണ്ടു് നിനക്കു് മനസ്സിലാകും. അയൽക്കാരന്റെ അന്തഃകരണമാകട്ടെ, അവൻ ഓരോന്നും പ്രവത്തിക്കുന്നതു് അറിഞ്ഞുകൊണ്ടോ, അതോ അജ്ഞനായിട്ടോ എന്നു നിന്നെ ഗ്രഹിപ്പിക്കുന്നതിനും പുറമേ അതു് നിന്റെ അന്തഃകരണവുമായി സഹോദരബന്ധമുള്ളതാണെന്ന വസ്തുത വെളിപ്പെട്ടുത്തിത്തരികയും ചെയ്യും.

സാമുദായികമായ ഒരു പൂണ്ണതയുടെ അംശമാണു നീ; എന്നല്ല, ആ പൂണ്ണതയ്ക്കു് നീ ആവശ്യമായ ഒരു ഘടകവും ആകുന്നു. അതിനാൽ, നിന്റെ ഓരോ പ്രവൃത്തിയും സാമുദായികജീവിതത്തെ പൂണ്ണമാക്കാൻ സഹായിക്കുന്നതുതന്നെ ആയിരിക്കണം. പ്രത്യക്ഷമായോ പരോക്ഷമായോ ആ ലക്ഷ്യത്തെ പ്രാപിക്കുന്നതല്ലാത്തപക്ഷം, നിന്റെ ഏതു പ്രവൃത്തിയും ജീവിതത്തെ അവ്യവസ്ഥിതമാക്കുകയും ജീവിതത്തിന്റെ ഏകതാനതയെ ഭഞ്ജിക്കുകയും ചെയ്യും. അതിനും പുറമേ, ഒരു ജനസമിതിയിൽപ്പെട്ട ഒരംഗം അന്യാംഗങ്ങളുടെ ഏകാഭിപ്രായത്തിൽ നിന്നും വിയോജിച്ചു നിന്നാലെന്നപോലെ, അത്തരം

പ്രവൃത്തി വിശാലനഗരിയിൽ ഒരു വിപ്ലവാങ്കുരത്തെ ഉൽപാദിപ്പിക്കുന്നതുമായിരിക്കും.

ചെറുപൈതങ്ങളുടെ വിവാദസ്ഥലം, ക്രീഡാക്ഷേത്രം, ശവത്തെയും പേറിനടക്കുന്ന പാവപ്പെട്ട ആത്മാക്കളുടെ വിഹാരരംഗം—ഇതത്രേ ലോകം. നാടകാഭിനയം ദർശിക്കുമ്പോൾ നമുക്കു് ഈ വസ്തുത വിശദതരമായിത്തീരും.

ആകൃതിയെന്നു പറയുന്നതു് വസ്തുക്കൾക്കുള്ള ഒരു ധർമ്മമാണല്ലോ. ആ ധർമ്മത്തെ വസ്തുവിൽ നിന്നു്—അതായതു് ധർമ്മിയിൽ നിന്നു്—വേറാക്കിപ്പൎയ്യാലോചിക്കുക. ഈ രൂപത്തിലുള്ള ഒരു വസ്തു, ക്രുദ്ധതലായാൽ എത്രകാലം നിലനില്ക്കാനാണു് ഉൽപാദിതമാകുന്നതെന്നും നിർണ്ണയിക്കുക.

നിൻെറ അന്തഃകരണം പ്രകൃതിയുടെ ഉദ്ദേശ്യം അനുസരിച്ചു് വ്യാപൃതമാകുമ്പോൾ നീ അസംതൃപ്തനായിത്തീരുന്നതിനാൽ നിനക്കു് അവധിയില്ലാത്ത ക്ലേശങ്ങൾ അനുഭവിക്കേണ്ടി വരുന്നു. എന്നാൽ ഇനിയെങ്കിലും അതിന്നിടവരുത്താതിരിക്കണം.

അന്യർ നിന്നെ ദ്വേഷിക്കുകയോ കുററപ്പെടുത്തുകയോ അവഹേളിച്ചു സംസാരിക്കുകയോ ചെയ്യുന്നതായാൽ അപ്പോഴൊക്കെയും നീ അവരുമായി അടുക്കുകയും അവരുടെ മാനസികാവസ്ഥ എന്തെന്നു് ആരായുകയും അങ്ങനെ അവരുടെ നില മനസ്സിലാക്കുകയും വേണം. അവൎക്കു് നിന്നെക്കുറിച്ചുള്ള അഭിപ്രായം എന്തുതന്നെ ആയിരുന്നാലും അതിൽ കുണ്ഠിതം ഭാവിക്കാൻ യാതൊരു കാരണവും ഉണ്ടായിരിക്കുകയില്ലെന്നു് നിനക്കു് അപ്പോൾ ബോധപ്പെടും. ഏതുകൊണ്ടും നീ അവരുമായി സ്നേഹപൂർവ്വം വർത്തിക്കണം. പരസ്പരസ്നേഹം പ്രകൃതിസിദ്ധമായ ഒരു ധർമ്മമാകുന്നു. ദേവന്മാർതന്നെയും സ്വപ്ന

ങ്ങൾ, ശകുനങ്ങൾ, മുതലായ ഉപായങ്ങളിൽ മനുഷ്യരുടെ ഇഷ്ടസാദ്ധ്യത്തിന്ന് സാഹായ്യം നല്കുന്നുണ്ടല്ലോ.

സ്ഥലവ്യത്യാസമോ യുഗവ്യത്യാസമോ കൂടാതെ ഒരേ രീതിയിൽത്തന്നെ എപ്പോഴും വിശ്വചക്രം തിരിഞ്ഞുകൊണ്ടിരിക്കുന്നു. വിശ്വത്തിൻെറ ഈ പരിവൎത്തനഗതിയിൽ ഓരോ കാൎയ്യം ഉളവാകുന്നതിന്നു വേണ്ടി കാരണശക്തി ഒന്നുകിൽ ഓരോ തവണയും പ്രത്യേകം പ്രവൎത്തിതമാകാം; അല്ലെങ്കിൽ, അതു പ്രാഥമികമായി ഒരിക്കൽമാത്രം പ്രവൎത്തിതമാകുകയും അതിനെത്തുടൎന്ന് കാൎയ്യങ്ങളെല്ലാം ആനുഷംഗികമായി പരമ്പരയാ സംഭവിക്കുകയും ചെയ്യാം; അതുമല്ലെങ്കിൽ, സമസ്തവും പരമാണുക്കളിൽനിന്നും ഉത്ഭവിക്കുന്നതായിട്ടും വിചാരിക്കാം. ആദ്യംപറഞ്ഞ രീതിയിലാണ് കാൎയ്യങ്ങൾ സംഭവിക്കുന്നതെങ്കിൽ, നീ അവയെ സ്വീകരിച്ച് സന്തുഷ്ടനായിരിക്കണം. വിശ്വകാൎയ്യങ്ങൾ ദൈവകല്പിതങ്ങളാണെങ്കിൽ, അവയിൽനിന്നും നന്മയല്ലാതെ മറ്റൊന്നും ഉണ്ടാകുകയില്ല. നേരേമറിച്ച്, സമസ്തവും യാദൃച്ഛികമാണെന്നുവരികിൽ, യാദൃച്ഛികതയാൽ നയിക്കപ്പെട്ടവാൻ നീ സ്വയം അനുവദിക്കരുത്.

ക്ഷണേന നമ്മെയെല്ലാം ഈ ഭൂമി കബളീകരിക്കും. എന്നാൽ, ഭൂമിക്കും പരിവൎത്തനം നിശ്ചിതമാണ്. ആ പരിവൎത്തനത്തിൻെറ ഫലങ്ങളായ കാൎയ്യങ്ങളും അനവരതം രൂപാന്തരപ്പെട്ടുകൊണ്ടുതന്നെയിരിക്കും. ഇങ്ങനെ ഈ പരിവൎത്തനപ്രക്രിയ എന്നും തുടരുന്നതാണ്. സാഗരതരംഗങ്ങളെന്നപോലെ, തുടരെത്തുടരെ വന്നുകൊണ്ടിരിക്കുന്ന പരിണാമങ്ങളും രൂപഭേദങ്ങളും അവയുടെ ശീഘ്രഗതിയും ആലോചിക്കുന്നതായാൽ, നശ്വരമായ സകലത്തിനെയും ആരും വെറുക്കാതിരിക്കുകയില്ല.

വിശ്വകാരണമായ മഹാശക്തി വൎഷകാലജലപ്രവാഹത്തിന്നു തുല്യമാകുന്നു; അതു് സമസ്തത്തെയും വലിച്ചു

കൊണ്ടുപായുന്നു. എന്നാൽ രാഷ്ട്രീയപ്രവൎത്തകരെന്നും തത്വജ്ഞാനവിശാരദരെന്നും മററും ദുരഭിമാനവിജൃംഭിതരായി മദിക്കുന്ന ഈ ക്ഷണമാത്രജീവികൾ എത്ര നിസ്സാരന്മാർ! വെറും ബാലിശബുദ്ധികൾ! മനുഷ്യൻ നിൎവഹിക്കേണ്ടതു് പ്രകൃതി അപ്പോഴപ്പോൾ ആവശ്യപ്പെടുന്നതു മാത്രം. കഴിയുമെങ്കിൽ എപ്പോഴും അതു തന്നെ നിർവഹിക്കുക. നിൻെറ പ്രവൃത്തി അന്യർ കാണുന്നുണ്ടോ എന്നു നോക്കേണ്ട ആവശ്യമേ നിനക്കില്ല; പ്ലേറേറാവിൻെറ ആദൎശരാഷ്ട്രത്തെ പ്രതീക്ഷിക്കേണ്ട. എത്ര നിസ്സാരമായാലും പുരോഗതിയാണുണ്ടാവുന്നതെങ്കിൽ, അതു ചില്ലറക്കാൎയ്യമല്ല; അതുകൊണ്ടു നിനക്കു് ധാരാളം തൃപ്തനാകാം. മനുഷ്യരുടെ മനോഭാവം മാററുവാൻ എളുപ്പമാണോ? മനോഭാവം മാറാതിരിക്കുന്നകാലത്തോളം മനുഷ്യരുടെ അടിമത്തത്തിനും മാററം വരുന്നതല്ല. യജമാനന്മാരെ എത്രതന്നെ അനുസരിക്കുന്ന പ്രകൃതക്കാരായാലും ഭൃത്യന്മാരും വാസ്തവത്തിൽ ദാസ്യബന്ധം സുഖകരമായി വിചാരിക്കുന്നവരാകാൻ തരമില്ല. പ്രകൃതിധൎമ്മം അറിഞ്ഞു് അനുഷ്ഠിക്കാത്തവർ ഇപ്രകാരമുള്ള അടിമകൾതന്നെ. അലക്സാണ്ഡർ, ഫിലിപ്പസ്, ഫാലേരത്തിലെ ഡെമേററിയസ് ഇവരെപ്പററിയാണോ നീ എന്നോടു പറയുന്നതു്? പ്രകൃതി എന്താവശ്യപ്പെട്ടിരുന്നുവെന്നു് മനസ്സിലാക്കി അവർ തദനുസരണം പ്രവൎത്തിച്ചിരുന്നുവോ ഇല്ലയോ എന്നു് അവൎക്കേ അറിഞ്ഞുകൂടു. എന്നാൽ, അവർ ശോകാന്തനാടകങ്ങളിലെ കഥാനായകന്മാരെപ്പോലെയാണു് പ്രവൎത്തിച്ചിരുന്നതെങ്കിൽ, അവരെ അനുകരിക്കുകയെന്ന ദുർവിധി എന്നെ തീണ്ടുകയില്ലതന്നെ. തത്വജ്ഞാനം ഉപദേശിക്കുന്നതു് സരളവും വിനീതവുമായ ഒരു കൎമ്മപദ്ധതിയാകുന്നു. അതിൽനിന്നും എന്നെ വലിച്ചിറക്കി അഹംകാരവും ദാംഭികത്വവും നിറഞ്ഞ മറെറാരിടത്തേയ്ക്കും കൊണ്ടുപോകാൻ ശ്രമിക്കേണ്ട.

മുകളിൽ ഉന്നതമായ ഒരിടത്തുനിന്നുകൊണ്ടു് താഴെ ഭൂമിയെ അധിവസിക്കുന്ന സംഖ്യാതീതങ്ങളായ മനുഷ്യ രാശികളെയും അവരുടെ നാനാവിധങ്ങളായ ആചാര വ്യവഹാരങ്ങളെയും സമ്പത്തിലും ആപത്തിലും അവൎക്കുണ്ടാകുന്ന അനുഭവങ്ങളെയും, ജനിക്കുകയും ഒരുമിച്ചു ജീവിക്കുകയും ഒടുവിൽ മരിക്കുകയും ചെയ്യാനിടവരുത്തുന്ന അവസ്ഥകളെയും അവരുടെ ഇടയിൽ ദൃശ്യമാകുന്ന കലഹാദി വികാരങ്ങളെയും നീ ഒന്നു് അഭിവീക്ഷണം ചെയ്യുക. പിന്നെയും, പുരാതനന്മാർ നയിച്ചിരുന്നതും ഭാവിജനങ്ങൾ നയിക്കാൻ പോകുന്നതും അപരിഷ്കൃതവൎഗ്ഗങ്ങൾ ഇന്നു നയിച്ചുവരുന്നതുമായ ജീവിതസമ്പ്രദായങ്ങളെക്കുറിച്ചും പ്രത്യേകമായി ആലോചിക്കുക. നിന്റെ പേർപോലും കേട്ടിട്ടില്ലാത്തവരും കേട്ടിരുന്നാൽത്തന്നെയും അതു് ക്ഷണത്തിൽ വിസ്മരിച്ചുകളയുന്നവരും എത്രയോ അധികംപേരുണ്ടു്; ഒരു വേള ഇപ്പോൾ നിന്നെ പ്രശംസിച്ചുകൊണ്ടിരിക്കുന്നവർ തന്നെ ഏറെനാൾ കഴിയും മുമ്പു് നിന്നെ രൂക്ഷമായി പഴിക്കും. ഈ സംഗതികളും നീ ചിന്തിക്കണം. മരണാനന്തരം സിദ്ധിക്കുമെന്നു് പ്രതീക്ഷിക്കുന്ന യശസ്സാകട്ടെ ഇപ്പോൾ സമ്പാദിച്ചുകഴിഞ്ഞതായിക്കരുതുന്ന കീൎത്തിയാകട്ടെ പ്രതാപമാകട്ടെ കേവലം തുച്ഛമാണെന്നും നീ ഗ്രഹിച്ചിരിക്കേണ്ടതാണു്.

ബാഹ്യകാരണജന്യമായ യാതൊരു സംഗതിനിമിത്തവും നിനക്കു ഹൃദയക്ഷോഭം ഉണ്ടാകരുതു്. അതുപോലെതന്നെ ആഭ്യന്തരപ്രേരണകളാൽ ഉത്ഭവിക്കുന്ന നിന്റെ വാക്കു്, വിചാരം, പ്രവൃത്തി ഇവയും ന്യായയുക്തമായിരിക്കണം. മനോവാക്കായകൎമ്മങ്ങളാൽ നീ ലോകത്തിന്റെ യോഗക്ഷേമം പുലൎത്തണം. അതാണു് പ്രകൃതിക്കു് അനുസൃതമായ നിന്റെ ധൎമ്മം.

നിന്നെ വ്യഥിപ്പിച്ചുകൊണ്ടിരിക്കുന്ന പല തുച്ഛസംഗതികളും നിന്റെ മനോഭാവത്തെമാത്രം ആശ്രയി

ച്ചിരിക്കുന്നവയാകുന്നു. അവയെ ദൂരീകരിച്ച് ശാന്തത പ്രാപിക്കാൻ നിനക്കു കഴിയും. അങ്ങനെ നീ ശാന്തത പ്രാപിച്ചുകഴിഞ്ഞാൽ, പ്രപഞ്ചരഹസ്യത്തെ സമഗ്രമായി അവധാരണംചെയ്തും കാലത്തിന്റെ നിത്യതയെ ചിന്തിച്ചും ഓരോ വസ്തുവിനും സംഭവിക്കുന്ന ത്വരിതപരിവർത്തനത്തെയും ഉത്ഭവം മുതൽ വിലയംവരെയുള്ള കാലത്തിന്റെ ക്ഷണികതയേയും ഉത്ഭവത്തിനു മുമ്പും വിലയത്തിനു പിമ്പും കിടക്കുന്ന അനന്തകാലഘട്ടങ്ങൾ ഓരോന്നിന്റെ അപരിമേയതയേയും അഭിവീക്ഷിച്ചും ധ്യാനിച്ചും ഉത്തമ ജീവിതം നയിക്കാൻ നിനക്കു വേണ്ടുവോളം അവകാശം സിദ്ധിക്കാതിരിക്കുകയില്ല.

ഇക്കാണുന്ന സമസ്തവും ക്ഷണേന നശിക്കും; ഇവയുടെ നാശത്തെ വീക്ഷണം ചെയ്തുകൊണ്ടിരിക്കുന്നവരുടെ കഥയും അതുതന്നെ. അത്യന്തമായ വാർദ്ധക്യത്തെ പ്രാപിച്ചു മരിക്കുന്നവനും ബാല്യാവസ്ഥയിൽ മരിക്കുന്നവനും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല.

ഈ മനുഷ്യരുടെ മുഖ്യമായ മനോഭാവമെന്തെന്നു നോക്കുക. അവർ എന്തു കാര്യത്താൽ വ്യഗ്രരായിരിക്കുന്നു? അവരുടെ സ്നേഹബഹുമാനങ്ങൾക്ക് അടിസ്ഥാനഭൂതങ്ങളായ കാരണങ്ങൾ ഏവ? അവരുടെ ക്ഷുദ്രമായ അന്തഃകരണം നീ തുറന്നു കാണുന്നുവെന്നു വിചാരിക്കുക; അന്യർക്ക് അവരുടെ നിന്ദകൊണ്ടു ദോഷവും സ്തുതികൊണ്ടു ഗുണവും സംഭവിക്കുമെന്നാണ് അവർ വിചാരിക്കുന്നതെങ്കിൽ ആ വിചാരം എത്ര അർത്ഥശൂന്യമാണ്!

നാശമെന്നു പറയുന്നത് മാററത്തിൽ നിന്ന് ഭിന്നമായിട്ടുള്ളതല്ല. മാററം, അഥവാ പരിവർത്തനം, പ്രകൃതിക്ക് ഏററവും സന്തുഷ്ടിപ്രദമായ ഒരു പ്രക്രിയയാകുന്നു. അവളുടെ ഇച്ഛാനുസരണം സമസ്തവും അനാദികാലം മുതല്ക്കേ വ്യവസ്ഥാപിതമാണ്; അനന്തകാല

ത്തിലും ഇതേ മട്ടിൽത്തന്നെ തുടൎന്നു പോകുകയുംചെയ്യും. ഈ സ്ഥിതിക്കു് നീ എന്തു പറയുന്നു? സമസ്തവസ്തുക്കളിലും നാശബീജം സ്ഥിതി ചെയ്തിരുന്നു; ഇപ്പോഴും സ്ഥിതി ചെയ്യുന്നുണ്ടു്; ഇനിമേലും സ്ഥിതിചെയ്യും; ഇത്രയൊക്കെ ദേവന്മാരുണ്ടായിരുന്നിട്ടും ഈ അവസ്ഥയെപ്പരിഹരിക്കാൻ അവൎക്കാൎക്കും ശക്തിയില്ല; അതിനാൽ ലോകം അനന്തമായ ദുഃഖത്തിനു് എപ്പോഴും പാത്രമായിരിക്കണമെന്നാകുന്നു് വിധിമതം; ഈ അഭിപ്രായം ശരിയാണോ?

വസ്തുക്കളിൽ അടങ്ങിയിരിക്കുന്ന ദ്രവ്യങ്ങൾ എത്ര നശ്വരങ്ങളാണു്!—ജലം, പൊടി, അസ്ഥി, അഴുക്കു്—പിന്നെയും നോക്കുക. നാം കുളുൎമ്മക്കല്ലെന്നു പറഞ്ഞു് കൊണ്ടാടുന്നതു് എന്താണു്?—ഭൂമിയുടെ ഉപരിതലത്തിൽ ഉറഞ്ഞുകൂടുന്ന മാലിന്യം. സ്വൎണ്ണം, വെള്ളി ഇവയോ?—ജലപ്രവാഹം ഒഴുക്കിക്കൊണ്ടുവരുന്ന വണ്ടൽ. ചെഞ്ചായമോ?—ഒരുവക മത്സ്യത്തിൻെറ രക്തം. വസ്ത്രങ്ങളോ?—ലോമശകലങ്ങൾ. ഏതു വസ്തു പരിശോധിച്ചാലും അതിൽ അടങ്ങിയിട്ടുള്ള ദ്രവ്യത്തിൻെറ സ്വഭാവം ഇങ്ങനെതന്നെ കാണപ്പെടും. നാം ശ്വസിക്കുന്ന വായുവിനു തുല്യങ്ങളായ അമൂൎത്തവസ്തുക്കൾപോലും ഈ വിധം ഓരോന്നിൻെറ രൂപാന്തരങ്ങളാണെന്നു കാണാം.

അസന്തുഷ്ടിപ്രകടനങ്ങളും അനുകരണകോലാഹലങ്ങളും നിറഞ്ഞ ഈ ദുൎഭഗജീവിതം മതിയാക്കുക. ഒന്നുകൊണ്ടും അധീരനാകേണ്ട. ഇവിടെ വല്ലതുമൊരു പുതുമയുണ്ടോ? നീ എന്തിനു വിഷമിക്കുന്നു? നിനക്കു് വൈഷമ്യം തോന്നിക്കുന്നതു് കാരണമോ കാൎയ്യമോ? ആലോചിക്കുക. കാരണവും കാൎയ്യവുമല്ലാതെ ഈ പ്രപഞ്ചത്തിൽ മററു യാതൊന്നുമില്ല. സകല വിതൎക്കങ്ങളും വെടിഞ്ഞു് ഇനിയെങ്കിലും സരളസ്വഭാവനും സദ്വൃത്തനും ആയി ഈശ്വരാഭിമുഖനായി സഞ്ചരിക്കുക. ആറു

വഷമോ മൂന്നു വഷമോ എത്ര വഷം ജീവിച്ചിരുന്നു വീക്ഷിച്ചാലും പ്രപഞ്ചഗതിക്കു യാതൊരു വ്യത്യാസവും കാണുന്നതല്ല.

ഒരാറം തെററു ചെയ്താൽ അതിൻെറ ദോഷം അയാറംക്കുതന്നെ. ഒരുവേള അയാറം ചെയ്തതു തെററാണെന്നു് നിനക്കു തോന്നുന്നതു് നിൻെറ പ്രമാദംകൊണ്ടും ആയിരിക്കാം.

ഒന്നുകിൽ സകല വസ്തുക്കളും വിശ്വചൈതന്യമെന്ന ഏകമൂലകാരണത്തിൽനിന്നും ഉത്ഭവിച്ച് ശരീരാവയവങ്ങറംപോലെ സംഘടിക്കുന്നവയാകാം; പരമാത്ഥം ഇതാണെങ്കിൽ; സമഷ്ടിയുടെ ശ്രേയസ്സ് ഒരിക്കലും വ്യഷ്ടിക്കു ബാധകമായിത്തീരുന്നതല്ല. ഇനിയും വേറൊരു പ്രകാരം ആലോചിച്ചാൽ, ലോകത്തിൽ അണുക്കറംമാത്രമേയുള്ളുവെന്നും അവയുടെ സംയോഗവിയോഗസ്വരൂപമാണു് പ്രപഞ്ചമെന്നും വരാം. എന്നാലും നിനക്കു് വ്യാകുലതയ്ക്കവകാശമില്ല. നിനക്കു സ്വതഃസിദ്ധമായുള്ള സ്വാതന്ത്ര്യത്തെ നീ ശരിയായി വിനിയോഗിക്കണം; നിശ്ചേഷ്ടമോ ദൂഷിതമോ കാപട്യയുക്തമോ മൃഗീയമോ ഭോഗാസക്തമോ ആയിത്തീരാതെ മനസ്സിനെ നല്ലവണ്ണം നിയന്ത്രിക്കേണ്ടതും ആവശ്യമാകുന്നു.

ദേവന്മാർ ശക്തന്മാരോ അശക്തന്മാരോ ആയിരിക്കാം. അശക്തന്മാരാണെങ്കിൽ നാം അവരെ പ്രാത്ഥിച്ചിട്ടു കായ്യമില്ല; നേരേമറിച്ച് അശക്തരല്ലെങ്കിൽ, നിനക്കിപ്പോറം തോന്നുന്ന മാതിരി ഭയമോ കാംക്ഷയോ ദുഃഖമോ മേലാൽ ഉണ്ടാകാതിരിക്കാൻ ശക്തി ലഭിക്കുന്നതിനുവേണ്ടി പ്രാത്ഥിക്കുകതന്നെ വേണം. “എനിക്കു് ഈ ഭാഗ്യം വരണം; ഈ വിപത്തു വരരുതു്,” എന്നിങ്ങനെയല്ല പ്രാത്ഥിക്കേണ്ടതു്. ദേവന്മാക്കു് മനുഷ്യരുമായി സഹകരിക്കാൻ കഴിയുമെങ്കിൽ, ഭയദുഃഖാദികളിൽ നിന്നുള്ള മോചനവിഷയത്തിൽ സഹകരണമാണു്

പ്രതീക്ഷിക്കേണ്ടതു്. എന്നാൽ ഭയാദികൾ പരിഹരിക്കാൻ വേണ്ട ഉപകരണങ്ങൾ ദേവന്മാർ നിനക്കു നല്കീട്ടുണ്ടെന്നു് നീ ഒരുവേള പറയുമായിരിക്കാം. ശരി, അങ്ങനെയാണെങ്കിൽത്തന്നെയും നീ നിൻെറ സ്വാധീനതയിൽ ഉള്ളവയെ സ്വതന്ത്രമായി വിനിയോഗിക്കുകയല്ലേ വേണ്ടതു്? നീ കൈവശമില്ലാത്തതിനു വേണ്ടി ദാസമനോഭാവത്തോടുകൂടി കൊതിച്ചും കിഴിഞ്ഞും കഴിയുന്നതെന്തിനു്? നമുക്കു സ്വാതന്ത്ര്യമുള്ള കാൎയ്യങ്ങളിലൊന്നും ദേവന്മാർ നമ്മെത്തുണയ്ക്കുകയില്ലെന്നു് നിന്നോടു് ആരു പറഞ്ഞു? അതിനാൽ, ദേവപ്രാൎത്ഥന ഉടനേ തുടങ്ങിക്കൊള്ളുക; ഫലം തൽക്ഷണം കാണാറാകും. 'ജഗദീശ്വര! എനിക്കു് ഈ ആപത്തിൽ നിന്നു് മോചനം നല്കണമേ' എന്നായിരിക്കും ഒരുവൻെറ പ്രാൎത്ഥന. 'ആപന്മോചനത്തിനു പോലും ആഗ്രഹം തോന്നാതിരിക്കണമേ' എന്നുവേണം നീ പ്രാൎത്ഥിക്കാൻ. ഇനിയും 'എൻെറ കുഞ്ഞിനു് ആപത്തു പററരുതേ' എന്നൊരാൾ പ്രാൎത്ഥിച്ചേയ്ക്കും. എന്നാൽ നീ പ്രാൎത്ഥിക്കേണ്ടതു്, 'കുഞ്ഞിൻെറ ആപത്തിൽപ്പോലും ഭയം തോന്നാതിരിക്കണമേ' എന്നായിരിക്കണം. ചുരുക്കിപ്പറഞ്ഞാൽ, പ്രാൎത്ഥനയുടെ സമ്പ്രദായം ഈവിധം രൂപാന്തരപ്പെടുത്തുകയും എന്തുഫലമാണുണ്ടാകുന്നതെന്നു സൂക്ഷിച്ചറിയുകയുമാണു് ചെയ്യേണ്ടതു്.

എപ്പിക്യൂറസ് പറയുന്നു: ഞാൻ രോഗപീഡിതനായിക്കിടന്നപ്പോൾ ശാരീരികക്ലേശങ്ങളെ കുറിച്ചു് ചിന്തിക്കുകയോ, എന്നെക്കാണ്മാൻ വന്നവരോടു് തദ്വിഷയകമായി സംസാരിക്കുകയോ ഉണ്ടായിട്ടില്ല; മുമ്പു് എപ്പോഴത്തെയുംപോലെ ഞാൻ വസ്തുതത്വങ്ങളുടെ ചർച്ച തുടരുകതന്നെയാണു് ചെയ്തുകൊണ്ടിരിരുന്നതു്. ശാരീരികാനുഭവങ്ങളിൽ പങ്കുകൊണ്ടാലും മനസ്സിനെ സകലവിധക്ഷോഭങ്ങളിൽ നിന്നും നിവൎത്തിക്കുകയും സ്വാന്തം സുസ്ഥി

ത്തി പാലിക്കുകയും ചെയ്യാൻ എങ്ങനെ സാധിക്കുമെന്ന പ്രധാനപ്രശ്നത്തിൽത്തന്നെ ഞാൻ വ്യാപൃതനായിരുന്നു. എന്തോ വലിയ കാര്യം നിർവഹിക്കുന്നതായി ഭാവിക്കാനോ അർത്ഥഗർഭമായ നോട്ടംകൊണ്ടു് മുഖഗൗരവം പ്രദർശിപ്പിക്കാനോ എന്നെ ചികിത്സിച്ചിരുന്ന ഭിഷഗ്വരന്മാക്കു് ഞാൻ അവസരം നല്കിയിരുന്നില്ല. എൻെറ ദിനചര്യ അത്ര സുഖമായും സന്തുഷ്ടമായും ഞാൻ കഴിച്ചിരുന്നു. എപ്പിക്യൂറസിനെപ്പോലെ നീയും രോഗാവസ്ഥയിലും അരോഗാവസ്ഥയിലും ഒരേ മനഃസ്ഥിതിതന്നെ പാലിക്കണം. ഏതു സംഭവഗതിയിലും ഏതവസ്ഥാന്തരത്തിലും തത്വജ്ഞാനനിഷ്ഠ വിടാതെയും, അജ്ഞനോടോ പ്രകൃതിതത്വം ഗ്രഹിച്ചിട്ടില്ലാത്തവനോടോ അനുചിതഭാഷണത്തിൽ ഏർപ്പെടാതെയും വർത്തിക്കുകയെന്നതു് സകല ദർശനശാഖകളും നിഷ്കർഷിക്കുന്ന ഒരു പ്രധാനോപദേശമാകുന്നു. അപ്പോഴപ്പോൾ ചെയ്വാനുള്ള കൃത്യങ്ങളിലും അതിനു വേണ്ട ഉപകരണങ്ങളിലുമാണു് നീ സദാ ശ്രദ്ധാലുവായിരിക്കേണ്ടതു്.

ഒരുവൻെറ നിർല്ലജ്ജമായ പെരുമാററത്തിൽ നീരസം തോന്നിയാൽ ഉടനേ നീ ഇപ്രകാരം ചിന്തിക്കണം: ഈ ലോകത്തിൽ നിർല്ലജ്ജരായ ജനങ്ങൾ ഉണ്ടാകാതിരിക്കുക സാധ്യമാണോ? അല്ലതന്നെ. അതിനാൽ, സാധ്യമല്ലാത്തതിനെക്കുറിച്ചു വിചാരിക്കേണ്ട. ലോകത്തിൽ അവശ്യം ഉണ്ടായിരിക്കുന്ന നിർല്ലജ്ജരിൽ ഒരുവൻതന്നെയാണു് ഈയാളും. ഓരോതരത്തിൽ ദുർന്നയം പ്രവർത്തിക്കുന്ന കള്ളൻ, കൃതഘ്നൻ മുതലായ എല്ലാത്തരക്കാരെ സംബന്ധിച്ചും നിൻെറ മനോഭാവം ഇതുതന്നെ ആയിരിക്കണം. ലോകത്തിൽ ഇത്തരക്കാർ ഇല്ലാതിരിക്കാൻ നിവൃത്തിയില്ലെന്ന വസ്തുത സ്മരിക്കുന്നപക്ഷം, നിനക്കു് അവരിൽ ഓരോരുത്തരോടും ദയാപൂർവം പെരുമാറുവാൻ പ്രയാസം തോന്നുകയില്ല. ഓരോവിധത്തിലുള്ള ദുർന്ന

യങ്ങളെ നേരിടുന്നതിന് പ്രകൃതി മനുഷ്യനു നല്കീട്ടുള്ള സൽഗുണങ്ങളെന്തെല്ലാമെന്ന് അവയുമായി ഏററമുട്ടുന്ന സന്ദർഭങ്ങളിലെല്ലാം ആലോചിക്കുന്നതും പ്രയോജനകരമാകുന്നു. കഠിനഹൃദയത്വത്തിനു പ്രതിവിധിയായി സൗമ്യശീലവും മററു ദുർഗ്ഗുണങ്ങൾക്ക് പരിഹാരമായി മററുതരത്തിലുള്ള സൽഗുണങ്ങളും നല്കി ആ ദേവി മനുഷ്യനെ അനുഗ്രഹിച്ചിട്ടുണ്ട്. ദുർമാർഗ്ഗചാരിയെ സദുപദേശങ്ങളാൽ സന്മാർഗ്ഗചാരിയാക്കുന്നതിന് നിനക്ക് ഏതവസ്ഥയിലും സാധിക്കും. തെററുചെയ്യുന്നവരെല്ലാം യഥാത്ഥമായ ലക്ഷ്യത്തിൽനിന്നും അകന്ന് ദുർമാഗ്ഗചാരികളായിത്തീരുന്നവരത്രേ. അന്യരായ വല്ലവരുടേയും മാഗ്ഗഭ്രംശത്താൽ നിനക്കെന്തെങ്കിലും ദോഷം പററീട്ടുണ്ടോ എന്നാലോചിച്ചാൽ, വാസ്തവത്തിൽ ഇല്ലെന്നുതന്നെപറയാം; നിന്റെ നിരസത്തിനു പാത്രമായിട്ടുള്ളവരിൽ ഒരുവൻപോലും അവന്റെ പ്രവൃത്തിയാൽ നിന്റെ മനസ്സിന് യാതൊരു ദൂഷ്യവും ജനിപ്പിച്ചിട്ടില്ല. നിനക്ക് തിന്മയും ദോഷവും ഉണ്ടായിട്ടുള്ളതു് നിന്റെ മനോഭാവത്തിൽനിന്നുമാത്രമാകുന്നു. കേവലം അശിക്ഷിതനായ ഒരുവൻ അവന്റെ മനോഭാവത്തിനുചിതമായ രീതിയിൽ പ്രവത്തിക്കുന്നതുകൊണ്ടു് ദോഷമെന്താണുള്ളതു്? അവൻ അങ്ങനെ പ്രവത്തിക്കുന്നതു് അത്ഭുതമാണോ? വാസ്തവം ആലോചിച്ചാൽ, അവനു് തെററു നിശ്ചയമായും പററുമെന്ന് പ്രതീക്ഷിക്കാത്ത നീയല്ലേ കുററക്കാരൻ? അവന്റെ പ്രവൃത്തി അപ്രകാരമേ ആയിരിക്കൂ എന്നാലോചിച്ചറിവാൻ നിനക്ക് ബുദ്ധിശക്തി ലഭിച്ചിരിക്കെ, നീ ആ സംഗതി വിസ്മരിക്കുകയും അവൻ തെററുചെയ്യുന്നതിൽ വിസ്മയിക്കുകയും ചെയ്യുന്നു. ഒരുവനെക്കുറിച്ച് അവൻ വിശ്വാസലംഘകനാണെന്നു് കുററം പറയാൻ തോന്നുമ്പോൾ, നീ ഒരാത്മപരിശോധന ചെയ്യുന്നതായാൽ, യഥാത്ഥത്തിൽ കുററക്കാരൻ നീ

തന്നെയാണെന്നു് നിനക്കു മനസ്സിലാകും. എങ്ങനെയെന്നാൽ, അവൻെറ സ്വഭാവം അപ്രകാരമായിരിക്കെ അവൻ ശരിയായി വിശ്വാസം പുലത്തുമെന്നു നിശ്ചയിച്ചു് നീ അവനിൽ വിശ്വസിച്ചില്ലേ? ഇതുപോലെ ഒരുവൻ നന്ദികെട്ടവനാണെന്നു് നീ പറയുമ്പോൾ, അവനു് നീ ഉപകാരം ചെയ്തതു് നിരുപാധികമായിട്ടായിരുന്നില്ലെന്നും എന്തോ ലാഭം ഇച്ഛിച്ചുകൊണ്ടായിരുന്നുവെന്നും തെളിയുമല്ലോ. ഒരാൾക്കു് ഒരുപകാരം ചെയ്താൽ, അയാൾക്കതു ചെയ്തു എന്ന ചാരിതാൎത്ഥ്യത്തിൽ കവിഞ്ഞു് നിനക്കു മറെറന്താണു വേണ്ടതു്? പ്രകൃത്യനുസരണം നിനക്കു പ്രതീക്ഷിക്കാവുന്നതു് ആ ചാരിതാൎത്ഥ്യം മാത്രമല്ലേ? മററുവല്ല പ്രതിഫലവും നീ ഇച്ഛിക്കുന്നതായാൽ, അതു് നിൻെറ ചെവിയും കണ്ണും കാലും മററിന്ദ്രിയങ്ങളും കേൾക്കുന്നതിനും കാണുന്നതിനും നടക്കുന്നതിനും മററു പ്രവൃത്തികൾ ചെയ്യുന്നതിനും പ്രതിഫലം ഇച്ഛിക്കുന്നതുപോലെയായിരിക്കും. ഓരോ അവയവവും ഉണ്ടായിട്ടുള്ളതു് ഓരോ പ്രത്യേകകൃത്യം നിർവഹിക്കാനായിട്ടാകയാൽ, അതതു കൃത്യനിൎവ്വഹണം തന്നെയാകുന്നു അതതിൻെറ സ്വഭാവം. ഇതുപോലെ മനുഷ്യനും പരോപകാരപ്രദമായ ഓരോ കൃത്യം അനുഷ്ഠിക്കാൻ പ്രകൃതിയാൽ നിയുക്തനായിരിക്കുന്നു. അവൻ സ്വപ്രകൃതിയനുസരിച്ചുള്ളവയോ, അഥവാ ലോകത്തിൻെറ യോഗക്ഷേമത്തിനുപയുക്തങ്ങളോ ആയ ആ വക കൃത്യങ്ങൾ നിൎവ്വഹിച്ചുകഴിയുമ്പോൾ പ്രകൃതിയെ അനുസരിച്ചു് സന്തുഷ്ടി നേടിയവനും ചരിതാൎത്ഥനുമായിത്തീരുന്നു.

# പത്താം അദ്ധ്യായം

അല്ലയോ ആത്മചൈതന്യമേ! നി നന്മയ്ക്കു് ആകരവും ലളിതവും ഏകകവും അനാച്ഛാദിതവും, നിന്നെ പൊതിഞ്ഞിരിക്കുന്ന ശരീരത്തെക്കാൾ വ്യക്തതരവും ആയി വർത്തിക്കുകയില്ലേ? സ്നേഹസമ്പൂർണ്ണവും സംതൃപ്തവുമായ ശാന്തിഭാവം നീ ആസ്വാദിക്കുകയില്ലേ? നീ സ്വഭാവേന സമ്പൂർണ്ണവും സുഖാനുഭവങ്ങളെ ഉദ്ദേശിച്ചു് ജഡമോ സചേതനമോ ആയ യാതൊന്നിനെയും പ്രത്യാശിക്കുകയോ, കാംക്ഷിക്കുകയോ, ആവശ്യപ്പെടുകയോ ചെയ്യാത്തുമായിരിക്കുകയില്ലേ? സുഖഭോഗങ്ങളെ ദീർഘിപ്പിക്കാൻ ആവശ്യകമായ ആയുസ്സും സ്ഥലവും സുഖപ്രദമായ ശീതോഷ്ണാവസ്ഥയും ഹൃദയൈക്യമുള്ളവരെന്നു വിചാരിക്കപ്പെടുന്ന ജനങ്ങളുടെ സാഹചര്യവും നീ കാംക്ഷിക്കാതിരിക്കുകയില്ലേ? നിന്റെ താൽക്കാലികസ്ഥിതിയും പരിസരങ്ങളും നിന്നെ സംതൃപ്തനാക്കുകയില്ലേ? ആവശ്യകമായിട്ടുള്ളതെല്ലാം നിനക്കുണ്ടെന്നും അവ ദേവന്മാരിൽ നിന്നു ലഭിക്കുന്നവയും നിന്റെ നന്മയ്ക്കുതകുന്നവയുമാണെന്നും ദേവന്മാർ സന്തോഷിച്ചു നല്കുന്നതൊന്നും ശ്രേയസ്കരമായിട്ടല്ലാതെ ഭവിക്കുകയില്ലെന്നും നീ ഗ്രഹിക്കുകയില്ലേ? സമസ്തവസ്തുക്കളും ജീവരാശികളും ജനിക്കുന്നതും പുലരുന്നതും വീണ്ടും സമാനരൂപങ്ങളായ വസ്തുക്കളും ജീവികളുമായി ജനിക്കാൻവേണ്ടി വിലയിച്ചു് ഘടകദ്രവ്യങ്ങളായി വേർപിരിയുന്നതും നന്മ, നീതി, സൗന്ദര്യം ഇവയുടെ മൂർത്തഭാവമായ യാതൊരു പരിപൂർണ്ണചൈതന്യത്തിന്റെ പ്രഭാവത്താലാണോ, ആ ചൈതന്യത്തെ പുലർത്തുവാൻ ദേവന്മാർ തന്നെ സാഹായ്യം നല്കിക്കൊണ്ടിരിക്കുന്ന വസ്തുത നീ ഗ്രഹിക്കുന്നില്ലേ? ദേവന്മാരും മനുഷ്യരുമായി ഏകയോഗക്ഷേമ

ത്തിൽ കഴിയുന്നതിനും അവരെപ്പററി പഴി പറയുകയോ അവരാൽ പഴിക്കപ്പെട്ടകയോ ചെയ്യാതെ വർത്തിക്കുന്നതിനും നിനക്കു് സാധിക്കുകയില്ലേ?

പ്രകൃതിയാൽ മാത്രം ഭരിക്കപ്പെടുന്നവനെന്ന നിലയിൽ നിൻെറ പ്രകൃതി നിന്നിൽനിന്നും പ്രതീക്ഷിക്കുന്നതു് എന്തെല്ലാമാണെന്നു് നീ നിരീക്ഷിക്കണം. എന്നുമാത്രമല്ല, ഒരു ജന്തുവെന്ന നിലയിൽ നിൻെറ പ്രകൃതിക്കു വിരുദ്ധമോ ഹാനികരമോ ആകാത്തവിധം നീ അവയെല്ലാം അനുസരിച്ചു പ്രവർത്തിക്കുകയും കൈവരുന്ന ഫലങ്ങളെ സ്വീകരിച്ചു തൃപ്തിപ്പെടുകയും വേണം. അതിനും പുറമേ നിൻെറ ജന്തുപ്രകൃതി നിന്നിൽനിന്നും പ്രത്യാശിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കി അവയേയും മനുഷ്യപ്രകൃതിക്കു ബാധകമാകാത്തവണ്ണം നീ നിറവേററേണ്ടതാകുന്നു. മനുഷ്യർ എല്ലാം ലോകശ്രേയസ്സിനുവേണ്ടി പ്രവർത്തിക്കേണ്ട സാമുദായികജീവികളാണല്ലോ. നീ ഈ തത്വങ്ങളെല്ലാമനുസരിച്ചു ജീവിക്കണം; മററൊന്നും ആലോചിച്ചു് മനസ്സു പുണ്ണാക്കീട്ടു പ്രയോജനമില്ല.

ലോകത്തിൽ സംഭവിക്കുന്നതോരോന്നും ഒന്നുകിൽ നിനക്കു സഹിക്കാവുന്നതു്, അല്ലെങ്കിൽ സഹിക്കാൻ കഴിയാത്തതു്, ഇങ്ങനെ രണ്ടു പ്രകാരത്തിൽ മാത്രമേ ആയിരിക്കുകയുള്ളൂ. നിനക്ക് സഹിക്കാവുന്ന സംഭവത്തെക്കുറിച്ചു് നീ പരാതി പറയരുതു്; അതു സഹിക്കാൻ പ്രകൃതി നിനക്കു കരുത്തു നല്കീട്ടുള്ളതിനാൽ, നീ അതു സഹിക്കുകതന്നെ വേണം. ഇനിയും, നിനക്കു സഹിക്കാൻ കഴിയാത്ത സംഭവങ്ങളാണുണ്ടാവുന്നതെങ്കിൽ, അപ്പോഴും നീ പരാതിപറയണമെന്നില്ല; നിന്നെ നശിപ്പിച്ചിട്ടു് അവയും നശിച്ചുകൊള്ളും. വാസ്തവത്തിൽ സകലതും സഹിക്കാൻ ശക്തനായിട്ടാണു് പ്രകൃതി നിന്നെ സൃഷ്ടിച്ചിട്ടുള്ളതെന്നു നീ എപ്പോഴും ഓക്കണം. ഇതു സഹ്യം, ഇതു് അസഹ്യം, എന്നിങ്ങനെ നിനക്കുള്ള വിവേചനാപരമായ മനോഭാവം

നിനക്കു പ്രകൃതി നല്കുന്നതല്ല, നീ തന്നെ ഉണ്ടാക്കുന്നതാണു്. ഇതിൽ എനിക്കു താൽപര്യം ഉണ്ടു്, ഇതെന്റെ കർത്തവ്യമാണു്, എന്നിപ്രകാരം നിനക്കു തോന്നുന്നതു് നിന്റെ മനോഭാവത്തിന്റെ ഫലമായിട്ടുമാത്രമാകുന്നു.

ഒരാൾക്കു വല്ലതും തെററുപററിപ്പോയാൽ, നീ സ്വയം ആ തെററു് അയാൾക്കു ചൂണ്ടിക്കാണിച്ചുകൊടുക്കുകയും സദുപദേശത്താൽ അയാളെ നന്നാക്കുവാൻ ശ്രമിക്കുകയും വേണം. അതിനു നിനക്കു കഴിയാതെ വന്നാൽ, നീ നിന്നെത്തന്നെയാണു് കുററപ്പെടുത്തേണ്ടതു്; ഗാഢമായി ആലോചിച്ചാൽ, നിന്നെത്തന്നെയും ഇക്കാര്യത്തിൽ കുററപ്പെടുത്തേണ്ട ആവശ്യമില്ലെന്നു മനസ്സിലാക്കാം.

നിനക്കു കൈവരുന്ന സകല അനുഭവങ്ങളും അനാദികാലം മുതല്ക്കേ നിനക്കായി സജ്ജീകൃതങ്ങളത്രേ. വിശപഗതിയെ രൂപവൽക്കരിക്കുന്ന അനന്തകാലവ്യാപ്തമായ കാരണപരമ്പരയാണല്ലോ നിന്നെ ഉൽപാദിപ്പിച്ചിട്ടുള്ളതു്. നിനക്കു് ഉണ്ടാകുന്ന അനുഭവങ്ങളെ ജനിപ്പിക്കുന്നതും ആ കാരണപരമ്പര തന്നെ.

പ്രപഞ്ചം എന്നതു് അണുരാശികളാൽ സംഘടിതമായതായാലും ശരി, പ്രകൃതിവിലാസത്തിന്റെ ഫലമായാലും ശരി, പ്രകൃതിയാൽ ഭരിക്കപ്പെട്ടുപോരുന്ന സമഷ്ടിയുടെ ഒരംശമാണു ഞാനെന്നും എന്നെപ്പോലെയുള്ള ഇതരാംശങ്ങളുമായി എനിക്കു ഒരു വിധത്തിൽ സന്നികൃഷ്ടസംബന്ധമാണുള്ളതെന്നും നിശ്ചയമാകുന്നു. ഈ തത്വം സ്മരിക്കുന്നതായാൽ വ്യഷ്ടിയായ എനിക്കു് സമഷ്ടിയിൽ നിന്നു ലഭിക്കുന്ന വീതത്തിൽ എപ്പോഴും സംതൃപ്തിയും സന്തുഷ്ടിയുമേ തോന്നുകയുള്ളു. സമഷ്ടിക്കു ഗുണകരമായതൊന്നും തന്നെ വ്യഷ്ടിക്കു ദോഷകരമായിത്തീരുന്നതല്ല; വ്യഷ്ടിക്കു ഗുണകരമല്ലാത്തതു സമഷ്ടിയിൽ ഉൾപ്പെടുകയും ഉണ്ടായിട്ടില്ല. ഈ തത്വം എല്ലാ പ്രകൃതികൾക്കും സാമാന്യമായിട്ടുള്ളതാകുന്നു. എന്നാൽ വിശപ

പ്രകൃതിക്കു് വിശേഷാൽ വേറൊരു തത്വം കൂടിയുണ്ടു്. ബാഹ്യകാരണങ്ങളാൽ വിശ്വപ്രകൃതിയെക്കൊണ്ടു് അതിന്നു ദോഷകരമായ എന്തെങ്കിലും ഉൽപ്പാദിപ്പിക്കാൻ സാധിക്കുകയില്ലെന്നുള്ളതാണതു്. ഇപ്രകാരമെല്ലാമുള്ള ഒരു സമഷ്ടിയുടെ അംശമാണു ഞാൻ എന്ന വാസ്തവം ഓക്കുന്നതിനാൽ, എനിക്കു സംഭവിക്കുന്ന യാതൊന്നുകൊണ്ടും ഞാൻ അസംതൃപ്തനായിത്തീരുന്നില്ല. എന്നെപ്പോലെയുള്ള ഇതരാംശങ്ങളുമായി ഞാൻ ഉററ ബന്ധത്തിൽ വത്തിക്കുന്നതിനാൽ ഞാൻ പൊതുക്ഷേമത്തിന്നു പ്രതികൂലമായി യാതൊന്നും ചെയ്കയില്ലെന്നു മാത്രമല്ല, എൻെറ വർഗ്ഗക്കാരുമായി സൗജന്യപുരസ്സരം വത്തിക്കുകയും പൊതുവായ ശ്രേയസ്സിന്നു വേണ്ടി പരിശ്രമിക്കുകയും ഒരു കാരണവശാലും വിപരീതം പ്രവത്തിച്ചുപോകാതെ സൂക്ഷിച്ചിരിക്കുകയും ചെയ്യും. ഇപ്രകാരം ശ്രദ്ധാലുവായി പ്രവത്തിക്കുന്ന ഒരാളുടെ ജീവിതം സസുഖം കഴിഞ്ഞുകൂടും. സഹപൗരന്മാരുടെ ക്ഷേമാഭിവൃദ്ധിയെ ലക്ഷ്യമാക്കി സർവദാ പ്രവത്തിക്കുകയും തത്സംബന്ധമായി, രാഷ്ട്രം തന്നിൽ ചുമത്തുന്ന കൃത്യഭാരം സംതൃപ്തിയോടു കൂടി വഹിക്കുകയും ചെയ്യുന്ന ഒരു പൗരൻെറ ജീവിതം എത്ര സുഖസമ്പൂണ്ണമായിരിക്കുമെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ.

പ്രപഞ്ചം എന്ന ശബ്ദത്താൽ കുറിക്കപ്പെടുന്ന എല്ലാ വസ്തുക്കളും അടങ്ങുന്നതത്രേ സമഷ്ടി. സമഷ്ടിയുടെ അംശങ്ങൾ അവശ്യനശ്വരങ്ങളാകുന്നു. നശ്വരങ്ങളെന്നു പറഞ്ഞതു് പരിവത്തനവിധേയങ്ങൾ എന്ന അത്ഥത്തിൽ മാത്രമാണു്. ഈ നശ്വരത്വമാകട്ടെ, ഒന്നുപോലെ ദോഷകരവും ആവശ്യകവുമായ ഒരു സ്വഭാവവിശേഷമാണെങ്കിൽ സമഷ്ടിക്കു് സുസ്ഥിതിയിൽ വത്തിക്കാൻ കഴിവുണ്ടാകുകയില്ല; എന്തുകൊണ്ടെന്നാൽ അതിൻെറ അംശങ്ങൾ നിരന്തരം രൂപാന്തരപ്പെട്ടു പല

പ്രകാരത്തിൽ നശിക്കുകയാണല്ലോ ചെയ്യുന്നതു്. ഇതിൽ രണ്ടു സംശയങ്ങൾ ഉദിക്കുന്നു—ഒന്നുകിൽ പ്രകൃതി, തന്റെ അംശങ്ങൾക്കു നാശമുണ്ടാകണമെന്ന സങ്കല്പത്തോടുകൂടി അവയെ അപ്രകാരമാക്കിത്തീക്കുകയും അവയ്ക്കു് നാശത്തിൽനിന്നും രക്ഷനേടുവാൻ വേണ്ടശക്തിപോലും നല്കാതിരിക്കുകയും ചെയ്യുന്നു; അല്ലെങ്കിൽ, ഈ വിനാശപരിപാടി പ്രകൃതിയുടെ അറിവു കൂടാതെ സംഭവിക്കുന്നു. ഈ പക്ഷാന്തരങ്ങൾ രണ്ടും അസ്വീകാര്യങ്ങളാണു്. പ്രകൃതി കൈകാൎയ്യകർത്തൃത്വമുള്ള ഒരു ശക്തിയല്ലെന്നും വിശ്വസംഭവങ്ങൾ സ്വാഭാവികങ്ങളാണെന്നും നാം കരുതുന്നുവെന്നിരിക്കട്ടെ. സമഷ്ടിയുടെ അംശങ്ങൾ മാററത്തെ പ്രാപിച്ചു നശിക്കുന്നതു് സ്വാഭാവികമായ ഒരു സംഭവമാണെന്നു പറയുന്നതോടുകൂടിത്തന്നെ, അതു പ്രകൃതിവിരുദ്ധമാണെന്നുള്ള അൎത്ഥത്തിൽ നാം വിസ്മയിക്കുകയും അസഹ്യത പ്രകടിപ്പിക്കുകയും ചെയ്യും. ഇതു കേവലം യുക്തിശൂന്യമല്ലേ? വസ്തുക്കൾ നശിക്കുന്നുവെന്നു പറഞ്ഞാൽ അവ അവയുടെ ഘടകസാധനങ്ങളായിപ്പിരിയുന്നുവെന്നാണല്ലോ അൎത്ഥം. നാം പ്രപഞ്ചത്തിൽ കാണുന്നതെന്താണു്? ഓരോ സങ്കരപദാൎത്ഥവും അതിന്റെ ഘടകങ്ങളായ ഭൂതദ്രവ്യങ്ങളായിപ്പിരിയുന്നു; അഥവാ, ഘനപദാൎത്ഥം ജലരൂപമായും, ജലം വായുരൂപമായും, വായു ആകാശരൂപമായും മാറുകയും വിശ്വമൂലചൈതന്യത്തിൽ വീണ്ടും എത്തിച്ചേൎന്നു് വിലയിക്കയും ചെയ്യുന്നു. ഇങ്ങനെ മൂലചൈതന്യത്തെ പ്രാപിക്കുന്നവ യുഗയുഗാന്തരക്രമത്തിൽ വിശ്വാഗ്നിയിൽപ്പെട്ടു ദഹിക്കുകയോ, നിരന്തരങ്ങളായ മാററങ്ങളാൽ നവീകൃതങ്ങളായിത്തീരുകയോ ചെയ്യും. ഘനരൂപത്തിലോ ജലരൂപത്തിലോ നിന്നിൽ സ്ഥിതിചെയ്യുന്ന അംശങ്ങളൊന്നുംതന്നെ ജനനകാലത്തു് നിന്നിൽ ഉണ്ടായിരുന്നവയാണെന്നു വിചാരിക്കരുതു്. അവയെല്ലാം നാം

കഴിക്കുന്ന ആഹാരവും ശ്വസിക്കുന്ന വായുവും അല്പാല്പമായി ഉറഞ്ഞുറഞ്ഞു് ഇപ്പോൾ കാണപ്പെടുന്ന ഈ പ്രകടരൂപത്തിൽ ഇന്നലെയോ അതിനു തലേദിവസമോ കരുപ്പിടിച്ചിട്ടുള്ളവയാണ്. അതിനാൽ, ഈവിധം ഉറഞ്ഞു് കാലാന്തരത്തിൽ കരുപ്പിടിച്ചിട്ടുള്ള വസ്തുവല്ലാതെ, അമ്മയുടെ ഗർഭത്തിലുണ്ടായിരുന്ന വസ്തുവല്ല വീണ്ടും പരിവൎത്തിക്കുന്നതും നാശത്തെ പ്രാപിക്കുന്നതും. മാതൃഗർഭസ്ഥിതമായിരുന്ന വസ്തു പരിവൎത്തനധൎമ്മവിശിഷ്ടമായ മേല്പറഞ്ഞ വസ്തുവിൽ അന്തർഭൂതമായിട്ടുതന്നെയാണല്ലോ സ്ഥിതിചെയ്യുന്നതെന്നു പറഞ്ഞാലും മുൻപു പ്രസ്താവിച്ചിട്ടുള്ള സംഗതികൾക്കു് യുക്തിഭംഗം ഉണ്ടാകുകയില്ല.

സദ്വൃത്തൻ, വിനീതൻ, സത്യസന്ധൻ, വിവേകി, സമചിത്തൻ, മഹാനുഭാവൻ എന്നീപ്പേരുകൾ സമ്പാദിച്ചിട്ടുള്ള നീ ആ പേരുകൾ കളയാതിരിക്കാൻ ജാഗരൂകനായിരിക്കണം. ഒരുവേള നിനക്കു് അവ നഷ്ടപ്പെടുന്നതായാൽ, അതിശീഘ്രം നീ അവയെ വീണ്ടും സമ്പാദിച്ചുകൊള്ളണം. ഏതുകാൎയ്യത്തിലും നന്മതിന്മകൾ തിരിച്ചറിവാൻ ശ്രമിക്കുന്നവനും നിസ്സാരമായി യാതൊന്നും വിഗണിച്ചുകളയാത്തവനുമാണ് വിവേകി. വിശ്വപ്രകൃതിയിൽ നിന്നു സിദ്ധമാകുന്ന സകലവിധമായ അനുഭവങ്ങളും പ്രശാന്തനായി സ്വീകരിക്കുക എന്ന സ്വഭാവം സമചിത്തതയാണു്. മഹാനുഭാവത്വമാകട്ടെ, ശരീരത്തിന്റെ സുഖദുഃഖബോധങ്ങൾക്കും തുച്ഛമായ യശോമോഹത്തിനും മരണഭയം മുതലായ വികാരങ്ങൾക്കും ഉപരിയായി വൎത്തിക്കാൻ കഴിവുണ്ടാക്കുന്ന മാനസികൗന്നത്യം തന്നെ. ഇപ്രകാരമുള്ള ഗുണങ്ങൾ നിനക്കുണ്ടെന്നുപറഞ്ഞു് ജനങ്ങൾ നിന്നെ കീൎത്തിക്കണമെന്നാഗ്രഹിക്കാതെ, ആ ഗുണങ്ങൾ സമ്പാദിക്കുന്ന വിഷയത്തിൽ ശ്രദ്ധാലുവായിരിക്കുന്നപക്ഷം, നിന്റെ വ്യക്തിത്വംതന്നെയും മാറിപ്പോകുമെന്നുമാത്രമല്ല, നീ ഉൽകൃഷ്ടതരമായ മറെറാരു

ജീവിതസരണിയിൽ പ്രവേശിക്കുകയും ചെയ്യും. ഇതുവരെക്കഴിഞ്ഞതുപോലുള്ള ജീവിതംതന്നെ മേലിലും തുടൎന്ന് വിവിധങ്ങളായ ക്ലേശങ്ങളാലും ബദ്ധപ്പാടുകളാലും വിദീൎണ്ണവും ദൂഷിതവുമായിത്തീരുകയെന്നതു്, ജീവിതത്തിൽ അത്യാസക്തിയോടുകൂടി വൎത്തിക്കുന്ന മന്ദബുദ്ധികളുടെ ലക്ഷണമാകുന്നു. വന്യമൃഗങ്ങളുമായിപ്പോരാടുന്ന മല്ലന്മാരുടെ സ്വഭാവം നോക്കുക. ഒരു ദിവസത്തെപ്പോരാട്ടത്തിൽ ആ ദുഷ്ടജന്തുക്കളുടെ പല്ലും നഖവുംകൊണ്ടു് ശരീരമാസകലം പിളൎന്നുപോയാലും, പിറേറന്നാളും അങ്ങനെ യുദ്ധം ചെയ്യുവാൻ ആയുസ്സു ശേഷിക്കണമെന്നായിരിക്കും അവരുടെ പ്രാൎത്ഥന; അന്നും അനുഭവം വ്യത്യസ്തമായിരിക്കുകയില്ലെന്നു് അവൎക്കു് അറിഞ്ഞുകൂടായ്കയില്ല. സൽഗുണസമ്പത്തു വൎദ്ധിപ്പിക്കുന്നതിൽത്തന്നെ നീ ബദ്ധശ്രദ്ധനായിരിക്കണം. ആ സമ്പത്തു് നിന്നെ ആനന്ദദ്വീപത്തിൽ ആനയിച്ചു സുഖിപ്പിക്കും. ഗുണസമ്പത്തിയുടെ മാൎഗ്ഗത്തിൽ നിന്നു് വ്യതിചലിച്ചുപോയാലും, നിരാശപ്പെടാതെ, നീ ധൈൎയ്യം അവലംബിച്ചു് വല്ല വിവിക്തസ്ഥാനത്തും എത്തിച്ചേൎന്നു് വീണ്ടും സൽഗുണസമ്പാദനത്തിനു ശ്രമിക്കണം. അഥവാ, കോപാദിവികാരങ്ങളാൽ അഭിഭൂതനാകാതെയും ലഘുവൃത്തിയായും വിനയം, സ്വാതന്ത്ര്യം ഇവയോടുകൂടിയും ജീവിതത്യാഗം ചെയ്യാൻ തോന്നുവെങ്കിൽ, അങ്ങനെ ചെയ്യുന്നതും നിന്ദ്യമല്ല. പ്രശംസനീയമായി ആ ഒരു കൃത്യമെങ്കിലും അനുഷ്ഠിക്കാൻ സാധിച്ചുവല്ലോ എന്ന ചാരിതാൎത്ഥ്യമേ അതുകൊണ്ടു നിനക്കുണ്ടാകുകയുമുള്ളു. സൽഗുണപരിപാലനത്തിൽ എപ്പോഴും സ്മരണ ഉണ്ടായിരിക്കാൻ വേണ്ടി നീ ദേവന്മാരെ ചിന്തിക്കണം. അവൎക്കു് പ്രശംസയിൽ മോഹമില്ലെന്നും മനുഷ്യരെല്ലാം അവരുടെ നിലയിൽ എത്തിച്ചേരണമെന്നാണു് അവരുടെ ആഗ്രഹമെന്നും നീ നിരന്തരം ഓൎക്കണം. വൃക്ഷം, ശ്വാവു്, തേനീച്ച മുതലായ

സൃഷ്ടിവിശേഷങ്ങളിൽ ഓരോന്നും അതതിന്റെ പ്രകൃതിക്കനുസൃതങ്ങളായ കൃത്യങ്ങൾ അനുഷ്ഠിക്കുന്നതുപോലെ മനുഷ്യനും പ്രവൎത്തിക്കണമെന്നതാണ് ദേവന്മാരുടെ ആഗ്രഹം.

നാടകാഭിനിവേശം, യുദ്ധാസക്തി, വിസ്മയം, നിദ്ര, ദാസ്യം ഇവയെല്ലാം ജീവിതത്തിൽ നീ പരിപാവനങ്ങളായിപ്പാലിച്ചുപോരുന്ന തത്വങ്ങളെ നിൎമ്മാൎജ്ജനം ചെയ്തുകളയുമെന്നു നിസ്സംശയം പറയാം. പ്രകൃതിയെ നിരീക്ഷണം ചെയ്യാതെ നീ എന്തെല്ലാം സങ്കല്പിക്കുന്നു, എന്തെല്ലാം ചെയ്യാതെ വിട്ടുകളയുന്നു! ശരിയായ നിരീക്ഷണത്താലും പ്രവൃത്തിയാലും ഏതവസ്ഥാവിശേഷത്തെയും നേരിടുവാൻ വേണ്ട ശക്തി നീ സമ്പുഷ്ടമാക്കണം; യഥാൎത്ഥമായ വസ്തുവിനെ—ജ്ഞാനത്തിൽനിന്നും ഉദിക്കുന്ന ആത്മപ്രത്യയത്തെ—തുറന്നു പ്രകാശിപ്പിക്കാതെയും എന്നാൽ തീരെ മറച്ചുവയ്ക്കാതെയും നീ സംരക്ഷിക്കണം. ഇതൊക്കെ നിന്റെ കടമയാകുന്നു. ഗൗരവം വിടാതുള്ള ലളിതജീവിതം നിനക്ക് എന്നനുഭവിക്കാൻ സാധിക്കും? ഓരോന്നിനെക്കുറിച്ചും, അതു് എന്തു വസ്തുവാണ്? അതിന് വിശ്വത്തിലുള്ള സ്ഥാനമെന്തു്? അതു് എത്രകാലം നിലനില്ക്കാൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ്? അതിന്റെ ഘടകസാധനങ്ങൾ ഏവ? അതു് ആൎക്കുള്ളതാണ്? അതു കൊടുക്കാനും തിരിയെ എടുക്കാനും ആൎക്കു കഴിയും? എന്നിങ്ങനെ വിവേചനം ചെയ്യാനും ആനന്ദിക്കുവാനും നിനക്കെന്നു കഴിവുണ്ടാകും?

ചിലന്തിക്ക് ഒരു ഈച്ചയെപ്പിടികിട്ടിയാൽ വലുതായ അഭിമാനം തോന്നും. പാവപ്പെട്ട മുയലിനെപ്പിടിക്കുന്ന വേടന്റെയും മത്സ്യത്തെപ്പിടിക്കുന്ന കൈവൎത്തകന്റെയും കാട്ടുപന്നി, കരടി മുതലായ ഹിംസ്രമൃഗങ്ങളെ വെടിവച്ചു വീഴ്ത്തുന്ന വേട്ടക്കാരന്റെയും ശത്രുരാജപ്രജ

കളെ യുദ്ധത്തിൽ തടവുകാരാക്കുന്ന നൃപന്മാരുടെയും ഭാവം ഇതുതന്നെ. ഇവരെല്ലാം വാസ്തവത്തിൽ ഒരുതരം കൊള്ളക്കാരല്ലേ? ഇവരുടെ ജീവിതതത്വങ്ങൾ സൂക്ഷ്മമായി പ്പരിശോധിച്ചുനോക്കുക.

സകല വസ്തുക്കൾക്കും നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്ന മാററത്തിൻെറ സൂക്ഷ്മസ്വരൂപം ഗ്രഹിക്കാൻ ഗാഢമായ മനനം അഭ്യസിക്കണം; തത്വജ്ഞാനപരമായ ഈ ചർച്ചയിൽ എപ്പോഴും മനസ്സിനെ വ്യാപരിപ്പിക്കണം. വിശാലഹൃദയത്വം കൈവരുത്താൻ ഇതിനെക്കാൾ പററിയ മാർഗ്ഗം മറെറാന്നില്ല. ഈ വ്യാപാരത്താൽ ദേഹചിന്ത അകലുന്നു; ഇതിൽ ഏർപ്പെട്ടിരിക്കുന്ന മനുഷ്യൻ സർവസ്വവും ഉപേക്ഷിച്ച് ഏതു നിമിഷത്തിലും മനുഷ്യലോകം വിട്ടുപോകേണ്ടിവരുമെന്ന വിശ്വാസത്താൽ തൻെറ സകല പ്രവൃത്തികളിലും ന്യായബുദ്ധിക്ക് സമ്പൂർണ്ണമായി വിധേയനാകുകയും സർവാനുഭവങ്ങളും വിശ്വപ്രകൃതി വരുത്തുന്നതാണെന്നറിഞ്ഞു് ആ പ്രകൃതിക്കു കീഴടങ്ങി ശാന്തിഭരിതനായിരിക്കുകയും ചെയ്യും. ഇപ്രകാരം ന്യായനിഷ്ഠനും നിയതിഭക്തനുമായ ആൾ, തന്നെക്കുറിച്ച് അന്യർ പറയുന്നതോ വിചാരിക്കുന്നതോ എന്തായിരിക്കാമെന്നു് ചിന്തിക്കുകപോലും ചെയ്യുകയില്ല; മനശ്ചാഞ്ചല്യകരങ്ങളും ക്ലേശാവഹങ്ങളുമായ സകല സംരംഭങ്ങളിൽനിന്നും വിരമിച്ചിട്ട് അയാൾ ഈശ്വരലാഭത്തെ ഉദ്ദേശിച്ചു നിർദ്ദിഷ്ടമായ ഋജുമാർഗ്ഗത്തിൽ ക്കൂടി പുരോഗതി പ്രാപിച്ചുകൊണ്ടേ ഇരിക്കുന്നു.

കർത്തവ്യകർമ്മം ഇന്നതെന്നു നിർണ്ണയിക്കാൻ നിനക്കു തന്നെ പരിപൂർണ്ണമായ കഴിവും സ്വാതന്ത്ര്യവും ഉണ്ടായിരിക്കെ, ഭയാശങ്കകൾ എന്തിനു ഭാവിക്കുന്നു? നല്ല വണ്ണം കാണാമെന്നുള്ളപ്പോൾ, തിരിഞ്ഞും പിരിഞ്ഞും നോക്കാതെ നീ സന്തുഷ്ടനായി നേർവഴിക്കു തന്നെ പോകണം. ശരിക്കു തനിയേ കാണ്മാൻ കഴിവില്ലാതെ

വരുന്നപക്ഷം നില്ക്കുന്നിടത്തു നിന്നു് ഉത്തമന്മാരുടെ ഉപദേശം നേടുകയും വീണ്ടും പ്രയാണം തുടരുകയുമാണു് വേണ്ടതു്. എന്നാൽ, പ്രതിബന്ധം വല്ലതും നേരിടുന്നെങ്കിൽ ന്യായബോധം വിടാതെ സ്വന്തം ബുദ്ധിശക്തിയെ അവലംബിച്ചുകൊണ്ടു് അവധാനപൂർവ്വം നടന്നുകൊള്ളണം. ഉദ്ദിഷ്ടസാദ്ധ്യമാണല്ലോ പ്രധാനകാര്യം. അതിലേയ്ക്കു ശ്രമം ചെയ്തു പരാജയപ്പെട്ടാലും ഖേദിക്കരുതു്; ശ്രമിക്കാതിരുന്നിട്ടല്ലല്ലോ പരാജയപ്പെട്ടതെന്നു ചിന്തിച്ചു് സമാശ്വസിക്കണം. വിവേകബുദ്ധിയെ ആശ്രയിച്ചു തന്നെ സകല കാര്യങ്ങളും നടത്തുന്നവനു് മനഃശാന്തിയും ഉത്സാഹവും ഉണ്ടായിരിക്കുമെന്നുമാത്രമല്ല, സന്തുഷ്ടിയും ധൈര്യവും തോന്നുകയുംചെയ്യും.

മറെറാരുവൻ ന്യായമായിട്ടോ യുക്തമായിട്ടോ പ്രവൎത്തിക്കുകയോ പ്രവൎത്തിക്കാതിരിക്കുകയോ ചെയ്യുന്നതുകൊണ്ടു് നിനക്കെന്തൊന്നുള്ളതെന്നു് ദിവസേന ഉണൎന്നെഴുന്നേല്ക്കുമ്പോഴം നീ ആലോചിക്കണം; ഒന്നുമില്ലെന്നുതന്നെ എളുപ്പം മനസ്സിലാകും. അന്യരെ സ്തുതിക്കുകയും അതുപോലെ നിന്ദിക്കുകയുംചെയ്തു് അഹംകരിക്കുന്ന പ്രകൃതക്കാർ ഊണിലും ഉറക്കത്തിലും അതേ പ്രകൃതക്കാർതന്നെ. അവർ പ്രവൎത്തിക്കുന്നതും വർജ്ജിക്കുന്നതും ആരായുന്നതും അപഹരിക്കുന്നതും എന്തൊക്കെയാണെന്നു് ഗ്രഹിക്കാൻ നീ അമാന്തിക്കരുതു്. അവർ അപഹരണം നടത്തുന്നതു് കരചരണം കൊണ്ടല്ല; പിന്നെയോ, വിശ്വാസ്യത് വിനയം സത്യം നീതി ആനന്ദം മുതലായ ഉൽകൃഷ്ടവൃത്തികളെ ഉൽപ്പാദിപ്പിക്കാൻ പ്രയോജനപ്പെടുത്താവുന്നതും ഏററവും അമൂല്യവുമായ അന്തഃകരണം കൊണ്ടാകുന്നു.

സമസ്തവും നമുക്കു നല്കുന്നതിനും സമസ്തവും നമ്മിൽനിന്നും അപഹരിക്കുന്നതിനും ശക്തയായ പ്രകൃതീശ്വരിയോടു സുശിക്ഷിതനും വിനയസമ്പന്നനുമായ മനു

ഷ്യൻ പറയുന്നതു്, "ദേവി! അവിടുത്തേയ്ക്കു ബോധിച്ചതു തരിക; ബോധിച്ചതു് എടുത്തുകൊള്ളുകയും ചെയ്യുക" എന്നായിരിക്കും. ഇങ്ങനെ പറയുന്നതു് അഹങ്കാരിയായിട്ടല്ല, വിനീതനും സന്തുഷ്ടനുമായിട്ടാകുന്നു.

നിനക്കു സിദ്ധിച്ചിട്ടുള്ള ജീവിതം എത്രയോ നിസ്സാരവും ക്ഷണസ്ഥായിയും ആകുന്നു. നീ ജീവിക്കുന്നതു് ഈ കൊട്ടാരത്തിലല്ല, ഒരു പർവ്വതാഗ്രത്തിലാണെന്നു വിചാരിക്കുക. ഇവിടെപ്പാർക്കുന്നതും അവിടെപ്പാർക്കുന്നതും ഒരുപോലെതന്നെ; എന്നല്ല, ലോകത്തിൽ എവിടെയായാലും വിശ്വനഗരത്തിലെ പൗരൻ എന്ന നിലയിലല്ലാതെ ആർക്കും ജീവിക്കുവാൻ സാധിക്കുകയുമില്ല. നീ പ്രകൃതിക്കനുകൂലമായി ജീവിക്കുക; അങ്ങനെ ജീവിക്കുന്ന ഒരാളെ മനുഷ്യലോകം കാണട്ടെ, മനസ്സിലാക്കട്ടെ. അയാളെ കണ്ടുകൊണ്ടിരിക്കാൻ കഴിയുകയില്ലെങ്കിൽ, ജനങ്ങൾ അയാളെ കൊന്നു കളയട്ടെ!—എന്നാലും അവരുടെ തോതനുസരിച്ചു് ജീവിതാദർശത്തിനു് അപകർഷം വരുത്താൻ പാടില്ല.

സദ്വൃത്തനായ ഒരാൾ ഇന്നവിധത്തിലെല്ലാം വർത്തിക്കണമെന്നു നിർദ്ദേശിച്ചതുകൊണ്ടു പ്രയോജനമില്ല; സദ്വൃത്തനായി ജീവിക്കുകയാണു വേണ്ടതു്.

കാലം, വസ്തു ഇവ രണ്ടിന്റെയും സ്വരൂപം സമഗ്രമായി ധ്യാനിക്കുക. വിശ്വവസ്തുവുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ സകല വ്യഷ്ടികളും അശ്വത്ഥബീജംപോലെ സൂക്ഷ്മമാകുന്നു. കാലത്തിന്റെ അനന്തതയുമായി നോക്കുമ്പോൾ വ്യക്തിജീവിതം ഒരു സൂചി തിരിയുന്നതിനുവേണ്ട സമയം പോലെ ക്ഷണികമത്രേ.

ദൃശ്യമായ ഓരോന്നിനെയും പരിശോധിക്കുക. വിഘടിതമാകുകയും പരിവർത്തിക്കുകയും അഴുകിച്ചീയുകയും ദ്രവിക്കുകയും ലയിക്കുകയും മരിക്കുകയും ചെയ്യുകയാണു് ഓരോന്നിന്റെയും സ്വഭാവമെന്നു കാണാം.

ഭക്ഷണം, നിദ്ര, പ്രജോൽപാദനം, വിരേചനം മുതലായ ഓരോ കൃത്യങ്ങളിലൂടെയും മനുഷ്യസ്വഭാവത്തെ നിരീക്ഷണം ചെയ്യണം. അതുപോലെ അഹംകാര വിജൃംഭിതന്മാർ, അധികാരപ്രമത്തന്മാർ, കോപാവിഷ്ടന്മാർ, അധിക്ഷേപലോലുപന്മാർ എന്നിങ്ങനെ കുപ്രസിദ്ധരായ ഉന്നതപദാവലംബികളുടെ സ്വഭാവം നോക്കി മനസ്സിലാക്കണം. അവർ അല്പകാലം മുമ്പുവരെ എത്ര നിസ്സാരകാര്യങ്ങൾക്കായി ആൎക്കെല്ലാം അടിമകളായിട്ടിരുന്നുവെന്നും ഇനിയും കുറെക്കഴിയുമ്പോൾ ഏതവസ്ഥയിൽ ആയിത്തീരുമെന്നും ആലോചിക്കുക.

ഓരോന്നിനും അതതിന്റെ നന്മയ്ക്കായിട്ടാകുന്നു വിശ്വപ്രകൃതി ഓരോന്നു വരുത്തുന്നതു്. ആ നന്മ സമുചിതമായ കാലത്തിലാണു് വരികയും ചെയ്യുന്നതു്.

സ്നേഹം സർവ്വത്ര പ്രകടിതമായിരിക്കുന്നു. നോക്കുക—ഭൂമി, വൃഷ്ടിയാൽ ആർദ്രഭാവം കൈക്കൊള്ളുന്നു. വിശ്വവ്യാപ്തമായ ആകാശത്തിനും സ്നേഹമുണ്ടു്. തന്നിൽ ഉൽപാദിതമാകുന്ന ഓരോന്നിനോടും പ്രകൃതിക്കു വാത്സല്യമുണ്ടു്. ഈ സ്ഥിതിക്കു്, "നീ സ്നേഹിക്കുന്നതുപോലെ ഞാനും സ്നേഹിക്കുന്നുണ്ടു്" എന്നുതന്നെ ഞാൻ പ്രപഞ്ചത്തോടു പറയും. "സകലതും ജന്മഗ്രഹണത്തെ കാംക്ഷിക്കുന്നു" എന്നു പറയപ്പെടുന്നതിന്റെ അൎത്ഥം ഇതുതന്നെയല്ലേ?

ഒന്നുകിൽ നീ ഇവിടെ ജീവിച്ചു് ഇവിടത്തെ സ്ഥിതികളുമായിപ്പഴകിക്കഴിയുവാനിച്ഛിക്കുന്നു; അല്ലെങ്കിൽ നീ ഇവിടംവിട്ടുപോകണമെന്നാഗ്രഹിച്ചു് അതിലേയ്ക്കു വട്ടം കൂട്ടുന്നു; അതുമല്ലെങ്കിൽ നീ നിന്റെ കൃത്യങ്ങളെല്ലാം നിർവ്വഹിച്ചു മരിക്കാൻ കരുതുന്നു. ഇപ്രകാരമൊരു വിധത്തിലല്ലാതെ നിന്റെ മനഃസ്ഥിതി മറെറാരു തരത്തിലായിരിക്കാൻ നിവൃത്തിയില്ല. അതിനാൽ പ്രസന്നനായിരിക്കുക.

മററേതു ഭൂവിഭാഗത്തിനും തുല്യംതന്നെയാണ് ഈ സ്ഥലമെന്നും മനഃശാന്തിയെ സംബന്ധിച്ചിടത്തോളം പർവ്വതാഗ്രത്തിലും സമുദ്രതീരത്തിലും അന്യസ്ഥലത്തും ഉള്ള വസ്തുക്കളും ഇവിടെയുള്ളവയുംതമ്മിൽ വ്യത്യാസമൊന്നുമില്ലെന്നും നീ സ്പഷ്ടമായി മനസ്സിലാക്കണം. നഗരപ്രാകാരങ്ങൾക്ക്, വാസ്തവത്തിൽ വനപ്രദേശത്ത് ആട്ടിടയൻ കെട്ടിയുണ്ടാക്കുന്ന ആട്ടിൻകൂടിൻെറ ഭിത്തികൾക്കുള്ളതിൽ കവിഞ്ഞ പ്രാധാന്യമില്ലെന്ന് പ്ലേറോ പറഞ്ഞിട്ടുള്ളതു് എത്ര ശരിയാണെന്നാലോചിച്ചുനോക്കുക.

അന്തരാത്മാവുമായി എനിക്കിപ്പോൾ എന്താണു ബന്ധം ? അതിനെ ഞാനിപ്പോൾ ഏതുവിധത്തിലാക്കിത്തീർത്തിരിക്കുന്നു ? എന്തു കാൎയ്യത്തിനാണ് അതിപ്പോൾ വിനിയോഗിക്കപ്പെടുന്നതു് ? അതിനു ധാരണാശക്തിയില്ലേ ? അതു് സാമൂഹ്യജീവിതസാമഗ്രികളിൽനിന്നു് വിഘടിതവും വിച്ഛിന്നവുമാണോ ? തുച്ഛമായ ഈ ശരീരവുമായിച്ചേൎന്ന് പ്രവൎത്തിക്കത്തക്കവണ്ണം അതു ശരീരത്തോടു ദൃഢബദ്ധമാണോ ? ശരീരത്തിൻെറ വികാരങ്ങൾ അതിനെ ബാധിക്കുമോ ?

യജമാനനെവിട്ടു് ഒളിച്ചോടിപ്പോകുന്ന ഭൃത്യൻ അപരാധിതന്നെ. നിയതി, അഥവാ നിയമം, നമ്മുടെ യജമാനത്വം വഹിക്കുന്നതിനാൽ, നിയമലംഘകൻ കുററക്കാരനാകുന്നു. വ്യസനം, കോപം, ഭയം ഇവയ്ക്കു് അധീനനായ ഒരുവൻ സർവ്വനിയന്താവിൻെറ ഇച്ഛാനുസരണം സംഭവിച്ചതോ, സംഭവിച്ചുകൊണ്ടിരിക്കുന്നതോ, സംഭവിക്കുമെന്നുള്ളതോ ആയ സംഗതികളിൽ അസംതൃപ്തനായിരിക്കും. സൎവ്വനിയന്താവായ ഈശ്വരനാകട്ടെ നിയമമൂൎത്തിയായി ഓരോരുത്തൎക്കും യഥോചിതം അനുഭവങ്ങൾ വരുത്തുന്നു. അതിനാൽ വ്യസനിക്കുന്നവനും കോപിക്കുന്നവനും ഭയപ്പെടുന്നവനും അപരാധികളായിത്തീരുന്നു.

പുരുഷൻ ഗർഭാശയത്തിൽ ബീജാവാപം മാത്രം ചെയ്യുന്നു. അനന്തരം ആ ബീജത്തെ പോഷിപ്പിച്ചു് ശിശുവാക്കിത്തീക്കാൻ മറെറാരു ശക്തിയാണു്, ഏൎപ്പെട്ടത്തുന്നതു്. ചെറുതായ ആ ബീജത്തിന്റെ പരിണാമം എത്ര ആശ്ചയ്യകരം! ഇനിയും നോക്കുക. ശിശു കണ്ഠനാളംവഴി ആഹാരം കീഴ്പ്പോട്ടിറക്കുന്നു. ഉടനെ വേറൊരു ശക്തി ആ ആഹാരത്തെ കൈക്കൊണ്ടു് പ്രവൎത്തിക്കുകയും ശിശുവിൽ ചലനം, ഇന്ദ്രിയവ്യാപാരം, ബുദ്ധിശക്തി, ബലം മുതലായ അത്ഭുതധൎമ്മങ്ങളെ ഉളവാക്കുകയും ചെയ്യുന്നു. ഇപ്രകാരം അദൃശ്യമായ രീതിയിൽ എന്തെല്ലാം സംഭവിക്കുന്നു എന്നു് നോക്കുക. യന്ത്രപ്രവൎത്തനം പരിശോധിക്കുന്നതുപോലെ, മാംസചക്ഷുസ്സുകൊണ്ടല്ല ഇതു നോക്കേണ്ടതു്; അന്തരിന്ദ്രിയം കൊണ്ടായിരിക്കണം. എന്നാൽ, മാംസചക്ഷുസ്സുകൊണ്ടു നോക്കിയാലെന്നപോലെ സുസ്പഷ്ടമായിക്കാണുകയും ചെയ്യാം.

സകല വസ്തുക്കളും ഇപ്പോഴത്തെ രീതിയിൽത്തന്നെയാണു് മുമ്പുകഴിഞ്ഞിരുന്നതും മേലാൽ കഴിയാൻ പോകുന്നതുമെന്നു നീ സദാ ചിന്തിക്കണം. സ്വന്തം അനുഭവം വഴിക്കോ, പുരാതനചരിത്രംവഴിക്കോ നീ ഗ്രഹിച്ചിട്ടുള്ള സംഗതികളെല്ലാം പൂൎണ്ണനാടകരൂപത്തിലോ, പ്രത്യേക രംഗങ്ങളായിട്ടോ നിന്റെ കൺമുമ്പിൽ സങ്കല്പിക്കുക. ഹഡ്രിയാനസ്, അന്റോണിനസ്, ഫിലിപ്പസ്, അലക്സാണ്ഡർ, ക്രീസസ് മുതലായവരുടെ അരമനജീവിതത്തിലെ സംഭവങ്ങൾ ആ സങ്കല്പത്തിനു ചേററിയ ഇതിവൃത്തങ്ങളായിരിക്കും. പ്രസ്തുതസംഭവങ്ങൾ നാമിന്നു കാണുന്ന നാടകാഭിനയസമ്പ്രദായത്തിൽത്തന്നെ നടന്നിരുന്നവയാണു്; നടീനടന്മാർ മാത്രം ഇപ്പോൾ മാറിയിരിക്കുന്നു.

ഏതെങ്കിലും സംഭവം നിമിത്തം ദുഃഖിക്കുകയോ, അസംതൃപ്തി കാണിക്കുകയോ ചെയ്യുന്നവൻ, യാഗത്തിൽ

ബലികഴിക്കപ്പെടുമ്പോൾ നിലവിളിക്കുകയും ഉരുളുകയും പിടയ്ക്കുകയും തൊഴിക്കുകയും ചെയ്യുന്ന മൃഗത്തിനു തുല്യനാകുന്നു.

നമ്മെ വലയം ചെയ്തിട്ടുള്ള നിയതിശൃംഖലകളെക്കുറിച്ച് നിശ്ശബ്ദം ഖേദിച്ചുകൊണ്ടു് ശയ്യാവലംബിയായി കഴിയുന്ന രോഗാതുരനും യാഗമൃഗത്തിനു തുല്യൻതന്നെ. നിയതി വരുത്തുന്നതെല്ലാം മനസാ സ്വീകരിച്ച് അനുഭവിക്കാൻ യഥാർത്ഥമനുഷ്യനുമാത്രമേ കഴിയൂ. വിധിവിഹിതം അനുഭവിക്കുകയെന്ന കേവലകൃത്യം എല്ലാ ജീവികളും ചെയ്യുന്നതാണ്; അതിൽനിന്ന് ഒഴിഞ്ഞുമാറിക്കളവാൻ അവയ്ക്കു് സാദ്ധ്യമല്ല.

നീ എന്തെങ്കിലും ചെയ്വാനാരംഭിക്കുമ്പോളൊക്കെയും ഇപ്രകാരം ആലോചിക്കണം: മരണത്താൽ എനിക്കിതു ചെയ്വാൻ സാധിക്കാതെ വരുമെന്നു ഭയപ്പെട്ടിട്ടാണോ മരണം ഒരു ഭയങ്കരസംഭവമായിട്ടെനിക്കു തോന്നുന്നതു്?

അന്യന്റെ അപരാധത്തിൽ കുപിതനാകുമ്പോഴെല്ലാം അതുപോലെ വല്ല കുററവും നീ ചെയ്തിട്ടുണ്ടോ എന്നു് ആത്മപരിശോധനചെയ്യണം; ധനാസക്തി, സുഖഭോഗപ്രതിപത്തി, യശോമോഹം മുതലായ കുററങ്ങൾ നിനക്കും ഉണ്ടായിരിക്കാം. ഇങ്ങനെ ആത്മപരിശോധന ചെയ്യുന്നതിനിടയ്ക്കു്, കുററക്കാരൻ ആകൃത്യം ചെയ്യുന്നതു് അതിന് നിർബന്ധിതനായിട്ടാണെന്നുള്ള വിചാരവും നിന്റെ മനസ്സിൽ ഉണ്ടാകും. അപ്പോൾ നിൻെറ കോപം ക്ഷണേന ശമിക്കാതിരിക്കുകയില്ല. നിർബന്ധവശഗനു് മററുവല്ലതും ചെയ്വാൻ കഴിയുമോ? നിനക്കു നിവൃത്തിയുണ്ടെങ്കിൽ, അയാളുടെ മേൽ പ്രയുക്തമായിട്ടുള്ള നിർബ്ബന്ധത്തെ ദുർബലമാക്കിക്കൊടുക്കുക.

സാക്രട്ടീസ് മതാനുയായിയായ സാററിറനെക്കണ്ടാൽ യൂട്ടിക്കെസിനെക്കുറിച്ചോ, ഹൈമനെക്കുറിച്ചോ ചിന്തിക്കണം; യൂഫ്രട്ടീസിനെക്കണ്ടാൽ യൂട്ടിക്കിയനെയോ

സിൽവാനസിനെയോ കുറിച്ചാലോചിക്കണം; ആൽക്കിഫ്രനെക്കണ്ടാൽ ട്രോപ്പിഫോറസിനെക്കുറിച്ച് ഓക്കണം; ക്സെനോഫനെക്കണ്ടാൽ ക്രിറേറായെയോ, സെവറസിനെയോ സ്മരിക്കണം; നിന്നെത്തന്നെ കണ്ടാൽ, മറേറതെങ്കിലും ഒരു സീസറെക്കുറിച്ച് വിചാരിക്കണം. ഇങ്ങനെ ഓരോന്നു തുടൻ ചിന്തിക്കുക. അതിനുശേഷം ഇപ്രകാരം ആലോചിക്കുക: ഇവരൊക്കെ ഇപ്പോൾ എവിടെ? എങ്ങും കാണപ്പെടുന്നില്ല, ആക്കും അറിയാനും പാടില്ല. ഈ രീതിയിൽ ആലോചിച്ചാൽ മനുഷ്യരും മനുഷ്യബന്ധമുള്ള സമസ്തവും കേവലം പുകയാണു് - ശൂന്യമാണു് - എന്നു കാണാം. ഒരിക്കൽ രൂപാന്തരപ്പെട്ടുപോയതു് പിന്നെ ഒരിക്കലും അതായി വരികയില്ലെന്ന തത്വം ഓത്തിരുന്നാൽ ഈ ധാരണ നിന്റെ ബുദ്ധിയിൽ പ്രബലതരമായിപ്പതിയും. നിന്റെ ജീവിതത്തെക്കുറിച്ചുതന്നെ നോക്കുക. അതെത്ര ക്ഷണികം! വ്യവസ്ഥിതരീതിയിൽ ആ ഒരു ക്ഷണത്തെ വ്യയം ചെയ്യാൻ നിനക്കു മനസ്സുവരാത്തതെന്തുകൊണ്ടു്? തത്വജ്ഞാനപരമായ ജീവിതത്തിന്റെ ഉപകരണങ്ങളായ ദ്രവ്യങ്ങളും സന്ദർഭങ്ങളും നിനക്കുണ്ടായിരുന്നിട്ടും നീ ഭയപ്പെട്ടു് പിൻതിരിയുകയാണല്ലോ ചെയ്യുന്നതു്. ജീവിതത്തിലെ വസ്തുതകളെക്കുറിച്ചു് ശരിയായിച്ചിന്തിക്കുകയും ശ്രദ്ധാപൂവം പരിശോധന നടത്തുകയുംചെയ്യേണ്ട സംഗതിയിൽ അവ നിൻെറ വിവേചനാശക്തിക്കു് വേണ്ട പരിശീലനം നല്കുന്നവയല്ലേ? രോഗഹീനമായ ഉദരം അതിനു കിട്ടുന്ന ആഹാരസാധനത്തെയെല്ലാം പചനക്രിയയാലും, കത്തിജ്ജ്വലിക്കുന്ന അഗ്നി അതിൽ പതിക്കുന്ന ഇന്ധനത്തെ എല്ലാം ദഹനക്രിയയാലും, ആത്മസാൽക്കരിക്കുന്നതുപോലെ, നീ മേല്പറഞ്ഞ ഉപകരണങ്ങളെ എല്ലാം സ്വന്തമാക്കി പ്രയോജനപ്പെടുത്തിക്കൊള്ളേണ്ടതാകുന്നു.

നേരുപറയുന്നവരാരും നീ ഒരു സദ്വൃത്തനോ, ലളിതബുദ്ധിയോ ആണെന്നു പറയാൻ മടിക്കാതിരിക്കട്ടെ. സദ്വൃ

ത്തനും ലളിതബുദ്ധിയുമായി ജീവിക്കാൻ നിനക്ക് തിക ച്ചും സ്വാതന്ത്ര്യമുണ്ടെന്നുള്ളതു ശരിതന്നെ; അങ്ങനെ ജീവിക്കുന്നതിന്നു നിനക്ക് പ്രതിബന്ധം യാതൊന്നുമില്ല; മേലാൽ മററുപ്രകാരത്തിൽ ജീവിക്കുകയില്ലെന്ന് നീ മാത്രം നിശ്ചയിച്ചുകൊണ്ടാൽ മതിതാനും. സദാചാരതയ്ക്കും ലളിതസ്വഭാവത്തിനും വിപരീതമായ ജീവിതം നമ്മുടെ വിവേകബുദ്ധിക്ക് സമ്മതമായിട്ടുള്ളതുമല്ല.

ജീവിതത്തെ ഉപകരണമാക്കിക്കൊണ്ടു് വിവേകത്തെ പിന്തുടന്ന് നമുക്ക് പലതും പ്രവത്തിക്കുകയും പറയുകയുംചെയ്യാം; അതിന്നു നമുക്ക് പൂണ്ണസ്വാതന്ത്ര്യം ഉണ്ടു്. പ്രതിബന്ധങ്ങളുണ്ടെന്നുള്ള ഒഴികഴിവൊന്നും പറയാവുന്നതുമല്ല. സുഖഭോഗികൾ ക്രമാധികമായി സുഖാനുഭവത്താൽ അമിതഭോഗികളായിത്തീരുന്നതുപോലെ, മനുഷ്യന്റെ പ്രകൃതിക്കും ഘടനയ്ക്കും ഉചിതമായ രീതിയിൽ സൽപ്രവൃത്തികളിലും സാധുഭാഷണത്തിലും ഏർപ്പെട്ടു് നാം അവയിൽത്തന്നെ അതിമാത്രം വ്യാപൃതരാകണം. പ്രവൃത്തിസ്വാതന്ത്ര്യമുള്ളവരായ നാം നമ്മുടെ സ്വന്തം പ്രകൃതിക്കനുസൃതമായി പ്രവത്തിക്കുന്നതുതന്നെയാണു് ആനന്ദകരം. ബുദ്ധിസമ്പന്നമായ മനസ്സിനാലല്ലാതെ കേവലം പ്രകൃതിയിൽമാത്രം കൈകാൎയ്യം ചെയ്യപ്പെടുന്ന ജലം, അഗ്നി മുതലായവയൊന്നിനും സ്വേച്ഛാനുസൃതം ചരിക്കാൻശക്തിയില്ല; അവയുടെ മാൎഗ്ഗം പ്രതിബന്ധസങ്കീൎണ്ണമാകുന്നു. എന്നാൽ മനസ്സിനും ബുദ്ധിക്കുമാകട്ടെ ഏതുപ്രതിബന്ധത്തെയും ഉല്ലംഘിച്ച് സ്വേച്ഛപോലെ എവിടെച്ചെല്ലുവാനും കഴിയും. ഈ ശക്തി അവയ്ക്കു് നൈസർഗ്ഗികമായിട്ടുള്ളതാകുന്നു. അഗ്നി മേല്പോട്ടുയരുന്നതും കല്ല് താഴത്തേയ്ക്കു വീഴുന്നതും ഗോളാകൃതിയായ വസ്തു ചരിവിൽ കൂടി ഉരുളുന്നതും അതിന്റെ സ്വാഭാവികശക്തിയാലാണല്ലോ. അതുപോലെ, ബുദ്ധിക്ക് ഏതു പ്രതിബന്ധത്തെയും ഉല്ലംഘിച്ചു പ്രസരിക്കാൻ ശക്തി

യുണ്ടെന്നു് ഓൎത്തുകൊള്ളുക. കേവലം ജഡമായ ശരീരത്തെമാത്രമേ പ്രതിബന്ധങ്ങൾ ബാധിക്കുകയുള്ളു. ബുദ്ധിയെ ബാധിക്കുകയില്ല. ബുദ്ധി അവയ്ക്കു കീഴ്പ്പെടാതിരുന്നാൽ, വിഘ്നശങ്കയെന്ന മനോഭാവമേ സംഭവിക്കുകയില്ല; പ്രതിബന്ധങ്ങളെക്കൊണ്ടു ദോഷവും വരുന്നതല്ല. മനോഭാവമാണു് മനുഷ്യനു ദോഷകരമായിത്തീരുന്നതു്. മനോവിഹീനങ്ങളായ വസ്തുക്കൾക്കു് എന്തെങ്കിലും ദോഷം നേരിട്ടാൽ അവ ഉടനെ ദൂഷിച്ചുപോകും; എന്നാൽ, മനുഷ്യനാകട്ടെ വേണ്ടവണ്ണം മനഃശക്തിപ്രയോഗിച്ചു് വിപരീതമനോഭാവം ജനിപ്പിക്കാൻ കഴിയുന്നതിനാൽ, യാതൊന്നും സ്ഥിരമായ ദോഷമായിത്തീരുന്നില്ല. പ്രത്യുത, സമസ്തവും പ്രശംസനീയമായ വിധത്തിൽ ശ്രേയോഽഭിവൃദ്ധിക്കു് ഉപകരണമായിത്തീരുന്നതേയുള്ളു. പുരത്തിനു ദോഷകരമല്ലാത്തതൊന്നും പൗരനു ദോഷകരമല്ല; അതുപോലെ, നിയമവ്യവസ്ഥയ്ക്കു് ഹാനികരമല്ലാത്തതു പുരത്തിനും ഹാനികരമാകുകയില്ല. ദുരദൃഷ്ടങ്ങൾ എന്നു പറയപ്പെടുന്ന സംഭവങ്ങൾ നിയമവ്യവസ്ഥയെ ഒരുവിധത്തിലും ബാധിക്കുന്നവയല്ലല്ലോ. ആകയാൽ, നിയമവ്യവസ്ഥയ്ക്കു ബാധകമല്ലാത്ത ദുരദൃഷ്ടരൂപങ്ങളായ പ്രതിബന്ധങ്ങൾ പുരത്തിനോ പൗരനോ ബാധകങ്ങളായിത്തീരാൻ നിവൃത്തിയില്ലാത്തവയാണെന്നും മനസ്സിലാക്കുക.

യഥാൎത്ഥതത്വജ്ഞനു് ദീൎഘോപദേശം ആവശ്യമില്ല; വെറും സാധാരണമായ ഒരു പഴഞ്ചൊല്ലോ സൂക്തിഖണ്ഡമോ മതി അയാളുടെ സ്മരണയെ ഉണൎത്തുവാൻ— ഭയദുഃഖങ്ങൾക്കധീനനാകാതിരിക്കണമെന്ന കാൎയ്യം അവനെ അനുസ്മരിപ്പിക്കാൻ.

"പാദപങ്ങളിൽ നിന്നു കാറേററു നിലംപൊത്തും
പത്രങ്ങൾകണക്കത്രേ മാനുഷവൎഗ്ഗം പാൎത്താൽ"

ഈ സൂക്തിഖണ്ഡത്തിൽ നിന്നു തത്വജ്ഞാനി പലതും ഗ്രഹിക്കും. നിന്റെ സന്താനങ്ങൾ, സ്തുതിപാഠകന്മാർ

കെങ്കേമന്മാരെന്നു സ്വയം ഉൽഘോഷിക്കുന്നവർ, അന്യരെ ശപിക്കുന്നവർ, രഹസ്യമായി ചീത്തപറഞ്ഞാഹ്ലാദിക്കുന്നവർ, ഇതരന്മാരുടെ കീർത്തിയെ അനന്തരകാലജനപരമ്പരയിൽ പ്രചരിപ്പിക്കുന്നവർ, ഇവരെല്ലാം വാസ്തവത്തിൽ കാററത്തു് അടർന്നുവീഴുന്ന വെള്ളിലകൾ തന്നെയാകുന്നു. ഇലകൾ വസന്തകാലത്തു് മുളയ്ക്കുന്നു, വളരുന്നു; കാററു് അവയെ ഉതിർത്തുവീഴ്ത്തുന്നു; വീണ്ടും അവയുടെ സ്ഥാനത്തു് വനത്തിൽ പുതിയ ഇലകൾ ഉണ്ടാകുന്നു; ഇങ്ങനെ കാലഗതി തുടരുന്നു. സമസ്തവും ക്ഷണമാത്രസ്ഥായിയാകുന്നു. എങ്കിലും ഓരോരുത്തർ സർവ്വകാലജീവികളെന്ന ഭാവത്തിലത്രേ ഇഷ്ടാനിഷ്ടങ്ങൾ പുലർത്തുന്നതു്. ഒരു നിമിഷം മതി, നിൻെറ കണ്ണും അടയും. നിന്നെ ശ്മശാനത്തിലേയ്ക്കു ചുമന്നുകൊണ്ടു പോകുന്നവനും അടുത്ത ക്ഷണത്തിൽ അങ്ങോട്ടേയ്ക്കു തന്നെ നയിക്കപ്പെടും. നോക്കുക, ജീവിതത്തിൻെറ ക്ഷണികത!

അരോഗമായ കണ്ണിനു് ദൃശ്യമായ ഏതു വസ്തുവിനെയും ശരിക്കു നോക്കിക്കാണ്മാൻ കഴിയും. പച്ചനിറമുള്ളതു മാത്രമേ തനിക്കു നോക്കുവാൻ കഴിയൂ എന്നു പറയുന്നവൻെറ നയനങ്ങൾക്കു് എന്തെങ്കിലും തരക്കേടു നിശ്ചയമായും പററിയിരിക്കും. രോഗബാധിതമല്ലാത്ത ശ്രോത്രം, നാസിക ഇവയും ശബ്ദഗന്ധങ്ങളെ ശരിക്കും അറിയുന്നവയായിരിക്കണം. പേഷണാർത്ഥം നിക്ഷേപിക്കപ്പെടുന്ന വസ്തുക്കളെയെല്ലാം പേഷണയന്ത്രം (ചക്കു്) എപ്രകാരമോ, അപ്രകാരം തന്നെ സകലവിധഭക്ഷ്യങ്ങളെയും വ്യാധിഗ്രസ്തമല്ലാത്ത ഉദരവും സ്വീകരിക്കണം. ഇതുപോലെ ഏതുതരം വിപത്തിനെയും നേരിടുവാൻ ബുദ്ധിശക്തി എപ്പോഴും സജ്ജമായിരിക്കേണ്ടതാണു്. "എൻെറ സന്താനങ്ങൾ വളരണം; ഞാൻ ചെയ്യുന്നതെല്ലാം സകലരും പ്രശംസിക്കണം" എന്നൊക്കെപ്പറയുന്നവൻ, പച്ചനിറംമാത്രമേ നോക്കുകയുള്ളുവെന്നു ശഠിക്കു

ന്ന നേത്രത്തിനും, മൃദുസാധനം മാത്രമേ ചവയ്ക്കുകയുള്ളു വെന്നു നിർബന്ധംപിടിക്കുന്ന ദന്തത്തിനും തുല്യൻ തന്നെ.

ഒരാൾ മരിക്കുന്ന സമയം അടുത്തു നില്ക്കുന്നവരുടെ കൂട്ടത്തിൽ ഒന്നുരണ്ടുപേരെങ്കിലും ആ സംഭവത്തിൽ ഉള്ളുകൊണ്ടു സന്തോഷിക്കുന്നവരായിരിക്കും. സദ്വൃത്തനും ബുദ്ധിമാനും ആയിരുന്നവനാണ് മരിക്കാൻ പോകുന്നതെന്നിരുന്നാലും അയാളെക്കുറിച്ച് "ആവൂ! ഈ പ്രമാണിയുടെ അധികാരപ്രകടനം അവസാനിച്ചല്ലോ; ഇനിയെങ്കിലും നേരേയൊന്നു നിശ്വസിക്കാം" എന്നു പറയാൻ ആരെങ്കിലും ഉണ്ടാകാതിരിക്കുകയില്ല. "ഈയാൾ നമ്മോടു നിഷ്ഠുരമായിപ്പെരുമാറീട്ടില്ലെങ്കിലും ഈയാൾക്കു നമ്മെയെല്ലാം ഉള്ളുകൊണ്ടു് വളരെ പുച്ഛമായിരുന്നു" എന്നൊക്കെയായിരിക്കും എത്ര നല്ലവനെക്കുറിച്ചും ഓരോരുത്തർ പറയാവുള്ളതു്. നമ്മെക്കുറിച്ചാണെങ്കിൽ ഇത്രയുമല്ല, ഇതിലേറെപ്പരുഷസ്വരത്തിൽ അപവദിക്കാനും നമ്മുടെ തിരോഭാവം കാംക്ഷിക്കാനും പലൎക്കും കാരണങ്ങളുണ്ടായിരിക്കും. ആകയാൽ മൃത്യുവേളയിൽ ഈവിധം ആലോചിച്ചുകൊണ്ടാൽ നിനക്കു ശാന്തനായി പ്രയാണം ചെയ്യാം. "ഞാൻ ആൎക്കുവേണ്ടിയാണോ വളരെ ക്ലേശങ്ങൾ സഹിച്ചും ബുദ്ധിമുട്ടുകൾ അനുഭവിച്ചും വേലചെയ്തിട്ടുള്ളതു്, ആ ബന്ധുജനങ്ങൾതന്നെ സ്വാൎത്ഥലാഭത്തെക്കരുതി എന്റെ ദേഹവിയോഗം കാംക്ഷിക്കുന്നു; ഇപ്രകാരമുള്ള ജീവിതത്തെ ഞാൻ സസന്തോഷം കൈവെടിയാം." ഇഹത്തിൽ അധികംകാലം ജീവിച്ചിരുന്നിട്ടു പ്രയോജനമെന്തു്? ബന്ധുക്കൾ സ്വാൎത്ഥലോഭികൾ തന്നെയെങ്കിലും അവരെക്കുറിച്ച് ആ വിചാരം മനസ്സിൽവച്ചുകൊണ്ടു് മരിക്കുന്നതു ശരിയല്ല. സ്വഭാവശുദ്ധിയെ അഭംഗുരം പരിരക്ഷിച്ചും സകലരെയും സ്നേഹിച്ചും അനുഗ്രഹിച്ചും അവരോടു ദയ കാണിച്ചുംകൊണ്ടു

തന്നെ ദേഹവിയോഗം നേടേണ്ടതാകുന്നു. മനസ്സില്ലാത്തതിനെ ആരോ ബലാൽക്കാരേണ കൊണ്ടുപോകുന്നു എന്ന ഭാവം മരണവേളയിൽ നിനക്കുണ്ടായിരിക്കരുതു്. മനഃശാന്തിയോടുകൂടി മരിക്കുന്നവൻെറ ആത്മാവു് എളുപ്പത്തിൽ ശരീരത്തിൽനിന്നു് സുഖമായി വേർപെടുന്നു. നീ നിൻെറ ബന്ധുമിത്രാദികളുടെയിടയിൽനിന്നു് യാത്രയാകുന്നതും ആ വിധത്തിൽത്തന്നെയായിരിക്കണം. അവരുമായി നിന്നെ സംഗമിപ്പിച്ചതും അവരുടെ സാഹചര്യം നിനക്കു നല്കിയതും പ്രകൃതിയാകുന്നു. ആ ബന്ധം ഇപ്പോൾ വിടുർത്തുവാനാണു് പ്രകൃതി ഉദ്ദേശിക്കുന്നതു്. ശരി, ശാന്തനായി പ്രകൃതിയുടെ ഉദ്ദേശ്യം നിറവേററുക; എതിർക്കുകയോ, മനസ്സില്ലാതെ നിർബ്ബന്ധത്തിനു കീഴ്പ്പെടുന്ന ഭാവം കാണിക്കുകയോ അരുതു്. ജനനം മുതലായവപോലെ മരണവും പ്രകൃതിയുടെ ഇച്ഛയനുസരിച്ചു നടക്കുന്ന ഒരു സംഭവമത്രേ.

ആരെങ്കിലും എന്തെങ്കിലും പ്രവർത്തിച്ചുകണ്ടാൽ, "ഇയാൾ എന്തുദ്ദേശ്യത്തോടുകൂടി ഇതു ചെയ്യുന്നു?" എന്നു് ആലോചിക്കാൻ നീ അഭ്യസിക്കണം. ആദ്യമായി നിൻെറ സ്വന്തം പ്രവൃത്തികളെക്കുറിച്ചാലോചിക്കാൻതന്നെ പരിശീലിക്കേണ്ടതാകുന്നു.

നിൻെറ അന്തരംഗത്തിൽ സൂത്രധാരൻ നിഗൂഢസ്ഥിതനായിരിക്കുന്നു. സകല കാര്യങ്ങൾക്കും നിനക്കു് പ്രചോദനം നല്കുന്ന ശക്തിയും നിൻെറ ജീവനും യഥാർത്ഥപുരുഷനും അദ്ദേഹംതന്നെ. നീ ആത്മധ്യാനം ചെയ്യുമ്പോൾ, നിന്നെ ആവരണംചെയ്യുന്ന ശരീരത്തെയോ ഉപകരണങ്ങളായ അവയവങ്ങളെയോ ചിന്താവിഷയമാക്കരുതു്; ഈ ഉപകരണങ്ങൾ പരശ്വധം മുതലായവയ്ക്കു തുല്യമത്രേ; ശരീരത്തിൽനിന്നും വളർന്നുവന്നവയെന്ന ഒരു വിശേഷമേ അവയ്ക്കുള്ളു. നെയ്ത്തുകാരൻെറ ഓടം, എഴുത്തുകാരൻെറ തൂലിക, സാരഥിയുടെ

ചമ്മട്ടി, എന്നിവ അവയെ കൈകാൎയ്യം ചെയ്യാൻ ശീലിച്ചിട്ടുള്ളവരുടെ അഭാവത്തിൽ എങ്ങനെ നിഷ്പ്രയോജനങ്ങളായിത്തീരുമോ അങ്ങനെതന്നെ നമ്മുടെ അവയവങ്ങളും അന്തൎന്നിയാമകനായ പുരുഷൻ ചേഷ്ടിക്കാത്തപക്ഷം ചൈതന്യരഹിതങ്ങളായിത്തീരും.

## പതിനൊന്നാം അദ്ധ്യായം

ബുദ്ധിയുടെ ധൎമ്മങ്ങൾ ഇവയാകുന്നു. ബുദ്ധി സ്വയം വീക്ഷിക്കുകയും സ്വയം വിഗ്രഹിക്കുകയും സ്വച്ഛന്ദം ഭാവരൂപങ്ങൾ കൈക്കൊള്ളുകയും സ്വന്തം ഫലങ്ങളെ സ്വയം അനുഭവിക്കുകയും ചെയ്യും. വൃക്ഷലതാദികളുടെയും ജന്തുക്കളുടെയും ഫലങ്ങൾ അനുഭവിക്കുന്നതു് അന്യരാണല്ലോ. ജീവിതത്തിൻെറ ദൈൎഘ്യം എങ്ങനെ നിൎണ്ണീതമായിരുന്നാലും ബുദ്ധി അതിൻെറ ഉദ്ദേശ്യം നിറവേററുക തന്നെ ചെയ്യും. അവിചാരിതസംഭവങ്ങളാൽ, നൃത്തം, നാടകാഭിനയം, മുതലായവ അപൂൎണ്ണരൂപത്തിൽ അവസാനിച്ചുവെന്നു വരാം; എന്നാൽ ജീവിതം ഏതു ഘട്ടത്തിൽ അവസാനിച്ചാലും ബുദ്ധി അതിൻെറ കൃത്യം തികച്ചും നിൎവ്വഹിച്ചിരിക്കും; വേണ്ടതു സാധിച്ചുകഴിഞ്ഞുവെന്നു് അതിനു് അഭിമാനിക്കാനും കഴിയും. ബുദ്ധി സമഗ്രവിശ്വത്തിലും വിശ്വബാഹ്യമായ ശൂന്യതയിലും പ്രവേശിച്ചു് സ്വന്തം രൂപത്തിൻെറ വിസ്തൃതി നിരീക്ഷിക്കുന്നു; കാലഘട്ടത്തിൻെറ അനന്തതയിൽ പ്രസരിക്കുന്നു; സമസ്തവസ്തുക്കളുടെയും പ്രതി

യുഗനവീകരണം നിവ്വഹിക്കുന്നു. ഇന്നുള്ളതിൽ കവി ഞ്ഞൊന്നും കഴിഞ്ഞ കാലങ്ങളിൽ ജീവിച്ചിരുന്നവർ കണ്ടിരുന്നില്ലെന്നും ഭാവികാലത്തിലെ ജനതയ്ക്കു പുതുതായി യാതൊന്നും കൂട്ടതലായി കാണ്മാനുണ്ടാകുകയില്ലെന്നും ബുദ്ധിക്കു നല്ലവണ്ണം അറിയാം. ഭൂതഭാവിവസ്തുക്കളുടെ ഐകരൂപ്യത്തിൻെറ യാഥാത്മ്യം, ഏകദേശം നാല്പതു വയസ്സു പ്രായവും ഒരുവിധം ഊഹാപോഹശക്തിയുമുള്ള ആക്കും ഗ്രഹിക്കാൻ പ്രയാസമില്ലെന്നു് നിസ്സംശയം പറയാം. തന്നെപ്പററി സർവ്വോപരിയായുള്ള മതിപ്പും അയൽവാസികളോടുള്ള സ്നേഹവും സത്യനിഷ്ഠയും വിനയവുമെല്ലാം യുക്തിയുക്തമായ അന്തഃകരണത്തിൻെറ ധമ്മങ്ങളാകുന്നു. വിശ്വനിയമത്തിൻെറ ലക്ഷണവും ഇതത്രേ. അതിനാൽ അവ രണ്ടും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ലെന്നു കാണാം.

ആനന്ദപ്രദങ്ങളായ ഗാനം, നൃത്തം, മല്ലയുദ്ധം, എന്നിവയ്ക്കു് വിലയൊന്നും കല്പിക്കരുതു്. ഗാനാലാപശ്രവണത്തിൽ സ്വരസമുദായത്തെ അപഗ്രഥിച്ചു്, അവയിൽ ഓരോന്നും നിന്നെ ആഹ്ലാദിപ്പിക്കാൻ എത്രത്തോളം പര്യാപ്തമാണെന്നു പരിശോധിക്കണം. ഒന്നും പര്യാപ്തമല്ലെന്നുതന്നെ നിനക്കു ബോധ്യമാകും. അതുപോലെ നൃത്തത്തിൽ കാണപ്പെടുന്ന അംഗവിക്ഷേപങ്ങളും ഹാവഭാവങ്ങളും ഓരോന്നായി വേർതിരിച്ചു് പരിശോധനയ്ക്കു വിഷയമാക്കണം. മല്ലയുദ്ധപ്രകടനത്തെയും ഈവിധം സാംഗോപാംഗം പര്യാലോചിക്കണം. അംശംപ്രതി ഇപ്രകാരം ഒരു സൂക്ഷ്മപരിശോധനയ്ക്കു വിധേയമാക്കുന്ന പക്ഷം, പുണ്യവും പുണ്യകമ്മങ്ങളുമൊഴിച്ചു് മററു സമസ്തവും കേവലം തുച്ഛമാണെന്നു് നിനക്കു് ഗ്രഹിക്കാൻ കഴിയും. നീ നിൻെറ സമഗ്രജീവിതത്തെയും ഈ വിധം വിമർശനത്തിനു വിഷയമാക്കേണ്ടതാകുന്നു.

ആവശ്യം നേരിട്ടാൽ, ശരീരത്തിൽനിന്നും വിയുക്തമാകുകയോ, പൊലിഞ്ഞുപോകുകയോ, തുടൻപുലരുകയോ ഏതുചെയ്യുന്നതിനും ഏതുനിമിഷത്തിലും സന്നദ്ധമായിട്ടുള്ള ആത്മാവു് എത്ര മഹിമയേറിയതാണെന്നു നോക്കുക ! ആത്മാവിൻെറ ഈ സന്നദ്ധതയാകട്ടെ സ്വന്തം വിവേചനാശക്തിയിൽനിന്നുമല്ലാതെ വെറും നിർബ്ബന്ധവശാൽ ഉണ്ടാകുന്നതായിരിക്കരുതു് ; എന്നുമാത്രമല്ല, അവധാനയുക്തവും ഗൗരവപൂർണ്ണവും അന്യരിൽ ഭയം ജനിപ്പിക്കാതെ അവക്കു് പ്രചോദനം നല്കുന്നതുമായിരിക്കുകയും വേണം.

"ഞാൻ ലോകത്തിൻെറ യോഗക്ഷേമത്തിനായി വല്ലതും ചെയ്തിട്ടുണ്ടോ ? ഉണ്ടെങ്കിൽ ശരി, എനിക്കു് തക്കതായ പ്രതിഫലം സിദ്ധിച്ചുകഴിഞ്ഞിരിക്കുന്നു."—ഈ വിശ്വാസം മനസ്സിൽ വച്ചുകൊണ്ടു് സർവ്വദാ നന്മ ചെയ്യുക.

നിൻെറ പ്രവൃത്തികൗശലം ഏതിൽ സ്ഥിതിചെയ്യുന്നു ? — സദ്വൃത്തനായിജീവിക്കുന്നതിൽ. പ്രപഞ്ചപ്രകൃതിയേയും മനുഷ്യഘടനയേയും അധികരിച്ചുള്ള സാമാന്യതത്വങ്ങൾ ശരിയായി ഗ്രഹിക്കാതെ ഇതെങ്ങനെ സാധിക്കും ?

മനുഷ്യക്കു് ജീവിതസംഭവങ്ങളുടെ ഓമ്മയുണ്ടാകുവാൻവേണ്ടി ശോകാന്തനാടകങ്ങൾ (ഗ്രീക്കുകാരുടെയിടയിൽ) ആദ്യം രംഗപ്രയുക്തങ്ങളായി. സകലസംഭവങ്ങളും പ്രകൃതിയുടെ ഇച്ഛയനുസരിച്ചുണ്ടാകുന്നവയാണെന്നും നാടകപ്രയോഗം കാണുന്നവർ വിശാലമായ ലോകത്തിൽ കാണുന്ന പ്രകൃതിയുടെ പ്രയോഗങ്ങളാൽ ഉൽക്കണ്ഠിതരാകേണ്ടതില്ലെന്നും എത്ര നിലവിളിച്ചാലും എന്തൊക്കെച്ചെയ്താലും അനുഭവിക്കാനുള്ളതു് അനുഭവിക്കുകതന്നെവേണമെന്നുമുള്ള വസ്തുതകളാണു്, ഇതിവൃത്തത്തിൽ ദുരന്തപരിണാമം അനിവാര്യമാക്കി പ്രദർശിപ്പി

ക്കുന്ന രചനാകൗശലത്താൽ ശോകാന്തനാടകങ്ങൾ പ്രത്യക്ഷപ്പെട്ടുത്തിത്തരുന്നതു്. ഈ നാടകകർത്താക്കൾ പ്രസക്താനുപ്രസക്ത്യാ അനേകം തത്വങ്ങളും അവരുടെ കൃതികളിൽ പ്രതിപാദിച്ചിട്ടുണ്ടു്:

"എന്നെയുമെന്നാത്മജന്മാരെയുമീശൻവെടി-
ഞ്ഞെന്നാകിലതു ചൊല്ലാം ഹേതുവുണ്ടായിട്ടത്രേ."

× × × × ×

"വരുമോരോതരം വിപത്തുകളൊക്ക-
മൊരിക്കലുമതീലിളകിടൊല്ല നീ."

× × × × ×

"ധാന്യത്തിൻകതിക്കലയ്ക്കുന്നപോൽ കാലേ കാലേ
ജീവിതത്തിനും ഹന്ത! ലവനം ഭവിക്കുന്നു."

ഇങ്ങനെ നിരവധി പദ്യഖണ്ഡങ്ങൾ ഉദ്ധരിക്കാവുന്നതാണു്.

ശോകാന്തനാടകങ്ങളെത്തുടർന്നു് 'പ്രാചീനശുഭാന്തനാടകങ്ങൾ' എന്നു പറയപ്പെട്ടുന്നവ രംഗപ്രവേശം ചെയ്തു. നിർഭയമായ ശാസനാരൂപത്തിലാണു് അവയിൽ ആശയപ്രതിപാദനം ചെയ്യപ്പെട്ടിട്ടുള്ളതു്. തുറന്നു പറയുന്ന അവയുടെ രീതി ദ്രഷ്ടാക്കളെ ധാർഷ്ട്യത്തിൽനിന്നും പിന്തിരിപ്പിക്കാൻ പ്രയോജനകരമായിരുന്നു. ഇതിലേയ്ക്കു് ഈ നാടകകർത്താക്കളുടെ വാക്യങ്ങൾ ഡയോജനീസും ധാരാളം ഉദ്ധരിച്ചിട്ടുണ്ടു്.

അടുത്തതായി പ്രയോഗിക്കപ്പെട്ട 'മധ്യകാലശുഭാന്തനാടകങ്ങ'ളുടെ സ്വഭാവം എന്തായിരുന്നുവെന്നും അവയ്ക്കുശേഷം രംഗപ്രവേശം ചെയ്ത 'നവീനശുഭാന്തനാടകങ്ങ'ളുടെ ഉദ്ദേശ്യം എന്തായിരുന്നു എന്നും ആലോചിക്കുക. കാലക്രമത്തിൽ ഈ നവീനനാടകങ്ങൾ വെറും ഹാസ്യപ്രകടനങ്ങളായിട്ടു് അധഃപതിക്കുകയാണുണ്ടായതു്. ഈ നാടകങ്ങളുടെ കർത്താക്കളും പലേ

നല്ല തത്വങ്ങൾ പ്രതിപാദിക്കാതിരുന്നിട്ടില്ല; എങ്കിലും അവരുടെ കവിതയുടെയും രചനാവ്യവസായത്തിൻെറയും ഉദ്ദേശ്യം എന്തായിരുന്നുവെന്ന് ഇനിയും മനസ്സിലാകേണ്ടതായിട്ടിരിക്കുന്നതേയുള്ളു.

നീ ഇപ്പോൾ ജീവിച്ചിരിക്കുന്ന ഈ കാലഘട്ടം പോലെ തത്വജ്ഞാനപരിശീലനത്തിനു പററിയ സന്ദർഭവിശേഷങ്ങളുള്ള മറെറാരു കാലഘട്ടം ലഭിക്കാൻ പ്രയാസമാണെന്നുള്ളത് വളരെ സ്പഷ്ടമാണ്.

ഒരു മരത്തിൻെറ ഒരു കൊമ്പിൽനിന്ന് വേറൊരു ചെറിയകൊമ്പ് മുറിച്ചെടുത്താൽ ആ ചെറിയകൊമ്പും മേൽ പറഞ്ഞ മരത്തിന്റെ കൊമ്പുതന്നെയാണല്ലോ. അതുപോലെ ഒരാൾ മറെറാരാളുമായി പിണങ്ങിപ്പിരിയുന്നതായാൽ, ആദ്യത്തെ ആൾ സമഗ്രമായ മാനവവർഗ്ഗത്തിൽനിന്നും പിരിഞ്ഞവൻതന്നെയായിരിക്കും. മരക്കൊമ്പു മുറിക്കുന്നതാകട്ടെ, അന്യമായ മറെറാരുശക്തിയായ മനുഷ്യൻ തന്നെയാണല്ലോ. എന്നാൽ, മനുഷ്യൻ അവൻെറ അയൽക്കാരനുമായിപ്പിരിയുന്നത് ആ അയൽക്കാരനെ ദ്വേഷിക്കുകയും അവനുമായി അകലുകയും ചെയ്യുന്ന അവൻെറ സ്വന്തം പ്രവൃത്തികളുടെ ഫലമായിട്ടാകുന്നു. ആ പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന മനുഷ്യനാകട്ടെ താൻ സമഗ്രമായ മാനവസമുദായവുമായി പിരിഞ്ഞുപോകുന്നുണ്ടെന്ന സംഗതി അറിയുന്നതേയില്ല. എന്നാൽ, സമീപസ്ഥിതന്മാരോട് ഐക്യം പ്രാപിച്ച് സമുദായാംഗമായി വീണ്ടും ജീവിക്കുന്നതിന് മാനവസമുദായവിധാതാവായ ദൈവം മനുഷ്യന് പ്രത്യേകമായ സൗകര്യവും ശക്തിയും പ്രദാനംചെയ്തിട്ടുണ്ട്. എങ്കിലും സ്വാവർഗ്ഗീയതരമായുള്ള വിയോജനം അടിയ്ക്കടി സംഭവിക്കുന്നതായാൽ അങ്ങനെ വിയോജിക്കുന്നവന് വീണ്ടും ഐക്യം പ്രാപിക്കാനും പൂർവ്വസ്ഥിതിയിൽ സമുദായാംഗമായിത്തീരാനും വലുതായ പ്രയാസം നേരിടും

തിരിക്കുകയില്ല. ഇതിനുംപുറമേ, വൃക്ഷവുമായി ഒന്നായി വളന്നിരുന്നതും ഒരേ ജീവനെപ്പുലത്തിയിരുന്നതുമായ കൊമ്പിനും മുറിച്ച ശേഷം 'ഒട്ടിച്ച'കൊമ്പിനും തമ്മിൽ അനല്പമായ വ്യത്യാസമുണ്ടായിരിക്കുമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഒട്ടിച്ച കൊമ്പു് വൃക്ഷത്തോടൊത്തു് വളരുമെങ്കിലും, തോട്ടക്കാരന്മാർ പറയുംപോലെ, പ്രകൃതംകൊണ്ടു് അതു് പല പ്രകാരത്തിലും ഭിന്നമായിരിക്കുകയേയുള്ളു.

വിവേകബുദ്ധിയാൽ ഉപദിഷ്ടമായ മാർഗ്ഗത്തിൽകൂടി പ്രയാണം ചെയ്യുന്ന നിനക്കു് പ്രതിബന്ധമുണ്ടാക്കുവാൻ നോക്കുന്നവക്കു് അവരുടെ ദുർവ്യവസായത്തിൽ വിജയം സിദ്ധിയ്ക്കാൻ നീ ഇടയാക്കരുതു്; അതുപോലെ, അനുകമ്പയും സ്നേഹവും നിറഞ്ഞ ഹൃദയത്തോടുകൂടി അവക്കുപകാരം ചെയ്യുന്ന വിഷയത്തിലും അവർ നിനക്കു് തടസ്ഥമായിത്തീരാതെ നീ സൂക്ഷിക്കേണ്ടതാകുന്നു. ഇങ്ങനെ വിവേകബുദ്ധിയുടെ ശരിയായ വിനിയോഗത്തിലും സൽപ്രവൃത്തിയിലും നീ സദാ വ്യാപൃതനായിരിക്കുന്നതിനും പുറമേ നിനക്കു് തടസ്ഥക്കാരും ഉപദ്രവകാരികളുമായിരിക്കുന്നവരുടെ നേക്കുതന്നെയും ഉദാരനായി വത്തിക്കാൻ നീ ശ്രദ്ധാലുവായിരിക്കണം. ഭയാധീനനായി സൽപ്രവൃത്തിയുടെ പന്ഥാവിൽനിന്നു് വ്യതിചലിക്കുന്നതും പ്രതിബന്ധകാരികളുടെ നേക്കു വിദ്വേഷം പുലത്തുന്നതും ദൗർബ്ബല്യലക്ഷണമാകുന്നു. ഭയം നിമിത്തം സൽക്കമ്മങ്ങൾ നടത്താതെ പിന്മാറുന്നവരും ബന്ധുമിത്രാദികളായി ജനിച്ചിട്ടുള്ളവരുടെ ഇടയിൽനിന്നു് വിദ്വേഷബുദ്ധിയോടുകൂടി അകലുന്നവരും— ഈ രണ്ടുകൂട്ടരും—ഒരുപോലെ ഭീരുക്കളായ അപരാധികൾ ആണെന്നു് നിസ്സംശയം പറയാം.

കലാവിദ്യകളെല്ലാം പ്രകൃതിയുടെ അനുകരണം സാധിക്കാനുള്ള സംരംഭങ്ങളാകയാൽ പ്രകൃതി കലകളെ

അപേക്ഷിച്ച് ഉൽകൃഷ്ടമാണ്. ഈ സ്ഥിതിക്ക് പ്രപഞ്ചവ്യാപ്തവും പൂർണ്ണതാവിശിഷ്ടവുമായ പ്രകൃതിയുടെ സൃഷ്ടിവൃത്തിയും, കലാപ്രകടനസമ്പ്രദായത്തെ അപേക്ഷിച്ച് ഒന്നുകൊണ്ടും വൈശിഷ്ട്യം കുറഞ്ഞതായി വരാൻ തരമില്ല. സകല കലകളും ഉയർന്നതരം വസ്തുക്കളുടെ പ്രയോജനത്തിനായി താഴ്ന്നതരം വസ്തുക്കളെ നിർമ്മിക്കുന്നവയാണ്; വിശ്വപ്രകൃതിയുടെ പ്രവൃത്തിയും അതുതന്നെ. വാസ്തവത്തിൽ ന്യായബോധത്തിന്റെ ഉത്ഭവസ്ഥാനവും ഇതാകുന്നു. ഇതരങ്ങളായ സകല സൽഗുണങ്ങൾക്കും ആധാരം ന്യായബോധമാണല്ലോ. നാം വസ്തുക്കളെ കാംക്ഷിക്കുകയോ അവ നിമിത്തം ആത്മവഞ്ചനയ്ക്കും സാഹസത്തിനും മനശ്ചാഞ്ചല്യത്തിനും വിധേയരാകുകയോ ചെയ്യുന്നതായാൽ ന്യായബോധത്തെ ശരിക്കു പുലർത്തുവാൻ നമുക്കു സാധിക്കുകയില്ല.

വലുതായ ഉൽക്കണ്ഠയോടുകൂടി നീ ചില വസ്തുക്കളെ ആരായുകയും ചിലവസ്തുക്കളെ വർജ്ജിക്കുകയും ചെയ്യുന്നു. ഈ വസ്തുക്കളാകട്ടെ, അവയുടെ പാട്ടിന് വെറുതേ വർത്തിക്കുന്നവയാണ്; നിന്റെ അരികിലേയ്ക്കു വരുന്നവയല്ല. നീയാണ് അവയെ സമീപിക്കുകയും വിട്ടകലുകയും ചെയ്യുന്നത്. അവയെ സംബന്ധിച്ച് ദോഷമായോ ഗുണമായോ നിനക്കുള്ള ബോധം നശിച്ചാൽ, അവയെ വർജ്ജിക്കുകയോ, ആരായുകയോ ചെയ്യേണ്ട ആവശ്യം നിനക്ക് ഉണ്ടാകുന്നതല്ല; അവ ഉദാസീനങ്ങളായിരുന്നുകൊള്ളും.

ബാഹ്യവസ്തുക്കളിൽ പ്രസരിക്കാതെയും ഉള്ളിലൊതുങ്ങി സംകുചിതമാകാതെയും സ്വാന്തർഗതമായ സത്യത്തെ -സമസ്തവസ്തുക്കളുടെയും സത്യത്തെ- പ്രത്യക്ഷപ്പെടുത്തുന്ന സ്വന്തം ജ്യോതിസ്സിനാൽ ഭാസമാനമായി സ്ഥിതിചെയ്യുന്ന അവസ്ഥയത്രേ ഗോളാകൃതിയായ ആത്മാവിന്റെ യഥാർത്ഥാവസ്ഥ.

ആരെങ്കിലും എന്നെ നിന്ദിക്കുന്നുവെങ്കിൽ നിന്ദിച്ചുകൊള്ളട്ടെ; അതു് അവനെ സംബന്ധിച്ച കാര്യമാണു്. ഞാൻ നോക്കേണ്ടതു് നിന്ദാർഹമായ യാതൊന്നും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യാതിരിക്കാൻ മാത്രമാകുന്നു. ആരെങ്കിലും എന്നെ ദ്വേഷിക്കുന്നുവെങ്കിൽ ദ്വേഷിച്ചുകൊള്ളട്ടെ; അങ്ങനെ ദ്വേഷിക്കണമെന്നോ വേണ്ടെന്നോ നിശ്ചയിക്കേണ്ടതു് അവനാണു്. ഞാൻ എല്ലാവരോടും സ്നേഹത്തോടും ഔദാര്യത്തോടുംകൂടി ശാന്തനായിട്ടുതന്നെ വർത്തിക്കും. എന്നെ ദ്വേഷിക്കുന്നവനുതന്നെയും അവന്റെ തെററു ചൂണ്ടിക്കാണിച്ചുകൊടുക്കുവാൻ ഞാൻ തയ്യാറാണു്. അങ്ങനെ തെററു ചൂണ്ടിക്കാണിക്കുന്നതു് ആക്ഷേപിക്കുന്ന വിധത്തിലോ, സഹനശക്തി പ്രകടിപ്പിച്ചു് അഭിമാനം കൊള്ളുന്നതരത്തിലോ ആയിരിക്കുകയില്ല; പിന്നെയോ, ഹൃദയവിശാലതയോടും സത്യസന്ധതയോടുംകൂടി ആയിരിക്കും. മനുഷ്യന്റെ അന്തഃകരണവൃത്തികൾ കളങ്കരഹിതങ്ങളായിരിക്കണം; ദേവന്മാരുടെ ദൃഷ്ടിയിൽ അവൻ സംതൃപ്തനും സന്തുഷ്ടനും ആയിക്കാണപ്പെടണം. സ്വന്തം പ്രകൃതിക്കനുകൂലമായി പ്രവർത്തിക്കുകയും വിശ്വപ്രകൃതി കനിഞ്ഞു നല്കുന്നതുകൊണ്ടു് സദാ സന്തോഷിച്ചു് തൃപ്തനായിരിക്കുകയും ചെയ്താൽ നിനക്കു് യാതൊരു ദോഷവും സംഭവിക്കുകയില്ല. ലോകത്തിന്റെ പൊതുനന്മയെ ലാക്കാക്കി ഏതനുഭവവും സഹിക്കുവാൻ ചുമതലപ്പെട്ട മനുഷ്യനായിട്ടാണു് ഇഹലോകത്തിൽ നീ നിയമിതനായിട്ടുള്ളതു്.

മനുഷ്യർ പരസ്പരം നിന്ദിക്കുകയും പരസ്പരം പ്രശംസിക്കുകയും ഉന്നതസ്ഥാനങ്ങളിൽ എത്തിച്ചേരുവാൻ പരസ്പരം മത്സരിക്കുകയും പരസ്പരം കാലുപിടിക്കുകയും ചെയ്യുന്നു.

'ഞാൻ നിന്നോടു ന്യായമായി പെരുമാറാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു' എന്നു് ഉൽഘോഷിക്കുന്ന ഒരുവൻ

എത്രമാത്രം ധൂർത്തനും ദുർമ്മതിയുമാണെന്നു ദനാക്കുക. 'എടോ, താനെന്തു പറയുന്നു? ഇതൊരു പരസ്യമല്ലേ? ഇതിൻെറ ആവശ്യമെന്തു്? സത്യം താനേ വെളിപ്പെട്ടല്ലോ'—വാക്കുകളുടെ യാഥാർത്ഥ്യം നെററിത്തടത്തിൽ തെളിഞ്ഞു വിളങ്ങണം; നോട്ടത്തിൽ പ്രത്യക്ഷമാകണം, അതാണു വേണ്ടതു്. കാമുകനു് തൻെറ പ്രേമഭാജനത്തിൻെറ ഹൃദയഭാവം അവളുടെ കണ്ണുകളിൽ നിഴലിച്ചു കാണാം. ഒരാൾ അയാളുടെ ശരീരത്തിൽ സുഗന്ധലേപനം ചെയ്തിട്ടുണ്ടെങ്കിൽ ആ സംഗതി ആയാളുടെ സമീപത്തണയുന്നവർക്കെല്ലാം മണത്തറിവാൻ കഴിയുന്നതുപോലെ യഥാർത്ഥത്തിൽ സത്യവാനും സദ്വൃത്തനുമായ മനുഷ്യൻെറ സ്വഭാവഗുണം ആർക്കും പ്രകടമായി ഗ്രഹിക്കത്തക്ക വിധത്തിൽത്തന്നെ ആയിരിക്കണം; നടിച്ചുകാണിക്കുന്ന സ്വഭാവഗുണംകൊണ്ടു് യാതൊരു ഫലവും ഉണ്ടാകുകയില്ല. ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കുമല്ലോ. വൃകസ്നേഹംപോലെ ജുഗുപ്സാവഹമായ ഭാവം നിഷ്പ്രയോജനമത്രേ. അതിനാൽ പരോപകാരപ്രതിപത്തി മുതലായ സൽഗുണങ്ങളെല്ലാം അതുള്ളവരുടെ കണ്ണുകളിൽക്കൂടെത്തന്നെ പ്രകാശിക്കുന്നവയാണു്; അവ ഒരിക്കലും മറിച്ചു വരികയുമില്ല.

വസ്തുക്കളൊന്നുംതന്നെ നന്മയുമല്ല, തിന്മയുമല്ല; എല്ലാം ഉദാസീനങ്ങളാകുന്നു. ഇങ്ങനെ ഉദാസീനങ്ങളായ വസ്തുക്കളോടു് ഉദാസീനഭാവത്തിൽ വർത്തിക്കുന്നവർക്കു് ഉത്തമജീവിതം നയിക്കാൻ വേണ്ട ശക്തി സ്വാധീനമായിരിക്കും. ഈ ഉദാസീനവസ്തുക്കളെ ഓരോന്നായും മൊത്തമായും നിരീക്ഷണംചെയ്തും ഇവയിൽ ഒന്നുപോലും നമ്മിൽ വല്ല താൽപര്യവും ജനിപ്പിക്കുന്നതോ നമ്മെ സമീപിക്കുന്നതോ അല്ലെന്നു വിചാരിക്കുകയും ചെയ്യണം; എന്നാൽ മാത്രമേ അവയുടെനേർക്കു് ഉദാസീനമനഃസ്ഥിതി പുലർത്തുവാൻ നമുക്കു് സാധിക്കുകയുള്ളൂ. വസ്തുക്കൾക്കൊന്നിനും

തന്നെ നമ്മെ ബാധിക്കാൻ ശക്തിയില്ലെന്നും അവയെ ക്കുറിച്ച് ഓരോ അഭിപ്രായങ്ങൾ രൂപവൽക്കരിച്ച് ആ അഭിപ്രായങ്ങളെ ഉള്ളിൽ അങ്കിതമാക്കിക്കൊള്ളുകയാണ് നാം ചെയ്യുന്നതെന്നും എപ്പോഴും ഓക്കേണ്ടതാകുന്നു. യാതൊന്നിനെയും അധികരിച്ച് അഭിപ്രായമൊന്നും ഉള്ളിൽ അങ്കിതമാക്കാതിരിക്കാനും, അഥവാ വല്ലപ്രകാരത്തിലും വല്ല അഭിപ്രായവും അങ്കിതമായിപ്പോകുന്ന പക്ഷം അതിനെ നിർമ്മാർജ്ജനംചെയ്യാനും നമുക്ക് സ്വാതന്ത്ര്യമുണ്ടെന്നും നാം സ്മരിക്കണം. ഇക്കാര്യത്തിൽ കരുതലോടുകൂടി നാം വർത്തിക്കേണ്ടതു് ഏതായാലും അല്പകാലത്തേയ്ക്കുമാത്രമാകുന്നു; അതു കഴിയുമ്പോൾ ജീവിതവും അവസാനിക്കുമല്ലോ. ഇങ്ങനെ കരുതലോടുകൂടിയിരിക്കാൻ വല്ലപ്രയാസവുമുണ്ടോ? ഇല്ലതന്നെ. ജീവിതാനുഭവങ്ങളെല്ലാം പ്രകൃതിയുടെ ഇച്ഛയനുസരിച്ചുണ്ടാകുന്നവയാകയാൽ മേൽപറഞ്ഞ കരുതൽ പുലർത്തുവാൻ ആക്കും സന്തോഷമേ തോന്നുകയുള്ളു. ഈ മനോഭാവം ഏതു ദുരനുഭവത്തെയും സുസഹമാക്കിത്തീക്കുകയുംചെയ്യും. ദുരനുഭവങ്ങൾ പ്രകൃതിയുടെ ഇച്ഛയ്ക്കു വിരുദ്ധമായി സംഭവിക്കുകയാണെങ്കിൽ, അവയെ വിഗണിച്ച് നീ നിൻെറ സ്വന്തം പ്രകൃതിക്കു യോജിച്ചതു നേടുവാൻ ശ്രമിക്കണം. ഈ ശ്രമം ദുയ്യശസ്കരമായിപ്പരിണമിച്ചാലും വകവയ്ക്കേണ്ടതില്ല. സ്വന്തം ശ്രേയസ്സിനുവേണ്ടി ശ്രമിക്കുവാൻ ആക്കും അവകാശമുണ്ടല്ലോ.

നാം കാണുന്ന ഓരോ വസ്തുവും എവിടെനിന്നുണ്ടായതാണെന്നും എന്തെല്ലാംചേന്നുണ്ടായതാണെന്നും അതിൻെറ പരിണാമം എങ്ങനെ ആയിരിക്കുമെന്നും പരിണാമാനന്തരം അതിൻെറ സ്വഭാവം എന്തായിരിക്കുമെന്നും ആലോചിക്കുക; പരിണാമഫലമായി വസ്തുക്കൾക്കൊന്നിനും യാതൊരു ദോഷവും നേരിടുകയില്ലെന്നും കരുതുക.

ഒന്നാമത്ത്:—നിൻെറ നേക്ക് വല്ലവരും അഹിതം ആചരിച്ചാൽ, നീ ഇപ്രകാരം ആലോചിക്കണം—അന്യരുമായി എനിക്കുള്ള ബന്ധം എന്തു്? എല്ലാ മനുഷ്യരും പരസ്പരശ്രേയസ്സിനുപകരിക്കാൻ ജനിച്ചിട്ടുള്ളവരാണു്. ഒരുവിധത്തിൽ നോക്കിയാൽ, ആട്ടിൻപററത്തിൽ 'മൂപ്പൻ' എന്നപോലെയും ഗജയൂഥത്തിൽ 'യൂഥപൻ' എന്നപോലെയും ഞാൻ ജനതാവിഭാഗത്തിൻെറ നായകനായി ജനിക്കുകയാണുണ്ടായിട്ടുള്ളതു്. പ്രപഞ്ചത്തിൻെറ ഉത്ഭവതത്വം ആലോചിച്ചാൽ സമസ്തവും അണുരാശിയുടെ വികാരം, അല്ലെങ്കിൽ പ്രകൃതിചേഷ്ടയുടെ ഫലംതന്നെയെന്നു കാണാം. യാഥാർത്ഥ്യം ഇതാണെങ്കിൽ, താഴ്ന്നതരം ജീവികളെല്ലാം ഉയന്നതരത്തിൻെറ ഗുണത്തിനായും ഉയന്നതരത്തിൽ ഓരോ വ്യക്തിയും അന്യവ്യക്തികളുടെ ഗുണത്തിനായും ഉണ്ടായിട്ടുള്ളതാണെന്നു് നിരാക്ഷേപം പറയാം.

രണ്ടാമത്തു്:—മനുഷ്യർ ഓരോരുത്തരും ഭക്ഷണം കഴിക്കുമ്പോഴും ഉറങ്ങുമ്പോഴും എന്നല്ല ഏതു പ്രവൃത്തി ചെയ്യുമ്പോഴും എങ്ങനെയാണു് പെരുമാറുന്നതെന്നാലോചിക്കണം. മനോഭാവങ്ങളെ സംബന്ധിച്ചിടത്തോളം ഓരോരുത്തരും ഏതേതു പ്രേരണകൾക്കധീനരായിരിക്കുന്നു എന്നു് പ്രത്യേകിച്ചും നിരീക്ഷിക്കണം. അതുപോലെ പ്രവൃത്തികളെ സംബന്ധിച്ചു് അവക്കുള്ള അഭിമാനം, ഗർവ്വം മുതലായ ചേതോവികാരങ്ങളും നാം സൂക്ഷിച്ചു ഗ്രഹിക്കേണ്ടതാകുന്നു.

മൂന്നാമത്തു്:—ഓരോരുത്തരും അവരവരുടെ കൃത്യങ്ങൾ ശരിയായി അനുഷ്ഠിക്കുന്നപക്ഷം, അവരെക്കൊണ്ടു് നമുക്കു് അസന്തുഷ്ടരായിരിക്കേണ്ട ആവശ്യമില്ല. അകൃത്യം ആചരിക്കുന്നതായി കാണപ്പെട്ടാലും കണ്ഠിതപ്പെടേണ്ടതില്ല; മനുഷ്യർ അകൃത്യം ചെയ്യുന്നതു് മനഃപൂർവ്വമല്ല, അജ്ഞാനത്താലാണെന്നു തീർച്ചതന്നെ. മനഃപൂർവ്വം

ആരുംതന്നെ സത്യത്തിൽനിന്ന് വ്യതിചലിക്കുന്നില്ല; അതുപോലെ ആരുംതന്നെ മനഃപൂൎവ്വം ദുരാചാരലോലുപരായും തീരുന്നില്ല. അതിനാലത്രേ അക്രമി, കൃതഘ്നൻ, അത്യാഗ്രഹി, എന്നിങ്ങനെ അൎത്ഥംവരത്തക്കവിധത്തിൽ അഭിസംബോധനംചെയ്യപ്പെടുന്നവർ അതു കേൾക്കാൻ അസുഖം പ്രദൎശിപ്പിക്കുന്നതു്.

നാലാമതു്:— നീയും പല തെററുകളും ചെയ്യുന്നുണ്ടെന്നും കേവലം അന്യരുടെ കൂട്ടത്തിൽ ഒരാളെന്നല്ലാതെ അവരിൽ നിന്നു നിനക്കു വിശേഷവിധിയായി ഒന്നുമില്ലെന്നും നീ ആലോചിക്കണം. ചില തെററുകൾ നീ പ്രവൎത്തിക്കുന്നില്ല, ശരിതന്നെ; എന്നാൽ തെററു ചെയ്വാനുള്ള വാസന നിനക്കില്ലാതില്ല. തെററു ചെയ്യുന്നതിനു് നിന്നെ അനുവദിക്കാതെ തടുക്കുന്നതു് നിന്റെ ഭീരുത്വമോ, യശോനാശത്തിൽ ഉണ്ടാകാവുന്ന ഉൽകണ്ഠയോ, നീചങ്ങളായ മററു കരുതലുകളോ ആയിരിക്കും.

അഞ്ചാമതു്:— മനുഷ്യർ ചെയ്യുന്നതു് തെറേറാ ശരിയോ എന്നുപോലും നീ ആലോചിച്ചു നോക്കുന്നില്ല. എന്തെന്നാൽ ഓരോ അവസ്ഥാന്തരങ്ങളെ അടിസ്ഥാനമാക്കിയാണു് പ്രവൃത്തികളെല്ലാം ചെയ്യപ്പെടുന്നതു്. ചുരുക്കിപ്പറഞ്ഞാൽ, അന്യരുടെ പ്രവൃത്തികളെക്കുറിച്ചു് ശരിയായി ഗുണദോഷനിരൂപണം ചെയ്യേണ്ടതിനു് നാം മുൻകൂട്ടി നിരവധി കാൎയ്യങ്ങൾ ഗ്രഹിച്ചിരിക്കേണ്ടതു് ആവശ്യകമാകുന്നു.

ആറാമതു്:—എത്രമാത്രം ഉപദ്രവം, അഥവാ മനോദുഃഖം തോന്നുമ്പോഴും നീ സ്മരിക്കേണ്ടതു് ജീവിതം ക്ഷണികമാണെന്നും അല്പകാലം കഴിയുമ്പോൾ നാമും മൃതന്മാരുടെ കൂട്ടത്തിൽപ്പെടുമെന്നുമുള്ള സംഗതിയാകുന്നു.

ഏഴാമതു്:—നമുക്കു് മനോവ്യഥയുണ്ടാകുന്നതിനു് അന്യരുടെ പ്രവൃത്തികൾ ഒരിക്കലും കാരണമാകുകയില്ല. അവ അവരുടെ അന്തഃകരണങ്ങളെ മാത്രമേ ബാധിക്കുക

യുള്ളൂ. നമുക്കു ചിത്തശല്യത്തിനു കാരണമാകുന്നതു് നമ്മുടെ മനോഭാവം മാത്രമാകുന്നു. അതിനാൽ മനോഭാവം മാററിക്കളയുക; ആരുടെ പ്രവൃത്തിയും ദുഷ്ടമെന്നോ അക്രമമെന്നോ തോന്നാത്തവിധത്തിൽ അന്തഃകരണത്തെ പാലിച്ചുകൊള്ളുക. അതു ചെയ്താൽ ഒരിക്കലും നിന്റെ മനസ്സിൽ ക്ഷോഭമേ ജനിക്കുകയില്ല. ഉള്ളിൽ ഒന്നിനെക്കുറിച്ചും ദുരഭിപ്രായം തോന്നാതിരിക്കുവാൻ മാർഗ്ഗം എന്തെന്നു ചോദിക്കുകയാണെങ്കിൽ പറയാം. അന്യരുടെ പ്രമാദങ്ങളിൽ നിന്നെ വ്യഥിപ്പിക്കാനോ ലജ്ജിപ്പിക്കാനോ യാതൊന്നുമില്ലെന്നു് എപ്പോഴും ആലോചിച്ചുറയ്ക്കുന്നതു തന്നെ. ലജ്ജാവഹമായിട്ടുള്ളതു് കുററകരമല്ലെന്നു വിചാരിച്ചിരുന്നുവെങ്കിൽ, നീ അപ്രകാരമുള്ള പല പ്രവൃത്തികളും ചെയ്യുകയും ഒരു മോഷ്ടാവായിട്ടോ മററോ തീരുകയും ചെയ്യുമായിരുന്നു.

എട്ടാമതു്:—നമുക്കു് കോപവും നീരസവും ഉളവാകുന്ന അന്യരുടെ പ്രവൃത്തികളെ അപേക്ഷിച്ചു് അവയുടെ ഫലമായി നമ്മിൽ അങ്കുരിക്കുന്ന കോപനീരസങ്ങൾ നമുക്കു് മനോദുഃഖത്തിനു് എത്രമാത്രം കാരണമാകുന്നുണ്ടെന്നു് ആലോചിക്കുക.

ഒൻപതാമതു്:— നിന്നിൽ പരഹിതേച്ഛയെന്ന ഗുണം യഥാർത്ഥമായിട്ടുണ്ടെങ്കിൽ അതു് അജയ്യമായ ഒരു ശക്തിയായിത്തീരും; കള്ളപ്പുഞ്ചിരിയും നാട്യങ്ങളും ഒരിക്കലും അങ്ങനെയാകുകയില്ല. എത്ര ക്രൂരനായ അക്രമിതന്നെ നിന്നെ ഉപദ്രവിക്കാൻ വന്നാലും, നീ അയാളോടു് അനുകൂലനായും മൃദുലചിത്തനായും പെരുമാറുകയും അവസരോചിതമായി അയാളെ ഗുണദോഷിക്കുകയും ആയാൾ തെററുചെയ്വാൻ ഭാവിക്കുമ്പോഴെല്ലാം അതു തിരുത്തിക്കൊടുക്കുകയും ചെയ്യുന്നതായാൽ, ആയാൾ നിനക്കു് ഉപദ്രവകാരിയായിത്തീരുകയേയില്ല. 'കുഞ്ഞേ, ഇതരുതു്; പ്രകൃതി നമ്മെ സൃഷ്ടിച്ചിരിക്കുന്നതു് ഇതി

നല്ല. നിൻെറ ഈ പ്രവൃത്തി എന്നെ ഒരിക്കലും ബാധിക്കുകയില്ലെന്നെനിക്കറിയാം; അതു നിനക്കുതന്നെ ദോഷകരമായിത്തീരുകയേയുള്ളു' എന്നിങ്ങനെ പറഞ്ഞു് നീ അവനെ ശാന്തമായി യാഥാൎത്ഥ്യം ഉൽബോധിപ്പിക്കണം. തേനീച്ചകളോ, കൂട്ടം കൂടിക്കഴിയുന്ന മററു ജീവികളോ പരസ്പരോപദ്രവികളായിത്തീരുന്നില്ലല്ലോ. ഉപദ്രവകാരിയെ ഗുണദോഷിക്കേണ്ടതു് മുള്ളുവാക്കു പറഞ്ഞോ ആക്ഷേപസ്വരത്തിലോ ആയിരിക്കരുതു്; സ്നേഹവാത്സല്യങ്ങളോടുകൂടി നിഷ്കളങ്കമായിട്ടല്ലാതെ ശാസനാരൂപത്തിലോ, കേട്ടു നില്ക്കുന്നവർ അഭിനന്ദിക്കണമെന്ന വിചാരത്തോടു കൂടിയോ, ഇതരന്മാരുടെ സാന്നിദ്ധ്യത്തിലോ, അപരാധിയെ ഗുണദോഷിക്കാൻ പുറപ്പെട്ടുകൂടാ.

മേൽപറഞ്ഞ ഒൻപതു സദാചാരനിയമങ്ങളും ദേവന്മാരിൽനിന്നും നിനക്കു സിദ്ധിച്ചിട്ടുള്ള അനുഗ്രഹങ്ങളാണെന്നുതന്നെ നീ ഓൎക്കണം; ജീവനുള്ളെടത്തോളം ഒരു യഥാൎത്ഥമനുഷ്യനായിത്തന്നെ ജീവിക്കണം. അന്യരെ പ്രശംസിക്കുക, അവരുടെ പ്രവൃത്തികളിൽ നീരസം ഭാവിക്കുക, ഇവ രണ്ടും ഒരുപോലെ വർജ്ജിക്കണം; ഇവ രണ്ടും സാമുദായികബുദ്ധിക്കു് പ്രതികൂലവും ദോഷകരവുമായ പ്രവൃത്തികളാകുന്നു. കോപത്തിനു് അധീനനായിത്തീരുകയെന്നതു് മനുഷ്യോചിതമല്ലെന്നും, കാരുണ്യവും ആർദ്രതയുമാണു് മനുഷ്യപ്രകൃതിക്കിണങ്ങുന്നതും യഥാൎത്ഥമനുഷ്യൎക്കുണ്ടായിരിക്കേണ്ടതുമായ ഗുണങ്ങളെന്നും, ക്രോധകാരണം ഉണ്ടാകുന്ന സന്ദർഭങ്ങളിലെല്ലാം നീ നല്ലവണ്ണം ഓൎത്തുകൊള്ളണം. ഈ ഗുണങ്ങളുള്ളവൻ തന്നെയാണു് യഥാൎത്ഥത്തിൽ ബലവാൻ; അവൻതന്നെ നിശ്ചലൻ, ധീരൻ; ക്ഷിപ്രകോപിയും അസന്തുഷ്ടനും ബലവാനോ ധീരനോ അല്ല. ഒരാളുടെ മനസ്സ് എത്രമാത്രം കാമക്രോധാദിവിവർജ്ജിതമായിരിക്കുമോ അതു്

അത്രമാത്രം ബലവീൎയ്യങ്ങളുള്ളതുമായിരിക്കും. വ്യസനം പോലെതന്നെ കോപവും ദൌർബ്ബല്യലക്ഷണമാകുന്നു. കോപവ്യസനങ്ങൾക്കധീനരായിത്തീരുന്നവർ വാസ്തവത്തിൽ ക്ഷുദ്രാശയരും അസ്വതന്ത്ര്യരുമാകുന്നു.

വേണമെങ്കിൽ പത്താമതായിട്ടൊരനുഗ്രഹം കൂടി ദേവന്മാരുടെ നായകനായ അപ്പോളോവിൽ നിന്നും വരിച്ചുകൊള്ളുക. അതായതു ദുഷ്ടരിൽനിന്നു് ദുഷ്പ്രവൃത്തിയല്ലാതെ മററന്തെങ്കിലും പ്രതീക്ഷിക്കുകയെന്നതു് ഭ്രാന്തിന്റെ ലക്ഷണമാകുന്നു. അപ്രകാരമൊന്നു പ്രതീക്ഷിക്കുന്നവൻ അസംഭാവ്യമായ വസ്തു സംഭവിച്ചുകാണ്മാൻ ആശിക്കുന്നവനു് സമാനനത്രേ. എന്നാൽ, അന്യൎക്കു് ഉപദ്രവം ഉണ്ടാക്കുവാൻ ദുഷ്ടരെ യഥേഷ്ടം അനുവദിക്കുകയും അതോടുകൂടി അവരിൽനിന്നു് തനിക്കു് ഉപദ്രവമൊന്നും നേരിടരുതെന്നാശിക്കുകയും ചെയ്യുകയെന്നതു് കേവലം ഉന്മത്തവും നിഷ്ഠുരവുമായ സ്വഭാവവിശേഷമാകുന്നു.

മനസ്സിനു് നാലുപ്രകാരത്തിൽ സംഭവിക്കാവുന്ന ദോഷങ്ങളിൽ ഒന്നുപോലും നിനക്കു പററാതെ നീ പ്രത്യേകം സൂക്ഷിച്ചുകൊള്ളണം; അഥവാ വല്ലതും പററുന്നപക്ഷം, അതിനെ ഉടൻതന്നെ നിൎമ്മാൎജ്ജനം ചെയ്യുകയുംവേണം. അനാവശ്യങ്ങളായ വിചാരങ്ങളാൽ ഒരു വിധത്തിലും, സാമുദായികബന്ധത്തിനു് ഹാനികരങ്ങളായ ചിന്തകളാൽ മറെറാരു പ്രകാരത്തിലും, യഥാൎത്ഥ വിചാരങ്ങളെയല്ലാതെ മററുള്ളവയെ പ്രകാശിപ്പിക്കുന്ന വാക്കുകളാൽ മൂന്നാമതൊരു പ്രകാരത്തിലും മനസ്സിനു ദോഷം സംഭവിക്കുന്നു. ഈ ആത്മനിന്ദനം സൂചിപ്പിക്കുന്നതാകട്ടെ, നിന്നിൽ അന്തഃസ്ഥിതമായ ദൈവികാംശം അതിന്റെ സ്വാതന്ത്ര്യവും പരിശുദ്ധിയും നശിച്ചു് നശ്വരവും നിന്ദ്യവുമായ ശരീരത്തിനും അതിന്റെ നീചമായ ഭോഗേച്ഛയ്ക്കും വിധേയമായിത്തീൎന്നിരിക്കുന്നുവെന്ന സംഗതിയാകുന്നു.

സമ്മിശ്രരൂപത്തിൽ സ്ഥിതിചെയ്യുന്ന വായ്വംശവും ആഗ്നേയാംശങ്ങളും സ്വഭാവം കൊണ്ടു് ഊർദ്ധ്വഗങ്ങളാണെങ്കിലും പ്രപഞ്ചവിധാനനിയമങ്ങൾക്കു് വിധേയങ്ങളായി സങ്കീർണ്ണവസ്തുവായ ഈ ശരീരത്തിൽ അമർന്നു കാണപ്പെടുന്നു. അതുപോലെ നിന്നിലുള്ള പൃഥിവ്യംശം, ജലാംശം ഇവയും നിമ്നഗസ്വഭാവങ്ങളായിരുന്നിട്ടും അസ്വാഭാവികമായ ഉന്നതസ്ഥാനത്തു തന്നെയാണു് വർത്തിക്കുന്നതു്. ഈ വിധത്തിൽ ഭൂതാംശങ്ങളെല്ലാം അവയുടെ സ്വാഭാവികഗുണം എന്തായിരുന്നാലും പ്രപഞ്ചനിയമത്തിനു കീഴ്പ്പെട്ടുകയും ഒരിക്കൽ ഒരിടത്തു സ്ഥാപിതമായിക്കഴിഞ്ഞാൽ വീണ്ടും വിഘടനത്തിനു പ്രകൃതിയുടെ കല്പന ലഭിക്കുന്നതുവരെ അവിടെത്തന്നെ നില കൊള്ളുകയും ചെയ്യുന്നു. ഈ സ്ഥിതിക്കു് നിൻെറ ബുദ്ധ്യംശം മാത്രം അതിനു നല്കപ്പെട്ടിട്ടുള്ള സ്ഥാനത്തെ സംബന്ധിച്ചു് അതൃപ്തി പ്രദർശിപ്പിക്കുകയും അനുസരണക്കേടു കാണിക്കുകയും ചെയ്യുന്നതു് ആശ്ചര്യകരമല്ലേ? അതിൻെറ പ്രകൃതിക്കനുസൃതമായിട്ടുള്ളതല്ലാതെ അതിന്മേൽ യാതൊരു ശക്തിയും പ്രയോഗിക്കപ്പെട്ടിട്ടുമില്ല; എന്നിട്ടും അതു ശരീരത്തിനു കീഴ്പ്പെടുന്നില്ല, ശരീരത്തെ അതിലംഘിച്ചുയരുക തന്നെ ചെയ്യുന്നു. അന്യായം അമിതഭോഗശീലം, കോപം, വ്യസനം, ഭയം, ഇവയോടുള്ള അഭിനിവേശം പ്രകൃതിയുടെ മാർഗ്ഗത്തിൽ നിന്നും വ്യതിചലിക്കുന്നവൻെറ ലക്ഷണമല്ലാതെ മറെറാന്നുമല്ലല്ലോ. വല്ല സംഭവത്താലും അസംതൃപ്തി തോന്നുമ്പോഴും ബുദ്ധി അതിൻെറ നില മാറിക്കളയുന്നു. ന്യായദീക്ഷ മാത്രമല്ല, ദേവന്മാരുടെ നേർക്കു ഭക്തിബഹുമാനാദരങ്ങൾ പരിപാലിക്കേണ്ടതും ബുദ്ധിയുടെ ഉചിതധർമ്മങ്ങളാകുന്നു. പ്രപഞ്ചവിധാനത്തിൽ സംതൃപ്തമായിരിക്കുകയെന്ന സാമാന്യധർമ്മത്തിൽ മേൽപറഞ്ഞ വിശേഷധർമ്മങ്ങളും ഉൾപ്പെട്ടിട്ടുണ്ടു്. ഈ ധർമ്മങ്ങൾ ന്യായകൃത്യങ്ങളുടെ അനുഷ്ഠാ

നത്തെ അപേക്ഷിച്ച് മുൻഗണനന അർഹിക്കുന്നവയാണെന്നും പറയേണ്ടിയിരിക്കുന്നു.

ജീവിതോദ്ദേശ്യം എപ്പോഴും ഒന്നേ ഒന്നുതന്നെയായിരിക്കണം; അല്ലാത്തപക്ഷം ആയുഷ്കാലം മുഴുവനും ഒരേ രീതിയിൽ കഴിയ്ക്കാൻ സാധിക്കുകയില്ല. ഈ ഉദ്ദേശ്യത്തിന്റെ സ്വഭാവം എന്തെന്നുകൂടി ഗ്രഹിച്ചാൽ മാത്രമേ എന്റെ വിവക്ഷിതം പൂർണ്ണമാകുകയുള്ളു. ഓരോ കാരണവശാൽ നല്ലതെന്നു വിചാരിക്കുന്ന വസ്തുക്കളെക്കുറിച്ചുതന്നെ ഭൂരിപക്ഷം ജനങ്ങൾക്കും ഒരേ അഭിപ്രായം കാണപ്പെടുന്നില്ല; പൊതുവേ ഉപകാരപ്രദമായ ചിലതിനെക്കുറിച്ചു മാത്രമേ അഭിപ്രായൈക്യമുള്ളു. അതുപോലെ, പൊതുവേ ഗുണകരമായ—എന്നുവച്ചാൽ ലോകത്തിന്റെ സമഗ്രമായ യോഗക്ഷേമത്തിന് പ്രയോജനപ്രദമായ—ഏതെങ്കിലും ഒരു കാര്യം സാധിക്കുകയെന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിക്കായി സകലയത്നങ്ങളും കഴിവുകളും വിനിയോഗിക്കുന്നവനാകട്ടെ, തന്റെ പ്രവൃത്തികൾക്കെല്ലാം എപ്പോഴും ഐകരൂപ്യം ഉണ്ടാക്കുവാൻ കഴിയും.

ഗ്രാമീണമൂഷികന്റെയും നാഗരികമൂഷികന്റെയും കഥയെക്കുറിച്ച് ചിന്തിക്കുക. നാഗരികമൂഷികന്റെ ഭയവും പരിഭ്രമവും എത്രമാത്രമായിരുന്നു എന്നും ഓർക്കുക.

ഭൂരിപക്ഷത്തിന്റെ അഭിപ്രായങ്ങൾ ' എന്നുവച്ചാൽ കേവലം ശിശുക്കളെ ഭയപ്പെടുത്തുന്ന 'ഉമ്മാക്കി' കളാണെന്നായിരുന്നു സാക്രട്ടീസ് പറഞ്ഞുവന്നിരുന്നതു്.

ലാക്ഡിമോണിയായിലെ പൗരന്മാർ ഉത്സവസ്ഥലങ്ങളിൽ വന്നുചേരുന്ന അതിഥികൾക്ക് ആസനങ്ങൾ തണലിൽ ഇട്ടുകൊടുക്കുകയും അവർ ഇതരത്ര ഉപവിഷ്ടരാകുകയും ചെയ്ക പതിവായിരുന്നു.

പെറിഡിക്കാസിന്റെ ക്ഷണം സ്വീകരിച്ച്ചെല്ലാതിരുന്നതിന് സാക്രട്ടിസ് ഇങ്ങനെ സമാധാനം പറ

ഞ്ഞു:-ഘോരദുരിതത്തിൽപ്പെട്ടു നശിക്കാൻ എനിക്കു മനസ്സുണ്ടായില്ല. ഒരു സൗജന്യം സ്വീകരിക്കുകയും എന്നിട്ട് അതിനുപകരം നല്കുവാൻ നിവൃത്തിയില്ലാതെ വിഷമിക്കുകയും ചെയ്യുകയെന്നതു മഹാ ദുരിതമത്രേ.

സല്ക്കർമ്മനിരതരായി ജീവിച്ചിരുന്ന പ്രാചീനമഹാന്മാരിൽ ഒരാളെക്കുറിച്ച് സദാ സ്മരിച്ചുകൊള്ളണമെന്ന് ഒരുപദേശം എപ്പിസീയന്മാരുടെ കൃതികളിൽക്കാണുന്നു.

പിത്തഗോറസിൻെറ അനുയായികൾ ഇപ്രകാരം ഉപദേശിക്കുന്നു :—പ്രഭാതംതോറും ആകാശത്തെനോക്കി, ദിവസേന ഒരേ രീതിയിൽത്തന്നെ സ്വകൃത്യങ്ങൾ തുടന്നു പോകുന്ന ഗ്രഹനക്ഷത്രങ്ങളെക്കുറിച്ചു ചിന്തിക്കുക ; അവയുടെ തുറന്നഭാവവും പരിശുദ്ധിയും ആലോചിക്കുക. ഗ്രഹനക്ഷത്രങ്ങൾക്ക് ആവരണമോ മൂടുപടമോ യാതൊന്നുമില്ലല്ലോ.

സാക്രട്ടീസിൻെറ ഉടുപ്പുകളെല്ലാം എടുത്തുകൊണ്ട്, (ഭാര്യ) ക്സാന്തിപ്പേ പുറത്തുപൊയ്ക്കളഞ്ഞപ്പോൾ, ഒരു തുകൽമാത്രം ധരിച്ചുകൊണ്ട് അക്ഷോഭ്യനായി ഗൃഹത്തിൽ തന്നെയിരുന്ന അദ്ദേഹം എത്ര മഹാനായിരുന്നുവെന്നാലോചിക്കുക. സ്നേഹിതന്മാർ ആ സ്ഥിതിയിൽ അദ്ദേഹത്തെക്കണ്ടു ലജ്ജിച്ചു മാറിപ്പോകാൻ ഭാവിച്ചപ്പോൾ അദ്ദേഹം അവരോടു പറഞ്ഞതെന്തെന്നും ഓക്കുക.

നിയമങ്ങൾ എഴുതി പ്രസിദ്ധപ്പെടുത്തുകയോ, ജനങ്ങളെ വായിച്ചു കേൾപ്പിക്കുകയോ ചെയ്യുന്നതുകൊണ്ട് അവക്ക് അവയിൽ ആദരം ജനിപ്പിക്കാൻ നിനക്കു സാധിക്കുകയില്ല. ആദ്യമായി നീതന്നെ അവയെ ആദരിച്ചാൽ മാത്രമേ നിനക്ക് അതു് സാധ്യമാകുകയുള്ളൂ. ഈ വസ്തുത ജീവിതത്തെ സംബന്ധിച്ചിടത്തോളം കുറേക്കൂടി പരമാർത്ഥമായിട്ടുള്ളതാകുന്നു.

നീയാകട്ടെ കേവലം ഒരടിമ, സ്വാതന്ത്ര്യഭാഷണത്തിനു് നിനക്കവകാശമേയില്ല.

ഉള്ളിലിരുന്നു് എൻെറ ഹൃദയം തനിയെ ചിരിച്ചു.

ക്രൂരവാക്കുകൾ പറഞ്ഞു് അവർ ധമ്മനിഷ്ഠയെ പഴിക്കും.

മഴക്കാലമായാൽപ്പിന്നെ അത്തിപ്പഴം അന്വേഷിച്ചു പുറപ്പെടുന്നവൻ ഭ്രാന്തനത്രേ. ഇതുതന്നെയാണു് കാലം കഴിഞ്ഞതിനുശേഷം സന്താനത്തെ പ്രതീക്ഷിക്കുന്നവ ൻെറയും അവസ്ഥ.

ശിശുവിനെ ലാളിക്കുമ്പോഴെല്ലാം അതു് പക്ഷേ അടുത്തനാൾ മരിച്ചുപോയേയ്ക്കാമെന്ന സംഗതിയും ഉള്ളിൽ സ്മരിക്കണമെന്നു് എപ്പിക്ററററസ് പറയുന്നു. ഈ സ്മരണ അശുഭസൂചകമല്ലേ ?—നിശ്ചയമായും അല്ല; പ്രകൃതിഗതിയെക്കുറിച്ചുള്ള സ്മരണ അശുഭസൂചകമാകുക യില്ല; അല്ലെങ്കിൽ, നെൽക്കതിർ കൊയ്യപ്പെടുമെന്നു വിചാരിച്ചാൽ അതും അശുഭസൂചകമാണല്ലോ എന്നാണു് ആ മഹാൻ ചോദിക്കുന്നതു്.

പച്ചമുന്തിരിങ്ങ, പാകമായിപ്പഴുത്ത മുന്തിരിങ്ങ, ഉണങ്ങിയ മുന്തിരിങ്ങ, ഇങ്ങനെ മുന്തിരിങ്ങയ്ക്കു് പരിണാമഗതിയിൽ ഓരോ ഭാവാന്തരം സംഭവിക്കുന്നുണ്ടല്ലോ. ഇതുനിമിത്തം മുന്തിരിങ്ങ ഒരവസ്ഥയിൽ നിന്നും മറെറാര വസ്ഥയിൽ എത്തിച്ചേരുന്നുവെന്നല്ലാതെ, അതിനു യാതൊരു നാശവും കൈവരുന്നില്ല.

നമ്മുടെ ഇച്ഛാസ്വാതന്ത്ര്യം ആക്കും അപഹരിക്കാവുന്നതല്ല.

എപ്പിക്ററററസ് പിന്നെയും പറയുന്നു:— 'ഓരോ മനുഷ്യനും തനിക്കു് അനുവത്തനയോഗ്യമായ ഓരോ ആചാരപദ്ധതി നിശ്ചയിച്ചവലംബിക്കണം; വികാരങ്ങളെ നിയന്ത്രിക്കണം. അവൻെറ ആചാരപദ്ധതി ലോകസംഗ്രഹമെന്ന ആദശ്ത്തിനു വിധേയവും ജീവിതോദ്ദേശ്യത്തിനു സാഹായകവുമായിരിക്കണം; ഭോഗേച്ഛ കാട്ടിത്തരുന്ന മാർഗ്ഗത്തിൽനിന്നും അവൻ തികച്ചും

പിന്മാറണം; തനിക്കധീനമല്ലാത്ത യാതൊന്നിനെയും അവൻ അനിഷ്ടഭാവേന പരസ്യമായി വർജ്ജിക്കുകയും അരുതു്.

അദ്ദേഹം വീണ്ടും പറയുന്നു:—ഈ വിഷയം സാധാരണമായതൊന്നുമല്ല, ഭ്രാന്തുണ്ടോ ഇല്ലയോ എന്നതാകുന്നു.

സാക്രട്ടീസ് ഇപ്രകാരം ചോദിക്കുക പതിവായിരുന്നു:— നിനക്കു വേണ്ടതെന്താണു്? ബുദ്ധിസമ്പന്നമായ മനുഷ്യാത്മാവോ, അതോ തിര്യക്കുകളുടെ ആത്മാവോ? മനുഷ്യരുടെ ആത്മാവുതന്നെ — ശരി, മനുഷ്യരിൽ തന്നെ ഉന്മത്തരെന്നും അല്ലാത്തവരെന്നും രണ്ടുകൂട്ടരുണ്ടല്ലേ?—ഉണ്ടായിരിക്കാം, ഉന്മത്തരല്ലാത്തവരുടെ ആത്മാവാണെനിക്കു വേണ്ടതു്—എന്നാൽപ്പിന്നെ നീയതുലഭിക്കാൻ ശ്രമിക്കാതിരിക്കുന്നതെന്തുകൊണ്ടു്? — അതു നമ്മിൽത്തന്നെയുള്ളതുകൊണ്ടു് — അങ്ങനെയാണെങ്കിൽ നീ അന്യരുമായി ശണ്ഠകൂട്ടുകയും കലഹിക്കുകയും ചെയ്യുന്നതെന്തിനു്?

# പന്ത്രണ്ടാം അദ്ധ്യായം

ദീർഘകാലപ്രയത്നത്താൽ സ്വായത്തമാക്കാമെന്നു ദ്ദേശിക്കുന്ന കാര്യങ്ങളെല്ലാം വേണമെന്നുണ്ടെങ്കിൽ നിന ക്കിപ്പോഠംത്തന്നെ കൈവരുത്താം. ഭൂതകാലത്തെ വിഗ ണിക്കുകയും ഭാവി ഈശ്വരാധീനമെന്നുറയ്ക്കുകയും വൎത്ത മാനത്തെ ധാർമ്മികബുദ്ധിക്കും ന്യായബുദ്ധിക്കും അനുകൂ ലമാക്കി നയിക്കുകയും ചെയ്യണം. ധാർമ്മികത്വമെന്നു പറഞ്ഞാൽ നിയതിസിദ്ധമായ അനുഭവങ്ങളിൽ സംതൃ പ്തനായിരിക്കുന്ന ശീലമാകുന്നു. നിനക്കായി അനുഭവങ്ങ ളെയും അനുഭവങ്ങഠംക്കായി നിന്നെയും പ്രകൃതിതന്നെയാ ണ് സൃഷ്ടിച്ചിട്ടുള്ളതു്. ഒളിവോ മറവോ കൂടാതെ നിർഭ യം സത്യം തുറന്നു പറയുകയും എല്ലാററിനോടും ഉചിതരീ തിയിൽ പെരുമാറുകയും നിയമങ്ങഠംക്കു സൎവ്വദാ വിധേയ നായിരിക്കുകയും ചെയ്യുകയത്രേ ന്യായബോധലക്ഷണം. അന്യന്റെ ദോഷചിന്തയോ മനോഭാവമോ വാക്കോ നി ന്റെതന്നെ ശരീരവികാരങ്ങളോ നിനക്കു പ്രതിബന്ധമാ യിത്തീരരുതു്; ശരീരം അതിൻെറ കാര്യം നോക്കിക്കൊള്ള ട്ടെ. ലോകത്തിൽനിന്നും നിനക്കു തിരോഭവിക്കാൻ സമയം എത്രമാത്രം അടുത്താലും നീ നിന്നെ നയിക്കുന്ന ബുദ്ധിയേയും ഉള്ളിൽ സ്ഥിതിചെയ്യുന്ന ഈശ്വരാംശ ത്തെയും സൎവ്വപ്രധാനങ്ങളായിപ്പരിഗണിച്ചാദരിക്കണം. ഒരിക്കൽ മരിക്കുമല്ലോ എന്നു വിചാരിക്കുമ്പോഠം നിനക്കു ഭയം തോന്നാം; പക്ഷേ പ്രകൃത്യനുസൃതമായ ജീവിതം സമാരംഭിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ലല്ലോ എന്നു വി ചാരിക്കുമ്പോഴാണു് വാസ്തവത്തിൽ ഭയം തോന്നേണ്ടതു്. എങ്കിൽ മാത്രമേ നിന്നെ ഉൽപാദിപ്പിച്ച പ്രപഞ്ചകൎത്താ വിൻെറ മാഹാത്മ്യത്തിനു യോജിച്ചവനായിത്തീരാൻ നി നക്കു് കഴിവുണ്ടാകൂ; നിൻെറ സ്വന്തം നാട്ടിലും നീയൊരു

വിദേശിയാണെന്ന ബോധം നിൻെറ മനസ്സിൽ നിന്നു് നീങ്ങുകയുള്ളൂ; ദൈനംദിനസംഭവങ്ങളിൽ അത്ഭുതപ്പെടാതെയും യാതൊന്നിനെയും ആശ്രയിക്കാതെയും നിനക്കു കഴിഞ്ഞുകൂട്ടുവാൻ സാധിക്കുകയുള്ളൂ.

എല്ലാ മനുഷ്യരുടെയും അന്തഃകരണം ഈശ്വരൻ ശരിയായി ദശിക്കുന്നു; അതിൻെറ ആവരണങ്ങളോ അശുദ്ധികളോ അവിടുത്തെ ദൃഷ്ടിക്കു ബാധകങ്ങളല്ല. തന്നിൽനിന്നും മനുഷ്യരിൽ പ്രസരിച്ചിട്ടുള്ള ബുദ്ധിയേയും അവിടുന്നു് സ്വന്തം ബുദ്ധ്യംശത്താൽ സ്പശിക്കുന്നു. നീയും ഇപ്രകാരം നിൻെറ ബുദ്ധിയെ വിനിയോഗിക്കുമെങ്കിൽ, നിനക്കു് പലേ അസ്വാസ്ഥ്യങ്ങളും അകലുന്നതാണു്. ഈ മാംസശരീരത്തെ തുച്ഛമായി ഗണിക്കുന്നവന് വസ്ത്രാഡംബരങ്ങളിലോ സുഖവാസസൌകൎയ്യങ്ങളിലോ കീൎത്തിയിലോ തദ്വിധങ്ങളായ ബാഹ്യമോടികളിലോ പ്രകടനങ്ങളിലോ അഭിരുചിയുണ്ടാകുന്നതല്ല.

നിൻെറ ഘടകങ്ങൾ മൂന്നു കൂട്ടമാണു്— ദേഹം, പ്രാണൻ, ബുദ്ധി. ഇവയിൽ ആദ്യത്തെ രണ്ടു കൂട്ടവും നിന്നാൽത്തന്നെ സംരക്ഷിക്കപ്പെടുന്നവയാകയാൽ, നിൻെറ സ്വന്തമാണെന്നു പറയാമെന്നേയുള്ളൂ. വാസ്തവത്തിൽ നിനക്കു സ്വന്തമായുള്ളതു് മൂന്നാമത്തേതു മാത്രമാകുന്നു. അതിനാൽ നീ അതിനെ വേർപെടുത്തി പ്രത്യേകം പരിരക്ഷിക്കണം; അതായതു്, മററുള്ളവർ പറയുന്നതും പ്രവൎത്തിക്കുന്നതുമായ സംഗതികൾ, നീ തന്നെ പറയുകയും പ്രവൎത്തിക്കുകയും ചെയ്യുന്ന കാൎയ്യങ്ങൾ, ഭാവിയിൽ സംഭവിക്കുമെന്ന വിചാരത്താൽ നിന്നെ ഇപ്പോഴേ ദുഃഖിപ്പിക്കുന്ന സംഗതികൾ, നിന്നെപ്പൊതിഞ്ഞിരിക്കുന്ന ശരീരത്തിലുള്ളതോ ആ ശരീരവുമായി സ്വാഭാവികബന്ധത്തിൽ വൎത്തിക്കുന്ന പ്രാണനിൽ സ്ഥിതിചെയ്യുന്നതോ ആയി നിൻെറ ഇച്ഛയ്ക്കധീനമാകാതെ നിന്നെ ബാധിക്കുന്ന പരിവൎത്തനങ്ങൾ, പരി

തഃസ്ഥിതികളുടെ ത്വരിതഭ്രമണത്തിൽ നിന്റെ കൺമുമ്പിൽക്കൂടി പാഞ്ഞുമറയുന്ന വിവിധദൃശ്യങ്ങൾ, ഇവയിൽ നിന്നെല്ലാം ബുദ്ധിയെ വേർപെടുത്തി അതിനു സ്വന്തം ഭാഗധേയത്തിൽ സന്തുഷ്ടിയോടും ന്യായദീക്ഷയോടും സത്യസന്ധതയോടുംകൂടി പരിശുദ്ധവും സ്വാതന്ത്ര്യവുമായ രീതിയിൽ പുരോഗമിക്കാൻ സൗകര്യം നല്കണം. ഇന്ദ്രിയപ്രേരണകളാൽ മനസ്സിൽ രൂഢമൂലമായിട്ടുള്ള ആശയങ്ങളെയും ഭൂതഭാവികാലസംബന്ധികളായ വിചാരങ്ങളെയും അന്തഃകരണത്തിൽ നിന്നും ബഹിഷ്ക്കരിച്ചു് യഥാർത്ഥജീവിതം നയിച്ചു് ആനന്ദഭരിതമായ നിർവൃതി നേടണം. അങ്ങനെ ചെയ്യുന്നപക്ഷം നിനക്കു മനശ്ചാഞ്ചല്യകരങ്ങളായ സംഗതികളിൽ നിന്നും അകന്നു് അന്തര്യാമിയായ ദേവനിൽ ഭക്തിയോടുകൂടിയ ഉത്തമജീവിതം നയിക്കാറാകും.

പരാർത്ഥത്തെ അപേക്ഷിച്ചു് സകല മനുഷ്യർക്കും സ്വാർത്ഥത്തിലാണല്ലോ പ്രതിപത്തി. യാഥാർത്ഥ്യം ഇപ്രകാരമിരിക്കേ, മനുഷ്യരെല്ലാം സ്വാഭിപ്രായങ്ങളെ വിഗണിച്ചു് പരന്മാരുടെ അഭിപ്രായങ്ങൾക്കു് കൂടുതൽ വില കല്പിച്ചുവരുന്നതെന്തുകൊണ്ടാണെന്നു് പലപ്പോഴും ഞാൻ ആലോചിച്ചത്ഭുതപ്പെട്ടിട്ടുണ്ടു്. ഒരു ദേവനോ, ആചാര്യനോ ഒരാളുടെ സമീപത്തുവന്നു് ആയാളോടു് ഉടനുടൻ പുറത്തുപറവാൻ പാടില്ലാത്തതൊന്നും മനസ്സിൽ വിചാരിക്കരുതെന്നു് ആജ്ഞാപിക്കുന്നതായാൽ, അയാൾക്കു് അങ്ങനെ ചെയ്‌വാൻ ഒരു ദിവസത്തേയ്ക്കുപോലും സാധിക്കുന്നതല്ലല്ലോ. ആ സ്ഥിതിക്കു് അന്യർ തന്നെക്കുറിച്ചു വിചാരിക്കുന്നതെല്ലാം പുറത്തു പറയുമെന്നു കരുതി ജിജ്ഞാസ പ്രദർശിപ്പിക്കുന്നതും അവരുടെ അഭിപ്രായം അറിവാൻ ഉൽക്കണ്ഠയോടുകൂടി ശ്രമിക്കുന്നതും വലുതായ ബുദ്ധിമോശമല്ലേ?

മനുഷ്യവർഗ്ഗത്തിൻെറ ഗുണത്തിനും ഉപകാരത്തിനും വേണ്ടി ദേവന്മാർ സമസ്തവും ഭംഗിയായി വ്യവസ്ഥിതമാക്കിയിരിക്കേ, ഒരു കാര്യത്തിൽമാത്രം അവർക്കു തെററു പററിയെന്നു വരാവുന്നതാണോ? നോക്കുക, ചിലർ ബഹുപുണ്യവാന്മാർ, ഈശ്വരപ്രസാദം ലഭിച്ചവർ, ഭക്തിയാലും മതാനുഷ്ഠാനത്താലും ഈശ്വരസാമീപ്യം നേടിയവർ; ഇവരിൽ ആരുംതന്നെ മരിച്ചുകഴിഞ്ഞാൽ പിന്നെ തിരിയെ ലോകരംഗത്തിൽ വന്നു കാണപ്പെടുന്നില്ല. തികച്ചും പൊലിഞ്ഞുപൊയ്പോകുന്നു. ഇതെന്തുകൊണ്ടു്? ദേവന്മാർക്കു തെററു പററിയതുകൊണ്ടാണോ?

അവരെ വീണ്ടും ലോകത്തിൽ പ്രത്യക്ഷപ്പെടുത്തണമെന്നുണ്ടായിരുന്നുവെങ്കിൽ, ദേവന്മാർ നിശ്ചയമായും അങ്ങനെ ചെയ്യുമായിരുന്നു. അതു് ന്യായമായിരുന്നെങ്കിൽ സാദ്ധ്യവും ആയിരിക്കുമായിരുന്നു. പ്രകൃതിയുടെ ഗതിക്കനുസൃതമായിരുന്നെങ്കിൽ അതു ദേവന്മാർ ചെയ്യാതിരിക്കുമായിരുന്നില്ലെന്നും വിചാരിക്കാം. അതിനാൽ അവർ വീണ്ടും ആഗതരാകാതിരിക്കുന്നതു് അങ്ങനെ വേണ്ടെന്നു ദേവന്മാർ കരുതുന്നതുകൊണ്ടുതന്നെയാണെന്നു വരുന്നു. അവരുടെ പുനരാവിർഭാവമെന്ന പ്രശ്നം തന്നെ ഒരുവിധം നോക്കിയാൽ ദേവന്മാരോടുള്ള ഒരു മത്സരമനോഭാവത്തിൻെറ ലക്ഷണമാണെന്നു പരിഗണിക്കാം. എന്നുമാത്രമല്ല, ദേവന്മാർ പരമകാരുണികരും ന്യായസ്വരൂപികളുമാകയാൽ മാത്രമാണു് ഈ മത്സരത്തിനു നാം പുറപ്പെടുന്നതെന്നും ഓർക്കേണ്ടിയിരിക്കുന്നു. പ്രപഞ്ചത്തിൻെറ വ്യവസ്ഥാപനത്തിൽ നീതിവിരുദ്ധമായോ യുക്തിയുക്തമല്ലാതെയോ ദേവന്മാർ യാതൊന്നും ചെയ്തിട്ടില്ലെന്നു് മേല്പറഞ്ഞതിൽ നിന്നെല്ലാം സ്പഷ്ടമാകുന്നു.

അലഭ്യങ്ങളെന്ന നിലയിൽ നിരാശ ജനിപ്പിക്കുന്ന കാര്യങ്ങൾപോലും ശരിയായ പ്രയത്നത്താൽ കൈവരുന്ന

വയായിരിക്കാം; അതിനാൽ നീ തദ്വിഷയകമായി പ്രയത്നംചെയ്തു ശീലിക്കണം. നോക്കുക, നമ്മുടെ ഇടത്തുകൈ തന്നെ അഭ്യാസക്കുറവിനാൽ പല കാൎയ്യങ്ങൾക്കും നിഷ്പ്രയോജനമാണല്ലോ. എന്നാൽ അതു് കുതിരയുടെ കടിഞ്ഞാൺ പിടിക്കാൻ വളരെ സമൎത്ഥമായിട്ടാണിരിക്കുന്നതു്. അതിന്നു ഈ പ്രവൃത്തിയിൽ മാത്രമേ ശരിയായ അഭ്യാസം സിദ്ധിച്ചിട്ടുള്ളു എന്നുള്ളതാണിതിന്നു കാരണം.

ആസന്നമരണനായ ഒരു മനുഷ്യന്റെ മനഃശരീരങ്ങൾ ഏതു സ്ഥിതിയിൽ വൎത്തിക്കുന്നവയായിരിക്കുമെന്നാലോചിക്കുക. ജീവിതം ക്ഷണസ്ഥായിയാണെന്നും എത്രമാത്രം അപാരങ്ങളും അഗാധങ്ങളുമായ രണ്ടു മഹാഗൎത്തങ്ങളാണു് ഭൂതവും ഭാവിയുമായ കാലവിസ്തൃതികളെന്നും സമസ്തവസ്തുക്കളും എത്ര പ്രക്ഷീണങ്ങളാണെന്നും എപ്പോഴും ചിന്തിച്ചുകൊള്ളുക.

സകലത്തിന്റെയും പുറമേ കാണുന്ന ഉമി നീക്കിക്കളഞ്ഞു് ഉള്ളിലുള്ള സാരമാണു് ഗ്രഹിക്കേണ്ടതു്. അതുപോലെ എല്ലാ പ്രവൃത്തികളുടെയും തത്വഭൂതമായ ഉദ്ദേശ്യത്തെപ്പററി ചിന്തിക്കണം. സുഖം, ദുഃഖം, മരണം, കീൎത്തി ഇവയുടെയും തത്വമാലോചിക്കണം. ഓരോരുത്തൎക്കും ദുഃഖത്തിന്നു കാരണം അവരവർ തന്നെയാണെന്നും ഒരു കാൎയ്യത്തിലും ഒരാൾക്കു മററൊരാൾ പ്രതിബന്ധമാകുകയില്ലെന്നും ദുഃഖം, പ്രതിബന്ധബോധം ഇവയെല്ലാം കേവലം മനോഭാവത്തിന്റെ ഫലമാണെന്നും നിസ്സന്ദേഹം മനസ്സിലാക്കേണ്ടതാകുന്നു.

ആദൎശപരമായ തത്വങ്ങളുടെ പ്രയോഗത്തിൽ നീ മല്ലയുദ്ധപ്രവീണനെപ്പോലെ വൎത്തിക്കണം; അസിയുദ്ധചതുരനെപ്പോലെ അരുതു്. അസിയുദ്ധവേളയിൽ താഴെ വീണുപോകാം; അതിൽവച്ചു് അസിധാരിക്കു മരണവും സംഭവിക്കാം. മല്ലവീരന്റെ ഭുജങ്ങൾക്കു് ഭ്രംശം വരിക

യില്ല; അവ എപ്പോഴും അയാൾക്ക സ്വാധീനങ്ങളായിരിക്കം. അവയെ ശരിയായി പ്രയോഗിക്കകമാത്രമാണ് ചെയ്യേണ്ടതു്.

സകല വസ്തുക്കളുടെയും സ്വതേയുള്ള സ്വഭാവം വസ്തു, രൂപം, കാരണം എന്നീ കോണങ്ങളിലൂടെ വീക്ഷിച്ചു പരിശോധിക്കണം.

ഈശ്വരന്ന സമ്മതമാകാത്തതൊന്നും പ്രവൎത്തിക്കാതിരിക്കാനും ഈശ്വരൻ നല്കുന്നതെല്ലാം സ്വീകരിച്ചുകൊള്ളുവാനും മനുഷ്യനുമാത്രമേ കഴിയൂ; ഹാ! അവന്റെ ഭാഗ്യം! അധികാരം!

പ്രകൃതിഗതിക്കനുസൃതമായി സംഭവിക്കുന്ന കാൎയ്യങ്ങളെ സംബന്ധിച്ചിടത്തോളം നാം ദേവന്മാരെയാകട്ടെ മനുഷ്യരെയാകട്ടെ പഴിപറയുന്നതു ശരിയല്ല. ദേവന്മാർ അറിഞ്ഞോ അറിയാതെയോ യാതൊരുതെററും ചെയ്യുന്നില്ല. മനുഷ്യരും അജ്ഞാനത്താലല്ലാതെ തെററു ചെയ്യുന്നില്ല. അതിനാൽ ആരെയും പഴിച്ചിട്ടു കാൎയ്യമില്ല.

ജീവിതത്തിൽ സാധാരണ സംഭവിക്കാറുള്ള ഏതെങ്കിലും സംഗതിയിൽ അത്ഭുതം പ്രകടിപ്പിക്കുന്നവൻ എത്രമാത്രം അശിക്ഷിതനും പരിഹാസ്യനുമാണെന്നു നോക്കുക.

ഒന്നുകിൽ അപരിഹാൎയ്യമായ വിധിയുടെ വിലാസവും അലംഘനീയമായ നിയമവ്യവസ്ഥയും മാത്രമായിരിക്കാം വിശ്വത്തിൽ വ്യാപരിക്കുന്നതു്; അല്ലെങ്കിൽ, പരമകാരുണികനായ ഒരീശ്വരനായിരിക്കാം പ്രപഞ്ചസ്ഥിതി നിൎവ്വഹിക്കുന്നതു്. ഇതു രണ്ടുമല്ലെങ്കിൽ, യാതൊരുദ്ദേശ്യമില്ലാത്തതും നിയന്ത്രരഹിതവും അവ്യവസ്ഥിതവുമായ ഒരവസ്ഥയാണ് പ്രപഞ്ചത്തിൽ നടമാടുന്നതെന്നുവരും. അലംഘനീയമായ വിധിവിലസിതമാണുള്ളതെങ്കിൽ, അതിനെ നിരോധിക്കാനോ അന്യഥാകരിക്കാനോ ശ്രമിച്ചതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകാനില്ല. ആരാധനീയമായ ഈശ്വരശക്തിയാണ്

പ്രച്ഛരിക്കുന്നതെങ്കിൽ, ആ ശക്തിയുടെ സാഹായ്യം ലഭിക്കാൻ നീ വേണ്ട യോഗ്യത സമ്പാദിച്ചുകൊള്ളണം. കുരുപ്പില്ലാക്കളെരിയെന്നപോലെ പ്രപഞ്ചം സൎവ്വത്ര അവ്യവസ്ഥിതമാണെങ്കിൽ, ആ ബഹളത്തിൽ ബുദ്ധിചൈതന്യസമ്പന്നനായ നീ സംതൃപ്തനായടങ്ങിയിരിക്കുകയും വേണം. കഴിയുമെങ്കിൽ ആ ബഹളം നിൻെറ ദുർബ്ബലമായ ശരീരത്തെയും പ്രാണനെയും മററെല്ലാററിനെയും വലിച്ചുകൊണ്ടു പൊയ്ക്കൊള്ളട്ടെ; ബുദ്ധിയെ മാത്രം അതിന്നു കൊണ്ടുപോകാൻ സാധിക്കുകയില്ല. നീ ബുദ്ധിയെ സംരക്ഷിച്ചുകൊള്ളുക.

ദീപം പൊലിഞ്ഞുപോകുമ്പോൾമാത്രമാണ് അതിൻെറ പ്രകാശം അടങ്ങുന്നതു്. അതുപോലെ,മരണത്തോടുകൂടിമാത്രമേ നിന്റെ ന്യായബോധവും മിതഭോഗശീലവും സത്യനിഷ്ഠയും നശിക്കാവു.

ഒരാൾ എന്തെങ്കിലും ദോഷം പ്രവത്തിച്ചിരിക്കുന്നതായിക്കണ്ടാൽ, നീ ഇപ്രകാരം ചിന്തിക്കണം: ഇയാൾ ചെയ്തതു ദോഷമാണെന്നു് എനിക്കെങ്ങനെ തീർച്ചപ്പെടുത്താം? അഥവാ, ഇയാൾ ദോഷംതന്നെയാണു് ചെയ്തതെന്നിരുന്നാലും, അതിൽവച്ചു് ഇയാൾക്കു പശ്ചാത്താപമുണ്ടായിട്ടില്ലെന്നു് എങ്ങനെ പറയാൻ കഴിയും? ദുർവൃത്തന്മാർ തെററുചെയ്യരുതെന്നു പറയുന്നതു്,അത്തിപ്പഴത്തിൽ ചാറുണ്ടായിരിക്കരുതെന്നും ശിശുക്കൾ കരയരുതെന്നും കുതിരകൾ ഹേഷാരവം പുറപ്പെടുവിക്കരുതെന്നും-ഇങ്ങനെ ഒരു വസ്തുവും അതിൻെറ സ്വാഭാവികഗുണം പ്രകാശിപ്പിക്കരുതെന്നും—ശഠിക്കുന്നതിന്നു് തുല്യമാകുന്നു. ദുർവൃത്തന്നു് ദുഷ്പ്രവൃത്തിയല്ലാതെ മററന്താണു് ചെയ്യാൻ കഴിയുക? നിനക്കു് അവൻെറ നേക്കു് നീരസം തോന്നാം; പക്ഷേ, നീ അവനെ നന്നാക്കുവാൻ നോക്കണം.

കത്തവ്യമല്ലാത്ത പ്രവൃത്തി ഒരിക്കലും ചെയ്യരുതു്; സത്യമല്ലാത്ത വാക്കു പറയുകയും അരുതു്.

ദൃഷ്ടിഗോചരമാകുന്ന സമസ്തവസ്തുക്കളെയും എപ്പോഴും ശ്രദ്ധയോടുകൂടി നിരീക്ഷിക്കണം. അവയെ അപഗ്രഥിച്ച് അവയുടെ ദ്രവ്യസ്വഭാവത്തെയും കാരണതത്വത്തെയും പ്രയോജനവിശേഷത്തെയും നിലനില്പുകാലത്തിന്റെ പരിമാണത്തെയും മനസ്സിലാക്കണം.

നിന്നെ വിഷയവികാരങ്ങൾക്കധീനനാക്കി പാവകളിപ്പിക്കുന്ന വസ്തുക്കളെ അപേക്ഷിച്ച് ഉൽകൃഷ്ടതരവും ദിവ്യവുമായ ഒരു ശക്തിവിശേഷം നിന്നിൽ സ്ഥിതിചെയ്യുന്നുണ്ടെന്നു് നിനക്കു ഒടുവിൽ ബോദ്ധ്യമാകും. എന്റെ മനസ്സിൽ ഇപ്പോൾ വ്യാപരിക്കുന്നതെന്താണു്? ഭയമോ, സംശയമോ, കാമമോ, തദ്വിധമായ മററുവല്ലതുമോ?

ഒന്നാമതു്, വേണ്ടവണ്ണം ആലോചിക്കാതെയോ ഉദ്ദേശ്യം കൂടാതെയോ യാതൊന്നും പ്രവൎത്തിക്കരുതു്. രണ്ടാമതു്, നിന്റെ സകല പ്രവൃത്തികളും ലോകനന്മയ്ക്കു് ഉപകാരകങ്ങളായിരിക്കാൻ നീ സൎവ്വദാ ശ്രദ്ധിക്കണം. ഏറെത്താമസിയാതെ നീ അന്തരിക്കുമെന്നു മാത്രമല്ല, നിനക്കു ലോകത്തിൽ സ്ഥാനമൊന്നും ഉണ്ടായിരിക്കുകയുമില്ലെന്നു കരുതുക. നിന്നെപ്പോലെ, ഇപ്പോൾ ലോകത്തിൽ കാണപ്പെടുന്ന മനുഷ്യരും വസ്തുക്കളും സമസ്തവും നശിക്കുകതന്നെ ചെയ്യും. പ്രകൃതി എല്ലാററിനെയും പരിണാമനിയമത്തിനധീനമാക്കി സൃഷ്ടിച്ചിട്ടുള്ളതിനാൽ, എല്ലാം ഓരോന്നായി നശിച്ചുകൊണ്ടിരിക്കും; തൽസ്ഥാനങ്ങളിൽ ഓരോന്നു് പുതുതായി ജനിച്ചുകൊണ്ടുമിരിക്കും. ഇങ്ങനെയാണു് പ്രപഞ്ചചക്രം തിരിയുന്നതു്.

മനോഭാവമാണു് സകലതിനും കാരണം; മനോഭാവം നിനക്കധീനമായിട്ടുള്ളതാണെന്നും ഓൎക്കുക. നീ മനോഭാവത്തെ വേണ്ടവണ്ണം രൂപാന്തരപ്പെടുത്തിക്കൊള്ളണം. അങ്ങനെ ചെയ്താൽ, കരയടുത്ത നാവികനു് അലയൊഴിഞ്ഞ സമുദ്രഭാഗം എന്നപോലെ അക്ഷോഭ്യ

മായ സ്ഥിരമനഃസ്ഥിതി നിനക്കു കൈവരാതിരിക്കുക യില്ല.

ഓരോ പ്രവൃത്തിയും പ്രാപ്തകാലത്തിൽ അവസാനി ക്കുന്നു. അങ്ങനെ അവസാനിക്കുന്നതു നിമിത്തം പ്രവൃ ത്തിക്കാകട്ടെ, തൽക്കത്താവിനാകട്ടെ യാതൊരുദോഷവും സംഭവിക്കുന്നില്ല. അതുപോലെയാണു് സകലപ്രവൃത്തി കളുടെയും ആകെത്തുകയായ ജീവിതവും അവസാനിക്കു ന്നതു്. പ്രാപ്തകാലത്തിൽ അങ്ങനെ സംഭവിക്കുന്നതു കൊണ്ടു് ജീവിതത്തിനു ദോഷം പിണഞ്ഞതായോ ജീവി തകത്താവിനു് ദുർഗതി നേരിട്ടതായോ വിചാരിച്ചുകൂടാ. സകലത്തിന്റെയും വിരതിക്കു് പ്രകൃതിദേവി കാലനി ണ്ണയം ചെയ്യാതിരിക്കുന്നില്ല. പലപ്പോഴും വ്യക്തികളുടെ വാദ്ധക്യകാലമായിരിക്കും ഈ വിരതിക്കു് പ്രകൃതി നിശ്ചയി ക്കുന്നകാലം. ഈ വിരാമപ്രക്രിയയിൽക്കൂടേ വിശ്വത്തിന്റെ അംശങ്ങൾ സദാ മാറിക്കൊണ്ടിരിക്കുന്നു. ഇതുനിമിത്തം പ്രകൃതിദേവി വിശ്വത്തിന്റെ പൂണ്ണതയ്ക്കു ഭംഗം വരുത്തു ന്നില്ലെന്നുമാത്രമല്ല, അതിനു് അഭിനവത്വം സമ്പാദിച്ചു കൊടുക്കുകയും ചെയ്തുപോരുന്നു. ഇപ്രകാരം വിശ്വത്തിനു കൈവരുന്ന നവീകരണത്തിനു കാരണമായ സകല പരി വത്തനങ്ങളും നന്മതന്നെയാണു്; പ്രാപ്തകാലത്തിൽ സംഭവിക്കുന്നവയുമാണു്. അതിനാൽ ജീവിതവിരതി ആക്കും ദോഷകരമല്ല, അഭിമാനക്ഷയകരവുമല്ല. അതി നെ ആരും വിളിച്ചുവരുത്തുന്നില്ല; അതു വിശ്വത്തിന്റെ നന്മയ്ക്കായി സംഭവിക്കുന്നതേയുള്ളു. വാസ്തവത്തിൽ മരണം ഒരു നന്മയാകുന്നു; എന്തുകൊണ്ടെന്നാൽ അതു പ്രാപ്തകാലത്തിൽ സംഭവിക്കുന്നതും ലോകഗുണത്തിനു് ഉപകാരകവുമത്രേ. ഈ തത്വം ഗ്രഹിച്ചു ജീവിക്കുന്നവൻ ഈശ്വരാഭിമതം ഗ്രഹിക്കുന്നവനും ഈശ്വരനിർദ്ദിഷ്ട മായ മാഗ്ഗത്തിൽ ചരിക്കുന്നവനും ആയിരിക്കും.

ഈ മൂന്നു തത്വങ്ങൾ നീ എപ്പോഴും ഓർമ്മയിൽ വച്ചുകൊള്ളണം—ഒന്നു്: നീ ചെയ്യുന്ന യാതൊരു പ്രവൃത്തിയും നിരുദ്ദേശ്യമോ, അവിവേകപൂർവ്വമോ ആയിരിക്കരുതു്. അതു് ന്യായസത്ത മൂർത്തീഭവിച്ചു പ്രവർത്തിക്കുന്ന വിധം ആയിരിക്കണം. ബാഹ്യങ്ങളായ എല്ലാം അനുഭവങ്ങളും ഒന്നുകിൽ യാദൃച്ഛികങ്ങൾ, അല്ലെങ്കിൽ ഈശ്വരകല്പിതങ്ങൾ, യാദൃച്ഛികതയെ തടയാനോ, ഈശ്വരേച്ഛയെ അപലപിക്കാനോ ന്യായമില്ല; അതു സാദ്ധ്യവുമല്ല. രണ്ടു്: ഗർഭാധാനം മുതൽ ഗർഭസ്ഥപിണ്ഡത്തിൽ ജീവാത്മാവിന്റെ പ്രവേശം വരെയും, അതുമുതൽ മരണം വരെയും ഉള്ള കാലഘട്ടങ്ങളിൽ വന്നുചേരുന്ന അവസ്ഥാന്തരങ്ങളെ നീ സവിശേഷചിന്തയ്ക്കു വിഷയമാക്കണം. ഘടകദ്രവ്യങ്ങൾ ചേർന്നുചേർന്നു് ശരീരം ഉരുപ്പിടിക്കുന്ന വിധവും ഒടുവിൽ ശരീരം അഴിഞ്ഞുലഞ്ഞു് അതിന്റെ ഘടകങ്ങൾ വേർപെടുന്ന രീതിയും ശരിയായി മനസ്സിലാക്കേണ്ടതാകുന്നു. മൂന്നു്: ഭൂലോകം വിട്ടു് പെട്ടെന്നുയർന്നുനിന്നുകൊണ്ടു് വിവിധസമ്പ്രദായക്കാരായ മനുഷ്യവർഗ്ഗങ്ങളെയും അതുപോലെതന്നെ വായുമണ്ഡലത്തെയും ആകാശമണ്ഡലത്തെയും അധിവസിക്കുന്ന അനന്തകോടി ജീവരാശികളെയും ഒരുമിച്ചുവീക്ഷിക്കുന്നതായാൽ, ആ കാഴ്ച നിന്നിൽ അവജ്ഞയെ ഉളവാക്കുമെന്നുള്ളതിനു സംശയമില്ല. ഈ വീക്ഷണം എത്ര തവണ ആവർത്തിച്ചാലും ദൃശ്യത്തിന്റെ സ്വഭാവത്തിനു് ഒരു വ്യത്യാസവും ഉണ്ടായിരിക്കുകയില്ല; ഏകരൂപതയും ക്ഷണസ്ഥായിത്വവും തന്നെ എപ്പോഴും തുടർന്നു കാണപ്പെടും. നോക്കുക, ഈ കാഴ്ചയിൽ മനുഷ്യനു് അഭിമാനം കൊള്ളുവാൻ എന്തെങ്കിലും വകയുണ്ടോ?

വികാരങ്ങളെ വലിച്ചു ദൂരത്തെറിയുക; എന്നാൽ നിനക്കു രക്ഷ കിട്ടും. അവയെ വലിച്ചെറിയുവാൻ എന്താണു് പ്രതിബന്ധം?

സമസ്തസംഭവങ്ങളും വിശപ്രകൃതിയുടെ ഇച്ഛയനുസരിച്ചുണ്ടാകുന്നവയാണെന്ന തത്വം വിസ്മരിക്കുക നിമിത്തമാണ് നിനക്കു ദുഃഖം വന്നുചേരുന്നതു്. അന്യരുടെ അപകാരപ്രവൃത്തികൾ നിന്നെ ബാധിക്കുകയില്ലെന്നുള്ള സംഗതി നീ ഓക്കുന്നില്ല; എന്നു മാത്രമല്ല, ഇന്നും ഇന്നലെയും നാളെയും എന്നും എവിടെയും സമസ്തവും ഒരേ രീതിയിൽത്തന്നെയാണ് സംഭവിക്കുന്നതെന്നു വസ്തുതയും നീ നല്ലവണ്ണം ആലോചിക്കുന്നില്ല. ഒരു വ്യക്തിക്കു മനുഷ്യവർഗ്ഗവുമായുള്ള ബന്ധം എത്രയോ ദൃഢമായ ഒന്നാണെന്നും, അതു് രക്തത്താലുള്ളതു മാത്രമല്ല, ബുദ്ധിചൈതന്യത്താലുള്ളതാണെന്നും, ബുദ്ധിചൈതന്യം ദിവ്യവും ഈശ്വരനിൽ നിന്നു് സിദ്ധിച്ചിട്ടുള്ളതുമാണെന്നും നീ വിസ്മരിച്ചുകളയുന്നു. യാതൊരു മനുഷ്യനുംതന്നെ അവൻേറതെന്നു പറയത്തക്കതൊന്നുമില്ലെന്നും അവൻെറ സന്താനം, ശരീരം, ആത്മാവ്, ഇവയെല്ലാം അവന്നു് ഈശ്വരനിൽ നിന്നു് ലഭിക്കുന്നവയാണെന്നും അവൻെറ ഇഷ്ടാനിഷ്ടങ്ങളെല്ലാം കേവലം മനോഭാവഫലങ്ങളാണെന്നും അവൻെറ ജീവിതം വത്തമാനക്ഷണത്താൽ മാത്രം പരിമിതമായിട്ടുള്ളതാണെന്നും അവന്നു് സ്വമേധയാ നഷ്ടപ്പെടുത്താവുന്നതും ഈ വത്തമാനക്ഷണം മാത്രമാണെന്നും നീ എല്ലായ്പ്പോഴും ഓത്തുകൊള്ളണം.

ആർഭാടത്തോടുകൂടി ജീവിച്ചിരുന്നവർ, അന്യാദൃശമായ കോപം പ്രകടിപ്പിച്ചിരുന്നവർ, കീത്തിപ്രചുരിമയാലും ഭാഗ്യാതിരേകത്താലും പ്രമാണികളായിരുന്നവർ, അന്യരോടു പരമശത്രുത്വം ഭാവിച്ചു് അഹംകരിച്ചവർ, ഘോരവിപത്തുകളിൽപ്പെട്ടു നട്ടംതിരിഞ്ഞവർ എന്നിങ്ങനെ പ്രസിദ്ധരും കുപ്രസിദ്ധരുമായി പലരും ഉണ്ടായിരുന്നു. അവരെല്ലാം ഇപ്പോൾ എവിടെ? ചാരവും പുകയുമായി; കഥാവശേഷരായി! ചിലരുടെ കഥ തന്നെയും നശിച്ചു കഴിഞ്ഞു!

ഓരോരുത്തർ എത്രമാത്രം അത്യാഗ്രഹത്തോടും അഹങ്കാരത്തിളപ്പോടും കൂടിയാണ് ഓരോന്നു കൈക്കലാക്കാൻ ശ്രമിച്ചിട്ടുള്ളതു്. അവരുടെ അത്തരം സംരംഭങ്ങളും അഭിനിവേശഭാവങ്ങളും എത്ര നികൃഷ്ടമാണെന്നാലോചിക്കുക. നേരേ മറിച്ചു്, ന്യായബോധത്തോടുകൂടി മിതവും ഭക്തിയുക്തവുമായ രീതിയിൽ പ്രവൎത്തിക്കാൻ ലഭിക്കുന്ന സന്ദർഭങ്ങളെ മനുഷ്യൻ ആർഭാടരഹിതം പ്രയോജനപ്പെടുത്തുന്നതല്ലേ അഭിനന്ദനീയം? ഗർവ്വമില്ലെന്നു ഭാവിച്ചു് ഗർവ്വം കൊള്ളുന്നതായ ഭാവമാണ് ഏററവും ഗർഹണീയം.

ദേവന്മാരെ നീ വല്ലയിടത്തും കണ്ടിട്ടുണ്ടോ? യഥാൎത്ഥത്തിൽ അവർ ഉണ്ടെന്നറിഞ്ഞു് നിനക്ക് അവരെ ആരാധിക്കാൻ എങ്ങനെ കഴിയും? എന്നിങ്ങനെ ചോദിക്കുന്നവരോടു് എൻെറ ഉത്തരമിതാണ്: നമുക്ക് നമ്മുടെ മാംസചക്ഷുസ്സുകൊണ്ടുതന്നെ ദേവന്മാരെക്കാണാൻ കഴിയും. ആത്മാവിനെ കണ്ടിട്ടില്ലെങ്കിലും അതിനെ ആദരിക്കാത്തവരാരുമില്ലല്ലോ. അതുപോലെതന്നെയാണ് ദേവന്മാരുടെയും സ്ഥിതി. ദേവന്മാരുടെ ശക്തിപ്രഭാവവും പ്രവൃത്തിവൈശിഷ്ട്യവും എനിക്കു നിത്യം അനുഭവപ്പെടുന്നുണ്ടു്; അതിനാൽ അവർ ഉണ്ടെന്നുള്ള സംഗതിയിൽ എനിക്കു സംശയമേയില്ല, ഞാൻ അവരെ വണങ്ങുകയും ചെയ്യുന്നു.

ജീവിതത്തിൽ രക്ഷാമാർഗ്ഗം ഇതത്രേ: ഓരോ വസ്തുവിനെയും സമ്പൂൎണ്ണമായി പരിശോധിച്ചു് അതിൻെറ യാഥാൎത്ഥ്യം ഗ്രഹിക്കണം; വസ്തുക്കളുടെ സ്ഥൂലസൂക്ഷ്മകാരണരൂപങ്ങളും തത്വങ്ങളും ഗ്രഹിക്കണം. ഹൃദയപൂർവ്വം ന്യായം പ്രവൎത്തിക്കുകയും സത്യം പറയുകയും വേണം. തുടരെത്തുടരെ സൽക്കൎമ്മങ്ങളനുഷ്ഠിച്ചു് സർവ്വദാ സംതൃപ്തി നേടുക യെന്നതിൽക്കവിഞ്ഞു് മനുഷ്യനു് കാമ്യമായുള്ളതു് മറെറന്താണ്? വെയിൽ മതിലിന്മേലോ, മലമ

കളിലോ മറേറതിലെങ്കിലുമോ വീണു വിഭക്തമായിത്തോന്നിയാലും സൂര്യനിൽ നിന്നും വന്നതായ ഒന്നു തന്നെയാണല്ലോ. അതുപോലെ വിവിധകർമ്മങ്ങളോടുകൂടിയ സംഖ്യാതീതങ്ങളായ ശരീരങ്ങളിൽ പ്രവേശിച്ച് വിഭക്തമായി കാണപ്പെടുന്നതും ഒരേ മൂലവസ്തുവാകുന്നു. ബുദ്ധിചൈതന്യവിശിഷ്ടമായ ഒരേ ആത്മാവു തന്നെയാണ് വിഭക്തരൂപത്തിൽ സ്ഥിതി ചെയ്യുന്നതു്. ശരീരഘടകങ്ങളായ പൃത്ഥ്വി, വായു, ജലം, മുതലായവയ്ക്കു് പരസ്പരബന്ധമോ ജ്ഞാനശക്തിയോ ഇല്ല. ഇവയെ സംഘടിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നതു് ആ ചിദാത്മാവാകുന്നു. ഭൂമിയുടെ കേന്ദ്രാകർഷണശക്തി ജഡവസ്തുക്കളിൽ നടത്തുന്ന അധികാരം എന്തെന്നു് നമുക്കറിയാമല്ലോ. ഏറെക്കുറെ ഈ രീതിയിലാണ് പ്രപഞ്ചഗതമായ ജീവികളുടെയെല്ലാം ചിദംശത്തിലും ചിദാത്മാവു പ്രവർത്തിക്കുന്നതു്. വ്യക്തിഗതമായ ചിദംശം സജാതീയതാബോധത്താൽ പരസ്പരം ആകർഷിക്കുകയും മനുഷ്യരിൽ സാമുദായികബോധം ജനിപ്പിച്ചു പോഷിപ്പിക്കുകയും ചെയ്യുന്നു.

നിൻെറ ആഗ്രഹമെന്താണു്? ജീവിതം തുടർന്നുപോകണമെന്നുതന്നെയോ? ശരി, നിനക്കു് ഇന്ദ്രിയജ്ഞാനശക്തിയോ, ചലനശക്തിയോ, വളർച്ചയോ വേണമെന്നുണ്ടോ? ഇതെല്ലാം ലഭിക്കണമെന്നു് നീ എന്തിനാഗ്രഹിക്കുന്നു? ഇവയ്ക്കു് അത്ര വൈശിഷ്ട്യമെന്താണുള്ളതു്? ഇവയെല്ലാം വിഗണിച്ചു കളയുന്നപക്ഷം വിശുദ്ധബുദ്ധിയും ചിത്സ്വരൂപനുമായ സർവ്വേശ്വരൻെറ ശക്തിമാത്രമായിരിക്കും അവശേഷിക്കുന്നതു്. നീ അങ്ങോട്ടേയ്ക്കു തിരിഞ്ഞുകൊള്ളുക. ഈശ്വരാഭിമുഖം നിലകൊള്ളുന്നവർക്കാർക്കും ഐഹികസംഭവങ്ങളൊന്നും യാതൊരു മനോവ്യഥയ്ക്കും കാരണമാകുകയില്ല.

അപ്രമേയവും അനന്തവും അഗാധവുമായ കാലവിസ്തൃതിയുടെ എത്രചെറിയ ഒരംശമാണ് മനുഷ്യൻെറ ആയുഷ്ക്കാലം! ഒരു നിമേഷം—അതാ അതു് അനന്തതയിൽ ലയിച്ചുകഴിഞ്ഞു! ഇതുപോലെ മനുഷ്യശരീരവും മനുഷ്യാത്മാവും വിശ്വശരീരത്തിൻെറയും വിശ്വാത്മാവിൻെറയും സൂക്ഷ്മാംശങ്ങളാകുന്നു. നിൻെറ ജീവിതരംഗമായ ഭൂഭാഗമാകട്ടെ, വിശ്വബ്രഹ്മാണ്ഡത്തിൻെറ അപ്രമേയത്വം നോക്കിയാൽ, കേവലം ഒരു നുള്ളുമണ്ണിൻെറ വലിപ്പംപോലുമുള്ളതല്ല. ഇതെല്ലാം ചിന്തിക്കുമ്പോൾ വാസ്തവത്തിൽ വലുതെന്നുപറയത്തക്കതായി ഈ ലോകത്തിൽ യാതൊന്നുമില്ലെന്നു കാണാം. പ്രകൃതിയുടെ ഗതിയനുസരിച്ചു പ്രവൎത്തിക്കുകയും വിശ്വപ്രകൃതി വരുത്തുന്നതെല്ലാം സഹിച്ചു സന്തുഷ്ടനായിരിക്കുകയും ചെയ്യുകയത്രേ മഹത്വലക്ഷണം.

നിന്നെ ഭരിക്കുന്ന വിവേകബുദ്ധി എങ്ങനെ വ്യാപരിക്കുന്നു? അതാണു് സർവ്വപ്രധാനമായ കാൎയ്യം. നിൻെറ ഇച്ഛയ്ക്കു് അധീനമായിരുന്നാലും ഇല്ലെങ്കിലും മററുള്ളതെല്ലാം ചാരവും പുകയും പോലെ നിഷ്പ്രയോജനങ്ങളാകുന്നു.

സുഖം നന്മയെന്നും ദുഃഖം തിന്മയെന്നും കരുതുന്നവർപോലും മരണത്തെ അപലപിക്കുകയാണു ചെയ്യുന്നതെന്ന സംഗതി മരണത്തെ വിഗണിക്കുവാൻ നമുക്കു പ്രയോജനപ്രദമായിരിക്കും.

പ്രാപ്തകാലത്തിൽ സംഭവിക്കുന്നതു മാത്രമാണു് നന്മയായിട്ടുള്ളതെന്നും വിവേകബുദ്ധിയുടെ നിയോഗം അനുസരിച്ചു ചെയ്യപ്പെടുന്ന കൎമ്മങ്ങൾ അല്പമായാലും അധികമായാലും ഫലത്തിൽ തുല്യങ്ങളാണെന്നും ജീവിതകാലത്തിൻെറ ദൈൎഘ്യം കൂടുകയോ കുറയുകയോ ചെയ്യുന്നതിനാൽ വിശേഷമൊന്നും ഉണ്ടാകാനില്ലെന്നും ആലോ

ചിച്ച് ഗ്രഹിച്ചിട്ടുള്ളവന്ന് മരണം ഒരിക്കലും ഒരു ഭയങ്കര വിപത്തായിത്തീരുകയില്ല.

അല്ലയോ മനുഷ്യ! ഈ വിശാലമഹാനഗരത്തിലെ പൌരന്മാരിൽ ഒരാളായിട്ടാണല്ലോ നീ കഴിഞ്ഞുകൂട്ടുന്നതു്. നിന്റെ പൌരത്വം മൂന്നു വർഷത്തേയ്ക്കോ അഞ്ചു വർഷത്തേയ്ക്കോ എത്രകാലത്തേയ്ക്കോ ആയിരിക്കട്ടെ; അതുകൊണ്ടു യാതൊരു വിശേഷവും ഉണ്ടാകാനില്ല. നഗരത്തിലെ നിയമങ്ങൾ പക്ഷപാതരഹിതം സർവ്വത്ര ന്യായം നടത്തിക്കൊണ്ടു നിലനില്ക്കും. നിന്നെ നഗരത്തിൽനിന്നും പുറത്തയയ്ക്കാൻ പോകുന്നതു് നിഷ്ഠുരനായ ഒരു ഭരണകർത്താവോ, നീതിയില്ലാത്ത ഒരു ന്യായാധിപനോ ആയിരിക്കുകയില്ല; നിന്നെ ഉൽപാദിപ്പിച്ച പ്രകൃതിതന്നെയാകുന്നു. അതിനാൽ നിനക്ക് സങ്കടത്തിന്നു് അവകാശമില്ല. നാടകരംഗത്തിൽ അഭിനയിച്ചിരുന്ന നടനെ നാടകാധികാരി പിരിച്ചുവിടുന്നു എന്നു വിചാരിക്കുക. 'അഞ്ചു രംഗങ്ങളും തീർന്നില്ലല്ലോ; മൂന്നു രംഗങ്ങൾ മാത്രമല്ലേ ആടിക്കഴിഞ്ഞിട്ടുള്ളു' എന്നു് ആ നടൻ ചോദിച്ചേയ്ക്കാം. അവനെ സംബന്ധിച്ചിടത്തോളം ആ ചോദ്യം ശരിയുമായിരിക്കാം. എന്നാൽ ജീവിതനാടകം ആ മൂന്നു രംഗങ്ങളാൽത്തന്നെ പൂർത്തിയാകുന്നു. നാടകം പൂർത്തിയായി ആടിക്കഴിഞ്ഞോ ഇല്ലയോ എന്നു നിർണ്ണയിക്കേണ്ടതു് രംഗവിധാനത്തിന്റെയും തൽസമാപനത്തിന്റെയും ചുമതലക്കാരനായ അധികാരിയാണ്. നിനക്ക് അക്കാര്യത്തിൽ കൈകാര്യകർത്തൃത്വമില്ല. സൃഷ്ടിച്ചവൻ തന്നെ സംഹരിക്കുകയും ചെയ്യുന്നു. അതിനാൽ സംതൃപ്തഹൃദയനായി യാത്രയാവുക. നിന്നെ യാത്രയാക്കുന്ന പരമപുരുഷനും സമ്പൂർണ്ണസംതൃപ്തനത്രേ.

ശുഭം.

---

PRINTED AT THE CITY PRESS, TRIVANDRUM.

# മാക്ക്സ് അറീലിയസ്

അതിവിശാലമായ റോമൻസാമ്രാജ്യത്തെ ഇരുപത്തു വൎഷകാലത്തോളം നീതിയോടും ധൎമ്മത്തോടുംകൂടി ഭരിച്ചു് അനശ്വരയശസ്സുസമ്പാദിച്ച മാക്ക്സ് അറീലിയസിന്റെ ജീവിതത്തെ സംഗ്രഹരൂപത്തിൽ വായനക്കാരുടെ മുമ്പിൽ പ്രത്യക്ഷമാക്കുവാനാണു് ഇപ്പോൾ ഉദ്ദേശിക്കുന്നതു്.

ക്രിസ്ത്വബ്ദം 121, ഏപ്രിൽമാസം 26-ാം തീയതി മാക്ക്സ് അറീലിയസ് ഭൂലോകജാതനായി. അദ്ദേഹത്തിന്റെ പൂൎവ്വികന്മാർ സ്പെയിൻദേശത്തുനിന്നും ഇററലിയിൽ കുടിയേറിപ്പാൎത്തവരായിരുന്നു. പിതാമഹനും പ്രപിതാമഹനും അത്യുന്നതങ്ങളായ ഉദ്യോഗങ്ങൾ വഹിച്ചിരുന്നു. സ്വപിതാവിന്റെ പൌരുഷത്തേയും വിനയത്തേയുംപററി നമ്മുടെ കഥാനായകൻ തന്നെ വാഴ്ത്തുന്നുണ്ടു്. പുത്രൻ ജനിച്ചു് അധികനാൾ കഴിയുന്നതിനു മുമ്പു് അച്ഛൻ കാലഗതിയെ പ്രാപിച്ചു. പിതാവിന്റെ മരണാനന്തരം മാക്ക്സ് പിതാവിന്റെ ഗൃഹത്തിലും കുറേക്കഴിഞ്ഞു് മാതൃമന്ദിരത്തിലും താമസിച്ചിരുന്നു. മാതാവും പുത്രനും തമ്മിലുള്ള സ്നേഹം വാചാമഗോചരം ആയിരുന്നു എന്നു് പറയാം. ഈശ്വരനെ വണങ്ങുന്നതിനും സകലരേയും സ്നേഹിക്കുന്നതിനും പാപപ്രവൃത്തിയെ മാത്രമല്ല, പാപചിന്തയെപ്പോലും ഉപേക്ഷിക്കുന്നതിനും ധനവാന്മാരുടെ രീതിയെ അനുകരിക്കാതെ അനാഡംബരമായി ജീവിക്കുന്നതിനും തന്നേ പഠിപ്പിച്ചതു് അമ്മ തന്നെയായിരുന്നു എന്നു് അദ്ദേഹം പറയുന്നുണ്ടു്. വിദ്യാലയത്തിൽ ചെന്നു പഠിച്ചിരുന്നില്ലെങ്കിലും സ്വഗൃഹത്തിൽവച്ചു് യോഗ്യന്മാരും ജ്ഞാനവിജ്ഞാനവൃദ്ധന്മാ

രുമായ ആചാര്യശ്രേഷ്ഠന്മാരിൽ നിന്നു് അദ്ദേഹത്തിനു വേണ്ടതായ ശിക്ഷണം ലഭിച്ചു. ആ ഗുരുവരേണ്യന്മാരെ പ്പററി കൃതജ്ഞതയോടും സ്നേഹത്തോടുംകൂടി അദ്ദേഹം സ്മരിക്കുന്നുണ്ടു്. വ്യാകരണം അലങ്കാരം അങ്കഗണിതം മുതലായ ശാസ്ത്രങ്ങളിൽ അറീലിയസ് എത്രയും നിപു ണനായിത്തീൎന്നു.

'കാമിറേറാല'യിലുള്ള മ്യൂസിയത്തിൽ സ്ഥാപിത മായിരിക്കുന്ന മാക്സ്അറീലിയസിന്റെ മാർബിൾപ്രതി മയെ ഒന്നു സമീക്ഷണം ചെയ്താൽ, അദ്ദേഹം അതികോ മളനായിരുന്നുവെന്നു കാണാം. എന്നാൽ ആകൃതിയെ ക്കാൾ അത്യധികം മധുരവും മനോഹരവും ആയിരുന്നു അദ്ദേഹത്തിൻെറ സ്വഭാവം. ബാലനായിരിക്കുമ്പോൾ തന്നെ അറീലിയസിൻെറ സത്യനിഷ്ഠ കണ്ടു്, ഹാഡ്രി യൻ ചക്രവൎത്തി, അദ്ദേഹത്തിൻെറ കുടുംബപ്പേരായ വെ രുസ് എന്നതിനെ മാററിയിട്ടു് നേരംപോക്കായി ഏററവും സത്യനിഷ്ഠൻ എന്ന അൎത്ഥത്തെ ദ്യോതിപ്പിക്കുന്നതായ വെറിസിമുസ് എന്നു വിളിച്ചു. ഈ നാമധേയം നില നിന്നു. നാണയങ്ങളിലും ഈ നാമധേയം തന്നെയാണു് കാണുന്നതു്. ചക്രവൎത്തി ആറാമത്തെ വയസ്സിൽ സൈ നികന്മാരുടെ കൂട്ടത്തിലും എട്ടാമത്തെവയസ്സിൽ സെലി യ് പുരോഹിതന്മാരുടെ സംഘത്തിലും ഇദ്ദേഹത്തെ ഉൾ പ്പെടുത്തി.

മാക്സിനു 15 വയസ്സ പ്രായമായിരുന്നപ്പോൾ, സന്താനഹീനനായ ചക്രവൎത്തി, തൻെറ പിൻഗാമിയെ നിയമിച്ചു. എന്നാൽ അപ്രകാരം നിയമിക്കപ്പെട്ട ആൾ 138 ജനുവരി 1-ാംതീയതി മരിച്ചുപോയതിനാൽ അടുത്തമാസത്തിൽ 'അൻേറാനിനസി'നെ അനന്തരാവ കാശിയാക്കി. സ്വന്തം ഭാഗിനേയനായ മാക്സിനെയും ഏഴുവയസ്സു പ്രായമുള്ള ലൂഷിയസ്വേറസിനെയും പുത്ര

ന്മാരായി ദത്തെടുക്കണമെന്നും ചക്രവർത്തി വ്യവസ്ഥ ചെയ്തിരുന്നു.

അതനുസരിച്ച് മാക്കസിനെയും ദത്തെടുത്തതുകൊണ്ട് അദ്ദേഹത്തിന് ഹാഡ്രിയൻചക്രവർത്തിയോടുകൂടി താമസിക്കേണ്ടി വന്നു. ചക്രവർത്തിയുടെ മരണാനന്തരം മാതാവും മാക്കസിനോടൊരുമിച്ചു താമസിച്ചു. മാതുലനായ അൻറോനിനസും ഭാഗിനേയനായ മാക്കസും തമ്മിലുള്ള സ്നേഹബന്ധം എത്രയും ദാർഢ്യമേറിയതായിരുന്നു. അത്രത്തോളം പരിശുദ്ധവും ആന്തരവുമായ സ്നേഹം ലോകത്തിൽ ദുർല്ലഭം തന്നെയാണ്. അന്റോനിനസ് ഗ്രാമീണജീവിതത്തെ അത്യന്തം ഇഷ്ടപ്പെട്ടിരുന്നതിനാൽ, അവസരം ലഭിക്കുമ്പോഴെല്ലാം സകുടുംബം ഗ്രാമത്തിൽ പോയിത്താമസിക്കുക പതിവായിരുന്നു. ആ ജീവിതവും അതിൽ നിന്നുണ്ടാകുന്ന ആനന്ദവും അനുഭവിക്കുവാൻ മാക്കസിനുള്ള താൽപര്യവും ഒട്ടും കുറവായിരുന്നില്ല. ബാലനായിരിക്കുമ്പോൾതന്നെ കായികാഭ്യാസങ്ങളിൽ അത്യന്തം ശ്രദ്ധ പ്രദർശിപ്പിച്ചിരുന്നു. ഗുസ്തിപിടിക്കുക, ഓട്ടുക, കുതിരസ്സവാരി ചെയ്യുക, പന്തുകളിക്കുക മുതലായവയിൽ അദ്ദേഹത്തിനു വളരെ സാമർത്ഥ്യമുണ്ടായിരുന്നു. മാതുലനെപ്പോലെതന്നെ മാക്കസും ഗ്രാമീണജനങ്ങളോടു സൗഹാർദ്ദപുരസ്സരമാണ് പെരുമാറിയിരുന്നത്. മുമ്പു പറഞ്ഞതുപോലെ കായികവിനോദങ്ങളിൽ ശ്രദ്ധാലുവായിരുന്നെങ്കിലും പുസ്തകപാരായണത്തിലും ഏകാന്തചിന്തയിലും ആയിരുന്നു അദ്ദേഹം കൂടുതൽ സമയം വിനിയോഗിച്ചത്. ആരോഗ്യത്തെ ബലികഴിച്ചുപോലും അദ്ദേഹം തത്വശാസ്ത്രങ്ങളിൽ ചർച്ച നടത്തിയിരുന്നു. ഏകാന്തജീവിതം നയിച്ചിരുന്നെങ്കിലും യഥാർത്ഥസ്നേഹിതന്മാർ അദ്ദേഹത്തിനില്ലാതിരുന്നില്ല. ആ ചിന്തകൻ ജനങ്ങളുടെ സഹവാസം തീരെ ഉപേക്ഷിച്ചിരുന്നില്ല.

അക്കാലത്തു് അദ്ദേഹം ധാർമ്മികനും, വിനീതനും, ചിന്താശീലനും, ധീരനും, അനാഡംബരപ്രിയനും, ദയാപൂർണ്ണനുമായിരുന്നു എന്നു് പറയപ്പെടുന്നു; കൃത്യനിഷ്ഠ അദ്ദേഹത്തിൻെറ കൂടെപ്പിറപ്പു തന്നെയായിരുന്നു.

വിദ്യാനുരാഗിയായിരുന്നെങ്കിലും രാജ്യഭരണത്തിൽ അദ്ദേഹം അല്പം പോലും ഔദാസീന്യം പ്രദർശിപ്പിച്ചില്ല. അരമനയിലെ ജീവിതവും ചക്രവർത്തിയുമായുള്ള അതിനികടബന്ധവും രാജ്യഭരണവിഷയത്തിൽ അദ്ദേഹത്തെ അത്യന്തം സഹായിച്ചിരുന്നു. വിനയം, സ്ഥിരനിശ്ചയം, ബഹുമാനത്തിൽ വിതൃഷ്ണ, പൊതുനന്മയ്ക്കു വേണ്ടി പറയുന്നതെല്ലാം കേൾക്കാനുള്ള താൽപര്യം, യോഗ്യതാനുസരണം ബഹുമതികൾ ദാനം ചെയ്യുക, പ്രായോഗിക പരിജ്ഞാനംകൊണ്ടു് സ്വീകരണത്യാഗസന്ദർഭങ്ങളെ മനസ്സിലാക്കുക, സ്നേഹദാർഢ്യം, നിരന്തരമായ സന്തോഷഭാവം, ദീർഘദൃഷ്ടി, മുൻകരുതൽ, രാജ്യനന്മയിൽ ജാഗ്രൂകവും സശ്രദ്ധവും ആയ ദൃഷ്ടി, അനന്തമായ ക്ഷമ, നിസ്പൃഹത, അനസൂയഭാവം, ബുദ്ധിശക്തി, മിതഭോഗം എന്നിങ്ങനെയുള്ള മഹനീയഗുണങ്ങളെല്ലാം അദ്ദേഹത്തിൻെറ പിതാവിൽ നിന്നും അദ്ദേഹത്തിനു ലഭിച്ചു.

അൻേറാനിനസിൻെറ ഭരണം 22 വർഷം നീണ്ടുനിന്നു. അക്കാലത്തു് അദ്ദേഹത്തിൻെറ സാമ്രാജ്യത്തിൽ യാതൊരുവിധമായ ക്ഷോഭങ്ങളും ഇല്ലായിരുന്നു. "അദ്ദേഹം ഉദാരനും ശാന്തനും ബുദ്ധിമാനും യുക്തിക്കു വിധേയനും ആണു്" എന്നു് ഹാഡ്രിയൻ പറഞ്ഞതു് ശരിതന്നെയായിരുന്നെന്നു് ചരിത്രം സാക്ഷ്യം വഹിക്കുന്നു.

അനന്തരം മാർക്കസ് ചക്രവർത്തിയായി. അദ്ദേഹത്തിൻെറ ദേഹം ദുർബലം; മനസ്സു് തത്വജ്ഞാനചിന്തയിലും സാഹിത്യചർച്ചയിലും തൽപരം; ഹൃദയം

ഭക്തിയുക്തം; ഏകാന്തതയും ശാന്തിയും ആയിരുന്നു അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നതു്. രാജ്യഭരണവിഷയത്തിൽ ഈ ഭാവങ്ങളെക്കാരം അനുപയുക്തമായി വല്ലതും ഉണ്ടോ എന്നു് സ്ഥൂലദൃഷ്ടിയിൽ തോന്നാം. എന്നാൽ തൻെറ ആദശ്ത്തിൽ നിന്നു് അണുമാത്രവും വ്യതിചലിക്കാതെ സകല കത്തവ്യങ്ങളും ഭംഗിയായി പരിപാലിച്ചു എന്നതാണു് മാക്സിൻെറ മഹിമ! തൻെറ ദത്തുസഹോദരനായ ലൂഷിയസിനു് "സമ്രാട്ടു്" എന്ന പദം നല്കി മാക്സ് കൂടെ താമസിപ്പിച്ചു.

വിദ്യാവ്യസനിയായ മാക്സ് ആയോധനത്തിൽ അത്യന്തം അസമത്ഥനായിരിക്കുമെന്നു വിശ്വസിച്ചുകൊണ്ടു് പാത്ഥിനിയൻകാർ ടയിഗ്രിസ് നദിയെ കടന്നു് അതിനും യൂഫ്രറീസ് നദിക്കും നടുവിലുള്ള വിവാദഭൂമിയിൽ പ്രവേശിച്ചു് അവിടെ അയയ്ക്കപ്പെട്ട റോമൻസൈന്യത്തെ ആക്രമിച്ചു തോല്പിച്ചു. അതിനുശേഷം മെസപ്പെട്ടോമിയ കൈവശപ്പെടുത്തുകയും സിറിയായെ ആക്രമിക്കുകയും ചെയ്തു. അവിടത്തെ റോമൻഗവർണർ ഭയാവിഷ്ടനായിട്ടു് ഒളിച്ചോടി. പുതുതായ ഭരണത്തിൽ ആവശ്യമായിത്തീന്ന കാര്യഭാരത്തെ ഒതുക്കുന്നതിനും, അക്കാലത്തു് ടൈബർനദി കരകവിഞ്ഞൊഴുകിയതുമൂലം സംഭവിച്ച കഠിനനാശത്തെയും തദനന്തരം ബാധിച്ച ഭയങ്കരമായ ക്ഷാമത്തെയും നിവാരണം ചെയ്യുന്നതിനും വേണ്ടി മാക്സ് റോമിൽ തന്നെ സ്വല്പകാലം താമസിക്കേണ്ടിവന്നു. അതിനാൽ ലൂഷിയസിനെ സേനാധിപതിയാക്കി ആൻറിയോക്കിലേയ്ക്കു് അയച്ചു. യുദ്ധം വിജയപൂവ്വം നടത്തുന്നതിനും വേണ്ട സന്നാഹങ്ങരം ശേഖരിക്കുന്നതിനും അദ്ദേഹത്തെത്തന്നെ ചുമതലപ്പെടുത്തി. എന്നാൽ മാഗ്ഗമദ്ധ്യേ രോഗം ബാധിച്ചതിനാൽ ലൂഷിയസ് സാവധാനം സഞ്ചരിച്ചു് 163-ൽ

ആണ്ട് ആൻറിയോക്കിൽ എത്തിയത്. അവിടെ ഉണ്ടായിരുന്ന റോമൻഭടന്മാർ നിയന്ത്രണവും പരിശീലനവും ഇല്ലാതെ ദുഷിച്ചിരുന്നു. ലൂഷിയസിൻെറ ഉത്സാഹത്താലും പരിശ്രമത്താലും ക്രമേണ അവർ നിയന്ത്രിതമായ ഒരു പ്രബലസൈന്യമായി സംഘടിക്കപ്പെട്ടു. 165-ൽ പാർത്ഥീനിയൻകാർ നിശ്ശേഷം പരാജിതരാകുകയും സന്ധിക്ക് അപേക്ഷിക്കുകയും ചെയ്തു. ഇപ്രകാരം ലഭിച്ച വിജയത്തിൻെറ ഉന്നതങ്ങളായ ബഹുമതികളിൽ രണ്ടു ചക്രവർത്തികളും പങ്കെടുക്കണമെന്ന് നിർബന്ധിക്കപ്പെട്ടുവെങ്കിലും വിജയത്തിന് യഥാർത്ഥകാരണഭൂതൻ ലൂഷിയസ് മാത്രമായതിനാൽ, അദ്ദേഹത്തിനുതന്നെ ആ ബഹുമതി ഇരിക്കട്ടെ എന്ന് മാർക്കസ് ശക്തിപൂർവം അനുശാസിക്കുകയാണു ചെയ്തത്. എന്നാൽ ലൂഷിയസിൻെറ ആഗ്രഹപൂർവ്വമായ അപേക്ഷമൂലം രണ്ടുപേരും ഒരുപോലെ കീർത്തിക്കപ്പെട്ടു. പക്ഷേ, ലൂഷിയസിൻെറ മരണശേഷം, തൻെറ പേരിൽ നിന്നും ആ വിജയത്തെസംബന്ധിച്ച ബഹുമതികളെല്ലാം എടുത്ത് ലൂഷിയസിൻെറ പേരിൽതന്നെ മാർക്കസ് സമർപ്പിച്ചു.

ഈ വിജയംകൊണ്ടുണ്ടായ സന്തോഷം ദീർഘകാലം നിലനിന്നില്ല. എന്തെന്നാൽ സിറിയായിൽനിന്നും മടങ്ങിവന്ന ഭടന്മാർ അതിഭയങ്കരമായ പ്ലേഗുരോഗത്തെ അവിടെയെല്ലാം വ്യാപിപ്പിച്ചു. അനേകായിരം ജനങ്ങൾ അകാലമരണത്തിൻെറ അന്ധകാരത്തിൽ മറഞ്ഞു. അനന്തരം അവശേഷിച്ചത് മുമ്പിലത്തെ ജനസംഖ്യയിൽ പകുതിമാത്രമായിരുന്നു എന്ന് അക്കാലത്തെ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. ഈ ഉപദ്രവത്തിനിടയ്ക്ക് ഉത്തരഭാഗത്തുനിന്നും അപരിഷ്കൃതജാതിക്കാർ റയിൻ, ഡാന്യൂബ് എന്നീ നദികൾവഴി ആക്രമണസന്നദ്ധരായി വന്നുചേർന്നു. ഡാന്യൂബ്നദീതീരത്തിൽ വച്ച് അതിഭയങ്കരമായ ആയോധനം ഉണ്ടായി.

ആ സ്ഥലം രക്ഷിച്ചിരുന്ന ഭടന്മാർ സംഖ്യയിൽ വളരെ കുറവായിരുന്നു. ശത്രുക്കൾ അവിടെയുള്ള റോമൻസൈന്യത്തെ തോല്പിച്ചു.

ഇരുപതിനായിരം റോമൻഭടന്മാർ കൊല്ലപ്പെട്ടു. ഡാന്യൂബിനു തെക്കുള്ള റോമൻരാജ്യഭാഗത്തെ അവർ നാമാവശേഷമാക്കി. തദ്ദേശവാസികളിൽ മിക്ക ആളുകളേയും തടവിൽ പിടിച്ചു. ആ സമയത്തു് ശത്രുക്കളുടെ മറെറാരു സൈന്യം ആൽപ്സ്പർവ്വതപംക്തികളെ തരണം ചെയ്തു് ഇററലിയെ ആക്രമിച്ച് അഖിലിയാനഗരത്തെ അവരോധം ചെയ്തു. എന്നാൽ പ്രത്യുല്പന്നമതിയും അക്ഷീണധൈര്യനും ആയ ചക്രവത്തി സന്ദർഭാനുസരണം പ്രവത്തിച്ചു. ആ പരീക്ഷണഘട്ടത്തിലാണു് അദ്ദേഹത്തിൻെറ മാഹാത്മ്യം വെളിപ്പെട്ടതു്. സ്വാത്മത്യാഗത്തിനും മിതജീവിതത്തിനും ഉത്തമദൃഷ്ടാന്തമായി അദ്ദേഹം പരിശോഭിച്ചു. അരമനയിലെ വിലയേറിയ ആഭരണങ്ങളും പാത്രങ്ങളും വസ്ത്രങ്ങളും എല്ലാം ലേലത്തിൽ വിററിട്ടു് യുദ്ധത്തിനു് ആവശ്യമുള്ള പണം ശേഖരിച്ചു. അതോടുകൂടിത്തന്നെ ഗുസ്തിക്കാർ, അടിമകൾ, ദാസന്മാർ മുതലായവരെ ചേത്തു് ഒരു സൈന്യവും സജ്ജമാക്കി. ആ സമയത്താണു് ഏഴു വയസ്സുമാത്രം പ്രായമുള്ള തൻെറ ഓമനപ്പുത്രൻ മരിച്ചതു്! അതിഭയങ്കരമായ ദുഃഖം അനുഭവിക്കുന്ന ആ അവസരത്തിലും അദ്ദേഹം യാതൊരു വിരാമവും കൂടാതെ രാഷ്ട്രത്തിൻെറ രക്ഷയ്ക്കായി ജാഗരൂകനായി പ്രവത്തിച്ചുകൊണ്ടേ ഇരുന്നു. ഈ രീതിയിൽ സകല സന്നാഹവും സന്നദ്ധമായപ്പോൾ രണ്ടു ചക്രവത്തികളും യുദ്ധരംഗത്തിലേയ്ക്കു യാത്രയായി. ശത്രുക്കൾ ഭയന്നു പിൻവാങ്ങിയിട്ടു് സമാധാനത്തിനു് അപേക്ഷിച്ചുവെങ്കിലും അവർ മനഃപൂർവ്വം കീഴടങ്ങിയോ എന്നു സംശയിച്ച് മുമ്പോട്ടുതന്നെ പ്രയാണം ചെയ്തു.

റോമൻസാമ്രാജ്യത്തിന്റെ അതിത്തിസ്ഥലങ്ങളെ സംരക്ഷിക്കുവാൻ വേണ്ടതെല്ലാം പ്രവത്തിച്ചു. എന്നാൽ വീണ്ടും പ്ളേഗിന്റെ ബാധ പടൎന്നുപിടിക്കുന്നതായി കണ്ടു് രണ്ടു സാമ്രാട്ടുകളും മടങ്ങിപ്പോരേണ്ടിവന്നു. മാൎഗ്ഗമദ്ധ്യേ ലൂഷിയസ് ഇഹലോകവാസം വെടിഞ്ഞു!

പ്ളേഗു നിമിത്തം റോമൻസൈന്യത്തിനു സംഭവിച്ച നഷ്ടം അസാമാന്യമായിരുന്നു. അതുകൊണ്ടു് അവർ പിൻവാങ്ങേണ്ടിവന്നു. അതേ അവസരം നോക്കി അപരിഷ്കൃതജാതിക്കാർ വീണ്ടും അക്രമത്തിനു വട്ടംകൂട്ടി. കഴിഞ്ഞ യുദ്ധത്തിലെ വിജയം നിഷ്ഫലമായതുപോലെ തോന്നി. അതിനാൽ ക്രിസ്ത്വബ്ദം 169-ൽ മാക്കസ് വീണ്ടും യുദ്ധക്കളത്തിലേയ്ക്കു തിരിച്ചു. ഇക്കാലം മുതല്ക്കു് ദേഹവിയോഗംവരെയുള്ള ജീവിതത്തിൽ ഏറിയ ഭാഗവും ചക്രവത്തി വടക്കേ അതിത്തികളിൽ (ആസ്ത്രിയാഹംഗരിയിൽ) തന്നെയാണു് കഴിച്ചുകൂട്ടിയതു്. ഇവിടെ വച്ചാണു് അദ്ദേഹത്തിന്റെ കുറിപ്പുകൾ (ആത്മനിവേദനം) എഴുതപ്പെട്ടിട്ടുള്ളതു്. അദ്ദേഹത്തിന്റെ ഉപദേശങ്ങളും ഉദ്ബോധനങ്ങളും സ്വതേതന്നെ ഉൽകൃഷ്ടങ്ങളാണു്. എന്നാൽ, പത്തു ദീർഘവർഷങ്ങളോളം അഭ്യസിച്ചു് ജീവിതത്തിൽ സാധിച്ചിട്ടുള്ളവയാകയാൽ അവ അമൂല്യങ്ങളായിത്തന്നെയിരിക്കുന്നു. അവയിൽ നിന്നും കിട്ടുന്ന പ്രകാശവും ഉത്തേജനവും, പ്രേരണയും മറെറാരു ഗ്രന്ഥത്തിൽനിന്നും ലഭിക്കുന്നതല്ല.

മാക്കസ് അറീലിയസിന്റെ യുദ്ധനീതി വിജയിച്ചു. റോമൻസൈന്യം പുരോഗമനം ചെയ്തു. ഇങ്ങനെ യുദ്ധത്തിൽ ഏൎപ്പെട്ടിരുന്നുവെങ്കിലും സാമ്രാജ്യപരിപാലനം എത്രയും ഭംഗിയായിത്തന്നെ നിർവ്വഹിച്ചിരുന്നു. എഴുതു

ന്നതും പ്രവൎത്തിക്കുന്നതും ആയ യാതൊന്നും നിസ്സാരമല്ലെന്നുള്ള തൻെറ ഉപദേശത്തെ അദ്ദേഹം അനുവൎത്തിച്ചു. സകലതും അത്യന്തം സൂക്ഷ്മതയോടും ശ്രദ്ധയോടും കൂടി നടത്താൻ അദ്ദേഹം പരിശീലിച്ചിരുന്നു. ന്യായപരത അദ്ദേഹത്തിൻെറ പ്രധാന ലക്ഷ്യമായിരുന്നു. "ന്യായം നടത്തുകയും സത്യം പറയുകയും ചെയ്യുന്നതിലാണു് ജന്മസാഫല്യം ആശ്രയിച്ചിരിക്കുന്നതു്" എന്നു് അദ്ദേഹംതന്നെ പറഞ്ഞിരിക്കുന്നു. ന്യായത്തിനു് ഭംഗം വരാത്തവിധത്തിൽ കരുണ കാണിക്കുവാൻ അദ്ദേഹം തൽപരനായിരുന്നു. "പൊതുജനനന്മയ്ക്കായി ഞാൻ വല്ലതും ചെയ്തിട്ടുണ്ടോ? ചെയ്തിട്ടുണ്ടെങ്കിൽ എനിക്കു് മതിയായ പ്രതിഫലം ലഭിക്കുന്നു" എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രവൃത്തിയുടെ ആദൎശം.

ഏ. ഡി. 175-ൽ സിറിയായെ ഭരിച്ചിരുന്ന അവിഡിയസ്കാഷിയസ് എന്ന റോമൻസേനാനായകൻ, സ്വയം ചക്രവൎത്തിയായി പ്രഖ്യാപനംചെയ്തു് ലഹളയുണ്ടാക്കി. ഉടൻതന്നെ ലഹളക്കാരെ അമൎച്ച ചെയ്യുന്നതിനായി മാൎക്കസ് പുറപ്പെട്ടു. ലഹള അധികകാലം നിലനിന്നില്ല. എന്തെന്നാൽ മിക്കവരും മഹാത്മാവായ മാൎക്കസിനു് അനുകൂലികളായിരുന്നു. ഒരു ദിവസത്തിനകം കാഷിയസിൻെറ ഭടന്മാർതന്നെ കാഷിയസിനെക്കൊന്നു് അയാളുടെ തല ചക്രവൎത്തിയുടെ മുമ്പിൽ ആനയിച്ചു. ആ പ്രവൃത്തിയിൽ മാൎക്കസിനു ലേശംപോലും സന്തോഷം തോന്നിയില്ലെന്നുമാത്രമല്ല, കാഷിയസിൻെറ തെററു് ക്ഷമിക്കാനുള്ള അവസരം തനിക്കു നഷ്ടപ്പെട്ടല്ലോ എന്നോൎത്തു് അദ്ദേഹം അത്യന്തം വ്യസനിക്കുകകൂടി ചെയ്തു.

അനന്തരം സാമ്രാജ്യത്തിൻെറ പൂൎവ്വഭാഗങ്ങളിലേയ്ക്കു് അദ്ദേഹം പ്രയാണംചെയ്തു. സഹധൎമ്മിണിയായ ഫൗസ്റ്റീനയും പുത്രനായ കമ്മോഡസും അദ്ദേഹത്തെ

അനുഗമിച്ചിരുന്നു. എന്നാൽ ചക്രവർത്തിയുടെ ഭാഗ്യഹീനത നോക്കുക! വഴിയിൽവച്ചുതന്നെ രോഗബാധിതയായി ആ വനിതാലലാമം-ചക്രവർത്തിനി—ദീർഘനിദ്രയിൽ ലയിച്ചു. പത്നീവിയോഗംമൂലം മാക്കസിനുണ്ടായ സങ്കടം സീമാതീതമായിരുന്നു. ഇത്രത്തോളം അനുസരണശീലയും സ്നേഹപൂർണ്ണയും നിഷ്കളങ്കയുംആയ ഒരു പത്നിയെ ലഭിച്ചതിനു് ഞാൻ ദേവന്മാരെ വാഴ്ത്തുന്നു എന്നാണു് അദ്ദേഹം തൻെറ ധർമ്മപത്നിയുടെ സ്വഭാവത്തെ രേഖപ്പെടുത്തിയിട്ടുള്ളതു്.

പിന്നീടു് അധികകാലം ആ സ്നേഹനിധിയായ ചക്രവർത്തി ജീവിച്ചിരുന്നില്ല. അചിരേണ എ. ഡി. 180-മാർച്ച് 17-ാം തീയതി അദ്ദേഹവും വിനശ്വരമായ ദേഹം ഉപേക്ഷിച്ചിട്ടു് അനന്തമായ ധാമത്തെ പ്രാപിച്ചു. മരണത്തെ സ്വാഗതംചെയ്യാൻ അദ്ദേഹം സദാ സന്നദ്ധനായിരുന്നു എന്നുള്ളതിനു് ഈ ഗ്രന്ഥത്തിൻെറ മിക്കഭാഗങ്ങളും തെളിവാണു്.

പൊതുനന്മയ്ക്കായി പ്രവർത്തിക്കുക. നിങ്ങൾ ഉദിക്കുന്ന സൂര്യൻെറ സമീപത്തേയ്ക്കു പോകുക. ഞാൻ അസ്തമിക്കുന്നു. എന്നിത്യാദികളായിരുന്നു അദ്ദേഹത്തിൻെറ അന്ത്യവചനങ്ങൾ.

അദ്ദേഹം ദേവന്മാരെ വിശ്വസിച്ചിരുന്നു. എൻെറ നിരന്തരമായ അനുഭവത്തിൽ നിന്നും ദേവന്മാരുണ്ടെന്നു് എനിക്കു നിശ്ചയമുണ്ടു്. അതിനാൽ ഞാൻ അവരെ ഉപാസിക്കുന്നു എന്നാണു് അദ്ദേഹം പറയുന്നതു്.

അദ്ദേഹത്തിന്റെ ശരീരം നഷ്ടമായെങ്കിലും അദ്ദേഹം ഇന്നും ആദർശസ്വരൂപനായി നമ്മെ പ്രചോദിപ്പിക്കുന്നുണ്ടു്.

# ശുദ്ധിപത്രം

| പുറം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| 8 | 6 | അതീനനായി | അതീതനായി |
| 8 | 9 | ബഹുമാനച്ചിരുന്ന | ബഹുമാനിച്ചിരുന്ന |
| 26 | 8 | നിഷംപ്രയോജനങ്ങൾ | നിഷ്പ്രയോജനങ്ങൾ |
| 33 | 5 | പ്രവത്തികൾ | പ്രവൃത്തികൾ |
| 36 | 26 | നലംക | നല്ക |
| 39 | 6 | ജലാശം | ജലാംശം |
| 45 | 15 | ജന്തക്കളിൽ | ജന്തുക്കളിൽ |
| 47 | 6 | നിഷ് ഠൂരവും | നിഷ്ഠൂരവും |
| 49 | 1 | പ്രാപിന | പ്രാചീന |
| 49 | 12 | കാലഗതിൽ | കാലഗതിയിൽ |
| 51 | 17 | പാദാത്ഥങ്ങൾ | പദാത്ഥങ്ങൾ |
| 52 | 18 | വൃഥിവി | പൃഥിവി |
| 52 | 21 | വൃഥിവി | പൃഥിവി |
| 54 | 29 | ഔഭാര്യം | ഔദാര്യം |
| 59 | 10 | നിമത്ത | നിമിത്ത |
| 61 | 22 | സാമജ്ഞസ്യം | സാമഞ്ജസ്യം |
| 80 | 3 | പിടപ്പിക്ക | പിടിപ്പിക്ക |
| 80 | 4 | വ്യവൃതരാകുന്ന | വ്യാപൃതരാകുന്ന |
| 86 | 24 | ഓരാ | ഓരോ |
| 86 | 25 | ഓരാ | ഓരോ |
| 91 | 9 | യാഥത്ഥ്യത്തെ | യാഥാത്ഥ്യത്തെ |
| 93 | 2 | ഉൾപെടുന്ന | ഉൾപ്പെടുന്ന |
| 94 | 26 | അഭിനയനങ്ങളും | അഭിനയങ്ങളും |
| 96 | 3 | ജീവദൃഷ്ടാന്ത | ജീവദ്ദൃഷ്ടാന്ത |
| 100 | 23 | കരണം | കാരണം |

| പുറം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| 102 | 20 | വിചാരിക്കുന്നെ | വിചാരിക്കുന്നു |
| 103 | 12 | എസ്സുതന്നെ | തന്നെ |
| 106 | 5 | ഒരോന്നും | ഓരോന്നും |
| 113 | 14 | എന്തെല്ലാമെന്ന് | എന്തെല്ലാമെന്ന് |
| 118 | 12 | നൈയ്യായിക | നൈയായിക |
| 118 | 23 | ന്യായ്യനിഷ്ഠ | ന്യായനിഷ്ഠ |
| 121 | 4 | ജ്ഞാനിയേപ്പോലെ | ജ്ഞാനിയെപ്പോലെ |
| 128 | 15 | പരിശോധം | പരിശോധി |
| 135 | 2 | അർത്ഥഹിന | അർത്ഥഹിന |
| 150 | 13 | കാമനീകാമുക | കാമിനീകാമുക |
| 151 | 11 | സ്വാവഗ്ഗീയ | സ്വവർഗ്ഗീയ |
| 151 | 26 | പ്രയോഗിക്കുവനാണ് | പ്രയോഗിക്കുവാനാണ് |
| 183 | 5 | നല്ലണ്ണം | നല്ലവണ്ണം |
| 198 | 27 | സാംഗതി | സംഗതി |
| 205 | 29 | സാഹായക | സാഹായ്യക |
| 206 | 16 | ചെയ്യുന്നന്തിന്? | ചെയ്യുന്നതെന്തിന്? |
| | | * * | * * |
| i | 18 | അയിരുന്നു | ആയിരുന്നു |
| ii | 24 | ചക്രവത്തി | ചക്രവർത്തി |
| v | 17 | അവിടുത്തെ | അവിടത്തെ |
| viii | 4 | സാമ്രാട്ടുകളും | സമ്രാട്ടുകളും |

# TRAVANCORE UNIVERSI[TY] PUBLICATIONS

| | | Rs. | As. |
|---|---|---|---|
| 1. | Terms in Physics (*Malayalam*) | 0 | 6 |
| 2. | Terms in Chemistry (*Malayalam*) | 0 | 6 |
| 3. | Terms in Mathematics (*Malayalam*) | 0 | 8 |
| 4. | Sociology (*Malayalam*) | 0 | 8 |
| 5. | Meditations of Marcus Aurelius (*Malayalam*) [Translation from the Greek] | 0 | 12 |
| 6. | Electricity (Popular Science Series—*Malayala*[...] illust[...] | | |

## IN PREPARATION

1. Health (Popular Science Series—*Malayala*[...])
2. Astronomy Do. *Do.*
3. Anthropology Do. *Do.*
4. Politics (*Malayalam*)

*Available from—*

The Superintendent,
Department of Publicati[...]
University of Travanco[...]
Trivandrum.

*...avancore University Series No. 5.*

# ...റീലിയസിൻെറ ::
# ആത്മനിവേദനം

UNIVERSITY OF TRAVANCORE

कर्मणि व्यज्यते प्रज्ञा

പി. ശേഷാദ്രി അയ്യർ.

Indic Digital Archive Foundation
gpura.org